# ദീനബന്ധു.



വി. പീററർ ക്ലേവർ.

209,222
KUN

# ദീനബന്ധു.

## വി. പീററർ ക്ലേവർ.

ഗ്രന്ഥകർത്താവ്:
ഫാദർ ഫിലിപ്പ് കന്നാപ്പള്ളി.

(പകർപ്പവകാശം എസ്. എച്ച്. ലീഗിന്.)

The Sacred Heart League
St. Joseph's Apostolic Seminary,
ALWAYE
*1945.*

*Printed at the J. M. Press, St. Joseph's Apostolic Seminary, Alwaye.*

ACHARYA PALACKAL JEEVASS KENDRAM LIBRARY 16001

NIHIL OBSTAT.

Fr. AURELIAN, O. C. D.,
Rector,
Ap. Seminary. Alwaye.

*Alwaye*
*3rd Oct. 1945.*

IMPRIMATUR.

✠ JOSEPH ATTIPETTY,
*Abp., Verapoly.*

*Ernakulam,*
*15th Oct. 1945*

# അവതാരിക.

"ദീനബന്ധു" എന്ന ഹൃദ്യമായ അഭിധാനത്തോടു കൂടിയ ഈ നവീനഗ്രന്ഥം, അടിമകളുടെ അഭ്യുന്നതിക്കു വേണ്ടി സുദീർഘമായ നാല്പതു സംവത്സരം നിസ്സ്വാത്ഥ സേവനമനുഷ്ഠിച്ച ഒരു ത്യാഗിവര്യൻെറ- വി. പീററർ ക്ലേവറിൻെറ- ജീവചരിത്രമാണു്. പണ്ഡിതനായ ആർനോൾഡ് ലൺ അവർകളുടെ "A Saint in the Slave Trade" എന്ന രസകരമായ കൃതിയെ ആസ്പദമാക്കി ലളിതവും സുന്ദരവുമായ ഭാഷയിൽ വിരചിതമായിരിക്കുന്ന ഈ പുസ്തകം കേരളകത്തോലിക്കാസാഹിത്യത്തിനു ഗണ്യമായ ഒരു നേട്ടമാണെന്നു പ്രസ്താവിക്കുവാൻ ഞാൻ ഒട്ടും മടിക്കുന്നില്ല.

സർ വാൾട്ടർ സ്കോട്ടിൻെറ ചരിത്രാഖ്യായികകളുടെ സ്മരണയാണു് ഈ ഗ്രന്ഥം വായിച്ചപ്പോൾ എൻെറ മനസ്സിലുദിച്ചതു്. കത്തോലിക്കാസഭ മനുഷ്യവംശത്തിനു നല്കിയിട്ടുള്ള സംസ്കാരാത്മകമായ ഉത്തേജനം എത്രമാത്രം ശക്തിമത്താണെന്നു് അനുവാചകക്കു് ഇതിൽനിന്നു നിഷ്പ്രയാസം ഗ്രഹിക്കുവാൻ സാധിക്കും. ഇന്നത്തെ സാമുദായികപ്രവത്തകന്മാർക്കു് ഉൽകൃഷ്ടമായ ഒരു മാഗ്ഗദർശിതന്നെയാണു് ഈ കൃതി. സ്വാതന്ത്ര്യത്തെയും പ്രജായത്തഭരണത്തെയുംകുറിച്ചുള്ള ആധുനികാശയങ്ങൾ എല്ലാംതന്നെ, മനുഷ്യൻെറ മാഹാത്മ്യത്തെപ്പററിയുള്ള സഭയുടെ പ്രബോധനങ്ങളിൽ അന്തർഭവിച്ചിട്ടുണ്ടെന്നു ചിന്താശീലന്മാക്കു നിഷ്പ്രയാസം

ഗ്രഹിക്കാവുന്നതാണ്. കത്തോലിക്കാസഭയുടെ വീരസ ന്താനങ്ങളിൽ ഒരാളായ വി. പീററർ ക്ലേവർ നീഗ്രോ കളുടെ ഉൽകർഷത്തിനായി ചെയ്തിട്ടുള്ള നിസ്തുലയത്ന ങ്ങൾ ഏവവയെന്ന് അറിഞ്ഞതിനുശേഷം, സഭ പരിഷ് കാരത്തിൻേറയും പുരോഗതിയുടേയും ശത്രുവാണെന്നു പറയുവാൻ ആരെങ്കിലും മുതിരുമെന്നു തോന്നുന്നില്ല.

സാമുദായികവും ദീനാനുകമ്പാപരവുമായ കാര്യ ങ്ങളിൽക്കൂടി ശ്രദ്ധപതിക്കുന്ന പക്ഷം, ആത്മാക്കളുടെ രക്ഷയ്ക്കുവേണ്ടിയുള്ള തങ്ങളുടെ പ്രയത്നങ്ങൾ അതീവ ഫലപ്രദമാകുമെന്നു ഗ്രന്ഥകാരനേയും കേരളത്തിലേ ഇ തരപുരോഹിതന്മാരേയും അനുസ്മരിപ്പിക്കുവാൻ തിക ച്ചും പര്യാപ്തമായ ഈ ഗ്രന്ഥം തൻെറ പൗരോഹി ത്യസ്വീകരണത്തിൻെറ സ്മാരകമായി പ്രസിദ്ധീകരിക്കു വാൻ നിശ്ചയിച്ച ഫാദർ ഫിലിപ്പ് കുന്നപ്പള്ളി അവർ കളുടെ ഔചിത്യബോധം അഭിനന്ദനീയംതന്നെ.

ഗ്രന്ഥകർത്താവിനും ഗ്രന്ഥത്തിനും അനുവാചകർ ക്കും ഹൃദയംഗമമായ ആശിസ്സുകൾ നല്കികൊണ്ട് "ദീനബന്ധു"വിനെ ബഹുജനസമക്ഷം അവതരിപ്പിച്ചു കൊള്ളുന്നു.

മെത്രാസനാരമന
കോട്ടയം.
*13—12—1945.*

✠ തോമസ് തറയിൽ.
കോട്ടയം രൂപതയുടെ സഹായമെത്രാൻ.

# പ്രസ്താവന.

ദുരിതങ്ങളുടെ മദ്ധ്യേ കിടന്നു വീപ്പുമുട്ടുന്ന ആളുകളുടെ കാഴ്ച മനുഷ്യസ്നേഹികളേവരേയും ചഞ്ചലചിത്തരാക്കാതിരിക്കുകയില്ല. സഹജീവികളുടെനേക്ക് സഹാനുഭൂതി പ്രദർശിപ്പിക്കുകയും അവരുടെ ക്ലേശങ്ങൾ ലഘൂകരിക്കുന്നതിനുവേണ്ടി ജീവനെ ബലികഴിക്കുകയും ചെയ്തിട്ടുള്ള മഹാത്യാഗികളുടെ ചരിത്രം ലോകത്തിനു നല്കുന്ന സന്ദേശങ്ങൾ എത്ര അമൂല്യങ്ങൾ! ഇപ്രകാരമുള്ള ഒരു മഹാപുരുഷൻെറ ചിത്രമാണു 'ദീനബന്ധു'വിൽ പ്രകാശിതമായിരിക്കുന്നത്. അതിനിഷ്ഠുരമായ അടിമവ്യാപാരം മൂർദ്ധന്യാവസ്ഥയെ പ്രാപിച്ചിരുന്ന ഒരുകാലത്തു നിർഭാഗ്യരായ നീഗ്രോകൾക്കു നന്മചെയ്യുന്നതിനും അപകർഷത്തിൻെറ അഗാധത്തിൽനിന്ന് അവരെ സമുദ്ധരിക്കുന്നതിനും പരിശ്രമിച്ചിരുന്ന വി. പീററർ ക്ലേവറിൻെറ സേവനചരിത്രമാണ് ഇതിലേ പ്രതിപാദ്യവിഷയം.

ഒരു സുപ്രസിദ്ധ താക്കികൻ, നലംതികഞ്ഞ സാഹിത്യകാരൻ എന്നീ നിലകളിൽ ഇന്ന് ആംഗ്ലേയകത്തോലിക്കക്ക് അഭിമാനസ്തംഭമായി പരിലസിക്കുന്ന മി. ആർനോൾഡ് ലൺ എഴുതിയിട്ടുള്ള "A Saint in the Slave Trade" എന്ന പുസ്തകത്തെ പ്രധാനമായി അനുഗമിച്ചാണ് ഈ ചെറുകൃതി നിർമ്മിച്ചിരിക്കുന്നതു്. മി. ആർനോൾഡിൻെറ യുക്തിവാദങ്ങൾ അഭ്യസ്തവിദ്യരല്ലാത്തവക്ക് സുഗ്രഹങ്ങളല്ലാത്തതിനാൽ, അവയൊക്കെ വിട്ടുകളഞ്ഞു ചരിത്രപരമായ ഭാഗങ്ങൾമാത്രം വിവരി

ക്കകയും അതിനുപകരിക്കുന്ന ഭാഗങ്ങൾ ഇതരഗ്രന്ഥങ്ങളിൽനിന്നു സ്വീകരിക്കുകയുമാണു ചെയ്തിട്ടുള്ളത്. ഇവയിൽ പ്രധാനമായവ, ഫാ. മാർട്ടിൻ ഡയിലിൻെറ 'ക്രിസ്തുവിൻെറ സേനാനികൾ' (Captains of Christ), ന്യൂയോക്കിലെ കത്തോലിക്കാ പ്രസിദ്ധീകരണസംഘം പ്രസാധനംചെയ്തിട്ടുള്ള 'ആഫ്റിക്കൻ അടിമ' (The African Slave), ബർട്രാൻഡ് ഗബ്രിയേൽ ഫ്റഞ്ചുഭാഷയിൽ വിവരിച്ച 'പീററർ ക്ലേവർ' എന്നിവയാണ്.

പൗരോഹിത്യസ്വീകരണത്തിൻെറ സ്മാരകമായി പ്രസിദ്ധപ്പെടുത്തുവാനുള്ള തിടുക്കംകൊണ്ട്, ഈ ഗ്രന്ഥത്തെ ആശിച്ചിരുന്നതുപോലെ വിപുലമോ ആകർഷകമോ ആക്കുവാൻ സാധിച്ചിട്ടില്ല. കത്തോലിക്കാസഭയുടെ സേവനങ്ങളെ തരംതാഴ്ത്തുവാൻ പരിശ്രമിക്കുന്നവക്കെതിരായി, ആ ദിവ്യസ്ഥാപനം നിവ്വഹിച്ചിട്ടുള്ള ചില മഹനീയകമ്മപരിപാടികൾ ചൂണ്ടിക്കാണിക്കുന്നതിനും, വി. പീററർ ക്ളേവറിൻെറ ത്യാഗപൂണ്ണമായ ജീവിതത്തിലേയ്ക്കു് എത്തിനോക്കുന്നതിനും മാത്രമേ പരിശ്രമിച്ചിട്ടുള്ളൂ. ചരിത്രപുരുഷൻെറ വീരോചിതമായ ചരിതം, വായനക്കാരിൽ ദീനാനുകമ്പയെ അങ്കുരിപ്പിക്കുമെങ്കിൽ ഞാൻ കൃതാത്ഥനായി.

കടപ്പാടുകൾ നിവ്വഹിക്കുകയാണ് അടുത്ത കൃത്യം. ആദ്യമായി, ഈ ചെറുകൃതി വായിച്ചുനോക്കുവാൻ സന്മനസ്സുണ്ടാവുകയും ഏററം പ്രോത്സാഹജനകവും പ്രൗഢവുമായ ഒരവതാരികയാൽ ഇതിനെ ധന്യമാക്കുകയും ചെയ്ത നി. വ. ദിവ്യശ്രീ, കോട്ടയം രൂപതയുടെ സഹായമെത്രാൻ മാർ തോമസ് തറയിൽ, എം. ഏ., പി.

എച്ച്. ഡി., ഡി, ഡി, തിരുമനസ്സിലേ നേക്കു് എനി ക്കുള്ള അകൈതവമായ കൃതജ്ഞതയും ഭക്തിബഹുമാനങ്ങളും പ്രദർശിപ്പിച്ചുകൊള്ളുന്നു. പൈതൃകമായ സ്നേഹത്തോടേ ഞങ്ങളുടെ എല്ലാ ഉദ്യമങ്ങളേയും പ്രോത്സാഹിപ്പിക്കുന്ന വെരി റവ. ഫാദർ സഖറിയാസ് സി. ഡി. അവർകളോടുമുള്ള സ്നേഹനിർഭരമായനന്ദി രേഖപ്പെടുത്തിക്കൊള്ളുന്നു.

ഈ പുസ്തകവുമായി ഏററമധികം ബന്ധപ്പെട്ട ഒരാളിൻെറ പേരുകൂടി പ്രസ്താവിക്കാതിരിക്കുവാൻ നിവൃത്തിയില്ല. എൻെറ വൈദികവിദ്യാഭ്യാസകാലത്തു്, എനിക്കു മാർഗ്ഗനിർദ്ദേശം ചെയ്യുകയും ത്യാഗപൂർവ്വം സഹായിക്കുകയും ചെയ്ത എൻെറ ജ്യേഷ്ഠൻ റവ. ഫാദർ ജോൺ കുന്നപ്പള്ളി അവർകൾ, ഈ പുസ്തകത്തിൻെറ രചനയിലും വിദഗ്ധനിർദ്ദേശങ്ങൾ നല്കി സഹായിക്കുകയും ക്ഷമാപൂർവ്വം കൈയെഴുത്തുപ്രതി വായിച്ചു തിരുത്തുകയും ചെയ്തിട്ടുണ്ടു്. ഭ്രാതൃസ്നേഹത്തിൻെറ തികവിൽ അദ്ദേഹത്തിനു വിനീതനമസ്കാരം സമർപ്പിച്ചുകൊള്ളട്ടെ.

ഭാഷാസംബന്ധമായും പ്രൂഫ് തിരുത്തുന്നതിലും മററും എന്നെ ഉദാരമായി സഹായിച്ച, റവ. മാത്യു കണിപ്പിള്ളി റവ. മാത്യു നടയ്ക്കൽ, റവ. ജേക്കബ് ഞായള്ളൂർ, റവ. ജോസഫ് തോട്ടകത്തു് എന്നീ സഹോദരന്മാരുടെനേക്കുള്ള കടപ്പാടിനേയും രേഖപ്പെടുത്തിക്കൊണ്ടു്, ഈ വിനീതകൃതിയെ ബഹുജനസമക്ഷം സമർപ്പിച്ചുകൊള്ളുന്നു.

മംഗലപ്പുഴ
21—12—'45

എന്നു്,
ഗ്രന്ഥകർത്താവു്.

# വിഷയവിവരം.


| | | പേജ്. |
|---|---|---|
| | അവതാരിക. | iii |
| | പ്രസ്താവന. | v |
| അദ്ധ്യായം. | 1 നീഗ്രോകളെ സ്നേഹിച്ച മനുഷ്യൻ. | 1 |
| ,, | 2 ബാല്യവും വിദ്യാഭ്യാസവും. | 7 |
| ,, | 3 പരിശീലനം. | 14 |
| ,, | 4 'ഇങ്ങിനിവരാതെ.' | 19 |
| ,, | 5 ദുർഭഗരിൽ ദുർഭഗർ. | 29 |
| ,, | 6 കത്തോലിക്കാസഭയും അടിമത്തവും. | 40 |
| ,, | 7 സ്വാതന്ത്ര്യത്തിന്റെ മുന്നോടികൾ. | 50 |
| ,, | 8 അടിമത്തത്തിന്റെ അനന്തരചരിത്രം. | 67 |
| ,, | 9 ക്ലേവർ കാർത്തജീനായിൽ. | 78 |
| ,, | 10 ക്ലേവർ വെള്ളക്കാരുടെ മദ്ധ്യേ. | 100 |
| ,, | 11 ദാസരിൽ ദാസൻ. | 114 |
| ,, | 12 അത്ഭുതങ്ങൾ. | 137 |
| ,, | 13 അവസാനദിവസങ്ങൾ. | 147 |
| ,, | 14 മഹത്വപ്രാപ്തി. | 164 |


---

*N. B.* 77-ാം പുറം, ഒമ്പതാമത്തേ വരിയിൽ 'വിശ്രുതനെന്നു' എന്നതിനെ 'അനുഗൃഹീതനെന്ന്' എന്നു തിരുത്തിവായിക്കണം.

# ദീനബന്ധു.

വി. പീററർ ക്ലേവർ.

## ഒന്നാം അധ്യായം.

### നീഗ്രോകളെ സ്നേഹിച്ച മനുഷ്യൻ.

അമേരിക്കാഭൂഖണ്ഡത്തിൽ കരീബിയൻ ഉൾക്കടലിൻെറ തീരത്തു സ്ഥിതിചെയ്യുന്ന കാർത്തജീനാ പതിനേഴാം നൂററാണ്ടിൻെറ പ്രാരംഭദശയിൽ അടിമവ്യാപാരത്തിൻെറ ഒരു പ്രധാനകേന്ദ്രമായിരുന്നു. നീഗ്രോകളെ വഹിച്ചുകൊണ്ടുവരുന്ന ഒരു കപ്പൽ തുറമുഖത്ത് അടുക്കുമ്പോൾ ഉണ്ടാകുന്ന ബഹളങ്ങൾ കുറച്ചൊന്നുമല്ല. സുദീർഘമായ കടൽയാത്രകഴിഞ്ഞു കരയ്ക്കിറങ്ങുവാൻ തിടുക്കംകൂട്ടുന്ന ഉദ്യോഗസ്ഥന്മാരുടെ തിക്കും തിരക്കും ഒരുഭാഗത്ത്. അടിമകളെ വാങ്ങുവാൻ കരയിൽ നില്ക്കുന്നവരുടെ ലഹള വേറൊരുഭാഗത്ത്. ജീവിതത്തിൻെറയും മരണത്തിൻെറയും മദ്ധ്യത്തിലെത്തിയിരിക്കുന്ന നീഗ്രോകളുടെ ഹൃദയസ്പർശകമായ വിലാപങ്ങൾ മറെറാരു സ്ഥലത്ത്. ഈ ബഹളങ്ങൾക്കിടയിൽ, കച്ചവടസാധനങ്ങൾപോലെ കരയിലേയ്ക്ക് ഇറക്കപ്പെടുന്ന അടിമകൾ നമ്മുടെ ശ്രദ്ധയെ പ്രത്യേകവിധം ആകർഷിക്കുന്നു. മാനവസംസ്കാരത്തിൻെറ കരിപുരണ്ട ഒരു ചിത്രമാണ് ഒരുവന് ഈ ദുർഭഗരിൽ കാണുവാൻ സാധി

CARMELITE MONASTERY & ... ST. ANTONY'S STATION, ALWAYE, TRAVANCORE ... RAILWAY ST...

ക്കുന്നതു്. ഇതരമനുഷ്യരെപ്പോലെ ഭക്ഷണം കഴിക്കുവാനും വസ്ത്രധാരണം ചെയ്യുവാനുമുള്ള സ്വാതന്ത്ര്യം അവൎക്കും ദൈവദത്തമാണു്. എന്നാൽ, അവരിപ്പോൾ പട്ടിണിപ്പാവങ്ങൾ, പരിപൂൎണ്ണനഗ്നർ. സ്വദേശത്തു വസിക്കുക അവൎക്കും ജന്മാവകാശമാണു്. എന്നാൽ, ചില വ്യക്തികളുടെ ജീവിതസുഖവും ധനമോഹവും അതിനവരെ അനുവദിക്കുന്നില്ല. വിസ്തൃതമായ കടലിനക്കരെയുള്ള മാതൃരാജ്യത്തേക്കു തിരിഞ്ഞിരിക്കുന്ന അവരുടെ ദൃഷ്ടികൾ സ്വഭവനങ്ങളിലേയ്ക്കു മടങ്ങുവാനുള്ള ദുശ്ശമമായ ആഗ്രഹത്തെ വ്യക്തമാക്കുന്നു. എന്നാൽ, ക്രൂരന്മാരായ വ്യാപാരികളോടു് അശ്രുധാരകൊണ്ടു പ്രതിഷേധം പ്രകടിപ്പിക്കുന്നതിനുമാത്രമേ അവൎക്കിപ്പോൾ കഴിവുള്ളൂ.

ഒരു സാധാരണമനുഷ്യനു് ഒന്നു് എത്തിനോക്കുവാൻപോലും വൈമനസ്യം തോന്നിക്കത്തക്കവിധം അത്ര അരോചകമായ മുറികളിൽ അവർ മൂന്നുമാസക്കാലത്തിലധികം ബന്ധിതരായതിനുശേഷമാണു കരയ്ക്കടുക്കുന്നതു്. ഇക്കാലമത്രയും, ശാരീരികമായും മാനസികമായും വിവിധപീഡനങ്ങൾക്കു് അവർ വിധേയരായിരുന്നു. കപ്പൽയാത്രയിൽത്തന്നെ മൃതരായവർ നിരവധിയാണു്. ബാക്കിയുള്ളവർ മൃതപ്രായരുമത്രേ. സ്വഭവനം, സ്വാതന്ത്ര്യം, കുടുംബം മുതലായി സകലതും നിൎബന്ധപൂൎവ്വം പരിത്യജിച്ചുപോന്നിരിക്കുന്ന അവൎക്കു് ആശിക്കുവാൻ ലോകത്തിൽ ഇനി ഒന്നുമില്ലെന്നു പറയാം. പരഹിതാനുവൎത്തനം- മൃഗതുല്യമായ അദ്ധ്വാനം- മാത്രം ശേഷിച്ചിട്ടുണ്ടു്.

ശോകരസംനിറഞ്ഞ ഈ രംഗം പെട്ടെന്നിതാ പാടേ മാറുന്നു. ഒരു ഭാണ്ഡവും വഹിച്ചുകൊണ്ടു്, പ്രത്യക്ഷനാകുന്ന ഒരു ചെറിയ വെള്ളക്കാരൻ ആളുകളുടെ ശ്രദ്ധയെ ആകൎഷിക്കുന്നു. അദ്ദേഹത്തിന്റെ ഭാണ്ഡം

പരിശോധിച്ചാൻ പഴങ്ങൾ, പുകയില, രോഗികളുടെ മുറിവു വെച്ചുകെട്ടുവാനുള്ള ഉപകരണങ്ങൾ എന്നിങ്ങനെ പല സാധനങ്ങൾ കാണാം. നീഗ്രോകളെ സമീപിക്കുമ്പോൾ അദ്ദേഹത്തിൻെറ മുഖം ആനന്ദഭരിതമാകുന്നു. സമയം ഒട്ടും പാഴാക്കാതെ ആഗതൻ ജോലി ആരംഭിക്കുന്നു. മരണാസന്നൎക്കു് ആദ്ധ്യാത്മികാശ്വാസങ്ങൾ പ്രദാനംചെയ്യുകയാണു് അദ്ദേഹത്തിൻെറ പ്രഥമകൃത്യം. അനന്തരം, രോഗികളെ കുളിപ്പിക്കുക, അവൎക്കു ഭക്ഷണം കൊടുക്കുക മുതലായവയിൽ അത്യുത്സാഹപൂൎവ്വം വ്യാപൃതനാകുന്നു. സ്വകൃത്യനിൎവ്വഹണം കഴിഞ്ഞു് അദ്ദേഹം അവരെ വിട്ടുപോകുവാൻ ഒരുങ്ങുമ്പോൾ ഹൃദയസ്പൃക്കായ കൃതജ്ഞതാപ്രകടനങ്ങളോടേ നീഗ്രോകൾ അദ്ദേഹത്തിനുചുററും കൂടുന്നു. തങ്ങൾക്കു നേരിട്ടിരിക്കുന്ന ദുരവസ്ഥയിൽ ഏകാവലംബം അദ്ദേഹമാണെന്നുള്ള ഭാവം അവരുടെ മുഖങ്ങളിൽ പ്രതിഫലിക്കുന്നുണ്ടു്.

ആരാണീ വെള്ളക്കാരൻ? അതു മററാരുമല്ല, 'അടിമകളെ സ്നേഹിച്ച മനുഷ്യൻ'-ഫാദർ പീററർ ക്ലേവർതന്നെ. നീഗ്രോകളുടെ നിൎവ്യാജമായ സ്നേഹം അദ്ദേഹം സമ്പാദിച്ചതെങ്ങനെയാണു്? പഴങ്ങൾകൊണ്ടും പുകയിലംകൊണ്ടുംമാത്രമല്ല, അവരെ ഞെരുക്കിയിരുന്നവൎക്കെതിരായി വിദ്വേഷാഗ്നി ജ്വലിപ്പിച്ചുകൊണ്ടുമല്ല അവരുടെ ഹൃദയം അദ്ദേഹം കവൎന്നതു്. വിശുദ്ധാത്മാക്കൾക്കു സഹജമായ ഒരു വിശിഷ്ടഗുണം അദ്ദേഹത്തിനുണ്ടു്-പീഡകനെ വിദ്വേഷിക്കാതെ പീഡിതരെ സ്നേഹിക്കുവാനുള്ള സന്നദ്ധത. അവർ സഹിക്കുന്ന അനീതികളെക്കുറിച്ചല്ല അദ്ദേഹം അവരോടു പറഞ്ഞതു്; പ്രത്യുത, അവർ ചെയ്യുവാനിടയായിട്ടുള്ള അനീതികളെക്കുറിച്ചത്രേ. സ്വന്തം ദുരിതങ്ങളെക്കുറിച്ചു പശ്ചാത്താപമുളവാക്കുവാ

നായിരുന്ന ക്ലേവറിൻെറ പരിശ്രമം. ഒരുപടികൂടികടന്ന്, "കരയുന്നവർ ഭാഗ്യവാന്മാരാകുന്നു"എന്ന ക്രിസ്തുനാഥൻെറ പ്രബോധനം അനുസ്മരിപ്പിച്ചുകൊണ്ട്, സഹനത്തിനു പാത്രമായതിൽ ദൈവത്തോടു കൃതജ്ഞരായിരിക്കണമെന്നുകൂടി അദ്ദേഹമവരെ ഉദ്ബോധിപ്പിച്ചു. 'വിപത്തിൻെറ ഫലങ്ങൾ മധുരങ്ങളാണ്. മറഞ്ഞിരിക്കുന്ന അനുഗ്രഹങ്ങളത്രേ ക്ലേശങ്ങൾ. രോഗത്തിനു മരുന്നുപോലെ, പാപത്തിനു കഷ്ടതകൾ പ്രതിവിധിചെയ്യുന്നു.' ഇതാണ് അദ്ദേഹത്തിൻെറ ഉപദേശങ്ങളുടെ സാരം. സമുദായത്തിലെ ന്യൂനതകൾ പരിഹരിക്കുന്നതിലെന്നതിനെക്കാൾ വ്യക്തികളെ സംസ്കരിക്കുന്നതിലാണ് അദ്ദേഹം പര്യാകുലനായത്. സമുദായപരിഷ്കരണത്തെക്കാൾ ആത്മാക്കളുടെ രക്ഷയാണ് അദ്ദേഹം കാര്യമായി പരിഗണിച്ചത്. 'കരയുന്നവർ ഭാഗ്യവാന്മാർ: മനുഷ്യരിൽനിന്നു വിവിധപീഡനങ്ങൾ സഹിക്കുന്നവർ ഭാഗ്യവാന്മാർ; എന്തുകൊണ്ടെന്നാൽ, പാപമുക്തി പ്രാപിക്കുവാൻ അവ നമ്മെ സഹായിക്കുന്നു. ഈ ലോകത്തിൽ ബന്ധിതരും അവശരുമായിരിക്കുന്നവർ, സ്വർഗ്ഗത്തിൽ ദൈവപുത്രരുടെ ആനന്ദവും സ്വാതന്ത്ര്യവും അനുഭവിക്കും.'

വിശുദ്ധനിൽനിന്നും ഏതാദൃശപ്രബോധനങ്ങൾ കേൾക്കുവാൻ അടിമകൾക്കു വലിയ സന്തോഷമാണ്. ശിശുസഹജമായ വിധേയത്വം അവർ പ്രദർശിപ്പിക്കുന്നു; മാത്രമല്ല, അദ്ദേഹത്തിൻെറ ചുററും തിങ്ങിക്കൂടി, വീണ്ടും തങ്ങളുടെ പക്കലേക്കു വരണമെന്നുള്ള അഭ്യർത്ഥന വികാരനിർഭരമായ സ്വരത്തിൽ അവർ സമർപ്പിക്കുകയും ചെയ്യുന്നു. അവാച്യമായ ആനന്ദത്തോടെ കുഞ്ഞുമക്കളുടെ യാചന ഒരു പിതാവെങ്ങനെ സ്വീകരിക്കുമോ അതുപോലെയാണ് അദ്ദേഹം

അവരുടെ ക്ഷണം സ്വീകരിക്കുന്നതു്. നാല്പതു സംവത്സരക്കാലം പ്രസ്തുത രംഗങ്ങൾ അനുസ്യൂതം ആവർത്തിക്കപ്പെട്ടിരുന്നുവെന്നതു നമ്മുടെ ശ്രദ്ധയെ ആകർഷിക്കേണ്ടതാണു്. ലോകോപകാരികളെന്നു പേരുംപറഞ്ഞു നടക്കുന്നവരിൽ എത്രപേർക്കു് ആ സാധുക്കളുടെ സ്നേഹാദരങ്ങൾ ആർജ്ജിക്കുവാൻ സാധിക്കുമെന്നു കണ്ടുതന്നെ അറിയണം. അവരിൽ ആരെങ്കിലും, അനവധി ദുരന്തനാടകങ്ങൾ അഭിനയിക്കപ്പെട്ട കാർത്തജീനാ സന്ദർശിക്കുന്നുവെന്നു സങ്കല്പിക്കുക. ഒരു പക്ഷേ, അവർ നീഗ്രോകളോടു വലിയ സഹതാപം പ്രകടിപ്പിച്ചേക്കാം; വിദ്യാഭ്യാസപദ്ധതികളും സാമ്പത്തികോന്നമനമാർഗ്ഗങ്ങളും രൂപവൽകരിച്ചേക്കാം. എങ്കിലും നീഗ്രോകളിൽ ഓരോ വ്യക്തിയോടും കാരുണ്യം പ്രദർശിപ്പിക്കുവാൻ സന്നദ്ധരാകുന്നവർ ചുരുക്കമായിരിക്കും. ദുർഗ്ഗന്ധം വമിക്കുന്ന ആളുകളെ നിർവ്യാജം സ്നേഹിക്കുകയും പരിചരിക്കുകയും അത്ര ക്ഷിപ്രസാദ്ധ്യമല്ലല്ലോ.

എന്നാൽ, ദുർഗ്ഗന്ധപൂരിതമായ തുറമുഖത്തു് എത്ര മണിക്കൂർ വേണമെങ്കിലും കഴിച്ചുകൂട്ടുവാൻ ക്ലേവറിന്നു പ്രയാസമില്ല. ആകൃതിയിൽ വിരൂപരെങ്കിലും ദൈവസാദൃശ്യത്തിൽ സൃഷ്ടിക്കപ്പെട്ട അമർത്ത്യാത്മാവിനാൽ അലംകൃതരായ നീഗ്രോകളുടെ മൈത്രി സമ്പാദിക്കുന്നതിനുള്ള സുവർണ്ണാവസരമായി ഓരോ വിനാഴികയേയും അദ്ദേഹം പരിഗണിക്കുന്നു. വധുവിനെ സംവഹിച്ചുകൊണ്ടുവരുന്ന കപ്പലിനെ പ്രതീക്ഷിച്ചു തുറമുഖത്തു കാത്തുനില്ക്കുന്ന വരൻെറ ചേതോവികാരങ്ങളാണു് ഒരു അടിമക്കപ്പൽ കാണുന്നാവസരത്തിൽ ഫാദർ ക്ലേവറിൻെറ ഹൃദയത്തിൽ തിരതല്ലിക്കൊണ്ടിരിക്കുന്നതു്. തൻെറ മനോഗതങ്ങൾ തൻെറ പ്രേമഭാജനങ്ങളെ ധരിപ്പിക്കുവാൻ സരസഭാഷണരീതികൾ അന്വേഷിക്കേണ്ട

ആവശ്യം അദ്ദേഹത്തിനില്ല. കാരണം, അദ്ദേഹം വെറും ആദർശവാദിയല്ല. ഹൃദയം സംസാരിക്കുന്നിടത്തു വാക്കുകൾക്കു സ്ഥാനമെവിടെ? സ്നേഹപ്രകടനംകൊണ്ടു മാത്രം ക്ലേവർ സംതൃപ്തനാകുന്നില്ല. മനുഷ്യരെ സീമാതീതമായി സ്നേഹിക്കുകയും തൻെറ കരുണാസമുദ്രത്തിൽ അവരെ ആമജ്ജനംചെയ്യുവാൻ അത്യധികമഭിലഷിക്കുകയും ചെയ്യുന്ന ദൈവത്തെക്കുറിച്ച്—അഗതികളുടേയും പീഡിതരുടേയും പിതാവിനെക്കുറിച്ച്— അദ്ദേഹമവരോടു വിവരിച്ചുപറയുന്നു. അവർക്കുവേണ്ടി അദ്ദേഹം അർപ്പിക്കുന്ന പ്രാർത്ഥനകൾ മേഘത്തെ തുളച്ചുകയറത്തക്കവിധം അത്ര വിശ്വാസോജ്ജ്വലമാണ്. രാജ്യഭ്രഷ്ടരായ ആ പാവങ്ങളുടെ ഹൃദയങ്ങളെ സാന്ത്വനപ്പെടുത്തുവാനും വശീകരിക്കുവാനും പര്യാപ്തമാണ് അദ്ദേഹത്തിൻെറ വാക്കുകൾ. അധഃസ്ഥിതരും അനാകർഷകരുമായ തങ്ങളേയും ദൈവം തൻെറ സ്വന്തം ഛായയിലാണു സൃഷ്ടിച്ചതെന്നുള്ള വാസ്തവം ആദ്യമായി ഗ്രഹിക്കുന്ന അവർ, അശ്രുധാരയോടേ മുട്ടുകുത്തി, ആ കാരുണ്യമൂർത്തിയെ ആരാധിക്കുന്നു. അടിമയേയും അടിമവ്യാപാരിയേയും, ദൈവമാണു സൃഷ്ടിച്ചതു്. എന്നാൽ, പീററർ ക്ലേവറിനേയും സൃഷ്ടിച്ചതു് അതേ ദൈവംതന്നെയാണെങ്കിൽ, തീർച്ചയായും അവിടുന്നു വളരെ നല്ലവനായിരിക്കും എന്നവർ വിശ്വസിക്കുന്നു.

# രണ്ടാം അധ്യായം.

## ബാല്യവും വിദ്യാഭ്യാസവും.

പീററർ ക്ലേവർ 1581-ാമാണ്ടിനോടടുത്തു സ്പെയിനിൽ കാററലോണിയാ സംസ്ഥാനത്തു സോൽഫോനാ രൂപതയിൽ വെർഡു എന്ന സ്ഥലത്തു ജാതനായി. അദ്ദേഹത്തിൻെറ മാതാപിതാക്കന്മാരിരുവരും ഔൽകൃഷ്ട്യത്തിലും പൗരാണികത്വത്തിലും മികച്ചുനില്ക്കുന്ന വംശാവലിയോടുകൂടിയവരായിരുന്നു. പുണ്യസമ്പത്തിനാൽ അനുഗൃഹീതമായ അവരുടെ കുടുംബം ധനപുഷ്ടിയിൽ ഏററം അനാശാസ്യമായ ഒരു നിലയാണു പ്രാപിച്ചിരുന്നതു്. എന്നാൽ, നിർദ്ധനത്വം സൗഭാഗ്യകരമായ കുടുംബജീവിതത്തിന്് ഒരു വിഘാതമല്ലെന്നു സ്വജീവിതംകൊണ്ടു് അവർ വ്യക്തമാക്കി. പ്രകടനരഹിതമായ ഭക്തി, ഹൃദയംഗമമായ പരസ്പരസ്നേഹം, നിഷ്കളങ്കമായ പുത്രവാത്സല്യം എന്നിവ അവരുടെ ഭവനത്തെ സമാധാനത്തിൻേറയും സംതൃപ്തിയുടേയും വിളനിലമാക്കി. തന്മൂലം, പിള്ളത്തൊട്ടിമുതൽ ഭക്തിചൈതന്യം നുകർന്നു്, സ്നേഹവാത്സല്യങ്ങൾക്കു വിഷയമായി നമ്മുടെ കഥാപുരുഷൻ വളൎന്നുവന്നു. സുകൃതികളായ മാതാപിതാക്കന്മാർ, അദ്ദേഹം പില്ക്കാലത്തു പ്രാപിക്കുവാനിരുന്ന പുണ്യസോപാനത്തിനു സൽസ്വഭാവമാകുന്ന അടിസ്ഥാനം കെട്ടിപ്പണിതു. സ്വസന്താനങ്ങളുടെ ആധ്യാത്മികവും ഭൗതികവുമായ അഭിവൃദ്ധിയെ ആഗ്രഹിക്കുന്നവർക്കു്, അവരെ സമുദായഗാത്രത്തിൻെറ കരുത്തേറിയ അംഗങ്ങളായിക്കാണുവാൻ അഭിലഷിക്കുന്നവൎക്കു്, ഈ ഉത്തമ മാതാപിതാക്കന്മാരുടെ മാതൃക അനുകരണീയംതന്നെ.

LIBRARY 16001

കഥാനായകൻെറ ഗുണവതിയായ മാതാവു തൻെറ അന്തമസ്സന്താനത്തെ തീരെ ചെറുപ്പത്തിലേതന്നെ വൈദികവൃത്തിക്കു നേരുകയുണ്ടായി. ഒരു കൊച്ചുകുട്ടിയായിരിക്കുമ്പോൾമുതൽ അൾത്താരശുശ്രൂഷയിൽ ക്ലേവർ പ്രദർശിപ്പിച്ച ശുഷ്കാന്തി ജനനിയെ അത്യധികം ആഹ്ളാദിപ്പിച്ചു. ബാലനായ ക്ലേവറിൽ പരിലസിച്ചിരുന്ന പ്രശാന്തത, ഉത്സാഹശീലം എന്നിവ അവനെ മററുള്ളവരുടെ പ്രീതിഭാജനമാക്കിത്തീർത്തു. ആകർഷകമായ മുഖഭാവം, ആർഭാടരഹിതമായ പെരുമാററം, കുലീനതാദ്യോതകമായ ഗൗരവം, ഹൃദയാവർജ്ജകമായ സംഭാഷണം എന്നിവ പീററിൻെറ പ്രത്യേകതകളായിരുന്നു. സർവ്വോപരി നൈസർഗ്ഗികമായ സൗമ്യതയും നിഷ്കാപട്യവും അവൻെറ സകല പ്രവൃത്തികളിലും പ്രകടമായിരുന്നു. ഭക്തിസംവർദ്ധകമായ എല്ലാററിനോടും അവനുണ്ടായിരുന്ന പ്രതിപത്തി ഇവയെല്ലാം മകുടം ചാർത്തി.

ക്ലേവറിൻെറ മാതാപിതാക്കന്മാർക്കു തങ്ങളുടെ കുട്ടിയെ തനിയേ സ്കൂളിലയയ്ക്കുന്നതിൽ യാതൊരാശങ്കയ്ക്കും കാരണമുണ്ടായിരുന്നില്ല. അവൻെറ സന്മാർഗ്ഗനിഷ്ഠയിൽ അവർക്കു് അത്ര ദൃഢവിശ്വാസമാണുണ്ടായിരുന്നതു്. പട്ടണത്തിലെ അശ്ലീലവിനോദങ്ങൾ പീററിൻെറ ഹൃദയത്തെ വശീകരിക്കുവാൻ പര്യാപ്തങ്ങളല്ലായിരുന്നു. പഠനംകഴിഞ്ഞു് അല്പസമയം കിട്ടിയാലുടൻ അഞ്ജലിബദ്ധനായി പ്രാർത്ഥനയിൽ ലയിച്ചിരിക്കുകയായിരുന്നു നമ്മുടെ വിദ്യാർത്ഥിക്കു് ഏററം ഇഷ്ടമായ തൊഴിൽ. അവൻ അസാമാന്യതീക്ഷ്ണതയോടേ ക്രൂദാശകൾക്കണഞ്ഞുവന്നു. വിശുദ്ധാത്മാക്കളെ അനുകരിച്ചു പ്രായശ്ചിത്തപ്രവൃത്തികൾ അനുഷ്ഠിക്കുന്നതിൽ അവൻ അഭിമാനംകൊണ്ടിരുന്നു. ദൈവമാതാവിനോടു മാതൃനി

വ്വിശേഷമായ ഭക്തി ബാല്യത്തിലേ സ്വഹൃദയത്തിൽ ദൃഢമൂലമാകുവാൻ അവനു ഭാഗ്യം സിദ്ധിച്ചു. ക്ലേവറിനു പരിശുദ്ധകന്യകയെ സ്നേഹിക്കുകയും ബഹുമാനിക്കുകയും ചെയ്യുന്നതിൽപ്പരം ആനന്ദകരമായി മററൊന്നുമുണ്ടായിരുന്നില്ല. ദൈവമാതാവിനെ സ്വന്തം അമ്മയായി കരുതുകയും അവളുടെ പ്രേഷ്ഠസുതനാകുവാൻ അവൻ യത്നിക്കുകയും ചെയ്തു.

മാതാപിതാക്കന്മാരുടെ പരിലാളനകളുടെ മദ്ധ്യേ ക്ലേവറിൻെറ പ്രാഥമികവിദ്യാഭ്യാസം സംഭവരഹിതമായി കഴിഞ്ഞു. അനന്തരം, ഉന്നതവിദ്യാഭ്യാസത്തിനായി അവൻ ബാർസലോണായിലേയ്ക്കു് അയയ്ക്കപ്പെട്ടു. അവിടത്തെ ഈശോസഭക്കാരുടെ കോളേജിൽവെച്ചു പ്രശസ്തമായ ബിരുദങ്ങൾ ഈ യുവവിദ്യാത്ഥി നേടി. അവൻെറ സ്തുത്യർഹമായ വിജയവും ആകർഷകമായ സ്വഭാവവിശേഷവും സ്ഥലത്തെ മെത്രാൻെറ മുക്തകണ്ഠമായ പ്രശംസയ്ക്കു പാത്രീഭവിച്ചു.

അടുത്തതായി നാം പീററർക്ലേവറിനെ കാണുന്നതു് ഈശോസഭക്കാരുടെ കീഴിൽ ഒരു സെമ്മിനാരിവിദ്യാത്ഥിയായിട്ടാണു്. ആന്തരികപ്രചോദനത്താൽ ആത്മാക്കളുടെ രക്ഷയ്ക്കായി ലോകസൗഭാഗ്യങ്ങളും ജഡികാഭിലാഷങ്ങളും അദ്ദേഹം എന്നേക്കുമായി പരിത്യജിച്ചു. വൈദികവിദ്യാത്ഥിയെന്ന നിലയിൽ കഥാനായകൻ അതിവേഗം അധികാരികളുടെ കണ്ണിലുണ്ണിയും സഹപാഠികളുടെ സ്നേഹഭാജനവുമായിത്തീൻ. ഒരു ഇടവകവൈദികൻ ആകണമെന്നായിരുന്നു അദ്ദേഹത്തിൻെറ അഭിലാഷം. എന്നാൽ, "ആസ്ഥപ്പാട്"പട്ടവും നാലു ചെറിയ പട്ടങ്ങളും സ്വീകരിച്ചതിനുശേഷം, ഈശോസഭയിലേക്ക് ഒരാകർഷണം അദ്ദേഹത്തിന് അനുഭവപ്പെട്ടുതുടങ്ങി. ഇക്കാര്യത്തിൽ ക്ലേവറിനു പ്രേ

രണ നല്കിയതു് അദ്ദേഹത്തിൻെറ ഗുരുനാഥന്മാരുടെ മഹനീയമാതൃകയായിരിക്കണം. എന്നാൽ, പീററർ ഗൗരവമേറിയ കാര്യങ്ങളൊന്നും പെട്ടെന്നു തീരുമാനിക്കുന്ന ആളായിരുന്നില്ല. അവധാനപൂർവ്വമായ പരിചിന്തനത്തിനുശേഷമാണു തൻെറ ഇംഗിതം ആദ്ധ്യാത്മികോപദേഷ്ടാവിനെപ്പോലും അദ്ദേഹം അറിയിച്ചതു്. സ്വശിഷ്യൻെറ നിശ്ചയദാർഢ്യത്തിൽ നല്ല വിശ്വാസമുണ്ടായിരുന്ന അദ്ദേഹം പീറററിനുവേണ്ട പ്രോത്സാഹനങ്ങൾ കൊടുക്കുകയും അധികാരികളുടെ പക്കൽ അപേക്ഷിക്കുവാൻ നിർദ്ദേശിക്കുകയും ചെയ്തു. ആരെങ്കിലും സഭാപ്രവേശനത്തിന് അപേക്ഷിച്ചാൽ, കുറേനാളത്തെ പരീക്ഷണത്തിനുശേഷം, ദൈവവിളിയിൽ നിലനില്ക്കുമെന്നു കാണുന്നപക്ഷം, സ്വീകരിക്കുകയാണു് ഈശോസഭയിലെ ബുദ്ധിപൂർവ്വകമായ നടപടി. അതനുസരിച്ചു്, ഏതാനും മാസത്തെ പരീക്ഷണത്തിനു ക്ലേവറും വിധേയനായി. അവസാനം, മാതാപിതാക്കന്മാരുടെ അനുമതിയുണ്ടെങ്കിൽ സഭയിൽ പ്രവേശനം നല്കുന്നതാണെന്ന് അധികാരികൾ കഥാനായകനു മറുപടികൊടുത്തു.

നമ്മുടെ യുവവൈദികവിദ്യാർത്ഥി ആനന്ദനിമഗ്നനായി, തൻെറ ഹൃദയാഭിലാഷം വത്സലമാതാപിതാക്കന്മാരെ സവിനയം അറിയിച്ചു. അപ്രതീക്ഷിതമായ ഈ വാർത്ത അവരെസ്സംബന്ധിച്ചിടത്തോളം അതികഠിനമായ ഒരു പരീക്ഷയായിരുന്നുവെന്നുവേണം വിചാരിക്കുവാൻ. ഒരു ഇടവകപ്പട്ടക്കാരനെന്നനിലയിൽ പുത്രൻ അവൻെറ മാതുലനെപ്പോലെ പ്രശസ്തനായ ഒരു 'കാനൺ' ആയിത്തീരുമെന്നും വാർദ്ധക്യകാലത്തു തങ്ങൾക്കൊരു അവലംബമായിരിക്കുമെന്നും അവർ പ്രതീക്ഷിച്ചിരുന്നു. എന്നാൽ, ഈ സങ്കല്പസൗധം ഇതാ ഇടിഞ്ഞുവീഴാൻ

പോകുന്നു. പീററർ ഈശോസഭാംഗമായിക്കഴിഞ്ഞാൽ, മാതാപിതാക്കന്മാരുമായുള്ള ബന്ധം തീരെ വേർപെട്ടുമെന്നും അവൻെറ ജീവിതം മുഴുവൻ നിഗ്രന്ഥമായ സന്ന്യസ്തവൃത്തിയിൽ കേന്ദ്രീകൃതമാകുമെന്നും അവർ ധരിച്ചിരുന്നു. ഭൗതികോൽകർഷലബ്ധിയിലുള്ള നിരാശയെക്കാൾ പുത്രവിയോഗത്തെക്കുറിച്ചുള്ള ചിന്തയാണ് അവക്ക ദുസ്സഹമായിത്തീന്നതു്. എങ്കിലും ദൈവഹിതത്തിന് അവർ പൂണ്ണമനസ്സോടേ വിധേയരാവുകയും പുത്രന് അനുമതി നല്കുകയും ചെയ്തു. ഈ മഹാത്യാഗത്തിനു ദൈവം എപ്രകാരം പ്രതിസമ്മാനം കൊടുത്തുവെന്ന് അനന്തരസംഭവങ്ങൾ തെളിയിക്കും. ലോകത്തിനു നല്കുവാൻ സാധിക്കാത്ത ബഹുമതിയത്രേ സ്വകുടുംബത്തിനു പീററർ ആർജ്ജിച്ചുകൊടുത്തതു്. ദൈവസേവനത്തിനായി സ്വസന്താനങ്ങൾ സന്നദ്ധരാകുന്ന അവസരങ്ങളിൽ ഭൗമികചിന്തകളാൽ പ്രേരിതരായി ആ സദുദ്യമത്തിൽനിന്നും അവരെ വ്യതിചലിപ്പിക്കുവാൻ ശ്രമിക്കുന്ന മാതാപിതാക്കന്മാർ പ്രശംസാർഹമായ ഈ മാതൃകയാൽ പ്രബുദ്ധരാകേണ്ടതാണ്. ക്ലേവറിൻെറ മാതൃകയനുസരിച്ചു തങ്ങളുടെ ദൈവവിളിയിൽ സുസ്ഥിരമായി നില്ക്കുവാനുള്ള നിശ്ചയദാർഢ്യം യുവജനങ്ങൾക്കുമുണ്ടാകണം.

മാതാപിതാക്കന്മാർ പീറററിനെ അവസാനമായി ആശ്ലേഷിക്കുകയും ആശിസ്സുകൾ കൊടുത്തു യാത്രയാക്കുകയും ചെയ്തു. അദ്ദേഹം തൻെറ ഇരുപതാമത്തേ വയസ്സിൽ ടറഗോണാ എന്ന സ്ഥലത്തേ ഈശോസഭാമന്ദിരത്തിൽ പ്രാഥമികപരിശീലനം ആരംഭിച്ചു. തനിക്കായി നിശ്ചയിക്കപ്പെട്ടിരുന്ന ചെറുമുറിയിൽ പ്രവേശിച്ചപ്പോൾ. ആനന്ദതുന്ദിലനായി അദ്ദേഹം കുതിച്ചുചാടി. വർദ്ധമാനമായിക്കൊണ്ടിരുന്ന ക്ലേവറിൻെറ ആ

ധ്യാത്മികാനന്ദം ഒരിക്കലും ക്ഷയോന്മുഖമായില്ല. അധികൃതന്മാരെ പ്രീണിപ്പിച്ചുകൊണ്ടിരുന്ന ഒരു വിശിഷ്ടഗുണം– സ്നേഹമസൃണമായ വിനയം– അതുല്യകാന്തിയോടേ അദ്ദേഹത്തിൽ സദാ പ്രശോഭിച്ചിരുന്നു. അദ്ദേഹത്തിൻെറ ഒരു സതീത്ഥ്യനായിരുന്ന ഫാദർ ഗാസ്പാർഡ് അനേകസംവത്സരങ്ങൾകഴിഞ്ഞു കാത്തജീനായിൽ വെച്ച് അദ്ദേഹത്തെ കണ്ടപ്പോൾ പറഞ്ഞതിപ്രകാരമാണ്:"ടറഗോണായിൽ ഒരു യുവവിദ്യാത്ഥിയായിരുന്നപ്പോഴത്തേ സ്ഥിതിയിൽത്തന്നെ ഇന്നു ഞാൻ ഫാദർ ക്ലേവറിനെ ദശിക്കുന്നു."

ഈശോസഭാസ്ഥാപകനായ വി. ഇഗ്നേഷ്യസ് തൻെറ മാനസാന്തരത്തിനുശേഷം മോൺസരേത്തിലുള്ള പരിശുദ്ധകന്യകയുടെ ദൈവാലയത്തിലേയ്ക്കു ചെയ്ത തീത്ഥയാത്രയുടെ സ്മരണ ശാശ്വതീകരിക്കുന്നതിനായി സന്ന്യാസാത്ഥികൾ ഏതെങ്കിലും പുണ്യസ്ഥലത്തേയ്ക്കു പര്യടനംചെയ്യുക പതിവാണ്. വിശുദ്ധരുടെ ജീവിതായോധനരംഗങ്ങൾ– പാവനചിന്തകളുടെ കേദാരങ്ങൾ– സന്ദർശിക്കുക ഭക്തിയെ ഉത്തേജിപ്പിക്കുവാൻ പര്യാപ്തമാണെന്നുള്ളതു നിരാക്ഷേപമത്രേ. ആസന്നമായ സുവണ്ണാവസരത്തെ അത്യൗൽസുക്യത്തോടേയാണു ക്ലേവർ പ്രതീക്ഷിച്ചുകൊണ്ടിരുന്നതു്. മോൺസരേത്തുതന്നെ തനിക്കായി നിർദ്ദിഷ്ടമായിരിക്കുന്നുവെന്നറിഞ്ഞപ്പോൾ അദ്ദേഹത്തിനുണ്ടായ ആനന്ദം അവണ്ണനീയമായിരുന്നു. രണ്ടു സ്നേഹിതന്മാരോടുകൂടി, പണമോ ഭക്ഷണസാധനങ്ങളോ കൈവശമില്ലാതെ, ഭിക്ഷാടനംകൊണ്ടു് അഹർവൃത്തി നിവ്വഹിച്ചുകൊണ്ടാണ് അവർ തീത്ഥയാത്ര കഴിച്ചതു്. രാത്രി വിശ്രമത്തിനുള്ള വസതി അതതുസ്ഥലത്തെ ആശുപത്രികളായിരുന്നു. ഭക്ഷണം യാചിച്ചു ചെല്ലുമ്പോൾ നമ്മുടെ സന്ന്യാസാത്ഥികൾ ഏതെങ്കിലും

ഭവനത്തിൽനിന്നു തിരസ്കൃതരാകുന്നുവെങ്കിൽ, സഹന തൃഷ്ണയെ ശമിപ്പിക്കുവാനുള്ള സന്ദർഭമായി അതിനവർ സ്വാഗതമരുളും. ഉദാരസംഭാവനകൾ ലഭിക്കുന്നുവെങ്കിൽ, തന്മൂലം അഗതികളെ സഹായിക്കുവാൻ പ്രാപ്തരായതിൽ അവർ ആമോദഭരിതരാവുകയും ചെയ്യും. വിശുദ്ധിയിലേക്കുള്ള രാജപാതയിതാണ്— കാര്യങ്ങൾ ശുഭമായോ അശുഭമായോ എങ്ങനെ പരിണമിച്ചാലും മനസ്സിൻെറ പ്രശാന്തത നഷ്ടമാക്കാതെ എല്ലാം സന്തോഷസമന്വിതം സ്വീകരിക്കുക.

നമ്മുടെ തീർത്ഥകന്മാർ മോൺസരേത്തിൽ മൂന്നു ദിവസം താമസിച്ചു. സമയത്തിൽ ഭൂരിഭാഗവും പരിശുദ്ധകന്യകയുടെ സ്വരൂപത്തിൻെറ മുമ്പിലാണ് അവർ കഴിച്ചുകൂട്ടിയതു്. പ്രശാന്തസുന്ദരമായ അവിടത്തെ ഏകാന്തതയിൽ, ഹൃദയത്തിൽ നറുംതേൻ പൊഴിയുന്ന ദിവ്യരഹസ്യങ്ങളെക്കുറിച്ചു ധ്യാനിച്ചുകൊണ്ടു ജീവിതശേഷം കഴിക്കുവാൻ അദ്ദേഹം അഭിലഷിച്ചു. സമകാലികനായ ഒരു ചരിത്രകാരൻ രേഖപ്പെടുത്തുന്നതുപോലെ, അനുസരണം ഒന്നുമാത്രമാണു ക്ലേവറിനെ അവിടെനിന്നു പിന്തിരിച്ചതു്. എന്നാൽ, പാവനചിന്തകളെ ഉദ്ദീപിപ്പിക്കുന്ന പ്രസ്തുതപുണ്യസ്ഥലത്തു സ്വഹൃദയത്തെ അദ്ദേഹം നിക്ഷേപിക്കുകതന്നെ ചെയ്തു. പില്ക്കാലങ്ങളിലൊരിക്കലും മോൺസരേത്തു സന്ദർശിക്കുവാനുള്ള ഭാഗ്യം കഥാനായകനു ലഭിച്ചില്ലെങ്കിലും, ആ ശാന്തിനികേതനത്തിൻെറ നാമമാത്രശ്രവണത്താൽ അദ്ദേഹം പുളകിതഗാത്രനായിത്തീർന്നിരുന്നു.

# മൂന്നാം അധ്യായം.

## പരിശീലനം

പീററർക്ലേവർ 1602 ആഗസ്ററ് ഏഴാം തീയതി നവസന്യാസിയായി പരിശീലനം ആരംഭിച്ചു. രണ്ടു കൊല്ലംകൊണ്ട് അതു് അവസാനിക്കുകയും അനന്തരം അദ്ദേഹം നിത്യവ്രതാനുഷ്ഠാനം നടത്തുകയും ചെയ്തു.

ഈ പരിശീലനകാലത്തു നവസന്യാസികൾ തങ്ങളുടെ സഭയുടെ ആദർശങ്ങൾ സനിഷ്കർഷം പഠിക്കുകയും നിയമങ്ങൾ പ്രത്യക്ഷരം പാലിക്കുന്നതിന് അഭ്യസിക്കുകയും ചെയ്യുന്നു. പ്രാർത്ഥനയ്ക്കും പ്രായശ്ചിത്തത്തിനും പ്രമുഖമായ ഒരു സ്ഥാനവും നല്കപ്പെടുന്നുണ്ട്. സുദീർഘമായ രണ്ടുകൊല്ലം ഇങ്ങനെ ചെലവഴിക്കുന്നതു്, വ്യർത്ഥവും ബുദ്ധിശൂന്യവുമാണെന്ന് ആധുനികചിന്തകന്മാർക്കു തോന്നുന്നു. അവരുടെ ദൃഷ്ടിയിൽ ഇതു്, 'മനുഷ്യന്റെ മനസ്സിനേയും വ്യക്തിത്വത്തേയും സമൂഹത്തിന് ഉപയോഗയോഗ്യമാകുമാറു കീഴ്പ്പെടുത്തുന്നതിനുള്ള നിരർത്ഥകയത്ന'മാണ്. എന്നാൽ, മുൻവിധികൊണ്ട് അന്ധനാകാത്ത ഒരുവൻ ഏതാദൃശപരിശീലനത്തിന്റെ അനുഗൃഹീതഫലങ്ങളിൽ സന്തുഷ്ടനാകാതിരിക്കയില്ല. ഏററം നിഷ്ഠുരമായ പീഡനയന്ത്രങ്ങൾക്കഭിമുഖരാകേണ്ടിവന്നപ്പോൾ സെൻറ് ഇഗ്നേഷ്യസിന്റെ സന്താനങ്ങൾ ഈ പരിശീലനത്തിന്റെ പ്രയോജനം കാണിച്ചുകൊടുത്തു. ഈ ഉലയിൽ വാർത്തെടുക്കപ്പെട്ട ഉരുക്ക്, 'ലണ്ടൻ ടവറി'ലേ പീഡനക്കരുക്കളെ നിശ്ശേഷം പരാജിതമാക്കി.

ഈശോസഭ തടംഗങ്ങളിൽനിന്ന് ആവശ്യപ്പെടുന്ന അനുസരണത്തിന്റെ കർക്കശത്വവും ആധുനികലോ

കത്തിന്റെ ദുർഗ്രഹമായിരിക്കുന്നു. വില്യം ജയിംസ് പറയുന്നതു കേട്ടാലും: "ഇരുപതാം നൂററാണ്ടിലേ ജനങ്ങളുടെയിടയിൽ അനുസരണമെന്ന സുകൃതത്തെക്കുറിച്ചു വലിയ മതിപ്പൊന്നുമില്ല. നേരെമറിച്ച്, തന്റെ ജീവിതഗതി നിർണ്ണയിക്കുകയും അതിന്റെ ലാഭനഷ്ടങ്ങൾക്ക് ഉത്തരവാദി ആയിരിക്കുകയും ചെയ്യുന്നതിന് ഓരോ വ്യക്തിക്കും കടമയുണ്ട് എന്നുള്ള തത്വം, ഇന്നത്തേ ഉത്തമവും ചിരസ്ഥായിയുമായ പ്രോട്ടസ്റ്റൻറാദർശങ്ങളിൽ ഒന്നായി പരിഗണിക്കപ്പെടുന്നു. തന്നിമിത്തം, സ്വന്തമായൊരു ആന്തരികചൈതന്യമുള്ള ഏവനും, തന്റെ മനസ്സിനെ, തന്നെപ്പോലെതന്നെ പരിമിതനായ ഒരു വ്യക്തിക്കു വിധേയമാക്കാൻ എങ്ങനെ സാധിക്കുമെന്നതു് ഊഹിക്കുവാൻപോലും വിഷമമത്രേ. എന്നെസ്സംബന്ധിച്ചിടത്തോളം ഇതൊരു മഹാരഹസ്യമാണ്."

"ഉത്തമവും ചിരസ്ഥായിയുമായ ആദർശ"മെന്നു വില്യം ജയിംസ് പ്രശംസിക്കുന്ന ആ വ്യക്തിസ്വാതന്ത്ര്യത്തെ പ്രോട്ടസ്റ്റൻറുമതത്തിന്റെ ജന്മദേശംപോലും ഉന്മൂലനം ചെയ്തുകഴിഞ്ഞിരിക്കുന്നു. സഭ അനുസരണത്തെ കണക്കിലധികമായി അനുശാസിക്കുന്നുവെന്ന് അധിക്ഷേപിച്ചിരുന്നവർ, അവർ ഇന്നു സ്വാതന്ത്ര്യത്തെ ചിന്താങ്ങുന്നുവെന്നു വിമർശിക്കുന്നു. ലോകം വിപ്ലവകരവും അതിരുകടന്നതുമായ അഭിപ്രായങ്ങളാൽ ചഞ്ചലിതമാകുന്നു; സഭയോ എന്നാൽ, മധ്യസ്ഥാനമവലംബിച്ചു സുസ്ഥിരം നിലകൊള്ളുന്നു. റൂസോയുടെ കുതക്കങ്ങളിൽ ലീനചിത്തരായ ജനസഞ്ചയം സ്വാതന്ത്ര്യം, സമത്വം, സാഹോദര്യം എന്നിവയുടെ ശത്രുവാണു സഭയെന്ന് അപലപിച്ചു. അനന്തരം, സ്വാതന്ത്ര്യദുഷ്പ്രയോഗത്താൽ കലാപങ്ങളും അന്തശ്ഛിദ്രങ്ങളും എവിടെയും നടമാടിയപ്പോൾ, വിധ്വംസകപ്രവൎത്തന

ങ്ങളുടെയെല്ലാം ഹേതു സഭയിൽ ആരോപിക്കപ്പെട്ടു. റൂസോയുടെ അനുയായികളോട്ട സഭ പറഞ്ഞു: "സ്വാതന്ത്ര്യം നന്ന്, എന്നാൽ, അധികാരത്തിന് ഒരു സ്ഥാനമുണ്ടായിരിക്കണം." സ്വേച്ഛാധിപതികളോട്ട സഭ പറയുകയുണ്ടായിട്ടുണ്ട്: "അധികാരം നല്ലതുതന്നെ. എന്നാൽ, സ്വാതന്ത്ര്യത്തിനും അതർഹിക്കുന്ന സ്ഥാനം കൊടുക്കണം."

അനുസരണത്തെക്കുറിച്ചുള്ള വി. ഇഗ്നേഷ്യസിൻെറ ആദർശം അദ്ദേഹത്തിൻെറ വാക്കുകളിൽ ബർട്ടോളി മൈക്കൽ ഉദ്ധരിക്കുന്നു: "സന്യാസവൃത്തി സ്വീകരിക്കുന്ന ഞാൻ എന്നെത്തന്നെ ദൈവത്തിൻേറയും, എൻെറ അധികാരികളുടേയും കരങ്ങളിൽ സമപ്പിക്കണം. മേലധികാരിയുടെ കൈയിൽ ഞാൻ, ഏതു രൂപവും സ്വീകരിക്കത്തക്കവിധം മാദ്ദവമുള്ള മെഴുകുപോലെ ആയിത്തീരണം. ഞാൻ കത്തയയ്ക്കുകയോ സ്വീകരിക്കുകയോ ചെയ്യുന്നതും മേലധികാരിയുടെ അറിവും നിർദ്ദേശവുമനുസരിച്ചായിരിക്കണം. ആജ്ഞാപിക്കപ്പെടുന്ന കൃത്യം തീക്ഷ്ണമായും അഭംഗമായും നിവ്വഹിക്കുകയാണ് എൻെറ കടമ. ഞാൻ ഇച്ഛാശക്തിയോ ബുദ്ധിവൈഭവമോ ഇല്ലാത്ത മൃതശരീരംപോലെയാകണം; യഥേഷ്ടം എവിടേയും വെയ്ക്കപ്പെടാവുന്ന സാധനംപോലെയോ ഒരു വൃദ്ധൻെറ കൈവശമിരിക്കുന്ന വടിപോലെയോ ആയിത്തീരണം. സഭയുടെ കീഴിൽ, സഭ ഏററം ഉപയോഗപ്രദമെന്നു വിധിക്കുന്ന രീതിയിൽ, ഞാൻ സേവനം ചെയ്യേണ്ടിയിരിക്കുന്നു. ഒരു പ്രത്യേകസ്ഥലത്തോടോ ഉദ്യോഗത്തോടോ കൂടുതൽ പ്രതിപത്തി എനിക്കുണ്ടാകുക വിഹിതമല്ല. സ്വന്തമായി എനിക്കു യാതൊരു സമ്പാദ്യവും ഉണ്ടായിരിക്കരുത്. നിത്യോപയോഗത്തിനുള്ള വസ്തുക്കൾപോലും ഉപേക്ഷിക്കുവാൻ

ഞാൻ വൈമനസ്യം പ്രദർശിപ്പിക്കുകയുമരുത്."

എല്ലാ സന്യാസസഭകൾക്കും അനുസരണം നിർബന്ധിതനിയമമാണ്. എന്നാൽ, ഈശോസഭയിൽ അതിനു സവിശേഷമായ പ്രാധാന്യം നല്കപ്പെടുന്നു. കർമ്മോദ്യുക്തജീവിതം നയിച്ച് ആളുകളുമായി കൂടുതൽ സമ്പർക്കത്തിലേർപ്പെടുന്ന ഈശോസഭാംഗങ്ങൾക്ക് അപകടങ്ങൾ അധികം ഉണ്ടായേക്കുമെന്നുള്ളതായിരിക്കണം ഇതിനു കാരണം. ലോകത്തിന്റെ വിവിധഭാഗങ്ങളിലും ദ്വീപാന്തരങ്ങളിലും, അപരിഷ്കൃതരുടേയും മ്ലേച്ഛരുടേയും ഇടയിലും, സംസ്കാരസമ്പന്നരുടേയും അഭ്യസ്തവിദ്യരുടേയും മദ്ധ്യേയും അത്ഭുതാവഹമായ വിജയത്തോടേ പ്രവർത്തനംനടത്തുന്ന അംഗങ്ങളെയെല്ലാം സഭയുടെ കേന്ദ്രവുമായി ഘടിപ്പിക്കുന്ന ശൃംഖലയാണ് അനുസരണം. മഹായുദ്ധകാലത്തു ശക്തിയെല്ലാം ഏകനിയന്ത്രണത്തിലാക്കുവാൻ ഐക്യകക്ഷികൾ നിർബന്ധിതരായിത്തീർന്നു. ഇതുപോലെതന്നെ, ആദ്ധ്യാത്മികസമരത്തിലും ശിക്ഷണയുക്തരായ അംഗങ്ങളെ അനുസരണത്താൽ സംഘടിപ്പിച്ചു ശക്തിസംഭരണം നടത്തുക അവശ്യാവശ്യകമാണ്.

സ്പാനിഷ് സൈന്യത്തിൽ ഒരുദ്യോഗസ്ഥനായി സേവനമനുഷ്ഠിച്ചിരുന്ന ഇഗ്നേഷ്യസിനു പരിശീലനത്തിന്റെ വിശിഷ്ടഗുണങ്ങൾ ഗ്രഹിക്കുവാൻ കഴിഞ്ഞിരുന്നു. ഒരു സേനാനായകനു പടയാളികളുടെ മേലുള്ള അധികാരംതന്നെ, ഈശോസഭാദ്ധ്യക്ഷന് അംഗങ്ങളുടെമേൽ ഉണ്ടായിരിക്കണമെന്ന് അദ്ദേഹം നിശ്ചയിച്ചു. ഇതു് ഏവരുടേയും ഹൃദയത്തിൽ ആഴമായിപ്പതിയുന്നതിനുവേണ്ടിയാണ്, 'അന്ധനായ മനുഷ്യൻ' 'മൃതശരീരം' 'വയസ്സന്റെ കൈയിലേ വടി' എന്നീ ഉപമാനങ്ങൾ നിയമസംഹിതയിൽ അദ്ദേഹം പ്രയോഗിച്ചതു്. എ

ന്നാൽ, അധികാരിയുടെ ആജ്ഞ നീതിവിരുദ്ധമോ അ പ്രായോഗികമോ ആണെങ്കിൽ അപ്പീൽ ബോധിപ്പിക്കു ന്നതിനും മദ്ധ്യസ്ഥതീരുമാനംകൊണ്ടു സങ്കടപരിഹാരം സാധിക്കുന്നതിനും അംഗങ്ങൾക്കനുമതിയുണ്ടെന്നുള്ള വാസ്തവം നാം വിസ്മരിക്കരുതു്.

അനുസരണത്തിന് അടിസ്ഥാനമായി വി. ഇഗ്നേ ഷ്യസ് നിർദ്ദേശിക്കുന്നതു ദൈവസ്തുതിയാണ്. വിശുദ്ധി യുടെ ആണിക്കല്ലും അതുതന്നെ. വിശുദ്ധിസമ്പാദന ത്തിനു്, പ്രസാദവരവും മനുഷ്യമനസ്സിന്റെ സഹകര ണവും ആവശ്യകമാണ്. വ്യായാമം ശരീരത്തെ പ്രവൃത്തി ശക്തമാക്കുകയും ആരോഗ്യത്തെ പോഷിപ്പിക്കുകയും ചെയ്യുന്നതുപോലെ ആദ്ധ്യാത്മികപരിശീലനം മനസ്സി നെ നിയന്ത്രിക്കുകയും ശക്തിയുക്തമാക്കുകയും ചെയ്യുന്നു.

ഇച്ഛാനിയന്ത്രണത്തിനു പ്രധാനമാർഗ്ഗം സൃഷ്ടവ സ്തുക്കളോടുള്ള അനാസക്തിയാണ്. അതു്, ആരോഗ്യ ത്തെ രോഗത്തെക്കാൾ, ധനത്തെ ദാരിദ്ര്യത്തെക്കാൾ, പ്രശംസയെ നിന്ദനത്തെക്കാൾ ആഗ്രഹിക്കാതിരിക്കുക യും, ജീവിതാന്ത്യപ്രാപ്തിക്കുപയുക്തമായവയെമാത്രം അ ഭിലഷിക്കുകയും ചെയ്യുന്നതിൽ അടങ്ങിയിരിക്കുന്നു. അ തു വികാരങ്ങളുടെയെല്ലാം നിഗ്രഹമല്ല, ബുദ്ധിപൂർവ്വക മായ നിയന്ത്രണം മാത്രമാണ്.

മുകളിൽ സൂചിപ്പിച്ച രീതിയിലുള്ള ഒരു പരിശീ ലനമാണു് നവസന്യാസിയെന്ന നിലയിൽ ക്ലേവറിനു ക ഴിക്കേണ്ടിയിരുന്നതു്. പില്ക്കാലത്തു നിർവ്വഹിക്കാനിരുന്ന സമരത്തിന് അദ്ദേഹം സന്നദ്ധനായതു് ഈ കളരിയിൽ വെച്ചാണ് കാർത്തജീനായിലെ ക്ലേശാവഹമായ പ്രേഷി തവേലയ്ക്കു-സുദീർഘവും നിരന്തരവുമായ വേദസാക്ഷിത്വ ത്തിനു-വേണ്ട ശക്തിസംഭരിച്ചതു് ഇവിടെനിന്നാണ്.

# നാലാം അധ്യായം.

## 'ഇങ്ങിനി വരാതെ.'

ടറഗോണായിൽ സ്തുത്യർഹമാംവിധം പരിശീലനം പൂർത്തിയാക്കിയ പീററർ ക്ളേവറിനെ അധികാരികൾ ജിറോണിലേക്കും അവിടെനിന്നു താമസിയാതെ, പാൽമായിൽ പുതുതായി സ്ഥാപിക്കപ്പെട്ട മോൺട്സിയോൺ കോളേജിലേക്കും അയച്ചു. വിദ്യാർത്ഥിയെന്നനിലയിൽ നിസ്തുലപ്രശസ്തി സമ്പാദിച്ച ക്ലേവർ വാസനാസമ്പന്നനായ ഒരദ്ധ്യാപകൻകൂടെയാണെന്നു മോൺട്സിയോണിൽവച്ചു വിദിതമായി. അചിരേണ അദ്ദേഹത്തിൻെറ സേവനങ്ങൾ അവിടത്തെ കലാലയത്തിന് അഭൂതപൂർവ്വമായ കീർത്തിക്കു കാരണമായിത്തീർന്നു. വാഗ്മിതപത്തിലും അദ്ദേഹം ഒട്ടും പിന്നിലായിരുന്നില്ല. തന്മൂലം, ഒരു പൊതുവാദപ്രതിവാദസമ്മേളനത്തിൽ അദ്ധ്യക്ഷപദമലങ്കരിക്കുവാൻ ക്ളേവർ ക്ഷണിക്കപ്പെട്ടു. അഗാധമായ വിനയത്തോടും അത്യധികമായ വൈമനസ്യത്തോടുംകൂടെയാണ് അദ്ദേഹം പ്രസ്തുത മഹനീയപദവി സ്വീകരിച്ചതു്. ക്ളേവർ സ്വകൃത്യനിർവ്വഹണത്തിൽ വിജയശ്രീലാളിതനായിത്തീർന്നു. കലാലയത്തിനു തന്മൂലം അസൂയാർഹമായ പ്രശസ്തി സിദ്ധിക്കുകയും ചെയ്തു.

ഇപ്രകാരം, മോൺട്സിയോൺ കോളേജിൽ സ്തുത്യർഹമായി അധ്യാപനവൃത്തി തുടർന്നുകൊണ്ടിരിക്കവേ, ക്ളേവറിനു തൻെറ ആദ്ധ്യാത്മികോൽകർഷങ്ങൾക്കു വഴിതെളിക്കുകയും ഭാവിപ്രവർത്തനങ്ങൾക്കു ദൃശ്യരൂപം നല്കുകയും ചെയ്യുവാനിരുന്ന ഒരു പുണ്യചരിതനു

മായി പരിചയപ്പെടുവാനിടയായി. അലോൺസോ റോഡ്റിഗസ് എന്ന പേരോടുകൂടി ഷഷ്ടിപൂർത്തികഴിഞ്ഞ ഒരു ദ്വാരപാലകൻ അവിടെയുണ്ടായിരുന്നു. കുടുംബപാരമ്പര്യമനുസരിച്ച് വ്യവസായത്തിലേർപ്പെട്ട് പരിമിതമായ സുഖസൗകര്യങ്ങളോടുകൂടി ലോകജീവിതം നയിച്ചുവരവേ, നാല്പതാമത്തെ വയസ്സിൽ കഷ്ടകാലം അയാളെ പിടികൂടി. ഭാര്യയും സന്താനങ്ങൾ എല്ലാവരും പെട്ടെന്ന് ഈ ലോകവാസം വെടിഞ്ഞു. തന്നിമിത്തം, ലോകജീവിതത്തോട് വെറുപ്പുതോന്നിയ അലോൺസോ ഈശോസഭയിൽ ഒരു "സഹോദര"നായിച്ചേരുകയും മോൺട്സിയോണിലേ ദ്വാരപാലകനായി നിയമിതനാകുകയും ചെയ്തു. ഇരുപതു സംവത്സരം പ്രസ്തുത ജോലി ഏററം വിശ്വസ്തതയോടേ അദ്ദേഹം നിർവ്വഹിച്ചു. അനന്തരം, പ്രായാധിക്യം നിമിത്തം ഉദ്യോഗത്തിൽ അല്പം തരംതാഴ്ത്തൽ ഉണ്ടായി. തൻെറ സ്ഥാനത്തു നിയമിതനായ ദ്വാരപാലകനെ ചില്ലറക്കാര്യങ്ങളിൽ അദ്ദേഹം സഹായിച്ചാൽ മതിയെന്ന് അധികാരികൾ നിശ്ചയിച്ചു. ഈ ജോലി തുടർന്നുകൊണ്ടിരിക്കവേയാണ്, തൻെറ എഴുപത്തിരണ്ടാമത്തേ വയസ്സിൽ പീററർ ക്ളേവറുമായി പരിചയപ്പെടുവാൻ അദ്ദേഹത്തിനിടയായത്.

അലോൺസോയെക്കുറിച്ച് "ക്രിസ്തുവിൻെറ സേനാനികൾ" എന്ന പുസ്തകത്തിൽ ഫാ. മാർട്ടിൻ ഡയിൽ നല്കുന്ന രസാവഹമായ വിവരണം ഇപ്രകാരമാണ്: "വിശുദ്ധിയിൽ അത്ഭുതാവഹമായ പദവി അലോൺസോ കൈവരിച്ചിരുന്നു. മനുഷ്യൻെറ ഗുണപൗഷ്കല്യങ്ങളെ സാമാന്യജ്ഞാനത്തിൻെറ തോതുകൊണ്ടുമാത്രം അളക്കുകയും ദൃശ്യങ്ങളായ പ്രവൎത്തനപദ്ധതികൾക്കനുരൂപമായ ജീവിതം മാത്രമാണ് ആധ്യാത്മി

കസാദ്ധ്യതകളെ ആവിഷ്കരിക്കുവാൻ പര്യാപ്തമാകുന്ന തെന്നു വാദിക്കുകയും ചെയ്യുന്നവരിൽ വിസ്മയത്തെ ജനിപ്പിക്കുന്ന ഒരു വിശുദ്ധിയായിരുന്നു അദ്ദേഹത്തിൻെറതു്. സാധാരണക്കാരനായ ഒരു സന്ന്യാസിക്കു് അലോൺസോ ഒരത്ഭുതവിഷയമാണു്. നമ്മുടെ "സംസ്കാരസമ്പന്ന"ന്മാക്കു് അദ്ദേഹത്തിൻെറ ജീവിതം ഒന്നാം കിടയിലുള്ള മടയത്തരമാണു്. ഊഹാതീതമായ സാരള്യത്തോടേ പരിത്യാഗത്തിൻെറ സിദ്ധാന്തങ്ങളെ പ്രയോഗത്തിൽ വരുത്തിയ ഈ "സഹോദരൻ" 'മജോർക്കാ'യിലേ മാത്രമല്ല, അദ്ദേഹത്തിൻെറ കീൎത്തിധാവള്യം വ്യാപിച്ച വിദൂരദേശങ്ങളിലേയും ആളുകളുടെ ഹൃദയംഗമമായ സ്നേഹബഹുമാനങ്ങൾക്കു പാത്രമായിത്തീൎന്നു മതത്തിൻെറ ആദ്ധ്യാത്മികശൈശവം പ്രാപിച്ചിട്ടുള്ളവൎക്കു് ഈ മഹാപുരുഷൻെറ വ്യക്തിമാഹാത്മ്യം ഗ്രഹിക്കുവാൻ കഴിഞ്ഞു. വിപുലമായ പല സന്ന്യാസസഭകളിലും ഏതാദൃശ'സഹോദരന്മാർ'— സ്വതസ്സിദ്ധമായ തങ്ങളുടെ ആന്തരികധീപ്രകർഷത്തെ,ബാലസഹജമായ പ്രവൃത്തികളിൽമാത്രം പ്രകടിപ്പിക്കുവാൻ യത്നിച്ചുകൊണ്ടു ജീവിക്കുന്ന സാത്ത്വികന്മാർ— കണ്ടേക്കാം. തത്ത്വശാസ്ത്രപരമായ വാദകോലാഹലങ്ങളിലും കുതൎക്കങ്ങളിലും ബുദ്ധിയെ ഭ്രമിപ്പിക്കാതെ പ്രശാന്തസുന്ദരമായ ആന്തരികമാധുര്യത്തിൽ ജീവിക്കുന്ന ഇവരല്ലേ ധന്യധന്യർ?"

വന്ദ്യനായ ഈ വൃദ്ധനും, ഭക്തിചൈതന്യത്താൽ പ്രചോദിതനായിരുന്ന നമ്മുടെ യുവാവും അചിരേണ ഉററമിത്രങ്ങളായിത്തീൎന്നു. ദൈന്യതയുടെ അത്യഗാധത്തിൽക്കിടന്നു ദുരിതമനുഭവിക്കുന്ന നീഗ്രോകൾക്കുവേണ്ടി അലോൺസോ നിരന്തരം പ്രാൎത്ഥിക്കുകയും കരയുകയും ചെയ്തിരുന്നു. അവരുടെ സമുദ്ധാരണത്തിനു ത്യാഗസന്നദ്ധനായ ഒരു പ്രേഷിതനെ ദർശിച്ചിട്ടു മര

ണമടയുവാൻ അദ്ദേഹം അഭിവാഞ്ഛിച്ചിരുന്നു. ആ ആഗ്രഹം ഇതാ സഫലമായിരിക്കുന്നു. വയോധികനായ തനിക്കു അസാദ്ധ്യമായ സേവനം തന്റെ യുവസ്നേഹിതൻ നിർവ്വഹിക്കുമെന്നുള്ള പ്രത്യാശയാൽ അദ്ദേഹം സംതൃപ്തിയടഞ്ഞു. ഈ മൈത്രീബന്ധത്തിൽ സംപ്രീതരായ അധികാരികൾ, ഇരുവൎക്കും കൃത്യവിലോപം വരാതെ സംഭാഷണം നടത്തുന്നതിനു ദിവസത്തിൽ പ്രത്യേകസമയം നിശ്ചയിച്ചുകൊടുത്തു. ഒരിക്കൽ ക്ലേവർ ഒരു സ്നേഹിതനുമൊരുമിച്ചു പടിവാതിൽ കടന്നുപോയപ്പോൾ അലോൺസോ പറയുകയുണ്ടായി: "പരിശുദ്ധത്രിത്വത്തിലെ മൂന്നാളുകളും നിങ്ങളെ അനുഗമിക്കുന്നുണ്ടെന്നു് ഓർത്തുകൊള്ളുവിൻ." ഈ വാക്കുകൾ ക്ലേവറിനെ, പുണ്യാത്മാക്കൾക്കു സാധാരണ ഉണ്ടാകാറുള്ള ഒരു ഹർഷപാരവശ്യത്തിൽ ലയിപ്പിച്ചു.

ഈ മിത്രങ്ങളുടെ ആദ്ധ്യാത്മിക സംഭാഷണം അനസ്യൂതം തുടർന്നുകൊണ്ടിരുന്നു. പ്രത്യുൽപന്നമതിയും അഭ്യസ്തവിദ്യനുമായ പീററർ ക്ലേവർ, ഒരു വയസ്സൻ ദ്വാരപാലകന്റെ ശിഷ്യനായിത്തീൎന്നതു ലോകത്തിന്റെ വിസ്മയത്തിനോ അവഹേളനത്തിനോ പാത്രമായേക്കാം. എന്നാൽ, സംസ്കാരശൂന്യന്മാരെന്നു വിധിക്കപ്പെടുന്ന താദൃശന്മാരിൽനിന്നു ലോകം ഇനിയും എത്രയെത്ര ഉൽകൃഷ്ടതത്വങ്ങൾ പഠിക്കേണ്ടിയിരിക്കുന്നു!

ഒരു രാത്രി അലോൺസോയ്ക്കു് ഒരു അത്ഭുതദർശനമുണ്ടായി. താൻ സ്വൎഗ്ഗത്തിലേക്കു് ആനയിക്കപ്പെട്ടതായി അദ്ദേഹം കണ്ടു. അവിടെ അദ്ദേഹത്തിന്റെ കാവൽദൂതൻ പന്ത്രണ്ടു പ്രഭയേറിയ സിംഹാസനങ്ങൾ അദ്ദേഹത്തെ കാണിച്ചുകൊടുത്തു. അവയിലൊന്നു് ഒഴിവായിക്കിടന്നിരുന്നു. മാലാഖാ പറഞ്ഞു: "ഈ സിംഹാസനം, നിന്റെ പ്രിയശിഷ്യൻ ക്ലേവറിന്റെ പേക്കാ

ണ്. ഇതു് അയാളുടെ സുകൃതങ്ങൾക്കും വെസ്ററിൻഡീസിൽ ദൈവത്തിനായി ആത്മാക്കളെ സമ്പാദിക്കുവാൻവേണ്ടി ചെയ്യുവാനിരിക്കുന്ന പ്രയത്നങ്ങൾക്കുമുള്ള പ്രതിഫലമാണ്”. തൽകാലം പ്രസ്തുത കാൎയ്യത്തെപ്പററി അലോൺസോ ആരോടും യാതൊന്നും പ്രസ്താവിച്ചില്ല. എന്നാൽ, തൻെറ ശ്രേഷ്ഠമിത്രവുമായി വേർപിരിയേണ്ട അവസരം വന്നപ്പോൾ അദ്ദേഹത്തെ അരുകിൽ വിളിച്ചുകൊണ്ടു പറഞ്ഞു: “ദൈവനാമത്തിൽ പ്രസംഗിക്കുന്നതിനുപോകുന്ന വൈദികന്മാരുടെ സംഖ്യ വിരളമായിരിക്കുന്നതിനാൽ ലോകത്തിലുള്ള ഭൂരിപക്ഷമാളുകളും ദൈവത്തെ അറിയാതിരിക്കുന്നുവെന്നോർക്കുമ്പോൾ എൻെറ ദുഃഖം സീമാതീതമാകുന്നു. യാതൊരു വിളവുമില്ലാത്ത സ്ഥലത്തു് ഉപയോഗശൂന്യരായി അനവധി വേലക്കാരുള്ളതും, വളരെയധികം വിളവു ലഭിക്കുന്നിടത്തു കൊയ്ത്തുകാർ അപൂൎവ്വമായിരിക്കുന്നതും നാം കാണുന്നു. യൂറോപ്പിൽ അലസന്മാരായി കഴിഞ്ഞുകൂടുന്ന വൈദികന്മാർ അമേരിക്കയിൽ ചെന്നിരുന്നെങ്കിൽ എത്രയേറെ ആത്മാക്കളെ നേടുവാൻ കഴിയുമായിരുന്നു! ആ രാജ്യങ്ങളിലെ ധനം വിലമതിക്കപ്പെടുന്നു; ആത്മാക്കൾ അവഗണിക്കപ്പെടുകയും ചെയ്യുന്നു. അപരിഷ്കൃതരും വിരൂപരുമായി ആ ജനങ്ങൾ കാണപ്പെട്ടുമെങ്കിലും, അവർ വജ്റങ്ങളാണ്. അവയെ മിനുക്കിയെടുക്കേണ്ടിയിരിക്കുന്നു; ശരിതന്നെ, എന്നാൽ, അവയുടെ ശോഭ ഏതു രത്നവ്യാപാരിയേയും ആകർഷിക്കുവാൻ പോരുന്നതാണ്. ദൈവത്തെക്കുറിച്ചു തീക്ഷ്ണതയുണ്ടെങ്കിൽ വെസ്റ്റിൻഡീസിലേക്കുപോയി ലക്ഷക്കണക്കിന് ആത്മാക്കളെ രക്ഷിക്കുക. അനുസരണത്താൽ നിർബന്ധിതനായി പോകുന്നതുതന്നെ വലിയ കാര്യമാണ്. എന്നാൽ, ഒരു ഈശോസഭാംഗത്തിന് അതുമാ

ത്രം പോരാ; നിരന്തരമായ അഭ്യർത്ഥനകളാൽ പ്രേഷിതവൃത്തിക്കുള്ള ഉൽകടമായ ആഗ്രഹം വ്യക്തമാക്കണം. അപേക്ഷകളും യാചനകളുംകൊണ്ട് അധികാരികളുടെ അനുമതി സമ്പാദിക്കുവാൻ പരിശ്രമിക്കണം. അധികാരികൾ നിങ്ങളുടെ നിശ്ചയദാർഢ്യത്തെ പരീക്ഷിക്കുന്നതിലേക്കാണ് അനുമതി നല്കുവാൻ വിളംബംവരുത്തുന്നതെന്നു വിചാരിക്കുവാൻ ന്യായമുള്ളപ്പോൾ അഭ്യർത്ഥന ആവർത്തിക്കുന്നതു് അനുസരണത്തിനു വിപരീതമല്ല."

ക്ലേവർ ഈ ഉപദേശത്തെ അക്ഷരംപ്രതി അനുസരിച്ചു. മിഷ്യൻരംഗത്തേയ്ക്കു പോകുവാനുള്ള അഭിലാഷം വിവരിച്ചുകൊണ്ട് അദ്ദേഹം മേലധികാരികൾക്ക് ഉടനെ ഒരു കത്തയച്ചു. ദൈവശാസ്ത്രപഠനത്തിനായി ബർസലോണായിലേക്കു പുറപ്പെടണമെന്നും അവിടെവച്ച് അഭിനവമായ ഈ ദൈവാഹ്വാനത്തെക്കുറിച്ച് ഉപരി പരിശോധനകൾ നടത്തി തീരുമാനിക്കാമെന്നുമാണ് അധികൃതന്മാർ ഈ കത്തിനു നല്കിയ മറുപടി.

അലോൺസോ അത്യധികമായ വ്യസനത്തോടേ ആണു തൻെറ യുവസ്നേഹിതനെ യാത്രയാക്കിയതു്. തദവസരത്തിൽ, അനർഘനിധിയായി പില്ക്കാലത്തു ക്ലേവർ സൂക്ഷിക്കുവാനിരുന്ന ചില കടലാസുകൾ അദ്ദേഹം തൻെറ മിത്രത്തിനു സമ്മാനിക്കുകയുണ്ടായി. അവയിൽ സന്യാസജീവിതംത്തെക്കുറിച്ച് അലോൺസോ എഴുതിയിരുന്ന ചില കുറിപ്പുകൾ ഇവിടെ ഉദ്ധരിക്കാം:

"സുകൃതത്തിൽ അഭിവൃദ്ധി പ്രാപിക്കുവാൻ ആഗ്രഹിക്കുന്ന സന്യാസി ആത്മജ്ഞാനം സിദ്ധിക്കുവാൻ ശ്രമിക്കണം. ഈ ജ്ഞാനം ലഭിച്ചാൽ അവൻ തന്നെത്തന്നെ ഏററം നിന്ദ്യനായി പരിഗണിക്കും. അല്ലാത്തപക്ഷം അവൻ ഉദ്ധതനായിത്തീരും. അവൻ മനുഷ്യരോടു വളരെക്കുറച്ചും ദൈവത്തോടു വളരെയധികവും സംഭാ

ഷിക്കണം. അന്യരെക്കുറിച്ചു് എപ്പോഴും നന്നായിട്ടും ത ന്നെക്കുറിച്ചു ഹീനമായും ആയിരിക്കട്ടെ അയാളുടെ സം ഭാഷണം. മൽക്കിസ്ദേക്കിനെപ്പോലെ അവൻ മാതാ വോ പിതാവോ ബന്ധുജനങ്ങളോ ഇല്ലാത്തവനാകണം. അവരുമായുള്ള ബന്ധം വേർപെടുത്തുകയും, ദൈവത്തെ മാത്രം അവരെല്ലാവരുടേയും സ്ഥാനത്തു പ്രതിഷ്ഠിക്കുക യും വേണം. ജിജ്ഞാസ വർദ്ധിപ്പിക്കുന്ന കാര്യങ്ങളിലോ വ്യഗ്രതയുളവാക്കുന്ന വാർത്തകളിലോ അവൻ ശ്രദ്ധപതി ക്കരുതു്."

ബർസലോണായിലേക്കു കപ്പൽ കയറുന്നതിനാ യി ക്ലേവർ തുറമുഖത്തു വന്നുചേർന്നു. യാത്ര ചെയ്യുവാൻ സജ്ജീകൃതമായ കപ്പൽ വളരെ ചെറുതാണെന്നു തോ ന്നുകയാൽ അദ്ദേഹത്തിൻെറ സഹയാത്രികന്മാർ അ തിൽ കയറുവാൻ വിസമ്മതിച്ചു. എന്നാൽ, കഥാനായ കൻ ദൈവത്തിൽ ആശ്രയിച്ചുകൊണ്ടു് ഉടൻ ആ ക പ്പലിൽ യാത്രയാരംഭിക്കുകയും യഥാസമയം നിർദ്ദിഷ്ട സ്ഥാനത്തു സസുഖം ചെന്നുചേരുകയും ചെയ്തു. കൂടുതൽ സുരക്ഷിതമായ യാനപാത്രത്തിൽ അദ്ദേഹത്തെ അനു ഗമിച്ച സ്നേഹിതന്മാർ കടൽക്കള്ളന്മാരുടെ കൈയിലക പ്പെടുകയും അടിമകളായി വില്ക്കപ്പെടുകയുമാണുണ്ടാ യതു്.

ബർസലോണായിൽ വന്നയുടനെ വെസ്റ്റിൻഡീ സിലെ മിഷ്യൻരംഗത്തേയ്ക്കു തന്നെ അയയ്ക്കണമെന്നുള്ള അഭ്യർത്ഥന ക്ലേവർ ആവർത്തിച്ചു. എന്നാൽ, രണ്ടുകൊ ല്ലത്തെ പരീക്ഷണംകൊണ്ടു് അദ്ദേഹത്തിൻെറ അഭിപ്രാ യസ്ഥിരതയെ പരിശോധിക്കുവാനാണു് അധികാരി കൾ നിശ്ചയിച്ചതു്. അസാമാന്യവിശുദ്ധിയും വിജ്ഞാ നവും കർമ്മക്ഷമതയും ഒത്തിണങ്ങിയ ഒരു യുവാവിനെ തങ്ങളുടെ നാട്ടിൽനിന്നു വിട്ടുകളയുവാൻ അവർക്കു

വൈമനസ്യമുണ്ടായിരുന്നിരിക്കണം. അവിടെ താമസിച്ച കാലത്ത്, അദ്ദേഹം ദൈവശാസ്ത്രം പഠിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്നതിൽ വ്യാപൃതനായിരുന്നു. അവസാനം, ചിരപ്രതീക്ഷിതമായ അനുമതി ലഭിച്ചു.

മിഷ്യനിലേക്കു പോകുവാനുള്ള അനുവാദപത്രം ക്ലേവർ മരണപര്യന്തം സൂക്ഷിച്ചിരുന്നു. നിരന്തരാദ്ധ്വാനത്തിൻെറയും ക്ലേശത്തിൻെറയും ജീവിതത്തെ ഉദ്ഘാടനം ചെയ്ത പ്രസ്തുത ലേഖനം കരഗതമായപ്പോൾ അനുഭവപ്പെട്ട ആനന്ദം വീണ്ടും വീണ്ടും ആസ്വദിക്കുന്നതിനായി അദ്ദേഹം ആ ജീവിതകാലത്തിൽ പലപ്പോഴും വായിക്കുക പതിവായിരുന്നു.

ബർസലോണായിൽനിന്നു ക്ലേവർ, വെസ്റ്റിൻഡീസിലേക്കു കപ്പൽ കയറുവാനുള്ള തുറമുഖത്തെ ലക്ഷ്യമാക്കി യാത്രപുറപ്പെട്ടു. സ്വദേശം കടന്നാണ് അദ്ദേഹത്തിനു പോകേണ്ടിയിരുന്നത്. ക്ലേവർ ഒരു മുക്കവലയിൽ വന്നെത്തി. അവിടെനിന്നും അദ്ദേഹത്തിൻെറ ഭവനത്തിലേക്കു രണ്ടുമൈൽമാത്രമേ അകലമുണ്ടായിരുന്നുള്ളു. വികസിതകുസുമങ്ങളാൽ വസന്തോത്സവത്തെ പ്രകീർത്തിച്ചിരുന്ന വയലുകളും മൈതാനങ്ങളും ബാല്യകാലത്തിൻെറ മധുരസ്മരണകളെ അദ്ദേഹത്തിൽ ഉജ്ജീവിപ്പിച്ചു. തന്നെ അത്യധികം സ്നേഹിച്ചിരുന്ന പിതാവിൽനിന്നും, തന്നെ പിള്ളത്തൊട്ടിയിൽവച്ചു അൾത്താരശുശ്രൂഷയ്ക്കു നേർന്ന പ്രിയമാതാവിൽനിന്നും രണ്ടുമൈൽ അകലെക്കൂടിമാത്രമാണു താൻ പോകുന്നതെന്ന് അദ്ദേഹത്തിനറിയാമായിരുന്നു. അവരെ എന്നെന്നേയ്ക്കുമായിട്ടാണു വേർപിരിയുന്നതെന്നും അദ്ദേഹം ധരിച്ചിരുന്നു. കുട്ടിക്കാലത്തു ചാടിക്കളിച്ചു പള്ളിക്കൂടത്തിൽ പോവുക പതിവായിരുന്ന അതേ റോഡുകൾ! സുപരിചിതങ്ങളായ ഊടുവഴികൾ! കൂട്ടുകാരുമൊന്നിച്ച് ഒ

ളിച്ചുകളിച്ചിരുന്ന സ്ഥലങ്ങൾ! നേരെ സ്വഭവനത്തിലേയ്ക്കു പോകുവാനുള്ള മാർഗ്ഗം! ഇവയെല്ലാം നവനങ്ങളായ ചേതോവികാരങ്ങളെ ഉദ്ദീപിപ്പിച്ചുകൊണ്ട് അദ്ദേഹത്തിന്റെ മുമ്പിൽ ദൃശ്യമായി.

അദ്ദേഹം അല്പമൊന്നു സംശയിച്ചു. യുവപ്രേഷിതന്റെ ഉള്ളിൽ ഒരു ചെറിയ സമരം നടന്നു ഒടുവിൽ, പോക്കററിൽനിന്നും ഒരു ചെറിയ പുസ്തകം വലിച്ചെടുത്ത്, അതിൽ സുകൃതിയായ ദ്വാരപാലകൻ-അലോൺസോ- കുറിച്ചിരുന്ന വാക്കുകൾ വായിച്ചു: "മൽക്കിസ്ദേക്കിനെപ്പോലെ അവൻ മാതാവോ പിതാവോ ബന്ധുജനങ്ങളോ ഇല്ലാത്തവനാകണം. അവരുമായുള്ള ബന്ധം വേർപെടുത്തുകയും ദൈവത്തെമാത്രം അവരെല്ലാവരുടേയും സ്ഥാനത്തു പ്രതിഷ്ഠിക്കുകയും വേണം." "എല്ലാവരുടേയുമോ?" "എല്ലാവരുടേയും." "എന്തുകൊണ്ട്?" 'ഉവ്വ്'- 'തീർച്ചയായും . . . ' ഇതാ നമ്മുടെ അഭിനവ മൽക്കിസ്ദേക്ക് തന്റെ കണ്ണുകളിൽനിന്നും അടർന്നുവീണ തപ്തബാഷ്പങ്ങൾ തുടച്ചുകളഞ്ഞിട്ടു നടന്നുതുടങ്ങി.

എങ്ങോട്ടാണ് അദ്ദേഹം ഗമിക്കുന്നത്? തനിക്ക് അജ്ഞാതമായ ഒരു ലോകത്തിൽ, ഭൂസ്പർശമേല്ക്കുവാൻ ഇടയായിട്ടുള്ള മനുഷ്യരിൽ ഏററം ദുർഭഗക്കുവേണ്ടി ജീവിതശേഷം വിനിയോഗിക്കുവാൻ! സ്വർഗ്ഗീയസൗഭാഗ്യത്തിനു യോഗ്യത വർദ്ധിപ്പിക്കുവാനുള്ള ആഗ്രഹമല്ല, മർത്ത്യരോടുള്ള നിഷ്കളങ്കപ്രേമമാണ് അദ്ദേഹത്തിന്റെ ഹൃദയത്തെ ദഹിപ്പിക്കുന്നതു്. അസാധാരണ സഹനശീലമുള്ളവക്കുപോലും നീഗ്രോകളുടെ ഗന്ധം തന്നെ ദുസ്സഹമാണ്. എന്നാൽ, പീററർ ക്ലേവർ അവരുടെ ദുർഗ്ഗന്ധമേൽക്കുവാനല്ല പോകുന്നതു്, അവരുടെ വ്രണങ്ങളിൽനിന്നു പ്രവഹിക്കുന്ന വിഷം നുകരുവാനും അവരുടെ വ്രണിതഹൃദയങ്ങളിൽ ആനന്ദപീയൂഷം പ

കരുവാനുമാണ്. അദൃഷ്ടപൂർവ്വകമായ ഈ സ്നേഹപ്രകടനത്തിന്—ഈ പരിത്യാഗത്തിന് അദ്ദേഹത്തെ സന്നദ്ധനാക്കുന്നതെന്തായിരിക്കാം? ഓരോ നീഗ്രോയും ദൈവസാദൃശ്യത്തിൽ സൃഷ്ടിക്കപ്പെട്ടവനാണെന്നുള്ള വാസ്തവം അതിന്റെ തനിനിറത്തിൽ, ഒരു ആവിഷ്കരണത്തിന്റെ നവചൈതന്യത്തോടേ, അദ്ദേഹത്തിനു ദർശിക്കുവാൻ കഴിഞ്ഞതു തന്നെ. നിസ്സാരമൂല്യം കൊട്ടത്തല്ല, ഈ സ്വർഗ്ഗീയ സഹാനുഭൂതി—അലൗകികപ്രേമം—അദ്ദേഹം സമ്പാദിക്കേണ്ടിയിരുന്നതു്. പ്രകൃതിവാസനകളാൽ പരിപുഷ്ടമായ സ്നേഹത്തെ ഉന്മൂലനം ചെയ്തിട്ടുവേണം പ്രകൃത്യതീതമായ സ്നേഹം സമ്പാദിക്കുവാൻ. അടിമകളുടെ അടിമയായി ആത്മാർപ്പണം ചെയ്തുകഴിഞ്ഞിരിക്കുന്ന ക്ലേവറിന് ഇനിമേൽ സ്വതന്ത്രരെ സ്നേഹിക്കുവാൻ സ്വാതന്ത്ര്യമില്ല. തന്റെ മാതാപിതാക്കന്മാരും സ്വതന്ത്രരുടെ ഗണത്തിൽ ഉൾപ്പെട്ടിരിക്കയാൽ അവരേയും ഇനി സ്നേഹിക്കുന്നതു വിഹിതമല്ല.

വിശുദ്ധരുടെ പ്രവൃത്തികൾ പലപ്പോഴും നമ്മുടെ ചിന്താഗതിയ്ക്കു വിരുദ്ധമാണ്. പ്രാപഞ്ചികപരിഗണനകൾകൊണ്ട് അവയെ വിധിക്കുന്നതു സാഹസമായിരിക്കും, നമുക്കവ ദുർഗ്രഹങ്ങളായിത്തോന്നിയേക്കാം; എന്നാൽ, ആദ്ധ്യാത്മികപ്രബുദ്ധതയാൽ ജഡികബന്ധങ്ങളെ ഭേദിച്ചുകൊണ്ടു മാതൃഭവനത്തിലേക്കു തിരിഞ്ഞുനോക്കുകപോലും ചെയ്യാതെ, ധൈര്യപൂർവ്വം മുന്നോട്ടുപോയ പീററർ ക്ലേവറിനെ കണ്ടിരുന്നുവെങ്കിൽ, നാം അഞ്ജലിബദ്ധരായി ഭക്തിസമന്വിതം മുട്ടുകൾ മടക്കുമായിരുന്നു.

# അഞ്ചാം അധ്യായം.

## ദുർഭഗരിൽ ദുർഭഗർ

"ലോകം ദർശിച്ചിട്ടുള്ളതിൽ ഏററം നിന്ദ്യമായ അമേരിക്കൻ അടിമവ്യാപാരം നാമാവശേഷമാകുന്നതുവരെ ദൈവനാമത്തിലും അവിടുത്തെ ശക്തിയിലും പ്രയത്നം തുടരുക." (വെസ്‌ലി)

ആഫ്റിക്കൻ നീഗ്രോകൾ അവരുടെ സ്വദേശത്തും അമേരിക്കയിലേക്കുള്ള കടൽയാത്രയിലും അനുഭവിച്ചിരുന്ന തീവ്രയാതനകളും അവയുടെ സാഹചര്യങ്ങളും അറിഞ്ഞെങ്കിൽമാത്രമേ പീററർക്ലേവറിന് അഭിമുഖീകരിക്കേണ്ടിവന്ന പ്രശ്നത്തിൻെറ ഗൗരവം അല്പമെങ്കിലും മനസ്സിലാക്കുവാൻ സാധിക്കുകയുള്ളു. മനുഷ്യജീവികൾക്ക് അനുഭവിക്കുവാനിടയായിട്ടുള്ളതിൽ ഏററം ഭയങ്കരവും ദയനീയവുമായ ശരീരപീഡകൾക്കു സുദീർഘകാലം വിധേയരായിരുന്ന അവർ ദുർഭഗരിൽ ദുർഭഗരെന്ന പേരിനു തികച്ചും അർഹരാണ്. ആഫ്റിക്കയിലെ ഉൾനാടുകളിൽ അവർ നയിച്ചിരുന്ന നിഷ്കാപട്യം നിറഞ്ഞ ജീവിതവും പിന്നീടു നയിക്കേണ്ടിവന്ന ദുരിതപൂർണ്ണമായ ജീവിതവും തമ്മിൽ താരതമ്യം ചെയ്തു ഭാവനാചിത്രങ്ങൾ നിർമ്മിക്കുവാൻ നമുക്കു കഴിയും. അടിമവ്യാപാരം ഉച്ചാടനം ചെയ്യുവാൻ പ്രയത്നിച്ചിട്ടുള്ള നേതാക്കന്മാർ നല്കിയിട്ടുള്ള അത്തരം ഭാവനാചിത്രങ്ങൾ യാഥാർത്ഥ്യത്തിൽനിന്നു വളരെ പിന്നിലാണ്. ആകയാൽ, നമുക്കു ചില വസ്തുതകൾ പരിശോധിക്കാം.

പുരാതനകാലംമുതലേ ആഫ്റിക്കയിൽ അടിമവ്യാപാരത്തിനു പ്രാബല്യം സിദ്ധിച്ചിരുന്നു. അമേരിക്ക

കണ്ടുപിടിക്കപ്പെടുന്നതിനു മുമ്പു മഹമ്മദീയജേതാക്കൾ ആഫ്റിക്കയുടെ ഉൾഭാഗങ്ങളിൽ പ്രവേശിച്ച്, അവിടത്തെ നാട്ടുവാഴികൾ തമ്മിൽ കലഹമുണ്ടാക്കുന്നതിനു സകല തന്ത്രങ്ങളും പ്രയോഗിച്ചിരുന്നു. വിജയി ആകുന്ന നാട്ടുവാഴിക്കു ലഭിക്കുന്ന തടവുകാരെ അടിമകളായി വിലയ്ക്കുവാങ്ങി മററു സ്ഥലങ്ങളിൽ കൊണ്ടുപോയി വിററ് അമിതാദായം സമ്പാദിക്കുകയായിരുന്നു അവരുടെ ലക്ഷ്യം. കൃഷിയെയോ വ്യവസായത്തെയോകാൾ ആദായകരമായ ഒരു ധനാഗമമാർഗ്ഗമായി പരിണമിച്ചതിനാൽ യുദ്ധം അവിടെ ഒരു സാധാരണസംഭവമായിത്തീൎന്നു.

മെഡിററേനിയൻ തീരത്തിലെ മഹമ്മദീയരാജാക്കന്മാൎക്കു കായികാദ്ധ്വാനപരമായ ജോലികൾ നിൎവ്വഹിക്കുവാൻ അനേകം അടിമകളെ ആവശ്യമുണ്ടായിരുന്നു. അതിനായി, സഹാറാ മരുഭൂമിയിൽക്കൂടി, ചങ്ങലകളാൽ ബന്ധിതരായി നയിക്കപ്പെട്ടിരുന്ന അടിമകളുടെ കഷ്ടസ്ഥിതി ഊഹിക്കുകയാണുത്തമം. അബ്സീനിയായിൽ ആധുനികകാലത്തും ഈ ദുരവസ്ഥ തുടൎന്നുപോരുന്നു.

യൂറോപ്പിൽ അടിമവ്യാപാരത്തിന് ആരംഭമിട്ടതു പോർട്ടുഗൽരാജാവായ ഹെൻറി ആണെന്നു പറയാം. 'നാവികൻ' എന്ന അപരനാമത്താൽ അറിയപ്പെടുന്ന അദ്ദേഹം 1442-ൽ ആഫ്റിക്കയുടെ പശ്ചിമതീരപ്രദേശങ്ങളിൽ നടത്തിയ കൈയേററങ്ങൾ തദ്ദേശീയരായ അനേകം നീഗ്രോകളെ അടിമകളായി യൂറോപ്പിലേക്കു കൊണ്ടുപോകുന്നതിന് അവസരം നല്കി. എന്നാൽ, അടിമകളുടെ ക്രയവിക്രയം അതിൻെറ സകല ഭീകരതകളോടുംകൂടെ വിപുലമായ തോതിൽ ആരബ്ധമായതു്, 1500-മാണ്ടിനുശേഷം, സ്പെയിൻകാൎക്കു്

അമേരിക്കയിലുള്ള ഉപനിവേശരാജ്യങ്ങളിലേക്ക നീഗ്രോകളെ കൂട്ടംകൂട്ടമായി കൊണ്ടുപോയിത്തുടങ്ങിയതിനോടേയാണ്. ഈ സ്ഥലങ്ങളിലുള്ള ഖനികളിലും തോട്ടങ്ങളിലും വലിയ തോതിലുള്ള കായികാധ്വാനം അത്യന്താപേക്ഷിതമായിരുന്നു. അതിലേക്ക് ആണ്ടുതോറും ഇത്ര അടിമകളെ വീതം കൊടുത്തുകൊള്ളാമെന്നു ചില വ്യക്തികളും കമ്പിനികളും ഉടമ്പടിചെയ്തിരുന്നു. അടിമകളെ തീരെ തുച്ഛമായ വിലയ്ക്കു വാങ്ങുകയും വളരെ കൂടിയ വിലയ്ക്കു വില്ക്കുകയും ചെയ്യുവാൻ സാധിച്ചിരുന്നതിനാൽ ഇത്തരം ഉടമ്പടികൾ വലിയ ആദായമാർഗ്ഗമായി പരിണമിച്ചു. തന്മൂലം, അടിമവ്യാപാരത്തിന്റെ കുത്തക വാങ്ങാൻ പല രാജ്യക്കാരും സന്നദ്ധരായി. ജെനോവാ ആണ് സ്പെയിൻകാരോട് ഇതിനുള്ള അവകാശം 1517-ൽ ആദ്യമായി വിലയ്ക്കു വാങ്ങിയത്. പിന്നീട് ഈ അവകാശം ജർമ്മനിയുടെ അധീനതയിലായി. ക്ലേവറിന്റെ കാലത്ത്-1595 മുതൽ 1639 വരെ-അതു പോർട്ടുഗലിന്റെ കൈവശം സ്ഥിതിചെയ്തിരുന്നു. 1713-ലാണ് ഇംഗ്ലണ്ടു രംഗപ്രവേശം ചെയ്തത്. അന്നുമുതൽ ഇംഗ്ലണ്ടുതന്നെ അടിമവ്യാപാരത്തിൽ പ്രമുഖസ്ഥാനം വഹിച്ചുപോന്നു.

മഹമ്മദീയരാജ്യങ്ങളിലേയും അമേരിക്കയിലേയും അടിമത്തത്തിനു തമ്മിൽ വലിയ ഒരു വ്യത്യാസമുണ്ടായിരുന്നു. ഒരു മഹമ്മദീയയജമാനൻ ഒരടിമയെ തന്നെപ്പോലെയുള്ള ഒരു മനുഷ്യസൃഷ്ടിയായി കരുതിയിരുന്നു. അവന്റെ കറുത്തനിറം നിമിത്തം അവൻ നിന്ദ്യനായി പരിഗണിക്കപ്പെട്ടിരുന്നില്ല. യുദ്ധത്തിന്റെ ഭാഗ്യപരീക്ഷണങ്ങളിൽ അടിമ ചിലപ്പോൾ ഒരു ചെറിയ രാജാവായെന്നും വീണ്ടും അടിമയായെന്നും വരാം. എന്നാൽ, നൈഷ്ഠുര്യത്തിലും മൃഗീയമായ പെരുമാററത്തി

ലും മഹമ്മദീയവ്യാപാരികൾ വെള്ളക്കാരെക്കാൾ ഒട്ടും ഭേദമായിരുന്നില്ല. എങ്കിലും മഹമ്മദീയരാൽ കൊണ്ടു പോകപ്പെട്ടുന്ന അടിമകൾക്കു തങ്ങളുടെ യജമാനന്മാരുടെ അധിവാസസ്ഥാനങ്ങളിൽ ചെന്നുപററിയാൽ മനുഷ്യോചിതമായ പരിരക്ഷണം ലഭിക്കുമെന്നു പ്രതീക്ഷിക്കാമായിരുന്നു. കൂടാതെ, തങ്ങളുടെ നല്ലനടത്തയും സാമത്ഥ്യവുംമൂലം അടിമകൾ യജമാനന്മാരുടെ പ്രീതിക്കും വിശ്വാസത്തിനും പാത്രമാകുന്നതും അസാധാരണമായിരുന്നില്ല.

അമേരിക്കയിലേയ്ക്കു കപ്പൽകയറുവാൻ നിബ്ബന്ധിതരാകുന്ന അടിമകളുടെ അനുഭവം ഇതിൽനിന്നു വിഭിന്നമാണ്. അവർ സ്വാതന്ത്ര്യമെന്നതു ജീവിതത്തിൽ ഇനിയൊരിക്കലും ആശിക്കയേവേണ്ടാ. അതു പോകട്ടെ;മനുഷ്യോചിതമായ ഒരു പെരുമാററം ലഭിച്ചെങ്കിൽ മതിയായിരുന്നു. വെള്ളക്കാരൻെറ ദൃഷ്ടിയിൽ അടിമയ്ക്കു ജീവിക്കുവാനുള്ള അവകാശംപോലും ഉടമസ്ഥനെ ആശ്രയിച്ചത്രേ സ്ഥിതിചെയ്തിരുന്നതു്. അവൻ യഥേഷ്ടം മർദ്ദിക്കുകയോ നിഹനിക്കുകയോ ചെയ്യപ്പെടാവുന്ന ഒരു ജന്തുമാത്രം. നീഗ്രോകളുടെ ഗന്ധമേൽക്കുന്നതുതന്നെ ദുസ്സഹമായിക്കരുതിയിരുന്ന വെള്ളക്കാരനുമായി സംസർഗ്ഗമോ സാമൂഹികജീവിതമോ അടിമയ്ക്കു സാധ്യമല്ലല്ലോ.

അമേരിക്കയും ആഫ്റിക്കയും തമ്മിച്ചുള്ള അടിമവ്യാപാരം നിലച്ചുപോയതിനുശേഷമാണ് ആവിക്കപ്പലിൻെറ ആവിർഭാവം. ക്ലേവറിനു പരിചയപ്പെട്ടുവാനിടയായ അടിമകളെ കയററിക്കൊണ്ടു വന്നിരുന്നതു പായ്ക്കപ്പലുകളിലാണ്. ഇംഗ്ലണ്ടിൽ അടിമകളുടെ ഉന്നമനത്തിനായി പ്രയത്നിച്ച വിൽബർഫോഴ്സ് പ്രസ്തുത യാനപാത്രങ്ങളിൽ കൊണ്ടുവരപ്പെട്ടുന്ന അടിമകളുടെ ദയനീയസ്ഥിതി വിവരിക്കുന്നുണ്ടു്. അദ്ദേഹം പറയുന്നു: "നി

യമവ്യവസ്ഥകളാൽ പരിഹരിക്കപ്പെടുവാൻ നിവ്വാഹമില്ലാത്തവിധത്തിലുള്ളവയായിരുന്നു ഈ നിർഭാഗ്യജീവികൾ അനുഭവിക്കേണ്ടിയിരുന്ന പീഡകളിൽ അധികവും. കപ്പൽയാത്രയുടെ പ്രത്യേകസാഹചര്യങ്ങളിൽനിന്നാണ് അവയിൽ പലതും സമുത്ഭവിച്ചിരുന്നതു്. യാനപാത്രത്തിന്റെ സുരക്ഷിതാവസ്ഥയ്ക്കു് അതിലെ അടിമകളെ ചങ്ങലകൾകൊണ്ടു ബന്ധിക്കേണ്ടിയിരുന്നു. രാത്രികാലങ്ങളിലും, പ്രചണ്ഡമാരുതനുണ്ടെങ്കിൽ, പകൽസമയങ്ങളിലും അവരെ കപ്പലിന്റെ അടിത്തട്ടിലേ മുറികളിൽ സൂക്ഷിക്കേണ്ടിവരും. വിവിധരാജ്യക്കാരും വിവിധഭാഷകൾ സംസാരിക്കുന്നവരും വിരുദ്ധസ്വഭാവമുള്ളവരുമായ ആളുകൾ, പ്രത്യേകിച്ചു സാംക്രമികരോഗങ്ങൾ ബാധിച്ചവർ, പരസ്പരം ബന്ധിതരാകുമ്പോൾ ഉണ്ടാകുന്ന അവസ്ഥ വർണ്ണിക്കുവാൻ പാടില്ലാത്തവിധം ബീഭത്സമാണ്. കടൽ പ്രക്ഷുബ്ധമായിരിക്കുന്ന കാലങ്ങളിൽ കപ്പലിന്റെ അടിത്തട്ടിൽ കിടക്കുകനിമിത്തം അവരുടെ ശരീരത്തിലേ തോൽ ഉരിഞ്ഞുപോയിരുന്നു. വിലങ്ങുകൾമൂലം വ്രണങ്ങൾ ഉണ്ടാകുക ഒട്ടും അസാധാരണമായിരുന്നില്ല. അവരുടെ ജീവനെ സംരക്ഷിക്കുവാനും വിപണിസ്ഥലത്തു നല്ല നിലയിൽ അവരെ എത്തിക്കുവാനും ഭക്ഷണവും വ്യായാമവും ആവശ്യകമായിരുന്നു. എന്നാൽ, സമുദ്രയാത്രാസഹജമായ രോഗങ്ങളും മാനസികാസ്വാസ്ഥ്യങ്ങളും നിമിത്തം അടിമകൾ ഭക്ഷണത്തേയും വ്യായാമത്തേയും വെറുത്തിരുന്നു. ദുശ്ശാഠ്യമോ കണ്ടിതമോ ഇതിനവരെ പ്രേരിപ്പിച്ചുവെന്നും വരാം. അപ്രകാരമുള്ളവരെ ദണ്ഡനങ്ങൾകൊണ്ടു ഭക്ഷണം കഴിക്കുവാനും നൃത്തം ചെയ്യുവാനും പ്രേരിപ്പിക്കുകയാണു പതിവു്. തരംകിട്ടിയാൽ സമുദ്രത്തിൽ ചാടി അവർ ആത്മഹത്യ ചെയ്യാതിരിക്കുവാൻ കപ്പലിന്റെ പാർശ്വങ്ങ

ളിൽ വലകരം കെട്ടേണ്ട ആവശ്യമുണ്ട്. എന്നാൽ, ശാരീരികരോഗങ്ങളെ അതിശയിക്കുന്ന ക്രൂരതയോടേയാണു മാനസികദുഃഖങ്ങരം അവരെ പീഡിപ്പിച്ചിരുന്നതു്. ഭർത്തൃവിരഹമനുഭവിക്കുന്ന ഭാര്യയുടേയും, സ്വപ്രേയസിയോട് എന്നേയ്ക്കുമായി യാത്രപറയേണ്ടിവന്ന ഭർത്താവിൻേറയും, സന്താനങ്ങളിൽനിന്നു വേർപെട്ട മാതാപിതാക്കന്മാരുടേയും മനോവ്യഥ, മാതൃരാജ്യത്തെയോ ബന്ധുക്കരം, സ്നേഹിതന്മാർ തുടങ്ങിയ പ്രിയജനങ്ങളെയോ ഇനി ഒരിക്കലും ദർശിക്കുവാൻപോലും സാധിക്കുകയില്ലെന്നുള്ള ചിന്ത ഇവയാലുണ്ടാകുന്ന തീവ്രയാതനകരം ഊഹാതീതങ്ങളാണു്."

ഒരു അടിമക്കപ്പലിലെ ഭിഷഗ്വരനായിരുന്ന ഫാൽക്കൺ ബ്രിഡ്ജ്, ഒരു പരിശോധകസംഘത്തിൻേറ മുമ്പാകെ നല്കുന്ന വിവരണം അല്പംകൂടി വിസ്തൃതവും സൂക്ഷ്മവുമായ അറിവു പ്രദാനം ചെയ്യുന്നുണ്ട്. കപ്പലിൽ സാമാനങ്ങരം നിറയ്ക്കുന്ന രീതിയിൽ അടിമകളെ അടുക്കിയിട്ടിരുന്ന വിധത്തെ അദ്ദേഹം വർണ്ണിക്കുന്നു: "പുരുഷന്മാരായ നീഗ്രോകളെ കപ്പലിൽകൊണ്ടുവന്നാലുടൻ ഈരണ്ടുപേരെ അരയിൽ തൂണികൊണ്ടും കാലുകളിൽ ഇരുമ്പുചങ്ങലകൊണ്ടും ബന്ധിക്കുന്നു. മിക്കപ്പോഴും വളരെയധികം ചേർത്തുകെട്ടുന്നതിനാൽ ഒരുവശം ചെരിഞ്ഞുകിടക്കുന്നതിനല്ലാതെ മറെറാരു സ്ഥിതിയിലും കഴിച്ചുകൂട്ടുവാൻ അവക്കു നിവ്വാഹമില്ല. കപ്പലിൻേറ മേൽത്തട്ടിനു പൊക്കം കുറവാകയാൽ നേരെ നില്ക്കുന്നതിലുള്ള സുഖംപോലും അനുഭവിക്കുക അശക്യമായിത്തീരുന്നു. മിക്ക കപ്പലുകളിലും അവയുടെ പാർശ്വങ്ങളിൽനിന്നു നടുവിൽവരെ എത്തുന്ന പ്ലാറ്റഫോറങ്ങരം ഉണ്ടായിരിക്കും. തട്ടുകളുടെ ഇടയ്ക്കു സ്ഥാപിച്ചിട്ടുള്ളതും എട്ടോ ഒമ്പതോ അടിമാത്രം വീതിയു

ള്ളതുമായ ചെറുതട്ടുകളാണവ. അവയിലും, മററു തട്ടുകളിലെന്നപോലെ അടിമകളെ ചേർത്തടുക്കിയിരിക്കും. വെള്ളത്തൊട്ടികളിൽനിന്നും അകലെ കിടക്കുന്നവർ അവയെ സമീപിക്കുവാനുള്ള യത്നത്തിൽ, കാലുകൾ ബന്ധിച്ചിരിക്കുകനിമിത്തം, തങ്ങളുടെ സ്നേഹിതന്മാരുടെമേൽ തട്ടിവീഴുക സാധാരണമാണ്. ഇതു പലപ്പോഴും വലിയ കലഹത്തിനു കാരണമാകുകയും തന്മൂലം പലർക്കും ക്ഷതം സംഭവിക്കുകയും ചെയ്യുന്നു. പരിതാപകരമായ ഈ അവസ്ഥയിൽ അശനപാനാദികൾക്കുപോലും ഉദ്യുക്തരാകാതെ ആവർ നിശ്ചേഷ്ടരായി കിടന്നുകളയും. ഈ നിസ്സഹകരണം ഉടമസ്ഥന്മാരുടെ ക്രൂരതയെ പൂർവ്വോപരി വർദ്ധിപ്പിക്കുകയും ചെയ്യുന്നു. അവർ ചുട്ടുപഴുത്ത ചട്ടുകങ്ങൾ ആ സാധുക്കളുടെമേൽ പ്രയോഗിക്കുകയും അവരുടെ സ്ഥിതി ഊഹാതീതമാംവണ്ണം കഷ്ടതമമായിത്തീരുകയും ചെയ്യുന്നു.

"കാലാവസ്ഥ അനുകൂലമായിരിക്കുമ്പോൾ മേൽത്തട്ടിൽവച്ച് അവർക്കു ഭക്ഷണം നല്കുന്നു. മററവസരങ്ങളിൽ താഴെയുള്ള അറയിൽത്തന്നെ അതു നടത്തപ്പെടുന്നു. ഭക്ഷണസമയത്ത് അവരുടെ ഇടയിൽ പലതരത്തിലുള്ള അനേകം വഴക്കുകൾ ഉണ്ടാകാറുണ്ട്. മിക്കപ്പോഴും ഭക്ഷണം വിശപ്പടക്കുവാൻ മതിയാവുകയില്ല. അങ്ങനെയുള്ള സന്ദർഭങ്ങളിൽ ബലഹീനർ ഏററം തുച്ഛമായ ഭാഗംകൊണ്ടു തൃപ്തിയടയേണ്ടിവരുന്നു. ഒരു നേരത്തേ ഭക്ഷണത്തിന് അനുവദിച്ചിരുന്നവെള്ളം മൂന്ന് ഔൺസുമാത്രമാണ്. നീഗ്രോകൾ ഭക്ഷണം കഴിക്കുവാൻ വൈമനസ്യം കാണിക്കുമ്പോൾ അവരുടെ ചുണ്ടുകൾ പൊള്ളിപ്പോകത്തക്കവിധം കത്തുന്ന കൽക്കരിക്കഷണങ്ങൾ അവരുടെ മുഖത്തോടു ചേർത്തുപിടിക്കുന്നതും തുടർന്നു വിസമ്മതിക്കുന്ന

തായാൽ പ്രസ്തുത തീക്ഷ്ണങ്ങൾതന്നെ തീററുമെ
ന്നു ഭയപ്പെടുത്തുന്നതും ഞാൻ നേരിട്ടുകണ്ടിട്ടുണ്ടു്. ഈ ഉ
പായങ്ങൾ പ്രായേണ ഫലപ്രദങ്ങളായിരുന്നുവെന്നു പ്ര
ത്യേകം പറയേണ്ടതില്ലല്ലോ. ഭക്ഷണം നിരസിച്ച ചില
നീഗ്രോകളുടെമേൽ ഒരു ക്യാപ്ററൻ ഈയം ഉരുക്കി
യൊഴിച്ചുവെന്നു വിശ്വസനീയമായ അറിവു് എനിക്കു
ലഭിച്ചിട്ടുണ്ടു്.

"കപ്പൽയാത്രകളിൽ സാധാരണ ഉണ്ടാകാറുള്ള
സാംക്രമികരോഗങ്ങൾ വെള്ളക്കാരെക്കാൾ അധികമാ
യി നീഗ്രോകളെയാണു ബാധിച്ചിരുന്നതു്. മിക്കപ്പോഴും,
പ്രത്യേകിച്ചു്, സ്ത്രീകൾക്കു് അതു മരണത്തിൽ ചെന്നു ക
ലാശിക്കുകയാണു പതിവു്. ശുദ്ധവായു ശ്വസിക്കുവാൻ
സാധിക്കാത്തതാണു് അവരുടെ ഏററം അസഹനീയമാ
യ ദുരിതം. സാധാരണ എല്ലാ കപ്പലുകളിലും കിളിവാ
തിലുകൾ ഉണ്ടു് എന്നാൽ, സമുദ്രം ക്ഷോഭിക്കുകയോ
മഴ പെയ്യുകയോ ചെയ്യുമ്പോൾ അവയും അതുപോലെ
മററു വായുപ്രവേശകമാർഗ്ഗങ്ങളും അടയ്ക്കേണ്ടതാവശ്യക
മായിത്തീരുന്നു. ഇങ്ങനെ ശുദ്ധവായു നിരോധിക്കപ്പെട്ട
ന്നതിനാൽ നീഗ്രോകളുടെ മുറികൾ അതിവേഗം വള
രെ ചൂടുള്ളതായിത്തീരുന്നു. കെട്ടിനില്ക്കുന്ന വായു, ദേഹ
ത്തിൽനിന്നു വമിക്കുന്ന ദുർഗ്ഗന്ധത്താൽ മലിനമായിത്തീ
രുകയും വീണ്ടും വീണ്ടുമുള്ള ശ്വാസോച്ഛ്വാസത്താൽ ഉ
പദ്രവകരമാവുകയും, പനി, നീരുവീഴ്ച, മുതലായവ ഉ
ളവാക്കുകയും ചെയ്യുന്നു. ഈ സുഖക്കേടുകൾ അനേകരു
ടെ ജീവഹാനിക്കു നിമിത്തമാകാറുണ്ടു്. ഔദ്യോഗികകട
മയനുസരിച്ചു ഞാൻ അവരുടെ മുറികളിൽ പലപ്രാവ
ശ്യം പോകുവാൻ നിർബ്ബന്ധിതനാണു്. ഏതാനും നി
മിഷങ്ങളിൽ കൂടുതൽ അവിടെ കഴിച്ചുകൂട്ടുവാൻ പാടി
ല്ലാത്തവിധം അത്ര ഉഗ്രമാണു് ആ മുറികളിലെ ചൂടു്.

ക്രമാതീതമായ ചൂടുമാത്രമല്ല, അവരുടെ സ്ഥിതി ദുസ്സഹമാക്കിത്തീർത്തിരുന്നതു്. അവരുടെ വ്രണങ്ങളിൽനിന്നു പ്രവഹിച്ചിരുന്ന രക്തവും പഴുപ്പും തറയിൽ മുഴുവൻ വ്യാപിച്ചിരുന്നതിനാൽ അവിടം ഒരു കൊലക്കളംപോലെ ഭയാനകമായിരുന്നു. . . . മൂർച്ഛിതരായ അനേകം അടിമകൾ മേൽത്തട്ടിലേയ്ക്കു മാററപ്പെട്ടിരുന്നെങ്കിലും അവിടെവച്ചു് അവരിൽ പലരും മൃതിയടഞ്ഞിരുന്നു. ബാക്കിയുള്ളവർ സുഖംപ്രാപിക്കുന്നതുതന്നെ വളരെ കഷ്ടപ്പെട്ടതിനുശേഷമത്രേ. ഒരിക്കൽ കാൽമണിക്കൂർമാത്രം അവരോടുകൂടി താമസിച്ചപ്പോൾ ഉഷ്ണാധിക്യം, ദുർഗ്ഗന്ധം, ദുഷിച്ച വായു എന്നിവയാൽ ഞാൻ മോഹാലസ്യം പ്രാപിക്കത്തക്ക നിലയിൽ എത്തിച്ചേർന്നു. പരസഹായംകൂടാതെ വീണ്ടും കപ്പലിൻെറ മേൽത്തട്ടിൽ ചെന്നു പററുവാൻ എനിക്കു സാധിച്ചില്ല."

ഓരോ കപ്പലിലും ഇത്ര അടിമകളെമാത്രമേ കയററാവൂ എന്നു പ്രത്യേകനിയമമുണ്ടു്. എന്നാൽ, അനുവദിച്ചിരിക്കുന്ന സംഖ്യയിൽനിന്നും നൂറുപേരെ കുറച്ചു കയററിയിരുന്ന കപ്പലിലെ സ്ഥിതിഗതികളാണു നാം മുകളിൽ കണ്ടതു്. ഓരോ ടൺ കേവുഭാരത്തിനും മൂന്നിൽക്കൂടുതൽ അടിമകളെവീതം കയററിയിരുന്ന ഒരു കപ്പലിലെ അവസ്ഥ 'ഫാൽക്കൺ ബ്രിഡ്ജ്' വർണ്ണിക്കുന്നു:

"ഒരാൾ മററൊരാളുടെമേൽകിടക്കുവാൻ നിർബന്ധിതനാകത്തക്കവണ്ണം അടിമകളുടെസംഖ്യ അത്ര അധികമായിരുന്നു. തന്മൂലം, കടൽക്ഷോഭമോ, സാധാരണയിൽ ദൈർഘ്യംകൂടിയ യാത്രയോ കൂടാതെതന്നെ മരണസംഖ്യ വർദ്ധമാനമാകുകയും ലക്ഷ്യസ്ഥാനത്തെത്തുന്നതിനുമുമ്പു പകുതിയിലധികംപേർ മൃതിയടയുകയും ചെയ്തു. രോഗാതുരരായ നീഗ്രോകൾ അവക്കായി പ്രത്യേ

കം നിർദ്ദേശിക്കപ്പെട്ടിരുന്ന സ്ഥലത്തു പലകകളുടെ പു
റത്തു കിടന്നിരുന്നു. പലകപ്പുറത്തുള്ള കിടപ്പും കപ്പലി
ന്റെ ഉലച്ചിലുംമൂലം ക്ഷീണഗാത്രരായ രോഗികളുടെ
ശരീരത്തിൽ പല ഭാഗങ്ങളിൽ തൊലി ഉരിഞ്ഞുപോ
യിരുന്നു. ചില സ്ഥാനങ്ങളിൽ അസ്ഥികൾ പുറമേ കാ
ണത്തക്കവണ്ണം മാംസംതന്നെ തേഞ്ഞുപോയിരുന്നു. ഈ
രീതിയിൽ അനേകം ആഴ്ചവട്ടക്കാലത്തേയ്ക്ക് അവർ സ
ഹിക്കേണ്ടിവന്ന പ്രാണവേദന ഞാൻ എങ്ങനെ വർണ്ണി
ക്കും! പരിശോധനാർത്ഥം ഞാൻ രാവിലേ കപ്പലി
ന്റെ മേൽത്തട്ടിൽ ചെല്ലുമ്പോൾ അടിമകളിൽ പല
രും അവിടെ മരിച്ചുകിടക്കുന്നതു മിക്കപ്പോഴും കാ
ണാറുണ്ട്. മൃതശരീരത്തോടു ജീവിച്ചിരിക്കുന്ന അടിമ
ബന്ധിക്കപ്പെട്ടുകിടക്കുന്ന ദയനീയമായ കാഴ്ചകളും ദുർ
ല്ലഭമായിരുന്നില്ല"

തങ്ങൾ അനുഭവിച്ചുകൊണ്ടിരുന്ന ഏതാദൃശദുരി
തങ്ങളെ പരസ്പരവിനാശകമായ കലഹങ്ങൾകൊണ്ടു
നീഗ്രോകൾ വർദ്ധിപ്പിച്ചിരുന്നുവെന്നതു് അത്ഭുതാവഹ
മത്രേ. വിവിധജാതിയിൽപ്പെട്ടവരും വിഭിന്നഭാഷകൾ
സംസാരിക്കുന്നവരുമായ അടിമകളെ യാതൊരു പരിഗ
ണനയുംകൂടാതെയാണു കപ്പലിൽ അടക്കിയിട്ടിരുന്നതു്.
ജാതിത്തലവനായിരുന്ന ഒരുവൻ ദാസവർഗ്ഗത്തിൽപ്പെട്ട
ഒരാളുമായി ബന്ധിക്കപ്പെട്ടുവെന്നുവരാം. ഇപ്രകാരം ആ
ത്മാഭിമാനത്തിനു ക്ഷതം സംഭവിച്ചവർ തരംകിട്ടു
മ്പോൾ ആത്മഹത്യചെയ്തിരുന്നു. ഒരിക്കൽ ചില നീ
ഗ്രോകൾ തങ്ങളുടെ തുടലുകൾ പൊട്ടിച്ചു കടലിൽ ചാ
ടി മരിച്ചു. അവരെ അനുകരിക്കുവാൻ പരിശ്രമിച്ച മ
ററു ചിലർ, ഉദ്യമം ഫലവത്താകുന്നതിനുമുമ്പ് അധികാ
രികളുടെ ദൃഷ്ടിയിൽ പെടുകയും, മററുള്ളവർക്ക് ഒരു പാ
ഠമായിരിക്കുന്നതിന് അവർ തൂക്കിലിട്ടു വധിക്കപ്പെടുക

യും ചെയ്തു. വാസ്തവത്തിൽ ഏററം ബുദ്ധിഹീനമായ പ്രതിവിധി!

അടിമവ്യാപാരത്തിൻെറ ഭീകരചരിത്രം പഠിച്ചിട്ടുള്ളവരെ അഭിമുഖീകരിക്കുന്ന ഒരു വിഷമപ്രശ്നമുണ്ട്: "കച്ചവടക്കാർ അല്പംകൂടെ ആർദ്രതയും അനുകമ്പയും പ്രദൎശിപ്പിച്ചിരുന്നെങ്കിൽ, അതു് അവൎക്കുതന്നെ ലാഭകരമായിത്തീരുമായിരുന്നില്ലേ? വ്യാപാരസാധനങ്ങളായിമാത്രം കരുതപ്പെട്ടിരുന്ന സമസൃഷ്ടങ്ങളോടു ലേശമെങ്കിലും മഹാമനസ്കതയോടേ പെരുമാറിയിരുന്നെങ്കിൽ അവരുടെ നികൃഷ്ടാവസ്ഥ അല്പംകൂടി ഭേദപ്പെടുമായിരുന്നില്ലേ?" എന്നാൽ അടിമവ്യാപാരം പല തരത്തിലുള്ള വിഷമതകൾ നേരിടേണ്ടിയിരുന്ന ഒരു തൊഴിലായിരുന്നുവെന്ന വാസ്തവം നാം വിസ്മരിക്കരുതു്. 400 ടൺമാത്രം കേവുഭാരമുള്ള പാക്കപ്പലുകളിലെ യാത്രതന്നെ അപകടകരമായിരുന്നു കൂടാതെ, അടിമവ്യാപാരത്തിൻെറമേൽ ഒരു സാന്മാൎഗ്ഗികകളങ്കം ആരോപിക്കപ്പെട്ടിരുന്നതിനാൽ, ഏററം ഹൃദയശൂന്യരായ മനുഷ്യർമാത്രമേ ആ ജോലിയിൽ ഏർപ്പെട്ടിരുന്നുള്ളു. ഒരിക്കൽ ഈ നിന്ദ്യമായ തൊഴിലിൽ പ്രവേശിച്ചുകഴിഞ്ഞാൽപ്പിന്നെ, മനുഷ്യസഹജമായ മൃദുലവികാരങ്ങളോടു നിരന്തരസമരം ചെയ്യുവാൻ അവർ നിർബന്ധിതരായിത്തീരുന്നു. തൽഫലമായി, നികൃഷ്ടതമമായ ഈ വ്യാപാരത്തിൽ ഉൾപ്പെട്ടു മനുഷ്യവിദ്വേഷപാത്രമായിത്തീരുന്നതിനു് ഇടയാക്കിയ വിധിവൈപരീത്യത്തോടുള്ള പ്രതികാരാവേശത്തെ അവർ സാധുക്കളായ നീഗ്രോകളുടെ നേൎക്കു തിരിക്കുകയും അവരോടു സദാ ദ്രോഹബുദ്ധിയോടേ വൎത്തിക്കുകയും ചെയ്യുന്നു. അടിമവ്യാപാരത്തിൻെറ ഗുണങ്ങൾമാത്രം ആസ്വദിക്കുകയും, വ്യാപാരികളെ വിദ്വേഷപൂൎവ്വം വീക്ഷിക്കുകയും ചെയ്യുന്ന പരിഷ്കൃതസമുദായം ത

ങ്ങളുടെനേക്ക് അവജ്ഞ പ്രദർശിപ്പിക്കുന്നതിൽ രോഷാകുലരായിത്തീരുന്ന അവർ, അടിമകളോടുള്ള ഹീനമായ പെരുമാററത്തിൽ മൃഗീയമായ ആനന്ദം കണ്ടെത്തുന്നു.

## ആറാം അദ്ധ്യായം.

### കത്തോലിക്കാസഭയും അടിമത്തവും.

കത്തോലിക്കാസഭ ലോകത്തിനു ചെയ്തിട്ടുള്ള സേവനങ്ങളെ ലഘൂകരിക്കുന്നതിൻ ചില ചരിത്രകാരന്മാർ നിരർത്ഥകയത്നം ചെയ്തിട്ടുണ്ട്. സഭയുടെ സംസ്കാരപരമായ യത്നങ്ങളെ- വിശ്വവിഖ്യാതങ്ങളും ഭുവനോത്തരങ്ങളുമായ കർമ്മപദ്ധതികളെ- പ്രശംസിക്കുവാൻ നിർബന്ധിതരായിത്തീരുന്ന അവർ, അവയിൽ ഒരു പഴുതു കണ്ടുപിടിക്കുവാൻ ശ്രമിച്ചുകൊണ്ടു ചോദിക്കുന്നു: "തെററാവരം സിദ്ധിച്ചിട്ടുണ്ടെന്നു പ്രഘോഷിക്കുന്ന കത്തോലിക്കാസഭ, അതിപുരാതനയെന്നും മാനവസംസ്കാരത്തിനും വ്യക്തിസ്വാതന്ത്ര്യത്തിനുംവേണ്ടി ധീരധീരം പോരാടിയിട്ടുള്ളവളെന്നും അഭിമാനിക്കുന്ന സഭ, എന്തുകൊണ്ടാണ് ഏററം നിന്ദ്യമായ അടിമത്തത്തെ, അനിഷേധ്യമായ ഒരു കല്പനയാൽ ഒററ പ്രഹരത്തിന് അടിച്ചമത്താതിരുന്നതു്? മനുഷ്യരെല്ലാം ദൈവത്തിൻെറ സന്താനങ്ങളാണെന്നും തന്മൂലം അവിടുത്തെ സന്നിധിയിൽ ഏവരും സമന്മാരാണെന്നുമുള്ള ക്രിസ്തുവിൻെറ ഉപദേശം പ്രവൃത്തിയിൽ വരുത്തുവാൻ നിങ്ങളുടെ സഭ എന്തുകൊണ്ടാണ് ഉടനടി ഊർജ്ജസ്വലമായ നടപടികൾ സ്വീകരിക്കാതിരുന്നതു്?

മനുഷ്യസ്വഭാവത്തെയോ ലോകചരിത്രത്തെയോ പററി ശരിയായ പഠനം നടത്താത്ത ഒരുകൂട്ടം ഉപരിപ്ലവബുദ്ധികളാണ് ഈവക ചോദ്യങ്ങൾ ഉന്നയിക്കുന്നത്. കത്തോലിക്കാസഭയുടെ അലൗകികസേവനങ്ങൾ-സമുദായോദ്ധാരകയത്നങ്ങൾ- ഗ്രഹിക്കണമെങ്കിൽ ക്രിസ്തുമതത്തിനുമുമ്പുള്ള ലോകചരിത്രത്തിലേക്കു നമ്മുടെ ദൃഷ്ടികൾ തിരിക്കണം. ലോകത്തിൽ അടിമത്തം അതിൻെറ പരമകാഷ്ഠയിൽ അതിക്രൂരമായി നടമാടിയിരുന്ന ഒരു കാലഘട്ടത്തിലാണു സഭയുടെ ആവിർഭാവമെന്നതു നാം വിസ്മരിക്കരുത്.

ആതൻസിൻ 20000 പൗരന്മാർമാത്രമുണ്ടായിരുന്നപ്പോൾ അടിമകളുടെ സംഖ്യ 40000 ആയിരുന്നു. ഓരോ റോമൻപൗരൻെറയും സാമുദായികമേന്മ പരിഗണിച്ചിരുന്നത് അയാൾക്കുള്ള അടിമകളുടെ എണ്ണം അനുസരിച്ചായിരുന്നു. റോമിൽ രണ്ടായിരംവരെ അടിമകളുള്ള പൗരന്മാരും അപൂർവ്വമായിരുന്നില്ല. ഗ്രീസിലും ഇററലിയിലും അതുപോലെ മററുസ്ഥലങ്ങളിലും അസംഖ്യം അടിമകളുണ്ടായിരുന്നുവെന്നു സീസർ, പ്ലിനി മുതലായവരുടെ വിവരണങ്ങളിൽനിന്നു ഗ്രഹിക്കാം. റോമാസാമ്രാജ്യാതിർത്തിയിൽ ആകെയുണ്ടായിരുന്ന അടിമകളുടെ സംഖ്യ പന്ത്രണ്ടുകോടിയായിരുന്നപ്പോൾ സ്വതന്ത്രരുടെ തുക അറുപതുലക്ഷം മാത്രമായിരുന്നു.

മനുഷ്യോചിതമായ പെരുമാററം അർഹിക്കാത്ത ഒരുകൂട്ടം ജീവികളായിട്ടാണു പ്ലേറേറായും അരിസ്റ്റോട്ടലും അടിമകളെ പരിഗണിച്ചിരുന്നത്. ഭാരം വഹിക്കുന്ന മൃഗങ്ങളുടെ സ്ഥാനമാണ് അടിമകൾക്കുണ്ടായിരുന്നത്. അവരെ യഥേഷ്ടം വധിക്കുന്നതിനു യജമാനന്മാൎക്ക് അധികാരമുണ്ടായിരുന്നു. അഗസ്റ്റസ് ചക്രവർത്തി ഒരിക്കൽ ആറായിരം അടിമകളെ കരുണാലേശമെന്നി

യേ നിഗ്രഹിച്ചു. യജമാനൻ ശത്രുക്കളാൽ നിഗ്രഹിക്കപ്പെട്ടന്നെങ്കിൽ അയാളോടൊന്നിച്ച് അയാളുടെ ദാസവൎഗ്ഗം മുഴുവനും മരിക്കേണ്ടിയിരുന്നു. മർദ്ദനങ്ങളുടെ ഫലമായി അടിമകൾ ഒളിച്ചോടുകയോ വിപ്ലവമുണ്ടാക്കുകയോ ചെയ്തിട്ടുള്ള സന്ദർഭങ്ങളും വിരളമായിരുന്നില്ല. എന്നാൽ, അവയൊക്കെ അവരുടെ രക്തച്ചൊരിച്ചിലിൽ കലാശിക്കുകയാണു പതിവ്. അനേകായിരം അടിമകളുടെ ജീവഹാനിക്കു കാരണമാക്കിയ ഏതാദൃശസംഭവങ്ങൾ ലോകചരിത്രത്തെ രക്തപങ്കിലമാക്കിയിട്ടുണ്ട്. റോമൻ ഗവർണ്ണറായിരുന്ന പെഡാനിയൂസ് സെക്കുണ്ടുസിനെ അടിമകളിൽ ഒരാൾ നിഗ്രഹിച്ചതിനു ശിക്ഷയായി അയാളുടെ വക നാനൂറ് അടിമകൾ വധിക്കപ്പെട്ടു. ചിലപ്പോൾ ഒരു നിസ്സാരകുററത്തിന് അഥവാ,ഒരു വിപ്ലവത്തെ ഭയന്ന് ഒരു പ്രദേശത്തെ ആബാലവൃദ്ധം അടിമകളെ മുഴുവൻ നിഹനിച്ചിട്ടുള്ള സംഭവങ്ങളും കുറവല്ല.

അടിമത്തത്തെ പുലർത്തിയിരുന്ന അക്കാലത്തെ യുദ്ധങ്ങളേയും മനുഷ്യവേട്ടകളേയും അടിമകളോടു ചെയ്തിരുന്ന നികൃഷ്ടതമമായ ക്രൂരതകളേയുംപററി വായിക്കുകതന്നെ ദുസ്സഹമാണ്. ജൂലിയസ് സീസർ ഹെൽവേഷ്യാക്കാരെ പരാജിതരാക്കിയതിനുശേഷം അവരിൽ നാലായിരംപേരെ അടിമകളാക്കുകയും മൂവായിരംപേരുടെ കരങ്ങൾ വെട്ടിക്കളയുവാൻ ആജ്ഞാപിക്കുകയും ചെയ്തുവെന്നും ക്ലാവുദിയസ് ചക്രവർത്തിയുടെ ഭരണകാലത്തു ഫൂച്ചിനൂസ് തടാകത്തിന്റെ തീരത്തുള്ള പോർക്കളത്തിൽവച്ചു പത്തൊൻപതിനായിരത്തിലധികം സാധുജനങ്ങൾ പരസ്പരം യുദ്ധംചെയ്തു മരിക്കുവാൻ നിർബന്ധിതരാവുകയും റോമൻജനാവലി പ്രസ്തുത രംഗം ദർശിച്ചു മൃഗീയമായ സന്തോഷം പ്രദർശിപ്പിക്കുകയും ചെ

യ്യുവെന്നും ട്രാജൻചക്രവർത്തി ഒരു യുദ്ധവിജയം ആഘോഷിക്കുന്നതിനായി പരസ്യവിനോദങ്ങളിൽ ആറായിരത്തിൽപ്പരം ആളുകളുടെ ജീവഹാനിവരുത്തിയെന്നും ഗ്രഹിക്കുമ്പോൾ, മനുഷ്യമനസ്സ് ഇത്രകണ്ട് അധ:പതിക്കുമോ എന്നു നമുക്കു സംശയം തോന്നിയേക്കാം.

അതേ, ഇപ്രകാരം മനുഷ്യമനസ്സിൽനിന്നു സകല മൃദുലമായ വികാരങ്ങളും ഉൽകൃഷ്ടങ്ങളായ ആശയങ്ങളും തിരോഭവിച്ച്, സാന്മാർഗ്ഗികാധ:പതനത്തിലേക്കും നാശത്തിലേക്കും ത്വരിതഗമനം ചെയ്തിരുന്ന ഒരു ലോകത്തിൽ സഭ അടിമത്തത്തെ നിശ്ശേഷം നിരോധിച്ചുകൊണ്ടു പെട്ടെന്ന് ഒരു സമൂലപരിവർത്തനം സാധിക്കാഞ്ഞതു് എന്തുകൊണ്ട് എന്നാണു പ്രതിയോഗികൾ ചോദിക്കുന്നതു്. ഇതിനുള്ള പ്രത്യുത്തരം, 'ഈദൃശമായ ഒരു പരിവർത്തനത്തിന് ആവശ്യകമായ പശ്ചാത്തലം സജ്ജീകൃതമായിട്ടില്ല എന്നു സഭ വിവേകപൂർവ്വം മനസ്സിലാക്കിയതുകൊണ്ടുതന്നെ' എന്നാണ്. ഒരു രാജ്യത്തെ അടിമകളെയെല്ലാം അവരുടെ സാമ്പത്തികമോ മാനസികമോ ആയ വശങ്ങളെ അഭിവൃദ്ധിപ്പെടുത്താതെ സ്വതന്ത്രരാക്കുന്നതു ബുദ്ധിശൂന്യമായ ഒരു പ്രവൃത്തി ആകുമായിരുന്നു. സ്വയംസംരക്ഷണത്തിന് അശക്തരും സ്വാശ്രയശീലമില്ലാത്തവരുമായ അവർ സമുദായചക്രത്തേയും വ്യവസ്ഥാപിതരാഷ്ട്രഘടനകളേയും തകിടംമറിക്കുകയായിരിക്കും ഫലം. അതു കൂടുതൽ ഭീകരമായ രക്തച്ചൊരിച്ചിൽമൂലം വീണ്ടും അടിമത്തം പുന:സ്ഥാപിക്കുകയോ അല്ലെങ്കിൽ, സാമുദായികവ്യവസ്ഥിതി നശിപ്പിച്ചു വിപ്ലവത്തിനു സ്വാഗതമരുളുകയോ ചെയ്യുവാനാണ് ഇടയുണ്ടായിരുന്നതു്. വേലയിൽ ഭൂരിഭാഗവും വഹിച്ചിരുന്ന അടിമകളുടെ പെട്ടന്നനെയുള്ള മോചനത്താൽ കാർ

ഷികവും വ്യാവസായികവുമായ തുറകളിൽ ഉണ്ടാകാവു ന്ന അസ്വാസ്ഥ്യതയും സാമ്പത്തികാധഃപതനവും ഊഹാ തീതങ്ങളാണ്.

ബുദ്ധിശൂന്യവും അന്നത്തെ നിലയ്ക്കു് അപ്രായോ ഗികവുമായ ഈ പദ്ധതി ആരെങ്കിലും നടപ്പിൽവരു ത്തുവാൻ ശ്രമിച്ചിരുന്നെങ്കിൽ, അടിമകൾതന്നെ അ തിനെ എതിൎക്കുമായിരുന്നു. പരാപേക്ഷകൂടാതെ ജീവി ക്കുവാൻ അശക്തരായ അവർ തങ്ങൾക്കു ഭക്ഷണവും സംരക്ഷണവും നല്കിയിരുന്ന അടിമത്തംതന്നെ ആശ്ലേ ഷിക്കുമായിരുന്നു. ജീവരക്ഷ അപകടത്തിലാക്കുന്ന ഒരു സ്ഥിതിയിൽ സ്വാതന്ത്ര്യം ആരു് അഭിലഷിക്കും?

മററു കാൎയ്യങ്ങളിലെന്നപോലെ ഇവിടേയും സഭ എ ത്ര വിവേകപൂൎവ്വകമാണു പ്രവൎത്തിച്ചിട്ടുള്ളതെന്നു നോ ക്കുക. അനീതിയും വിപ്ലവവുംകൂടാതെ സ്വാതന്ത്ര്യദാന ത്തിൻെറ വിശിഷ്ടഫലങ്ങൾ മനുഷ്യകുലത്തിനു നല്കു വാനാണു സഭ ഉദ്യമിച്ചതു്. രക്തപ്പുഴകൾ നിൎമ്മിക്കാ തെ സമുദായോദ്ധാരണം നിൎവ്വഹിക്കുകയായിരുന്നു അവ രുടെ ലക്ഷ്യം.

സ്വാതന്ത്ര്യപ്രാപ്തിക്കു വിഘാതമായിട്ടുള്ള അബ ദ്ധസിദ്ധാന്തങ്ങളെ ഖണ്ഡിക്കുവാനും അധഃസ്ഥിതരുടെ നില നന്നാക്കുവാനുമാണു കത്തോലിക്കാസഭ ആദ്യമായി യത്നിച്ചതു്. മററു മനുഷ്യരോടു സമത്വം അനുവദിക്കു വാൻ പാടില്ലാത്തവരും നിത്യദാസ്യത്തിനു സൃഷ്ടിക്ക പ്പെട്ടവരുമായ ഒരുകൂട്ടം മൃഗപ്രായരാണു് അടിമകൾ എന്ന പേയ്ഗൻമതത്തിൻെറ അഭിപ്രായത്തിനെതി രായി സഭ സ്വാതന്ത്ര്യകാഹളം മുഴക്കുന്നു. വി. പൗലോ സ് പറയുന്നതു കേട്ടാലും: "ഈശോമിശിഹായിലുള്ള വി ശ്വാസംമൂലം നിങ്ങളെല്ലാവരും ദൈവത്തിൻെറ മക്ക ളാകുന്നുവല്ലോ. എന്തുകൊണ്ടെന്നാൽ, മിശിഹായിൽ

സ്നാനപ്പെട്ടവർ മിശിഹായെ ധരിക്കുന്നു. യൂദനെന്നില്ല, പുറജാതിയെന്നുമില്ല; അടിമയെന്നില്ല, സ്വതന്ത്രനെന്നുമില്ല; പുരുഷനെന്നില്ല, സ്ത്രീയെന്നുമില്ല: എന്തെന്നാൽ, നിങ്ങളെല്ലാവരും ഈശോമിശിഹായിൽ ഒന്നാകുന്നു" (ഗാലാ. 3: 26-28) ഏവരും ദൈവത്തിൻെറ സുതരും ഈശോമിശിഹായുടെ സഹോദരരും ആണെന്നുള്ള ആശ്വാസദായകമായ തത്ത്വം സമുദായത്തിൻെറ ഏത്തടത്തിലേക്കു പ്രവേശിക്കുകയും ഫലപ്രദമായ ഒരു ബീജമെന്നോണം അതു് അവിടെയിരുന്നു വളരുകയും കാലത്തിൻെറ തികവിൽ, അതിൻെറ തണലിൽ കുടുംബങ്ങളേയും രാജ്യങ്ങളേയും സ്വീകരിച്ചു് ആശ്വസിപ്പിക്കുവാൻതക്ക വന്മരമായിത്തീരുകയും ചെയ്തു.

എന്നാൽ, ക്രമവൽകൃതമായ പരിവർത്തനമല്ലാതെ, സമൂലപരിവർത്തനത്തിനു സഭ ഒരുങ്ങിയിട്ടില്ലെന്നു് അപ്പോസ്തലൻെറ വാക്കുകൾ വ്യക്തമാക്കുന്നു: "ദാസന്മാരേ, മിശിഹായെ എന്നപോലെ പേടിയോടും വിറയലോടും കൂടി നിങ്ങളുടെ ശാരീരികയജമാനന്മാരെ നിങ്ങൾ അനുസരിക്കുവിൻ" (എപ്പ. 6: 5). "ദാസ്യത്തിൻെറ നുകത്തിനുകീഴുള്ളവരെല്ലാം, ദൈവത്തിൻെറ നാമവും അവൻെറ പഠനവും ദൂഷിക്കപ്പെടാതിരിക്കുവാനായിട്ടു തങ്ങളുടെ യജമാനന്മാരെ സകല ബഹുമാനത്തോടുംകൂടി കരുതണം" (തിമോ. 6: 1).

യജമാനന്മാരോടുള്ള ഉൽബോധനവും ശക്തിയുക്തമായിരുന്നു: "യജമാനന്മാരേ, നിങ്ങളുടെ ഭൃത്യന്മാരോടു സമമായിട്ടുള്ളതും ന്യായ്യമായിട്ടുള്ളതും ചെയ്യുവിൻ. നിങ്ങൾക്കും സ്വർഗ്ഗത്തിൽ ഒരു യജമാനൻ ഉണ്ടെന്നു് അറിഞ്ഞുകൊള്ളുവിൻ" (കൊലൊ. 4: 1). സമുദായത്തിൽ സമാധാനവും നീതിയും പുലർത്തിക്കൊണ്ടു പുരോഗമനം സാധിക്കുവാൻ പര്യാപ്തമായ ഈ തത്ത്വങ്ങൾ, സാവധാനമെ

ങ്കിലും, ജനതാമദ്ധ്യത്തിൽ വരുത്തിയ മാററങ്ങൾ അത്ഭുതാവഹങ്ങളായിരുന്നു. മതാനുഷ്ഠാനങ്ങളിൽ സകല മനുഷ്യർക്കും സമത്വം അനുവദിച്ചതു നിശ്ശബ്ദമായ ഒരു വിപ്ലവംതന്നെയായിരുന്നു. ഒരേ ബലിപീഠത്തിങ്കൽനിന്നു കുലീനനായ റോമൻ സെനററംഗവും വിനീതനായ അടിമയും ഒരേക്രൂദാശകൾ സ്വീകരിച്ചപ്പോൾ മനുഷ്യനു മൗലികമായ സമത്വം അസ്പഷ്ടമായിട്ടെങ്കിലും പ്രഖ്യാപിതമായി. അടിമകളെ സ്വതന്ത്രരാക്കുന്നതു് ഏററം വലിയ ദീനദയാലുത്വവും പാപമുക്തിക്കുള്ള മാർഗ്ഗവുമായി പരിഗണിക്കപ്പെട്ടു. ഇപ്രകാരം, സ്വാതന്ത്ര്യം പ്രാപിച്ചവർ പൗരോഹിത്യത്തിലേയ്ക്കു യത്തപ്പെട്ടിട്ടുണ്ടു്. അവരിൽ ചിലർ– രണ്ടാം ശതകത്തിൽ ഒരു പീയൂസും മൂന്നാം ശതകത്തിൽ ഒരു കല്ലിസ്തസും– വി. പത്രോസിന്റെ സിംഹാസനത്തെ ആരോഹണം ചെയ്തുകൊണ്ടു്, അടിമകളുടെ ചരിത്രത്തിൽ ഒരു നൂതനാദ്ധ്യായം സൃഷ്ടിക്കുകതന്നെയുണ്ടായി.

രാഷ്ട്രത്തിന്റെ നിലവിലിരുന്ന നിയമങ്ങളെ പ്രത്യക്ഷമായി എതിർക്കാതെ, സ്നേഹത്തിന്റേയും സാഹോദര്യത്തിന്റേയും മാധുര്യമേറിയ ബന്ധങ്ങളാൽ, കുലീനരേയും അധഃകൃതരേയും യോജിപ്പിച്ചു്, മനുഷ്യർക്കെല്ലാം ദൈവപുത്രരുടെ സ്വാതന്ത്ര്യവും സൗഭാഗ്യവും സമാധാനവും അനുഭവിക്കുവാനുള്ള ധാർമ്മികപ്രേരണ സഭ നല്കിക്കൊണ്ടിരുന്നു.

അടിമയ്ക്കു് വിവാഹം ചെയ്യുവാനും കുടുംബമായി ജീവിക്കുവാനുമുള്ള പ്രകൃതിദത്തമായ അവകാശം സഭയുടെ കല്പനകൾവഴി അംഗീകൃതങ്ങളാവുകയും തെയോദോസിയസ്സിന്റെ നിയമസംഹിതയാൽ സ്ഥിരീകൃതമാവുകയും ചെയ്തു. അടിമസ്ത്രീകളെ അവമാനിക്കുന്നതു റോമാക്കാരുടെയിടയിൽ ഒരു അംഗീകൃതവിനോദമായി

പരിഗണിക്കപ്പെട്ടിരുന്നു. അതിപ്പോൾ മരണശിക്ഷാർഹമായ ഒരപരാധമായിത്തീൻ; അടിമകളെ വധിക്കുന്നതു വെറുമൊരു നേരംപോക്ക് എന്ന നിലയിൽനിന്നു കുററകരമായ നരഹത്യയായി രൂപാന്തരം പ്രാപിച്ചു.

പടിപടിയായി സ്വാതന്ത്ര്യത്തിലേക്കുള്ള രാജപാതയിൽക്കൂടി ജനസമുദായം പുരോഗമിച്ചു. ക്രൈസ്തവാദർശങ്ങളുടെ അപ്രതിരോധ്യമായ പ്രേരണാശക്തിക്കു വിധേയരായി, ഉടമസ്ഥന്മാരിൽ പലരും മരണക്കിടക്കയിൽവച്ചു തങ്ങളുടെ അടിമകൾക്കു മോചനം നല്കി. സ്വതന്ത്രരുമായുള്ള വിവാഹം അടിമകളുടെ സ്ഥിതിയെ ഉന്നമിപ്പിക്കുന്നതിനു വളരെ സഹായിക്കുകയും ചെയ്തു.

നാലാം നൂററാണ്ടിൻെറ ആരംഭത്തിൽ എൽവിറാ എന്ന സ്ഥലത്തു സമ്മേളിച്ച സൂനഹദോസ്, അടിമകൾക്കു മരണകരമായ പ്രഹരം നല്കുന്നവർക്ക് അനേകവർഷത്തെ പരസ്യപ്രായശ്ചിത്തം ശിക്ഷയായി നിശ്ചയിച്ചു. 549-ൽ ഓർലിയൻസിൽ കൂടിയ സൂനഹദോസ്, കുററംചെയ്യുന്ന അടിമകൾക്കു ക്രൂരന്മാരായ ഉടമസ്ഥന്മാരിൽനിന്നു സംരക്ഷണം നല്കുന്ന നിയമങ്ങൾ നിർമ്മിക്കുകയുണ്ടായി. പ്രസ്തുത നിയമങ്ങൾ ലംഘിക്കുന്നവർ സഭയുടെ ഐക്യത്തിൽനിന്നു വിച്ഛേദിക്കപ്പെടണമെന്നായിരുന്നു വ്യവസ്ഥ. ടൊളേഡോയിലേയും വെർമസിലേയും കൗൺസിലുകൾ അടിമകളുടെമേലുള്ള കൈയേററങ്ങൾ ശിക്ഷാർഹങ്ങളായി പരിഗണിച്ചു.

ഒമ്പതാംശതകത്തിൽ, സ്ററുഡിയത്തിലെ (Studium) വി. തെയൊഡോർ "നിങ്ങൾക്ക് അടിമകൾ ഉണ്ടായിരിക്കരുത്" എന്നു ധൈര്യപൂർവ്വം ആജ്ഞാപിച്ചു. ഇക്കാലം മുതൽ,അടിമയുടെ സ്ഥിതി ഒരു ഭൃത്യൻെറ നിലയിലേക്കുയൻ. സ്വകാര്യസ്വത്തുസൂക്ഷിക്കുക, വിവാഹം കഴിക്കുക, യഥേഷ്ടം സ്വന്തം സമ്പാദ്യങ്ങൾ ക്രയവിക്ര

യം ചെയ്യുക മുതലായ പൗരാവകാശങ്ങൾ അനുവദിക്കപ്പെട്ടുതുടങ്ങി.

അടിമകളെ ഉദ്ധരിക്കുന്നതിനായി മാർപ്പാപ്പാമാരുടെ പ്രോത്സാഹനത്താൽ സന്ന്യാസസഭകൾ ചെയ്തിട്ടുള്ള സേവനങ്ങൾ നിസ്തുലങ്ങളാണ്. അടിമകളുടെ മോചനം പ്രധാനകർമ്മപദ്ധതിയായി സ്വീകരിച്ചിട്ടുള്ള "ട്രിനിറേററിയൻസഭ" എന്ന സന്ന്യാസസമൂഹത്തെ ഹഡ്റിയാൻ ഒന്നാമൻ അംഗീകരിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്തു. പ്രസ്തുത സമൂഹത്തിന്റെ അംഗങ്ങൾ തങ്ങളുടെ സകല സമ്പാദ്യങ്ങളുടേയും മൂന്നിലൊരു ഭാഗം അടിമകളെ വീണ്ടെടുക്കുന്നതിനു വിനിയോഗിച്ചിരുന്നുവെന്നതു പ്രത്യേകം പ്രസ്താവയോഗ്യമാണ്. പന്ത്രണ്ടാംനൂററാണ്ടിന്റെ അവസാനത്തിൽ സ്ഥാപിതമായ ഈ സഭ അഞ്ചു നൂററാണ്ടിനുള്ളിൽ 30720 അടിമകളെ സ്വന്തം സമ്പാദ്യംകൊണ്ടു വീണ്ടെടുത്തിട്ടുണ്ട്.

ഇതേലക്ഷ്യത്തോടുകൂടെ, വിശിഷ്യ, അവിശ്വാസികളുടെ അധീനതയിൽ വസിക്കുന്ന അടിമകളെ സ്വതന്ത്രരാക്കുന്നതിനായി പതിമ്മൂന്നാം ശതകത്തിൽ സ്ഥാപിതമായ മറെറാരു സന്ന്യാസസമൂഹമാണ് "മോചനത്തിന്റെ നാഥയുടെ സഭ" (Order of Our Lady of Ransom). പ്രസ്തുത സഭയുടെ അംഗമായ വി. റെയിമോണ്ടു് നിർവ്വഹിച്ചിട്ടുള്ള ധീരവും ഹൃദയസ്പർശകവുമായ സേവനങ്ങൾ ഏവരുടേയും ആദരം ആർജ്ജിക്കുന്നവയാണ്. അദ്ദേഹം ആഫ്റിക്കയിൽച്ചെന്നു പണംകൊടുത്തു വളരെയധികം അടിമകളെ മോചിപ്പിച്ചു. ഒടുവിൽ കൈവശമുണ്ടായിരുന്ന ധനം മുഴുവൻ തീർന്നപ്പോൾ, ഒരടിമയെ മോചിപ്പിക്കുന്നതിനായി തന്നെത്തന്നെ അടിമയാക്കിത്തീർത്തു. ക്രൂരമർദ്ദനങ്ങൾ അസാമാന്യക്ഷമയോടേസഹിച്ചുകൊണ്ടു സുദീർഘമായ ഒരു വേദസാക്ഷിത്വംതന്നെ

അദ്ദേഹം കൈവരിക്കുകയും, അടിമകളുടേയും ക്രൂരന്മാരായ ഉടമസ്ഥന്മാരുടേയും ഇടയിൽ ഫലപ്രദമായ പ്രേഷിതവൃത്തി അനുഷ്ഠിക്കുകയും ചെയ്തു. അദ്ദേഹത്തെ അനുകരിച്ച് അടിമകൾക്കുപകരം അടിമത്തം ഏറെറടുത്തിട്ടുള്ള മനുഷ്യസ്നേഹികളുടെ സംഖ്യ കത്തോലിക്കാസഭയിൽ ഒട്ടും കുറവല്ല.

പതിനഞ്ചാം നൂററാണ്ടിൻെറ ആരംഭത്തോടുകൂടി, അടിമത്തത്തിനു ശക്തിമത്തായ പ്രഹരം ഏല്പിക്കത്തക്കവിധം ജനസമുദായത്തിൻെറ സന്മാർഗ്ഗികനില അഭിവൃദ്ധമായി. 1462-ൽ മാർപ്പാപ്പാ പീയൂസ് രണ്ടാമൻ, അടിമകളെ വച്ചുകൊണ്ടിരിക്കുന്നതു് ഒരു മഹാപാതകമാണെന്നു പ്രഖ്യാപനം ചെയ്തു.

ഈ പരിശ്രമങ്ങളുടെയെല്ലാം ഫലമായി, ക്രിസ്തീയരാജ്യങ്ങളിൽ അടിമത്തം മിക്കവാറും നാമാവശേഷമായി. ക്രൈസ്തവപുരോഹിതന്മാരിൽനിന്നു തുടച്ചയായി ലഭിച്ചുകൊണ്ടിരുന്ന അപ്രതിരോധ്യമായ പ്രേരണാശക്തിയാണ് അനുഗ്രഹദായകമായ ഈ പരിവത്തനത്തിനു മുഖ്യഹേതുവായിരുന്നതു്. ഏതൽസംബന്ധമായി ചെസ്റ്റർട്ടൻ ഇപ്രകാരം പ്രസ്താവിക്കുന്നു: "നിശ്ശബ്ദവും അതേസമയം വിസ്മയാവഹവുമായ ഈ പരിവത്തനം, മദ്ധ്യശതകങ്ങളിൽ പൊതുജനങ്ങളുടെ മനഃസംസ്കാരത്തിനു സമുദായത്തിന്മേൽ എത്രമാത്രം പ്രചോദനം നല്കാൻ സാധിച്ചുവെന്നും ആദ്ധ്യാത്മികരംഗത്തു് അതു് എത്രവേഗം നവ്യവ്യവസ്ഥിതികൾ സംജാതമാക്കിയെന്നും ഉള്ളതിനു് ഉത്തമതെളിവാണു്. അടിമകൾക്കു സ്വാതന്ത്ര്യദായകന്മാരായി ഊർജ്ജസ്വലതയോടെ പ്രയത്നിച്ചിരുന്നവർ ഇടവകവൈദികന്മാരും സന്യാസസമൂഹങ്ങളുമാണു് എന്നതു സർവ്വസമ്മതമായിട്ടുണ്ട്. എന്നാൽ, അവരിൽ ആരുടേയും നാമങ്ങൾ ചരിത്രരേഖകളിൽ ലേഖനംചെയ്യപ്പെട്ടിട്ടി

ല്ല; അവരിലാക്കുംതന്നെ ആ മഹനീയസേവനങ്ങൾക്ക് ഈ ലോകത്തിൽവച്ചു പ്രതിസമ്മാനം ലഭിച്ചിട്ടുമില്ല. ക്ലാക്ക്സനോടും വിൽബർഫോഷ്സി (1) നോടും കിട നില്ക്കുന്ന എത്ര മഹാമതികളാണു്, രാഷ്ട്രസംഘടനയോ ലോകപ്രശസ്തിയോ കൂടാതെ, യൂറോപ്പിലെ എല്ലാ ഗ്രാമങ്ങളിലും മരണശയ്യകളുടെ സമീപത്തും പാപനിവേദനവേദികകളിലുമിരുന്നുകൊണ്ടു് ഇക്കാര്യത്തിൽ നിസ്തുലസേവനമനുഷ്ഠിച്ചിട്ടുള്ളതു്. തൽഫലമായി, വിപുലമായ തോതിൽ പ്രചരിച്ചിരുന്ന അടിമത്തം തിരോഭവിക്കുകയും ചെയ്തു."

എന്നാൽ, അമേരിക്കാ കണ്ടുപിടിക്കപ്പെട്ടതിനു ശേഷം അടിമവ്യാപാരം അതിൻെറ സകല ഭീകരതകളോടുകൂടെ, ലോകസംസ്കാരത്തിന് ഒരു കളങ്കമായി വീണ്ടും ആവിർഭവിച്ചു. ഇതിനു വഴിതെളിച്ച കാരണങ്ങൾ മുന്നധ്യായത്തിൽ വിവരിച്ചിട്ടുണ്ടല്ലോ. അനന്തരപരിണാമങ്ങൾ അടുത്ത അധ്യായത്തിൽനിന്നു ഗ്രഹിക്കുകയും ചെയ്യാം.

# ഏഴാം അധ്യായം.

## സ്വാതന്ത്ര്യത്തിൻെറ മുന്നോടികൾ.

അടിമവ്യാപാരത്തെ ലോകത്തിൽനിന്നു് ഉന്മൂലനം ചെയ്യുന്നതിനു ശ്രമിച്ചിട്ടുള്ളവരിൽ മൂന്നുപേർ നമ്മുടെ ശ്രദ്ധയെ ആകർഷിക്കുന്നു. ക്രിസ്തീയസമുദായപരിഷ്ക

(1) അടിമവ്യാപാരം നിവൎത്തലാക്കുന്നതിനായി ഇംഗ്ലണ്ടിൽ സ്വാത്മനാ പ്രയത്നിച്ചിട്ടുള്ള മഹാന്മാരിൽ പ്രഥമഗണനീയന്മാരാണു ക്ലാക്ക്സനും വിൽബർഫോഷ്സും.

ത്മാക്കളിൽ മൂന്നു വിഭിന്നതരക്കാരുടെ പ്രാതിനിധ്യം അവർ വഹിക്കുന്നതായി കാണാം അവരിൽ ഒന്നാമൻ അടിമകളെ സമുദ്ധരിക്കുന്നതിനു ജീവിതം മുഴുവൻ വിനിയോഗിച്ച വിൽബർഫോഷ്സാണ്. അദ്ദേഹത്തിന് അടിമകളുമായി അടുത്തു പരിചയമില്ലാതിരുന്നതിനാൽ, വ്യക്തിപരമായി അവരുടെ ശാരീരികദുരിതങ്ങൾ പരിഹരിക്കുവാനോ അവക്ക് ആദ്ധ്യാത്മികസഹായങ്ങൾ നല്കുവാനോ സാധ്യമായിരുന്നില്ല. രണ്ടാമൻ നമ്മുടെ കഥാപുരുഷനായ പീററർ ക്ലേവറാണ്. ക്ലേവറിനെപ്പോലെയുള്ള പല മഹാന്മാരെ- അതേ, സമുദായോന്നമനത്തിന് എന്നതിനെക്കാൾ വ്യക്തികളുടെ നന്മയ്ക്കായി സ്വജീവനെ സമർപ്പിച്ചിട്ടുള്ള മഹാന്മാരെ- സമുദായഗാത്രത്തിനു നേരിട്ടിരിക്കുന്ന രോഗങ്ങളെക്കുറിച്ചു പര്യാകുലരെങ്കിലും, തന്നിവാരണം അന്യർക്കായി നീക്കിവച്ചിട്ട് ദുരിതമനുഭവിക്കുന്ന വ്യക്തികൾക്ക് അത്യാവശ്യപരിചരണങ്ങൾ നല്കി ആശ്വസിപ്പിക്കുക തങ്ങളുടെ കത്തവ്യമായി സ്വീകരിക്കുകയും, അവരുടെ വ്രണങ്ങളിൽ തൈലാഭിഷേകം ചെയ്തു ശാന്തിയരുളുകയും ചെയ്തിട്ടുള്ള മഹാന്മാരെ— കത്തോലിക്കാസഭ ഉൽപാദിപ്പിച്ചിട്ടുണ്ട്.

അടിമകളുടെ ദുരിതങ്ങൾ നിവാരണം ചെയ്യുന്നതിൽ സദാ വ്യാപൃതനായിരുന്നതിനാൽ അടിമക്കച്ചവടത്തെക്കുറിച്ചു ചിന്തിക്കുവാൻ ക്ലേവറിനു സമയമുണ്ടായിരുന്നില്ല. അദ്ദേഹം ഒരു ശുദ്ധാത്മാവായിരുന്നു. അടിമത്തത്തെക്കുറിച്ചു ഖേദിക്കുന്നതിനുപകരം, ആത്മാക്കളുടെ രക്ഷയ്ക്ക് അതൊരു മാഗ്ഗമായിബ്ഭവിച്ചതിൽ പക്ഷേ, അദ്ദേഹം സന്തോഷിച്ചിരിക്കാം. മാതൃരാജ്യത്തിൽ ആത്മീയാന്ധകാരത്തിൽ ജീവിച്ചിരുന്ന നീഗ്രോകളെ ക്രിസ്തീയവിശ്വാസം സ്വീകരിക്കത്തക്ക സാഹചര്യങ്ങ

ളിലേയ്ക്കാനയിച്ച വ്യാപാരികൾ അനുഗ്രഹസംദായക മായ വലിയ ഒരുപകാരമാണ് അവക്ക് ചെയ്തുകൊടു ത്തതെന്ന് അദ്ദേഹം കരുതി. ആഫ്റിക്കയിൽ ദേശാ ധിപതിയായിരിക്കുന്നതിനെക്കാൾ, കാത്തജീനായിൽ ഒരു ക്രൈസ്തവനായി മരിക്കുന്നതാണു നല്ലതെന്ന് അ ദ്ദേഹം സുദൃഢം വിശ്വസിച്ചിരുന്നു. അടിമവ്യാപാരം നിറുത്തലാക്കുവാൻ ക്ലേവർ പ്രത്യക്ഷമായി പരിശ്രമി ച്ചില്ലെങ്കിലും, അദ്ദേഹത്തിൻെറ നിസ്സ്വാത്ഥസേവന ങ്ങൾ അവരുടെ സ്വാതന്ത്ര്യലബ്ധിക്കു പരോക്ഷമായി വഴിതുറക്കുകതന്നെയാണു ചെയ്തത്. അടിമകൾക്കു സ്വാതന്ത്ര്യം ലഭിക്കുന്നതിന് ഇനിയും രണ്ടു ശതവത്സ രങ്ങൾ കഴിയേണ്ടിയിരുന്നു. എന്നാൽ, ഈ ദുർഭഗക്ക് തങ്ങളെക്കുറിച്ചുതന്നെയും, മററുള്ളവരുടെ ദൃഷ്ടിയിലും മതിപ്പു വർദ്ധിപ്പിച്ചുകൊണ്ടു ക്ലേവറിനെപ്പോലുള്ള വർ ഈ സ്വാതന്ത്ര്യസമരത്തിൽ ഒരു വലിയപങ്കു വഹിച്ചിരുന്നുവെന്നുള്ളതു നിസ്തക്കമത്രേ. വിശുദ്ധൻ സ്നേഹപൂർവ്വം ആശ്ലേഷിക്കുകയും ചുംബിക്കുകയും ചെയ്ത നീഗ്രോകൾ തങ്ങൾ വിചാരിച്ചിരുന്നതുപോലെ ഒരു തരം മൃഗങ്ങളല്ലെന്നുള്ള ധാരണ ജനങ്ങളുടെ ഹൃദയങ്ങ ളിൽ അങ്കുരിച്ചുതുടങ്ങി.

മൂന്നാമൻ, ഒരു മദ്ധ്യനിലയവലംബിച്ചിട്ടുള്ള അൽ ഫോൺസോ സാൻഡോവൽ എസ്. ജെ. ആണ്. നിർഭാഗ്യരായ അടിമകളുടെനേക്കുള്ള ക്ലേവറിൻെറ വ്യ ക്തിപരമായ സ്നേഹവും, അവരുടെ സാമുദായികോന്ന മനത്തിൽ വിൽബർഫോഷ്സിൻെറ അത്യാകാംക്ഷയും, സവിശേഷം സമ്മേളിച്ചിരുന്ന ഒരു മഹാനാണു സാൻ ഡോവൽ. അദ്ദേഹം ഉൽകൃഷ്ടകുലജാതനായിരുന്നു. പ്രാ ധാന്യമേറിയ ഔദ്യോഗികകത്തവ്യം പ്രമാണിച്ച് അദ്ദേ ത്തിൻെറ പിതാവു് ഒരിക്കൽ ലീമായിൽവന്നു. അന്നു

ബാലനായിരുന്ന സാൻഡോവലിനെ ഈശോസഭാംഗ ങ്ങളുടെ മേൽനോട്ടത്തിൽ വിദ്യാഭ്യാസത്തിനയയ്ക്കുകയും, കാലാന്തരത്തിൽ അദ്ദേഹം ആ സഭയുടെ അംഗമായി ത്തീരുകയും ചെയ്തു. പില്ക്കാലത്ത് അടിമകളുടെ പ്രേ ഷിതനെന്ന നിലയിൽ അദ്ദേഹം വിഖ്യാതനായിത്തീർ ന്നു. "ഒരു അടിമക്കപ്പൽ തുറമുഖത്തടുത്തുവെന്നറിവുകി ട്ടിയാലുടൻ ദ്വിഭാഷിയുമൊന്നിച്ച് അദ്ദേഹം അവിടെ എത്തിക്കഴിയും. മരണാസന്നരെ പാരത്രികയാത്രയ്ക്ക് ഒരുക്കുകയാണ് അദ്ദേഹത്തിന്റെ പ്രഥമകൃത്യം. എല്ലാ അടിമക്കപ്പലുകളിലും മരണാസന്നർ അനേകമുണ്ടായിരി ക്കുമെന്നതിൽ വിസ്മയിപ്പാനില്ല. യാത്രയുടെ ഭയാനകമാ യ പരിതഃസ്ഥിതികൾ പര്യാലോചിച്ചാൽ കുറേപ്പേരെ ങ്കിലും ജീവനോടെ വന്നെത്തുന്നുവെന്നതാണ് അത്ഭുതാ വഹമായിരിക്കുന്നത്. അടിമകളിൽ മൂന്നിലൊന്നു കപ്പ ലിൽവച്ചുതന്നെ മരിക്കുകയാണു പതിവ്. ഒരിക്കൽ ഒ രു കപ്പലിലുണ്ടായിരുന്ന അഞ്ഞൂറു നീഗ്രോകളിൽ നൂററി രുപതുപേർ ഒരു രാത്രികൊണ്ടു മൃതിയടയുകയുണ്ടായി.

മൃത്യുവക്ത്രത്തിൽനിന്നു രക്ഷപെട്ടവർ ജീവച്ഛ വങ്ങളായിട്ടാണു കരയ്ക്കിറങ്ങുന്നത്. രോഗബാധിത രും വ്രണിതഗാത്രരുമായ അവരെ ഉടമസ്ഥന്മാർ വിപ ണിസ്ഥലത്ത് ഒരു കോണിൽ ശേഖരിക്കുന്നു. രക്തവും പ ഴുപ്പും ഒഴുകിക്കൊണ്ടിരിക്കുന്ന അവരുടെ ശരീരങ്ങളിൽ നിന്നു പരിസരങ്ങളിൽ വ്യാപിക്കുന്ന ദുർഗന്ധം ദുസ്സ ഹംതന്നെയാണ്. ഈ ദുർഭഗർക്കുവേണ്ട പരിചരണ ങ്ങൾ നല്കുകയാണു സാൻഡോവലിന്റെ അടുത്ത കൃ ത്യം. ഇതിനെല്ലാം അസാമാന്യമായ മനോധൈര്യവും വീ രോചിതമായ സഹനസന്നദ്ധതയും ആവശ്യകമായിരു ന്നുവെന്നു പറയേണ്ടല്ലോ. അനേകസംവത്സരങ്ങൾ പ്ര സ്തുത ജോലിയിൽ വ്യാപൃതനായിരുന്നിട്ടും ഒരു അടിമക്ക

പ്പൽ വരുന്നുവെന്ന് അറിവുലഭിക്കുമ്പോൾ,കഴിഞ്ഞപ്രാവശ്യം തനിക്ക് അഭിമുഖീകരിക്കേണ്ടിവന്ന ദുരിതരംഗങ്ങൾ ഓർത്ത് അദ്ദേഹം വിറകൊണ്ടിരുന്നു. മരണസമയത്തുണ്ടാകാറുള്ളതുപോലെ തണുത്ത വിയർപ്പുതുള്ളികൾ അദ്ദേഹത്തിൻെറ ശരീരത്തെ ആവരണം ചെയ്തിരുന്നു. ദീർഘകാലത്തെ പരിചയംകൊണ്ടുപോലും ഈ വൈമുഖ്യത്തെ ജയിക്കുവാൻ അദ്ദേഹത്തിനു സാധിച്ചില്ല.

സാൻഡോവലിൻെറ വീരോചിതമായ ഈ സഹനങ്ങളെ ക്ലേവർ സൂതീക്ഷ്ണം അനുകരിച്ചു. എന്നാൽ, ക്ലേവറിൻെറ ശ്രദ്ധ അടിമകളെക്കുറിച്ചുമാത്രമായിരുന്നു. സാൻഡോവലാകട്ടെ അടിമത്തത്തെക്കുറിച്ചാണു പര്യാകുലനായത്. ഇദ്ദേഹം അടിമവ്യാപാരത്തെക്കുറിച്ച് അടിമകളിൽനിന്നും വ്യാപാരികളിൽനിന്നും ലഭിക്കാവുന്നിടത്തോളം വിവരങ്ങൾ ശേഖരിച്ചു. മരണാനന്തരജീവിതത്തെക്കുറിച്ചുള്ള ചിന്തയാൽ പരിഭ്രാന്തരായ പല അടിമവ്യാപാരികൾ തങ്ങളുടെ നികൃഷ്ടമായ തൊഴിലിൻെറ ന്യായ്യതയെക്കുറിച്ചു സംശയാലുക്കളായി അദ്ദേഹത്തോട് ഉപദേശങ്ങൾ ചോദിച്ചിരുന്നതിനാൽ തത്സംബന്ധമായി പല സംഗതികളും അറിവാൻ അദ്ദേഹത്തിനു സൗകര്യമുണ്ടായിരുന്നു. ഇങ്ങനെ വിവിധതരത്തിൽ ലഭിച്ച യഥാർത്ഥവിവരങ്ങൾ അസാമാന്യക്ഷമയോടേ പരിശോധിച്ച് അവയെല്ലാം കൂട്ടിച്ചേർത്ത് അമൂല്യമായ ഒരു ഗ്രന്ഥം അദ്ദേഹം നിർമ്മിച്ചു. അടിമവ്യാപാരത്തെപ്പററി നമുക്കു ലഭിച്ചിട്ടുള്ള അറിവിനു പ്രധാനനിദാനവും വിശ്വസനീയരേഖയും അദ്ദേഹത്തിൻെറ ഈ പുസ്തകമാണ്. പ്രസ്തുത കൃതിയിൽ ആ നികൃഷ്ടവ്യാപാരത്തെ ഏററം ശക്തിമത്തായി അദ്ദേഹം അധിക്ഷേപിച്ചിട്ടുണ്ട്.

ഫാദർസാൻഡോവലിനെപ്പോലെ സാമുദായികമായ അസമത്വങ്ങളെ പരിഹരിക്കുവാൻ പരിശ്രമിച്ചിട്ടുള്ള മററു ദീനദയാലുക്കളെയും നമുക്കു കാണുവാൻ കഴിയും. നീഗ്രോകൾക്കുവേണ്ടി സാൻഡോവൽ ചെയ്ത കൃത്യംതന്നെയാണ്, അമേരിക്കയിലേ ഇൻഡ്യാക്കാക്കുവേണ്ടി ഡൊമിനിക്കൻസഭക്കാർ ചെയ്തതു്. ആധുനികകാലത്തിലേ ദീനദയാലുക്കളുടെ മുക്തകണ്ഠമായ പ്രശംസയ്ക്കു പാത്രീഭവിച്ചിരിക്കുന്ന ആ സ്വാതന്ത്ര്യസമരത്തിന്റെ ചരിത്രം രസാവഹമാണു്:

നവീനഭൂഖണ്ഡത്തിന്റെ കണ്ടുപിടിത്തത്തോടുകൂടി അവിടത്തെ നിവാസികളായ ഇൻഡ്യാക്കാരുടെയിടയിലുള്ള പ്രേഷിതവൃത്തിയും സമാരബ്ധമായി. വി. ഇഗ്നേഷ്യസ് തന്റെ സഭ സ്ഥാപിക്കുന്നതിനുമുമ്പുതന്നെ ലെയോ പത്താമൻ എന്ന മാർപ്പാപ്പാ ഒരു തിരുവെഴുത്തുമൂലം പുതിയ ഭൂവിഭാഗത്തിൽ വിപുലമായ തോതിൽ മിഷ്യൻപ്രവത്തനം നടത്തുന്നതിനുള്ള അധികാരം ഫ്റാൻസിസ്കൻസഭക്കാക്കു നല്കി. ചക്രവത്തി ചാറത്സ് പഞ്ചമന്റെ ഒരു ചാർച്ചക്കാരനായ പീററർ ഗെൻറ് (Peter Ghent) എന്നൊരു ഫ്റാൻസിസ്കൻ "സഹോദരൻ" ഇൻഡ്യാക്കാരുടെ ഇടയിലേ ശ്രേഷ്ഠവംശക്കും അവരുടെ സന്താനങ്ങൾക്കുമായി ഒരു സ്കൂൾ സ്ഥാപിച്ചു. പതിനാറാം നൂററാണ്ടിന്റെ ആരംഭകാലത്തിൽത്തന്നെ പ്രസ്തുത സ്കൂളിൽ ആയിരത്തിലധികം വിദ്യാത്ഥികളുണ്ടായിരുന്നു.

താമസിയാതെ ഡൊമിനിക്കൻസഭക്കാരും ഇൻഡ്യാക്കാരുടെ മാനസാന്തരത്തിൽ കാര്യക്ഷമമായ പങ്കുവഹിച്ചുതുടങ്ങി. അവർ ഇൻഡ്യാക്കാരുടെ കാര്യങ്ങൾ സ്വന്തം താൽപര്യങ്ങളായി പരിഗണിക്കുകയും, അവരെ മിക്കവാറും അടിമകളാക്കിത്തീർത്ത വിജിഗീഷുക്കളായ സ്പെ

യിൻകാരിൽനിന്നും സംരക്ഷിക്കുന്നതിനുള്ള ഉദ്യമത്തിൽ നേതൃസ്ഥാനം വഹിക്കുകയും ചെയ്തു. സ്വജീവിതം മുഴുവൻ ഇൻഡ്യാക്കാക്കായി വിനിയോഗിച്ച ലാസ് കാസാസ് (Las Casas) എന്ന പ്രസിദ്ധ ഡൊമിനിക്കൻ, ചാറത്സ് പഞ്ചമനിൽനിന്നും സ്മരണാർഹമായ ഒരു സ്വാതന്ത്ര്യപട്ടയം കരസ്ഥമാക്കി. ചക്രവത്തിയുടെ ഈ കല്പന നടപടിയിൽ വരുത്തുന്നതിന് ലാസ് കാസാസ് പത്രണ്ടുപ്രാവശ്യം സമുദ്രതരണം ചെയ്തിട്ടുണ്ട്.

തൻെറ സ്നേഹഭാജനങ്ങളായ ഇൻഡ്യാക്കാക്കു സ്വാതന്ത്ര്യം നല്കുന്നതിനുവേണ്ടി അദ്ദേഹം ചെയ്ത ഉദ്യമങ്ങൾ പ്രകാരാന്തരേണ നീഗ്രോകൾക്കു നാശകാരണമായിത്തീൻ. വേലകൾക്കായി നീഗ്രോകളെ കൊണ്ടുവന്നാൽ, ഇൻഡ്യാക്കാർ സ്വതന്ത്രരായിത്തീരുമല്ലോ എന്നാണ് അദ്ദേഹം കരുതിയത്. ആക്ഷേപാർഹമായ പ്രസ്തുത നയത്തെക്കുറിച്ച പിന്നീട് അദ്ദേഹത്തിനു വളരെയധികം ഖേദമുണ്ടായി.

അമേരിക്കയിലെ ശീതോഷ്ണാവസ്ഥ സഹിച്ചുകൊണ്ടു "അദ്ധ്വാനമുള്ള ജോലികൾ ചെയ്യുവാൻ യൂറോപ്യന്മാക്കു സാധിക്കുമായിരുന്നില്ല. ലാസ് കാസാസിൻെറ സ്വാതന്ത്ര്യസമരത്തിൻെറ ഫലമായി ഇൻഡ്യാക്കാരായ അടിമകൾ സ്വതന്ത്രരായപ്പോൾ,ഉപനിവേശക്കാരുടെ ഉദ്യമങ്ങളെല്ലാം പരാജയപ്പെട്ടുമെന്ന ദിക്കായി. തൻെറ പ്രസ്ഥാനംമൂലം ഉപനിവേശകരിൽനിന്നുണ്ടായ ശക്തിയേറിയ പ്രതിരോധത്തെ അതിലംഘിച്ച മുന്നോട്ടുപോകുവാൻ ലാസ് കാസാസിനു സാധിച്ചതു് അത്ഭുതാവഹമത്രേ. ഏതാദൃശസന്ദർഭങ്ങളിൽ, പ്രോട്ടസ്റ്റൻറുസഭകളെ അപേക്ഷിച്ച കത്തോലിക്കാസഭയ്ക്കുള്ള സ്വാധീനതാശക്തിക്കു മകുടോദാഹരണമാണു നാമിവിടെ കാണുന്നതു്. മർദ്ദിതരുടെ സംരക്ഷകൻ, പ്രത്യേകിച്ച് അയാൾ ഒരു

വൈദികനാണെങ്കിൽ പ്രോട്ടസ്റ്റൻറുവൈദികനു പ്രയോഗിക്കുവാൻ കഴിയാത്ത വിശിഷ്ടാധികാരങ്ങളാണ് അദ്ദേഹത്തിൻെറ കൈവശമുള്ളതു്. ലാസ് കാസാസിനു പ്രതിരോധിക്കേണ്ടിയിരുന്ന ശത്രുക്കൾ ഉഗ്രന്മാരും മൃഗപ്രായന്മാരുമായിരുന്നു; എന്നാൽ, അവർ കത്തോലിക്കരായിരുന്നു. ഒരു മനുഷ്യൻ എന്ന നിലയിൽ ലാസ് കാസാസിനെ അവർ വെറുക്കമായിരുന്നെങ്കിലും അദ്ദേഹം വഹിച്ചിരുന്ന ദിവ്യോദ്യോഗത്തേയും അതിൻെറ അധികാരാവകാശങ്ങളേയും അവർ ബഹുമാനിച്ചിരുന്നു. ഇൻഡ്യൻവേലക്കാരെക്കുറിച്ചുള്ള നിയമങ്ങൾ നിരന്തരം ലംഘിച്ചിരുന്നവൎക്കു് അദ്ദേഹം പാപമോചനം നിഷേധിച്ചിരുന്നുവെന്നതാണ് അദ്ദേഹത്തിൻെറ പ്രസ്ഥാനം വിജയപ്രദമാകാൻ ഇടയാക്കിയ സംഗതികളിൽ പ്രധാനമായതു്. ഇൻഡ്യാക്കാൎക്കുവേണ്ടി വാഗ്മിത്വത്തോടേ വാദിക്കുകയും അതീവതീക്ഷ്ണതയോടേ മർദ്ദകന്മാൎക്കെതിരായി പ്രതിഷേധകാഹളം മുഴക്കുകയും ചെയ്ത ലാസ്കാസാസ് ക്ലേവറിനെക്കാൾ ആധുനികദീനദയാലുക്കളുടെ ബഹുമാനത്തിനു പാത്രമായിത്തീൎന്നിരിക്കുന്നു. സ്നേഹമായിരുന്നു ക്ലേവറിൻെറ പ്രധാനായുധം; ലാസ് കാസാസിലാകട്ടെ മൎദ്ദിതരോടുള്ള സഹാനുഭൂതിയോടൊപ്പം പീഡകന്മാരുടെ നേൎക്കുള്ള നീതിയുക്തമായ വിദ്വേഷവും കൂടികൊണ്ടിരുന്നു. സ്പെയിനിലെ രാജകീയസിംഹാസനങ്ങളെ അലങ്കരിച്ചിരുന്ന ഫെർഡിനാൻഡിൻേറയും ഇസബെല്ലായുടേയും ഉദാരമായ സഹായമില്ലായിരുന്നുവെങ്കിൽ, അദ്ദേഹത്തിൻെറ ഉദ്യമങ്ങൾ വിജയമകുടം ചൂടുമായിരുന്നില്ല.

ക്ലേവറിൻെറ വിഖ്യാതി സാൻഡോവലിൻെറ പ്രശസ്തിയെ ആച്ഛാദനം ചെയ്തതുപോലെ, ലാസ് കാസാസിൻെറ കീൎത്തി അദ്ദേഹത്തിനു സുഗമമാൎഗ്ഗം വെട്ടിത്തുറന്ന ഡൊമിനിക്കൻസന്യാസികളുടെ യശസ്സിനേയും ഗ്ര

സിച്ചുകളഞ്ഞുവെന്നു പറയാം. അവശതയനുഭവിച്ചിരുന്ന ഇൻഡ്യാക്കാരുടെനേക്ക് അനുകമ്പയുളവാക്കുന്നതിനായി ഡൊമിനിക്കൻസന്യാസികൾ രാജസമക്ഷം ധൈര്യപൂർവ്വം നടത്തിയ വാദമാണു ലാസ് കാസാസിൻെറ മാനസാന്തരത്തിനുതന്നെ ഹേതുവായത്.

ഒരു ശ്രേഷ്ഠൻെറ കീഴിൽ വസിച്ചിരുന്ന പതിനഞ്ചു ഡൊമിനിക്കൻസന്യാസിമാരാലാണു സ്വാതന്ത്ര്യപ്രസ്ഥാനം ആരബ്ധമായത്. സമസൃഷ്ടങ്ങളോടു പ്രദർശിപ്പിക്കുന്ന ക്രൂരതയിൽ ആദ്യം നിശ്ശബ്ദമായ അതൃപ്തിയും അചിരേണ പരസ്യമായ പ്രതിഷേധവും അവർ പ്രകടിപ്പിച്ചു. തങ്ങളുടെ അഭിപ്രായങ്ങൾ പ്രസ്താവിക്കുന്നതിനു ദൈവാലയത്തിലെ പ്രസംഗമണ്ഡപം തന്നെ ഉപയോഗിക്കുവാൻ അവർ തീരുമാനിച്ചു. അവർ ഒരു പ്രതിഷേധപ്രമേയമുണ്ടാക്കുകയും എല്ലാവരും അതിൽ ഒപ്പുവയ്ക്കുകയും ചെയ്തു പ്രസ്തുത പ്രമേയം, സാൻഡൊമിനിക്കോ എന്ന സ്ഥലത്തെ ദൈവാലയത്തിൽ വച്ചു പ്രസംഗരൂപേണ ജനസമക്ഷം അവതരിപ്പിക്കുവാൻ അൻേറാണിയോ മൊൺടേസീനോ എന്ന വൈദികനെ സന്യാസിമാർ നിയോഗിച്ചു. തിന്മയെ അസാധാരണ കാക്കശ്യത്തോടും പാടവത്തോടുംകൂടി ഭർത്സിക്കുവാൻ പ്രത്യേകവിരുതുള്ള ഒരു പ്രാസംഗികനായിരുന്നു അദ്ദേഹം.

എല്ലാവരുടേയും ശ്രദ്ധയെ സവിശേഷം ആകർഷിക്കേണ്ടതും ഗൗരവമേറിയതുമായ ഒരു വിഷയത്തെ പരാമർശിച്ചു് അടുത്ത ഞായറാഴ്ച, അത്ഭുതപൂർവ്വമായ ഒരു പ്രഭാഷണം ഉണ്ടാകുന്നതാണെന്നു സാൻഡൊമിനിക്കോയിലെ പൗരപ്രമാണികളെയെല്ലാം സന്യാസിമാർ നേരത്തേ അറിയിച്ചിരുന്നു തന്മൂലം, ഫാദർ അൻേറാണിയോ പ്രസംഗപീഠത്തിൽ ആരോഹണംചെയ്തപ്പോൾ

ദൈവാലയം ജനനിബിഡമായിക്കഴിഞ്ഞിരുന്നു. "മരുഭൂമിയിൽനിന്നും വിളിച്ചുപറയുന്ന ഒരാളിന്റെ സ്വരം ഞാൻ ശ്രവിച്ചു"എന്ന വേദവാക്യം ഉദ്ധരിച്ചുകൊണ്ടാണ് അദ്ദേഹം പ്രഭാഷണം ആരംഭിച്ചത്.

സർ ഏ. ഹെല്പ്സ് (Sir A. Helps) ഈ സംഭവത്തെക്കുറിച്ച് ഇപ്രകാരം എഴുതുന്നു: "പ്രസ്തുത പ്രസംഗത്തെക്കുറിച്ച് നമുക്ക് ഒരു സംക്ഷിപ്തവിവരണം മാത്രമേ ലഭിച്ചിട്ടുള്ളു. അത് ഊർജ്ജസ്വലമായിരുന്നുവെന്നുള്ളതു നിസ്സംശയമാണ്. കാരണം, ആശയസമ്പുഷ്ടനായ ഒരുവൻ തന്റെ ആശയങ്ങളെ യഥായോഗ്യം പ്രകാശിപ്പിക്കുക സ്വാഭാവികം മാത്രമാണല്ലോ. പ്രാസംഗികന്മാർക്കു തങ്ങളുടെ സാമർത്ഥ്യം, വാഗ്മിത്വം, തീക്ഷ്ണത മുതലായവ സമ്യക്കായി പ്രകടിപ്പിക്കാവുന്ന സാന്മാൎഗ്ഗികതത്ത്വങ്ങളല്ലായിരുന്നു ഇവിടത്തെ പ്രതിപാദ്യവിഷയം. പ്രത്യുത, സർവ്വമനുഷ്യർക്കും സുസ്പഷ്ടവും പൊതുവായ പരാമർശനങ്ങളുടെ മറവിൽ വക്താവിനോ ശ്രോതാക്കൾക്കോ രക്ഷ നേടുവാൻ സാധിക്കാത്തതുമായ ഒരു തിന്മയായിരുന്നു പ്രസംഗവിഷയം. വന്ധ്യയായ മരുഭൂമി അവരുടെ ആത്മാക്കൾക്കു സദൃശമാണെന്ന് അദ്ദേഹം ശ്രോതാക്കളോടു പറഞ്ഞു. അനന്തരം, നിർദ്ദോഷരായ ഇൻഡ്യാക്കാരുടെമേൽ ക്രൂരഭരണം നടത്തുന്ന അവർ മാരകപാപത്തിൽ സ്ഥിതിചെയ്യുന്നുവെന്നാണ് "മരുഭൂമിയിൽ കേൾക്കപ്പെട്ട സ്വരം" വിളിച്ചുപറയുന്നതെന്ന് ഏററം ഹൃദയസ്പർശകവും അതേസമയം ഭയജനകവുമായ വാക്കുകളിൽ അദ്ദേഹം പ്രസ്താവിച്ചു. ഈ അടിമത്തം വച്ചുപുലർത്താൻ അവർക്ക് എന്തധികാരം എന്ന് അദ്ദേഹം ചോദിച്ചു. മൃഗീയമായ ഈ മനുഷ്യവേട്ട നടത്തുവാൻ ന്യായമെന്തു്? ഉപനിവേശകന്മാരായ അവർക്ക് ഇൻ

ദ്ധ്യാക്കാരിൽനിന്ന് ഇത്ര ഭീകരമായ അദ്ധ്വാനം ആവശ്യപ്പെടുവാനുള്ള അവകാശം എവിടെനിന്നു കിട്ടി? അവരുടെ ആദ്ധ്യാത്മികവും ഭൗതികവുമായ ആവശ്യങ്ങൾ തീരെ അവഗണിക്കപ്പെട്ടിരിക്കുന്നു. ഇത്ര നിഷ്ഠുരമായി പ്രവർത്തിക്കുന്ന സ്പെയിൻകാരുടെ ആത്മരക്ഷ സന്ദേഹാസ്പദമാണ്. . . .

"ഭർത്സനവും അവഹേളനവും ഇങ്ങനെതുടരുവാൻ അനുവദിച്ചുകൂടെന്നു ജനങ്ങൾ ശപഥംചെയ്യുന്നതും, രോഷാകുലരായി അങ്ങോട്ടുമിങ്ങോട്ടും തിരിയുമ്പോൾ അവരുടെ ആയുധങ്ങൾ കൂട്ടിമുട്ടി ശബ്ദമുണ്ടാകുന്നതും ഞാൻ ഭാവനയിൽ ശ്രവിക്കുന്നു. ഏതായാലും അവർ പ്രസംഗം മുഴുവൻ ശ്രവിച്ചു. അനന്തരം, ഉച്ചഭക്ഷണത്തിനായി സ്ഥലംവിട്ടു. ഭക്ഷണം കഴിഞ്ഞു് അവരിൽ പ്രധാനന്മാർ യോഗംകൂടി ആലോചിച്ചതിനുശേഷം തങ്ങളുടെ അതികഠിനമായ പ്രതിഷേധം പ്രകടിപ്പിക്കുവാൻ ഡൊമിനിക്കൻ ആശ്രമത്തിലേക്കു തിരിച്ചു. ആശ്രമമന്ദിരം ഒരു ഷെഡ്ഡുമാത്രമായിരുന്നു. അവിടത്തെ ശ്രേഷ്ഠനായിരുന്ന പീററർ കൊർഡോവാ അവരെ സ്വീകരിച്ചു്, അവരുടെ യുക്തിവാദങ്ങൾ ശ്രവിച്ചു. ഒരു ഭ്രാന്തനെപ്പോലെ കണ്ടതൊക്കെ പുലമ്പിയ ഫാദർ ആന്റോണിയോയെ കാണണമെന്നവർ ശഠിച്ചു. അദ്ദേഹം തന്റെ പ്രസ്താവനകൾ അടുത്ത ഞായറാഴ്ച പിൻവലിക്കണമെന്ന് അവർ ആവശ്യപ്പെട്ടു. സുദീർഘമായ ഒരു വാക്സമരമാണ് അവിടെ നടന്നതു്. പ്രസംഗത്തിൽ പ്രകടിതമായ ആശയങ്ങൾ ഒരു വ്യക്തിയുടെ മാത്രമല്ല, ഡൊമിനിക്കൻസമൂഹം മുഴുവന്റേതുമാണെന്നു പീററർ കൊർഡോവാ വ്യക്തമാക്കി. തങ്ങൾക്കെതിരായ ആരോപണങ്ങൾ പിൻവലിക്കാത്തപക്ഷം, ഡൊമിനിക്കൻസന്ന്യാസിമാർ സ്പെയിനിലേക്കു തി

രികെപ്പോകുവാൻ ഭാണ്ഡം മുറുക്കുകയേ വേണ്ടൂ എന്നു പ്രതിനിധിസംഘം അമർഷപൂർവ്വം ആക്രോശിച്ചു. സന്ന്യാസിശ്രേഷ്ഠൻ പ്രശാന്തനായി മറുപടി പറഞ്ഞു: 'മാന്യപ്രഭുക്കന്മാരേ,' 'അതിലേക്കു ഞങ്ങൾ അധികം ബുദ്ധിമുട്ടേണ്ടിവരുമെന്നു തോന്നുന്നില്ല.' അതു പരമാർത്ഥമായിരുന്നു. സന്ന്യാസിമാർക്കു സമ്പാദ്യമായി ഉണ്ടായിരുന്ന ബുക്കുകൾ, വസ്ത്രങ്ങൾ, കുർബാനക്കുപ്പായങ്ങൾ മുതലായവ എല്ലാംകൂടി രണ്ടു പെട്ടിയിൽ കൊള്ളുമായിരുന്നു. ഒടുവിൽ, പ്രസ്തുതവിഷയത്തെക്കുറിച്ചു ക്ഷമാപണരൂപത്തിൽ എന്തെങ്കിലും പ്രസ്താവന അടുത്ത ഞായറാഴ്ച ഉണ്ടാകുമെന്നുള്ള പ്രതീക്ഷയോടേ പ്രതിനിധിസംഘം യാത്രയായി.

"പിറേറ ഞായറാഴ്ച സമാഗതമായി. ഇത്തവണ ആരേയും ക്ഷണിക്കേണ്ട ആവശ്യം ഉണ്ടായിരുന്നില്ല. പ്രസംഗവേദിയിൽനിന്നു ഫാ. അൻേറാണിയോ തങ്ങളോടു ക്ഷമായാചനം ചെയ്യുന്നതു ശ്രവിക്കുന്നതിനായി ആളുകൾ ദൈവാലയത്തിൽ തിങ്ങിക്കൂടി. ദിവ്യബലികഴിഞ്ഞു ഫാ. ആൻേറാണിയോ പ്രസംഗപീഠത്തിൽ പ്രത്യക്ഷനായി. "ആരംഭംമുതലുള്ള എൻെറ ജ്ഞാനത്തെ ഞാൻ ആവർത്തിക്കുകയും എൻെറ സ്രഷ്ടാവിനെ നീതികരിക്കുകയും ചെയ്യും." (വി. ജോബ് 36: 3.) എന്ന വേദവാക്യം അദ്ദേഹം ഉദ്ധരിച്ചു. കുശാഗ്രബുദ്ധികളായ ശ്രോതാക്കൾക്കു പ്രസംഗത്തിൻെറ ഗതി എങ്ങോട്ടെന്നു പ്രസ്പഷ്ടമായി. അതേ; കഴിഞ്ഞതിനെക്കാൾ ഒട്ടും പാരുഷ്യം കുറഞ്ഞതായിരുന്നില്ല ഇപ്രാവശ്യത്തെ പ്രസംഗവും. മുൻപ്രസ്താവനകളെ അദ്ദേഹം പൂർവ്വാധികം ഗൗരവത്തോടേ ആവർത്തിച്ചു; യുക്തികളെ കുറേക്കൂടി ബലപ്പെടുത്തി; നിഗമനങ്ങളെ ഊർജ്ജസ്വലതയോടേ ദൃഢീകരിക്കുകയും ചെയ്തു. കൂടാ

തെ, മേലാൽ ഇൻഡ്യാക്കാരോടു കൈയേററംചെയ്യുന്ന വക്ക് ഡൊമിനിക്കൻ സന്ന്യാസിമാർ പാപമോചനം നല്കുന്നതല്ലെന്നും ഈ വസ്തുത പ്രസിദ്ധമാക്കുകയോ ആരെയെങ്കിലും അറിയിക്കുകയോ ചെയ്യുന്നതിൽ വിരോധമില്ലെന്നും അവരെ ധരിപ്പിച്ചു. ആളുകൾ ഫാദർ അൻേറാണിയോയുടെ പ്രസംഗം മുഴുവൻ ശ്രവിച്ചു. ഇനി ആശ്രമത്തിലേക്കു പോയിട്ടു കാര്യമില്ലെന്ന് അവക്കറിയാമായിരുന്നു. അതിനാൽ, രാജസമക്ഷം പരാതി ബോധിപ്പിക്കുന്നതിനും രാജകീയകോടതിയിൽ തങ്ങളുടെ ഭാഗം വാദിക്കുവാൻ ഒരു ഫ്റാൻസിസ്കൻ സന്ന്യാസിയെ അയയ്ക്കുന്നതിനും അവർ നിശ്ചയിച്ചു. രണ്ടോ മൂന്നോ തലമുറക്കാലത്തേയ്ക്ക്, അല്ലെങ്കിൽ, എന്നേയ്ക്കും ഇൻഡ്യാക്കാരെ അടിമകളായി വച്ചുകൊണ്ടിരിക്കുവാനുള്ള അവകാശം സ്ഥിരീകരിച്ചുകിട്ടുവാൻ അപേക്ഷയുമായി രണ്ടു പ്രതിനിധികളെ നേരത്തെതന്നെ അവർ അയച്ചിട്ടുണ്ടായിരുന്നു.

ദൗത്യവാഹകനായി തിരഞ്ഞെടുക്കപ്പെട്ട ഫ്റാൻസിസ്കൻ, ഫാദർ അലോൺസോ എസ്പിനൽ, സ്പെയിനിലേയ്ക്കു കപ്പൽ കയറി.

ഏതാനും ഭക്തജനങ്ങളുടെ ഉദാരസംഭാവനകൾ മൂലം, ഫാ. അലോൺസോയുടെ പ്രചരണവേലയെ എതിക്കുന്നതിനു ഫാദർ അൻേറാണിയോയെ സ്പെയിനിലേക്കയയ്ക്കാൻ ആവശ്യമുള്ള ധനം ഡൊമിനിക്കൻ സന്ന്യാസിമാക്കും ലഭിച്ചു. എന്നാൽ, പണക്കൊഴുപ്പും സ്വാധീനതാശക്തിയും ഉള്ളവക്കുവേണ്ടി വാദിക്കുവാൻപോയ അലോൺസോയ്ക്കു സ്പെയിനിൽ എല്ലായിടത്തും പ്രവേശനം ലഭിച്ചു. ഫാ. അൻേറാണിയോയെ ആരും തിരിഞ്ഞുനോക്കുകപോലും ചെയ്തില്ല. ഉദ്യോഗസ്ഥന്മാരുടെ കവാടങ്ങൾ തനിക്കെതിരായി അടയ്ക്കപ്പെട്ടി

രിക്കുന്നതായും കാവൽക്കാർ തൻെറനേരെ ശ്രുക്ഷത യോടേ തുറിച്ചുനോക്കുന്നതായും അദ്ദേഹം കണ്ടു. എന്നാൽ, ദൈവികശുഷ്കാന്തിയും ആധുനികസമുദായ പരിഷ്കർത്താക്കളുടെ വിപ്ലവബുദ്ധിയും ഇണങ്ങിച്ചേന്നിരിക്കുന്ന ഒരാളെ പരാജയപ്പെടുത്തുവാൻ ഇവയൊന്നും പര്യാപ്തമായില്ല. അദ്ദേഹം ക്ഷമാപൂർവ്വം അവസരം പാർത്തുകൊണ്ടു രാജകൊട്ടാരത്തിൻെറ വരാന്തകളിൽ മുട്ടിത്തിരിഞ്ഞുനടന്നു. ഒരിക്കൽ ദ്വാരപാലകൻ മററാരോടോ സംഭാഷണത്തിൽ വ്യാപൃതനായിരുന്ന തക്കംനോക്കി അദ്ദേഹം ഉള്ളിൽ കടന്നു രാജസന്നിധിയിൽ എത്തി. ഇരു കക്ഷികൾക്കും ഒന്നുപോലെ തങ്ങളുടെ വാദങ്ങൾ സമർപ്പിക്കുവാൻ സ്വാതന്ത്ര്യമുള്ള ഒരു രാജകീയകമ്മിഷൻ ഏർപ്പെടുത്തുന്നതിനു രാജസമ്മതം അദ്ദേഹം കരസ്ഥമാക്കി. എന്നാൽ, കമ്മിഷൻ ഫാ. അൻേറാണിയോയുടെ വാദമുഖങ്ങളൊന്നും ശ്രദ്ധിക്കാതിരുന്നതിനാൽ, അദ്ദേഹത്തിൻെറ യത്നങ്ങൾ വിഫലങ്ങളായി. ഒടുവിൽ, തൻെറ പ്രധാനപ്രതിയോഗിയെത്തന്നെ കീഴടക്കുവാൻ അദ്ദേഹം നിശ്ചയിച്ചു. ഒരു ദിവസം അദ്ദേഹം അലോൺസോയുടെ പക്കൽ ചെന്നു് ഇപ്രകാരം സംഭാഷണമാരംഭിച്ചു: "സഹോദരാ, താങ്കൾക്കു് ഈ ലോകത്തിൽനിന്നു കൊണ്ടുപോകുവാൻ കീറിത്തുടങ്ങിയതും ഒട്ടേറെ ക്ഷുദ്രജീവികളുടെ വിഹാരരംഗവുമായ ഈ ഉടുപ്പല്ലാതെ വേറെ എന്തെങ്കിലുമുണ്ടോ?" തീർച്ചയായും ഈ മുഖവുര വിജയാശംസകമായിരുന്നില്ല. എന്നാൽ, മുഖവുരയിൽനിന്നു വളരെ വ്യത്യസ്തമായ രീതി പ്രസ്തുത സംഭാഷണത്തിൽ അദ്ദേഹം സാമർത്ഥ്യപൂർവ്വം അവലംബിച്ചു. പുണ്യസമ്പന്നമായിരിക്കേണ്ട ഒരു ജീവിതത്തെ ഫലശൂന്യമാക്കുന്നതും, തനിക്കു യാതൊരു പ്രയോജനവും കൈവരുത്തു

കയില്ലാത്തതുമായ ഒരു കാര്യത്തിന് അലോൺസോ ബദ്ധപ്പെട്ടുകയാണെന്ന് അദ്ദേഹം പ്രസ്പഷ്ടമാക്കി. ചെകുത്താൻെറ ഈ വേലയ്ക്ക്, അവൻ നല്കാവുള്ള പ്രതിഫലംപോലും കൂടാതെ, അലോൺസോ പ്രയത്നിക്കയാണെന്ന് അദ്ദേഹം സമർത്ഥിച്ചു. ശൂലംപോലെ തുളച്ചുകയറിയ ഈ വാദമുഖങ്ങൾ, ഫ്റാൻസിസ്കൻസന്ന്യാസിയിൽ വലിയ ഒരു പരിവർത്തനമുളവാക്കുകയും തൽഫലമായി, രാജകീയ കമ്മിഷൻെറ ആലോചനകൾ അപ്പോഴപ്പോൾ ഫാ. അൻേറാണിയോയെ അറിയിക്കാമെന്ന് അദ്ദേഹം സമ്മതിക്കുകയും ചെയ്തു. ഇങ്ങനെ സംലബ്ധമായ അറിവു ഫാ. അൻേറാണിയോ വിജയകരമായി പ്രയോജനപ്പെടുത്തി

ഇപ്രകാരം ധീരകേസരികളായ ഡൊമിനിക്കൻ സന്ന്യാസിമാർ ആരംഭിച്ച ഈ സമരത്തെ, നാം മുകളിൽകണ്ടതുപോലെ, കാലക്രമേണ ലാസ്കാസാസ് വിജയപര്യവസായിയാക്കിത്തീർത്തു. ലാസ് കാസാസ് തന്നെ ഇൻഡ്യാക്കാരായ അടിമകളെ വച്ചുകൊണ്ടിരുന്നതിനാൽ പാപമോചനം നിഷേധിക്കപ്പെട്ട ഒരുവനായിരുന്നു. ആരംഭത്തിൽ ഡൊമിനിക്കൻസന്ന്യാസിമാരുടെ ഈ അധികാരപ്രയോഗത്തെ അമർഷപൂർവ്വം അദ്ദേഹം പ്രതിഷേധിച്ചെങ്കിലും, സത്യത്തിനും നീതിക്കും വേണ്ടിയുള്ള അവരുടെ പോരാട്ടവും നിസർഗ്ഗസുന്ദരവും പ്രകടനരഹിതവുമായ അവരുടെ പ്രസംഗങ്ങളും അദ്ദേഹത്തിൻെറ ഹൃദയത്തെ സ്പർശിച്ചു. താമസംവിനാ ലാസ്കാസാസ് മാനസാന്തരപ്പെട്ട് ഒരു ഡൊമിനിക്കൻ സന്ന്യാസിയാകുകയും മഹത്തായ സേവനത്താൽ വിഖ്യാതനായിത്തീരുകയും ചെയ്തു.

ഇപ്രകാരം, 1572-ൽ ഈശോസഭക്കാർ വരുന്നതിനുമുമ്പുതന്നെ രണ്ടു സന്ന്യാസസമൂഹങ്ങൾ,— ഡൊമി

നിക്കൻന്മാരും, ഫ്റാൻസിസ്കന്മാരും— നാട്ടുകാരായ ഇൻഡ്യാക്കാരുടെ ആദ്ധ്യാത്മികവും ശാരീരികവുമായ അഭിവൃദ്ധിക്കായി അശ്രാന്തപരിശ്രമംചെയ്യുന്നതു നാം കാണുന്നു.

കത്തോലിക്കർ പ്രേഷിതവൃത്തി ചെയ്യുന്ന സ്ഥലങ്ങളിൽ ജനങ്ങളുടെ ആവശ്യങ്ങൾ സ്വകീയമായി കരുതുന്നു. റോബർട്ടു ളൂയി സ്റ്റീവൻസൺ, കത്തോലിക്കരുടെ സേവനങ്ങളെ പ്രോട്ടസ്റ്റൻറുകാരുടേതിനോടു താരതമ്യം ചെയ്തുകൊണ്ടു പറയുന്നു: "ഈശോസഭക്കാരുടെ ലോകോത്തരമായ പ്രവൃത്തികളുടെ മുമ്പിൽ ആംഗ്ലോസാക്സൺ പ്രോട്ടസ്റ്റൻറിസം എത്ര അധ:സ്ഥിതമായി കാണപ്പെടുന്നു."

പെറു, ബൊളീവിയാ എന്നീ രാജ്യങ്ങളിൽ ജസ്വീത്തർ നൂറിലധികം വിഭിന്നവർഗ്ഗക്കാരായ ഇൻഡ്യാക്കാരുമായി സമ്പർക്കത്തിലേർപ്പെടുകയും, അവർക്കു കുടിൽനിർമ്മാണത്തിനു വിദഗ്ദ്ധനിർദ്ദേശങ്ങൾ നല്കുകയും പലതരം കൈത്തൊഴിലുകൾ അവരെ അഭ്യസിപ്പിക്കുകയും ചെയ്തു; അനേകം സ്കൂളുകൾ സ്ഥാപിക്കുകയും, അവരുടെ പാരമ്പര്യവും പുരാതനസംസ്കാരവും നാശോന്മുഖമാകാതെ സംരക്ഷിക്കുകയും ചെയ്തു. യുദ്ധങ്ങൾ ശമിപ്പിക്കുന്നതിനും അവരുടെ നേതൃത്വം വളരെ ഉപകരിച്ചിരുന്നു. ലാ പ്ലാററായിലേ മെത്രാപ്പോലീത്താ ഒരിക്കൽ സ്പെയിനിലേ രാജാവിനു ഇങ്ങനെ എഴുതി: "വിപുലമായ സൈന്യവ്യൂഹങ്ങളെക്കൊണ്ടും അനല്പമായ ധനവ്യയംകൊണ്ടും സാദ്ധ്യമല്ലെന്നു കരുതിയിരുന്ന സമാധാനപുന:സ്ഥാപനം, തങ്ങളുടെ തീക്ഷ്ണതയൊഴികെ യാതൊരായുധവുംകൂടാതെ ഈശോസഭാംഗങ്ങൾ സ്വല്പകാലത്തിനുള്ളിൽ നിർവ്വഹിച്ചിരിക്കുന്നു. അവർ ശത്രുക്കളെ

മിത്രങ്ങളാക്കുകയും ഏററം അസംസ്കൃതരും ഉച്ശ്രംഖലരുമായ ജനങ്ങളെ തിരുമനസ്സിലേ വിശ്വസ്തപ്രജകളാക്കിത്തീക്കുകയും ചെയ്തിരിക്കുന്നു."

വാസ്തവത്തിൽ, ഉപനിവേശകരുടെ ക്രൂരതയിൽനിന്നു നാട്ടുകാരെ സംരക്ഷിക്കുന്നതിൽ ഈശോസഭക്കാർ ഡൊമിനിക്കൻസന്യാസികളോടു കിടനില്ക്കുന്നവരാണ്. വടക്കേ അമേരിക്കയിൽ അടിമകളെ വേട്ടയാടുക എന്ന പതിവു നിറുത്തലാക്കുവാൻ കാരണക്കാർ അവരത്രേ. ഒരു ജസ്വിററുവൈദികൻ, യൂറോപ്യന്മാരുടെ വിക്രിയകൾ അവജ്ഞാദ്യോതകവും പരിഹാസജന്യവുമായവിധം പ്രദർശിപ്പിക്കുന്ന ഒരു നാടകം ദേശഭാഷയിൽ രചിക്കുവാൻപോലും ധൈര്യപ്പെട്ടു. ഈ നാടകം അദ്ദേഹം ഇൻഡ്യാക്കാരെക്കൊണ്ട് അഭിനയിപ്പിക്കുകയും അതു കാണുവാൻ അവിടേയും പരിസരങ്ങളിലുമുള്ള നാട്ടുകാരെയെല്ലാം ക്ഷണിക്കുകയും ചെയ്തു.

ഈ സംഭവം അന്നത്തേ സ്വാതന്ത്ര്യപ്രസ്ഥാനത്തിൽ വളരെ അസാധാരണംതന്നെയായിരുന്നു. രാജമന്ദിരത്തിൽപ്പോലും പ്രവേശിച്ചു തങ്ങളുടെ പ്രതിഷേധങ്ങൾ പ്രകടിപ്പിക്കുവാൻ അന്നത്തേ സാമുദായികപരിഷ്കൎത്താക്കൾ ധൈര്യം പ്രദർശിപ്പിച്ചില്ലെങ്കിലും മർദ്ദകന്മാർക്കെതിരായി പ്രക്ഷോഭണം നടത്തുവാൻ മർദ്ദിതരെ പ്രേരിപ്പിക്കുന്ന ആധുനികസമുദായോദ്ധാരകന്മാരുടെ നയം അവർ ആദരിച്ചിരുന്നതായി കാണുന്നില്ല. ഫാ. അൻേറാണിയോ നേതൃത്വം വഹിച്ച സ്വാതന്ത്ര്യസമരം, അധികാരമോ പ്രശസ്തിയോ രാഷ്ട്രത്തിലേ മികച്ച ഉദ്യോഗമോ കരഗതമാക്കുവാനുള്ള എളുപ്പമാൎഗ്ഗമൊന്നുമല്ലായിരുന്നു. താൻ പ്രാതിനിധ്യം വഹിച്ചിരുന്ന അവശസമുദായത്തിൽനിന്നും പ്രശംസോക്തികളോ പ്രോത്സാഹനമോപോലും പ്രതിഫലമായി ലഭി

ക്കാതെ, ധനികന്മാരും ശക്തന്മാരുമായ ശത്രുക്കൾക്കെതിരായി പ്രത്യക്ഷത്തിൽ നിരാശാജനകമായ സമരമാണ് അദ്ദേഹത്തിന്ന നിവ്വഹിക്കേണ്ടിയിരുന്നത്.

---

# എട്ടാം അധ്യായം.

## അടിമത്തത്തിൻെറ അനന്തരചരിത്രം.

അടിമത്തത്തെക്കുറിച്ച് ഇത്രയും പ്രസ്താവിച്ചതിന്നശേഷം, അതിൻെറ അനന്തരചരിത്രംകൂടെ ഇവിടെ സംക്ഷേപിക്കുന്നത് ഉചിതമെന്നു കരുതുന്നു. ലാസ് കാസാസിൻെറ പരിശ്രമങ്ങൾ വെസ്റ്റിൻഡീസിലെ ഇൻഡ്യാക്കാക്ക് ഗുണകരമായിത്തീൎന്നുവെങ്കിലും അവ ആഫ്റിക്കായിലെ നീഗ്രോകൾക്ക് എപ്രകാരം വിനാശഹേതുകമായി പരിണമിച്ചുവെന്നു മുന്നദ്ധ്യായത്തിൽ നാം കണ്ടു. നവീനഭൂഖണ്ഡത്തിൽ യൂറോപ്യൻരാജ്യങ്ങൾ മിക്കവയും കോളനികൾ ആരംഭിച്ചതിനോടുകൂടെ അടിമവ്യാപാരം മൂർദ്ധന്യാവസ്ഥയെ പ്രാപിച്ചു. സ്പെയിനിനേയും പോർട്ടുഗലിനേയും അനുകരിച്ച് ഇംഗ്ലണ്ട്, ഫ്റാൻസ്, ഹോളണ്ട്, ഡൻമാൎക്ക മുതലായ രാജ്യങ്ങളും ഈ ഹീനമായ തൊഴിലിൽ പങ്കുകാരായി.

എത്ര വിപുലമായ തോതിലാണ് അടിമവ്യാപാരം നടത്തപ്പെട്ടിരുന്നതെന്നു ചില കണക്കുകൾ വിശദമാക്കുന്നുണ്ട്. 1640-നും 1700-നും മദ്ധ്യേയുള്ള കാലഘട്ടത്തിൽ ആഫ്റിക്കൻ കമ്പനി ഏകദേശം 140000 നീഗ്രോകളെ കച്ചവടം ചെയ്യുകയുണ്ടായി. അതേസമയം പ്രൈവററ് ഏജൻസികൾ 160000 പേരെ ക്രയവിക്രയം ചെയ്തു. 1700-നും 1786-നമിടയ്ക്ക് ഒരു ബ്രി

ട്രീഷ്കോളനിയായ ജമയിക്കായിലേക്കമാത്രം 610000 നീഗ്രോകഠ അയയ്ക്കപ്പെട്ടു. ബ്രിയാൻ എഡ്വാർഡ്സി ൻെറ കണക്കനുസരിച്ച്, ബ്രിട്ടീഷഅമേരിക്കയിലേക്കം വെസ്റ്റിൻഡീസിലേക്കമായി 1680-നും 1786-നും മ ധ്യേ 2,130,000 അടിമകളാണ് ഇറക്കമതിചെയ്യപ്പെ ട്ടിട്ടുള്ളത്. 1790-ൽ വിർജീനിയായിൽ 200000 അ ടിമകളാണുണ്ടായിരുന്നത്. ഇതേവർഷത്തിൽത്തന്നെ വി വിധയൂറോപ്യൻരാജ്യങ്ങഠ കയററി അയച്ചിട്ടുള്ള നീ ഗ്രോകളുടെ സംഖ്യ ഏതാണ്ടിപ്രകാരമാണ്: ബ്രിട്ടൻ- 38000; ഫ്റാൻസ്- 20000; പോർട്ടുഗൽ-10000; ഹോളണ്ട്-4000; ഡെന്മാർക്ക- 2000. (Encyclopaedia Britannica)

അടിമകളായി വില്ക്കപ്പെട്ടുന്ന സാധുക്കളായ നീ ഗ്രോകഠക്ക കപ്പൽയാത്രയിൽ അനുഭവിക്കേണ്ടിയിരു ന്ന കഠിനയാതനകഠ മൂന്നൊരദ്ധ്യായത്തിൽ നാം കണ്ടു കഴിഞ്ഞു. കോളനികളിൽ ചെന്നുചേൻ്നതിനുശേഷവും മനുഷ്യോചിതമായ രീതിയിൽ ജീവിക്കവാൻ അവർ അനുവദിക്കപ്പെട്ടിരുന്നില്ല. എന്നാൽ, കത്തോലിക്കരു ടെ വകയായ കോളനികളിലേയും പ്രോട്ടസ്റ്റൻറുകോള നികളിലേയും അടിമകളുടെ അവസ്ഥ ഒന്നുപോലെ ആ യിരുന്നില്ല.

തങ്ങളുടെ പ്രവൃത്തികഠക്ക സാൎവ്വത്രികവും ദൈവിക വുമായ ഒരു സ്ഥാപനത്തോട് ഉത്തരവാദികളായിരുന്ന സുശക്തന്മാരായ സംരക്ഷകന്മാരെയാണ കത്തോലിക്കർ ഉപനിവേശം ചെയ്ത സ്ഥലങ്ങളിലേ അടിമകഠക്ക ല ഭിച്ചത്. പ്രോട്ടസ്റ്റൻറുകോളനികളിലേ അടിമകഠക്ക ലഭ്യമല്ലാതിരുന്ന ഒരാനുകൂല്യമാണിത്. ഒരു പ്രോട്ടസ്റ്റൻറു പാസ്റ്റർ ദേശീയവും ലൗകികവുമായ ഒരു ഗവണ്മെൻറി ൻെറ പ്രതിനിധിമാത്രമാണ്. അദ്ദേഹം പ്രാമാണികമാ

യി പഠിപ്പിക്കുന്നുവെങ്കിൽ, അതെക്കുറിച്ച് അവസാന വിധി പറയേണ്ടതു പാർലിമെൻറാണെന്നു് ആക്ഷേപം പുറപ്പെടുവിക്കാനുള്ള അവകാശം ജനങ്ങൾക്കുണ്ട്.

നേരെമറിച്ച്, ക്ലേവറിനെപ്പോലുള്ള കത്തോലിക്കാവൈദികൻ വിവിധരാജ്യങ്ങളിൽ വ്യാപിച്ചിരിക്കുന്ന ഒരു സന്യാസസംഘത്തിൻെറ അംഗവും, ലോകം മുഴുവനിലും ആദ്ധ്യാത്മികാധികാരം ലഭിച്ചിട്ടുള്ള ഏകസഭയുടെ പുരോഹിതനുമാണു്. കത്തോലിക്കാസഭയുടെ പ്രബോധനങ്ങളെ നിഷേധിക്കുവാൻ പാഷണ്ഡതയെ ഭയമുള്ള യാതൊരു കത്തോലിക്കനും തുനിയുകയില്ലെന്നു് അറിയാവുന്നതിനാൽ, ഒരു കത്തോലിക്കാപുരോഹിതന്് അവയെ അവലംബിച്ചു ധൈര്യപൂർവ്വം ഉപദേശിക്കുവാനും ശാസിക്കുവാനും സാധിക്കും. സഭയുടെ നിയമങ്ങൾ ദുർവ്യാഖ്യാനം ചെയ്തു് അവയിൽനിന്നും രക്ഷ നേടുവാൻ അടിമവ്യാപാരികൾ ശ്രമിച്ചേക്കാമെങ്കിലും അവയുടെ സാധുതയെ നിഷേധിക്കുവാൻ ധൈര്യപ്പെടുകയില്ല.

അടിമകൾക്കു വിവാഹം കഴിക്കുന്നതിനുള്ള സ്വാതന്ത്ര്യം കത്തോലിക്കാകോളനികളിൽ ഒരിടത്തും തടയപ്പെട്ടിരുന്നില്ല. എന്നാൽ, പ്രോട്ടസ്റ്റൻറു് ഉപനിവേശരാജ്യമായ ജമയിക്കയിലേ അടിമകൾക്കു പ്രസ്തുത പ്രകൃതിദത്തമായ സ്വാതന്ത്ര്യം—അതും നിയമത്തെത്തന്നെ അസാധുവാക്കത്തക്കവിധം "ഉടമസ്ഥന്മാർ അനുവദിക്കുന്നാപക്ഷം" എന്ന വ്യവസ്ഥയോടുകൂടി—അനുവദിച്ചതു് 1826-ൽ മാത്രമാണു്. കൂടാതെ, നീഗ്രോകൾക്കു് ആദ്ധ്യാത്മികസംരക്ഷണം നല്കത്തക്ക അധികാരമൊന്നും വൈദികന്മാക്കില്ലെന്നു് അവിടത്തേ നിയമനിർമ്മാണസഭ മുറവിളികൂട്ടി. നീഗ്രോകളുടെയിടയിൽ നടമാടിയിരുന്ന അസാന്മാർഗ്ഗികത്വത്തെക്കുറിച്ചു പരിതപിച്ചു

പ്രോട്ടസ്റ്റൻറു പാതിരാമാക്ക് അതിനെ ഇല്ലായ്മ ചെയ്യുന്നതിനുള്ള ഉപാധിയായി വിവാഹസ്വാതന്ത്ര്യമനുവദിച്ചുകൊടുക്കുവാൻ ആഗ്രഹമുണ്ടായിരുന്നെങ്കിൽത്തന്നെ, മനുഷ്യോചിതമായ സമുദായജീവിതത്തിന് അനർഹരായ ഒരുക്കൂട്ടം ജന്തുക്കളാണു നീഗ്രോകൾ എന്നുള്ള പൊതുജനാഭിപ്രായത്തിനെതിരായി വലിയ പ്രേരണാശക്തിയൊന്നും ചെലുത്തുവാൻ അവക്കു കഴിയുമായിരുന്നില്ല.

ഫാദർ ക്ലേവർ അടിമത്തത്തെക്കുറിച്ചോ, അടിമവ്യാപാരത്തെക്കുറിച്ചോ പ്രതിഷേധകാഹളമൊന്നും മുഴക്കിയില്ല. എന്നാൽ, അടിമകൾക്കു ജന്മസിദ്ധമായ ചില അവകാശങ്ങൾ ഉണ്ടെന്നും ഈ അവകാശങ്ങളെ ചോദ്യംചെയ്യത്തക്ക ഭോഷത്തം ഒരുവനും ഉണ്ടായിരിക്കുകയില്ലെന്നും ഉള്ള ദൃഢവിശ്വാസത്തോടേയാണ് അദ്ദേഹം പ്രവത്തിച്ചതു്. ഉടമസ്ഥൻെറ അനുമതി ലഭിക്കാതെ, ജമയിക്കായിലേ പ്രോട്ടസ്റ്റൻറുവൈദികൻ നീഗ്രോകളുടെ വിവാഹം നടത്തിക്കൊടുത്തിരുന്നില്ല. എന്നാൽ, ഫാ. ക്ലേവർ ഒരുടമസ്ഥൻേറയും അനുവാദം ചോദിച്ചില്ല. ഒരു കത്തോലിക്കാരാജ്യത്തിൽ കത്തോലിക്കാനിയമങ്ങൾ ആദരിക്കപ്പെട്ടുമെന്നു ധരിച്ചിരുന്ന അദ്ദേഹം, വിവാഹം കഴിക്കുവാൻ അഭിലഷിച്ച നീഗ്രോകൾക്കെല്ലാം ആ വിശിഷ്ടകൂദാശ യഥേഷ്ടം നല്കിയിരുന്നു. മിസ് പീററർ (Miss Peter) പറയുന്നു: "നീഗ്രോകൾക്കു മനുഷ്യാത്മാവുണ്ടെന്നുള്ള വസ്തുത കാത്ത ജീനായിൽ സമ്മതിക്കപ്പെട്ടിരുന്നു. ജമയിക്കായിലേ യജമാനന്മാർ തങ്ങളുടെ അന്തഃപുരങ്ങളിലേ 'കറുത്ത കന്യകാലിക'ളെക്കുറിച്ച് അവജ്ഞാപൂർവ്വം സംസാരിച്ചിരുന്നു. ഒരു നീഗ്രോസ്ത്രീക്ക് ഒരു മനുഷ്യക്കുരങ്ങു യോജിച്ച ഇണയല്ലേ എന്നുപോലും അവർ തമ്മിൽ ചോദി

ച്ചിരുന്നു. പൗരാണികറോമൻ അടിമത്തത്തിൻെറ ഓൎമ്മയാണു പ്രസ്തുത ദ്വീപിൽനിന്നു ലഭിക്കുന്ന വിവരങ്ങൾ നമ്മിൽ ഉജ്ജീവിപ്പിക്കുന്നതു്."

പൊതുജനാഭിപ്രായത്തിൻെറ തണലിൽ അമേരിക്കയിൽ നടമാടിയിരുന്ന അഴിമതികളെ പരമാൎത്ഥതയോടുകൂടെ ചാറത്സ് ഡിക്കൻസ് ശക്തിയുക്തം അപലപിക്കുന്നതു ശ്രദ്ധേയമാണു്: "പൊതുജനാഭിപ്രായം എന്തു്? അടിമത്തം നിലവിലിരിക്കുന്ന സ്ഥലത്തെ പൊതുജനാഭിപ്രായം അടിമത്തം അല്ലാതെ മററെന്തായിരിക്കും? അവിടെ നിയമങ്ങളുണ്ടാകുന്നതും അടിമകൾക്കു നൈയാമികസംരക്ഷണം നിരോധിക്കുന്നതും പൊതുജനാഭിപ്രായംതന്നെ. അടിമകൾക്കെതിരായി പീഡനക്കരുക്കളെ വൎദ്ധിപ്പിച്ചതു്— ചാട്ടകൾ കെട്ടിയുണ്ടാക്കിയതും ഇരുമ്പു ചുട്ടുപഴുപ്പിച്ചതും കൈത്തോക്കു നിറച്ചതും കൊലപാതകിക്കു് അഭയം നല്കിയതും—പൊതുജനാഭിപ്രായംതന്നെ. അടിമകളെ മോചിപ്പിക്കണമെന്നു വാദിച്ചുകൊണ്ടു് ആരെങ്കിലും തെക്കേ അമേരിക്കയിൽ പ്രവേശിച്ചുപോയാൽ ജീവാപായം നേരിടുന്നതാണെന്നു പൊതുജനാഭിപ്രായം അവനെ ഭീഷണിപ്പെടുത്തുന്നു. അവനെ അരയ്ക്കു കയറുകെട്ടി നട്ടുച്ചയ്ക്കു പട്ടണത്തിൽക്കൂടി വലിച്ചിഴയ്ക്കുന്നു."

മനുഷ്യമനസ്സ് എന്തുമാത്രം അധോഗതിയെ പ്രാപിക്കാം എന്നുള്ളതിനു കുറെ ഉദാഹരണങ്ങൾകൂടെ വിവരിച്ചതിനുശേഷം, പത്രങ്ങളിലേ ചിലപരസ്യങ്ങൾ ഉദ്ധരിച്ചുകൊണ്ടു ഡിക്കൻസ് പൊതുജനാഭിപ്രായം അടിമകളെ സൂക്ഷിച്ചിരുന്ന യജമാനന്മാരുടെമേൽ യാതൊരു പ്രേരണയും ചെലുത്തിയിരുന്നില്ലെന്നു വ്യക്തമാക്കുന്നു. ഒളിച്ചോടിപ്പോകുന്ന അടിമകളെക്കുറിച്ചു പത്രങ്ങളിൽ കൊടുത്തിരുന്ന വിവരങ്ങൾ ഇ

പ്രകാരമായിരുന്നു: "അവൻെറ ഇടത്തുകാലിൽ വിരലൊന്നുമില്ല." "അയാളുടെ താടിയെല്ലുകളിൽ ഒന്ന് ഒടിഞ്ഞതാണ്." "കുറച്ചുദിവസങ്ങൾക്കുമുമ്പ് അവൾ കടന്നുകളഞ്ഞു; ചുട്ടുപഴുപ്പിച്ച ഒരിരുമ്പുകൊണ്ടു ഞാൻ അവളുടെ ഇടത്തുകവിളിൽ പൊള്ളിച്ചിട്ടുണ്ട്; അവിടെ ഇംഗ്ലീഷിൽ 'M' എന്ന അക്ഷരം പതിക്കുവാൻ ഞാൻ ശ്രമിച്ചു." "അവൻെറ ഇടത്തുകണ്ണു ചുഴന്നുകളഞ്ഞതാണ്; ഇടത്തുകൈയിൽ കഠാരികൊണ്ടു കുത്തേററ മുറിവു കാണാം; ചാട്ടപ്രയോഗത്തിൻെറ അടയാളങ്ങൾ ദേഹമാസകലം ഉണ്ട്." "മാറ്റിലും കൈകളിലും പേനാക്കത്തികൊണ്ടുള്ള മുറിവിൻെറ പാടുണ്ട്; ധാരാളം സംസാരിക്കുന്ന കൂട്ടത്തിലാണ്; ദൈവത്തിൻെറ നന്മയെക്കുറിച്ചാണ് അധികവും പറയുന്നതു്."

ഈദൃശ ഘോരകൃത്യങ്ങൾ നിർബാധം അനുഷ്ഠിക്കുക മാത്രമല്ല, അവയെ നിസ്സങ്കോചം പത്രങ്ങളിൽ പ്രസിദ്ധപ്പെടുത്തുവാനും തൽകർത്താക്കന്മാർ സന്നദ്ധരാകത്തക്കവിധം പൊതുജനാഭിപ്രായം അധഃപതിച്ചിരുന്നുവെന്നതു ശോചനീയംതന്നെ.

എന്നാൽ, ആഫ്റിക്കൻ നീഗ്രോകളുടെ ദയനീയാവസ്ഥയേയും അവരോടുള്ള പെരുമാററത്തിൽ പ്രദർശിതമായ ക്രൂരതയേയും കുറിച്ചുള്ള വിവരങ്ങൾ യൂറോപ്യൻരാജ്യങ്ങളിൽ പ്രചരിച്ചതിനോടേ, സംസ്കാരസമ്പന്നരായ സകലരും പ്രതിഷേധസ്വരമുയർത്തി. എന്നാൽ, അടിമവ്യാപാരത്തിനെതിരായി സംഘടിതമായ പ്രവർത്തനങ്ങൾ ആരംഭിച്ചതു "ക്വാക്കേഴ്സ്" (Quakers) എന്നറിയപ്പെടുന്ന മതവിഭാഗക്കാരാണ്. 1783-ൽ, "വെസ്റ്റിൻഡീസിലെ അടിമകളെ സഹായിക്കുന്നതിനും മോചിക്കുന്നതിനും ആഫ്റിക്കൻതീരങ്ങളിലെ അടിമവ്യാപാരത്തെ തടയുന്നതിനും" ആയി അ

വർ ഇംഗ്ലണ്ടിൽ ഒരു സമിതി ഏർപ്പെടുത്തുകയുണ്ടായി.

ഇവരുടെ ഈ പരിശ്രമങ്ങളിൽ ദീനദയാലുക്കളായ മററു പല മഹാന്മാരും ഊർജ്ജസ്വലതയോടേ സഹകരിച്ചു. അവരിൽ തോമസ് ക്ലാക്ക്സൻ, വില്യം വിൽബർഫോഷ്സ്, സക്കറി മെക്കാളി, ജയിംസ് സ്റ്റീഫൻ എന്നിവരുടെ നാമധേയങ്ങൾ സ്മരണീയങ്ങളാണ്. ഇവരുടെ നിരന്തരപരിശ്രമങ്ങൾ മൂലം 1807-ൽ ബ്രിട്ടീഷ് സാമ്രാജ്യത്തിൽ അടിമവ്യാപാരം നിരോധിക്കപ്പെട്ടു. ഈ കാലത്തിനോട് ഏറെക്കുറെ അടുത്തുതന്നെ ഫ്റാൻസ്, പോർട്ടുഗൽ, സ്പെയിൻ അമേരിക്കൻ ഐക്യസംസ്ഥാനങ്ങൾ, ഹോളണ്ട് എന്നീ രാജ്യങ്ങളും നികൃഷ്ടമായ ഈ ഏർപ്പാടിനെ നിരോധിച്ചു ഔദ്യോഗികമായ നിയമനിർമ്മാണത്താൽ അടിമവ്യാപാരം ആദ്യമായി നിറുത്തൽചെയ്തതു് ഡെന്മാർക്കാണ്. ഏതൽസംബന്ധമായ രാജകീയവിളംബരം 1792-ൽ പ്രസിദ്ധീകൃതമായി.

എന്നാൽ, അടിമവ്യാപാരനിരോധനം നീഗ്രോകൾക്കു കൂടുതൽ ദുരിതങ്ങൾക്കു കാരണമാവുകയാണുണ്ടായതു്. ഗവൺമെൻറുനിരോധനത്തെ അവഗണിച്ചു പല കച്ചവടക്കാരും വളരെ ആദായകരമായ ഈ തൊഴിൽ രഹസ്യത്തിൽ നടത്തിപ്പോന്നു. അധികാരികളാൽ പിടിക്കപ്പെട്ടുമെന്നു കാണുമ്പോൾ കപ്പലിലുള്ള അടിമകളെയെല്ലാം വധിച്ചു കളയുന്നതിനുപോലും ഈ വ്യാപാരികൾ മടിച്ചിരുന്നില്ല. ഈദൃശങ്ങളായ നഷ്ടങ്ങൾ പരിഹരിക്കുന്നതിനായി കപ്പൽക്കാർ കണക്കിൽ വളരെ കൂടുതൽ അടിമകളെ കയററിക്കൊണ്ടു പോവുക പതിവായിത്തീർന്നു. അടിമവ്യാപാരം നിരോധിക്കപ്പെട്ടതിനുശേഷം, ആഫ്റിക്കായിൽനിന്നു മുമ്പിലത്തേതിനെക്കാൾ മൂന്നിരട്ടി നീഗ്രോകൾ വില്ക്കപ്പെട്ടിട്ടുണ്ടെന്നും അവരിൽ മൂന്നിൽ രണ്ടുഭാഗവും കടൽയാത്രയിൽവച്ചു

തന്നെ മൃതി അടയേണ്ടിവന്നിട്ടുണ്ടെന്നും കണക്കാക്കപ്പെട്ടിരിക്കുന്നു.

കൂടാതെ, ഉപനിവേശരാജ്യങ്ങളിൽ ആവശ്യാനുസരണം നീഗ്രോകളെ കിട്ടാതായപ്പോൾ, വ്യവസായപ്രവത്തകന്മാർ, ഉള്ള ആളുകളെക്കൊണ്ടു കൂടുതൽ ജോലി ചെയ്യിച്ചു തുടങ്ങി. തൻമൂലം അവരുടെ സംഖ്യ ഗണ്യമായി കുറയുന്നതിനും ഇടയായി. വെസ്റ്റിൻഡീസിൽ 1807-ൽ 800000 നീഗ്രോകളാണുണ്ടായിരുന്നതു്. 1830-ൽ അവരുടെ എണ്ണം 700000 ആയി കുറഞ്ഞു.

ഈ ദുരനുഭവങ്ങളിൽനിന്നെല്ലാം, അടിമവ്യാപാരം മാത്രമല്ല, അടിമത്തംതന്നെയും നിശ്ശേഷം തിരോധാനം ചെയ്യല്ലാതെ സാധുക്കളായ നീഗ്രോകൾക്കു് ആശ്വാസം ലഭിക്കുകയില്ലെന്നു സുവിദിതമായി. അതിനാൽ, വിൽബർഫോഴ്സ് മുതലായവർ അതിലേക്കു പ്രവത്തനമാരംഭിച്ചു. തൽഫലമായി, ബ്രിട്ടീഷ്കോളനികളിലുള്ള അടിമകൾക്കു സ്വാതന്ത്ര്യം നല്കുന്നതായ നിശ്ചയം പാർലിമെൻറു 1833-ൽ അംഗീകരിച്ചു. ഇതുമൂലം വ്യവസായപ്രവത്തകന്മാർക്കു നേരിടാവുന്ന നഷ്ടം പരിഹരിക്കുന്നതിനായി ഗവണ്മെൻറു രണ്ടുകോടി പവൻ അവർക്കു നല്കുകയും ചെയ്തു.

ഇംഗ്ലണ്ടിൻെറ മഹനീയമായ ഈ മാതൃകയെ അനുകരിച്ചു ഫ്റാൻസ് 1845-ലും, ഐക്യരാജ്യങ്ങൾ 1856-ലും, പോർട്ടുഗൽ 1858-ലും, സ്പെയിൻ 1870-ലും ബ്രസീൽ 1871-ലും, അടിമത്തത്തെ നിറുത്തൽ ചെയ്യുന്ന നിയമങ്ങൾ പാസ്സാക്കി. അടിമത്തത്തെ സംബന്ധിച്ചു സ്പെയിൻ നടപ്പിലാക്കിയിരുന്ന നിയമങ്ങൾ നേരത്തേതന്നെ താരതമ്യേന വളരെ കാഠിന്യം കുറഞ്ഞവയായിരുന്നു. സ്പാനീഷ് അമേരിക്കയിലെ പല കോള

നികളും സ്വാതന്ത്ര്യലബ്ധിയോടുകൂടെ അടിമത്വത്തെ നിരോധിക്കുകയുണ്ടായി. 1813-നുശേഷം ജാതരാകുന്ന എല്ലാ നീഗ്രോക്കുട്ടികളും സ്വതന്ത്രരാണെന്നു ബ്യൂനോസ് ആയരസ് പ്രഖ്യാപിച്ചു. കൊളംബിയായിൽ 1821-ലും മെക്സിക്കോയിൽ 1829-ലും സ്വാതന്ത്ര്യപ്രഖ്യാപനമുണ്ടായി.

ഇപ്രകാരം, ക്രിസ്തീയരാജ്യങ്ങളിൽ എല്ലാംതന്നെ പത്തൊമ്പതാം ശതകത്തിൻെറ അവസാനത്തോടുകൂടെ അടിമത്വം നാമാവശേഷമായിത്തീർന്നതായി നാം കാണുന്നു. അങ്ങനെ ക്രിസ്തീയ തത്വങ്ങൾ അടിമത്വത്തിന്മേൽ വീണ്ടും വിജയം നേടി. ഈ വിജയത്തിനു ജീവകാരുണ്യപരവും രാഷ്ട്രീയവുമായ പരിഗണനകളും സഹായിച്ചിട്ടുണ്ടെന്നുള്ളതു നിസ്തർക്കമാണ്. എന്നാൽ, ക്രിസ്തുമതത്തിൻെറ പ്രേരണാശക്തിയാണ് പ്രധാനമായി പ്രവർത്തിച്ചിട്ടുള്ളത്. ക്രൈസ്തവാദർശങ്ങൾക്കു പ്രവേശം സിദ്ധിച്ചിട്ടില്ലാത്ത മഹമ്മദീയരാജ്യങ്ങളിലും പേയ്ഗൻരാജ്യങ്ങളിലും അടിമത്വം ഇന്നും നിലവിലിരിക്കുന്നു.

അടിമകൾക്കു സ്വാതന്ത്ര്യം സമ്പാദിച്ചുകൊടുക്കുന്നതിനായി മുന്നിട്ടു പ്രവർത്തിച്ച നേതാക്കന്മാർ മിക്കവരും പ്രോട്ടസ്റ്റൻറുസഭയുടെ അംഗങ്ങളാണെന്നുള്ളത് ആ സഭയ്ക്ക് അഭിമാനകരമത്രേയെന്നു കാർഡിനൽ മാനിങ്ങ് പ്രസ്താവിച്ചിട്ടുണ്ട്. എന്നാൽ, കത്തോലിക്കരെ അപേക്ഷിച്ചു പ്രോട്ടസ്റ്റൻറുകാർ അടിമകളോടു ക്രൂരതരമായനയം അനുവർത്തിച്ചിരുന്നതിനാൽ, അന്തഃകരണമർദ്ദനം കൂടുതലായി അനുഭവിച്ചിരുന്നതു് അവരാണെന്നും, തന്നിമിത്തം അവരാണു സ്വാതന്ത്ര്യപ്രസ്ഥാനത്തെ നയിക്കുവാൻ കൂടുതൽ ബാധ്യസ്ഥരായിരുന്നതെന്നും നാം അനുസ്മരിക്കണം.

എങ്കിലും, പതിനഞ്ചാംശതകംമുതൽ, അടിമത്വ

ത്തിനെതിരായി നടന്ന ദ്വിതീയസമരത്തിലും കത്തോലിക്കാസഭ പ്രമുഖമായ സ്ഥാനമാണു വഹിച്ചിരുന്നതെന്നു സഭാചരിത്രം വിശദമാക്കുന്നുണ്ട്. പീയൂസ് രണ്ടാമൻ, ലെയോ പത്താമൻ, പോൾ മൂന്നാമൻ, എന്നീ മാർപ്പാപ്പാമാർ അടിമവ്യാപാരത്തെ തടയുന്നതിനു തങ്ങളുടെ പൈതൃകാധികാരമുപയോഗിച്ചു സ്പെയിനിലേയും പോർട്ടുഗലിലേയും രാജാക്കന്മാരോടു ശക്തിയുക്തം ഉപദേശിക്കുകയും അടിമവ്യാപാരത്തിൽ ഏർപ്പെടുന്നവർക്കു കാനോനികശിക്ഷകൾ നിശ്ചയിക്കുകയും ചെയ്തു. തന്നിമിത്തമാണ് ഈ രാജ്യങ്ങളുടെ വക കോളനികളിലെ അടിമകൾക്കു മറെറങ്ങും ഇല്ലാതിരുന്ന ആനുകൂല്യങ്ങൾ അനുവദിക്കപ്പെട്ടിരുന്നതു്.

ഇൻഡ്യാക്കാരെ അടിമകളാക്കുന്നതിനെ നിരോധിച്ചുകൊണ്ടു 1537-ൽ പോൾ തൃതീയൻ എന്ന മാർപ്പാപ്പാ അയച്ച തിരുവെഴുത്തിനെപ്പററി മി. ഡി. ബി. വിൻഡ്ഹാം ലൂയീസ് (Wyndham Lewis) പ്രസ്താവിക്കുന്നതു് ഇപ്രകാരമാണ്: "പ്രസ്തുത തിരുവെഴുത്തിൽ നിന്ന്, വിരൂപരായ ഈ ജീവികൾ വിവേകബുദ്ധിയുള്ള മനുഷ്യരാണെന്നും, തിരുസ്സഭയിലെ എല്ലാ കൂദാശകളും ഇവർക്കും സ്വീകരിക്കാമെന്നും, ദൈവസന്നിധിയിൽ ഇവർക്കു് ഒരു സ്പാനിഷ്പൗരനോടോ ലണ്ടനിലെ ലോർഡ് മേയറിനോടോ തുല്യമായ മാനുഷികാവകാശങ്ങൾ ഉണ്ടെന്നും, ഈ സാധുക്കളെ ചൂഷണം ചെയ്യുന്നവർക്കുള്ള ശിക്ഷ സഭാബഹിഷ്കരണമാണെന്നും യൂറോപ്പിലെ ജനങ്ങൾ ഗ്രഹിച്ചു. ഇൻഡ്യാക്കാരുടെ അവകാശങ്ങൾ അപഹരിക്കുന്നവർ 'സാത്താൻെറ സഹകാരിക'ളാണെന്നും അവരെ അടിമകളാക്കുന്നതു് അപ്പസ്തോലികാധികാരത്താൽ ശപിക്കപ്പെട്ടിരിക്കുന്നുവെന്നും അവരെ ക്രിയവിക്രയം ചെയ്യുന്നതിനുള്ള നടപടികളെ

ല്ലാം അസാധുവാണെന്നും തിരുവെഴുത്തു സ്പഷ്ടമാക്കി."

ഉൎബൻ എട്ടാമൻ 1639-ലും ബനഡിക്റ്റ് പതിന്നാലാമൻ 1741-ലും അടിമത്തത്തെ അപലപിച്ചുകൊണ്ടു തിരുവെഴുത്തുകൾ വിളംബരം ചെയ്തിട്ടുണ്ട്. പീയൂസ് ഏഴാമൻ 1815-ൽ വീയെന്നായിലെ കോൺഗ്രസ്സിനോട് അടിമവ്യാപാരം നിറുത്തൽ ചെയ്യുവാൻ ആജ്ഞാപിച്ചു. 1839-ൽ ഗ്രിഗരി പതിനാറാമൻ ഹീനമായ ഈ തൊഴിലിനെ ശപിക്കുകയുണ്ടായി. പീററർ ക്ലേവറിനെ വിശുദ്ധനെന്നു പ്രഖ്യാപനം ചെയ്യുന്നതിനായി പീയൂസ് ഒമ്പതാമൻ പ്രസിദ്ധീകരിച്ച തിരുവെഴുത്തിൽ, അടിമവ്യാപാരത്തെ "ഏററം അധമമായ പാതകം" എന്നാണ് അധിക്ഷേപിച്ചിരിക്കുന്നതു്.

1888-ൽ ലെയോ പതിമൂന്നാമൻ ബ്രസീലിലെ മെത്രാന്മാൎക്കയച്ച ഒരു ലേഖനത്തിൽ, ആ രാജ്യത്തു് അങ്ങിങ്ങായി അവശേഷിച്ചിട്ടുള്ള അടിമത്തത്തെ ഉന്മൂലനം ചെയ്യുന്നതിന്ന് ഉപദേശിച്ചു. മെത്രാന്മാർ ഈ ഉപദേശം അനുസരിച്ചു പ്രവൎത്തിച്ചതിൻെറ ഫലമായി പല ഉടമസ്ഥന്മാരും തങ്ങളുടെ കീഴിലുള്ള അടിമകൾക്കു പൂൎണ്ണസ്വാതന്ത്ര്യം പ്രദാനംചെയ്യുകയുണ്ടായി.

ആഫ്റിക്കയുടെ ഉൾനാടുകളിൽ ആധുനികകാലത്തും നിലവിലിരിക്കുന്ന അടിമത്തത്തെ ഉന്മൂലനംചെയ്യുന്നതിനായി മിഷ്യനറിമാർ ചെയ്തിട്ടുള്ള പരിശ്രമങ്ങൾ നിസ്തുലങ്ങളാണ്. ആൽജിയേഴ്സിലെ മെത്രാപ്പോലീത്താ ആയിരുന്ന കാൎഡിനൽ ലവിജേരിയെയെ ഈ പ്രസ്ഥാനത്തിനു നേതൃത്വം വഹിക്കുന്നതിനായി പതിമൂന്നാം ലെയോ മാർപ്പാപ്പാ നിയമിക്കുകയും ഈ ജോലി തുടൎന്നുകൊണ്ടുപോകുന്നതിനായി 300000 ഫ്റാങ്കു നല്കുകയുംചെയ്തു. ലവിജെരിയെ 1880-ൽ "അടിമത്തനിരോധനസമിതി" എന്ന പേരിൽ ഒരു സംഘ

ത്തുപവൽകരിച്ചു. നിരവധി യുവജനങ്ങൾ ഈ സംഘത്തിൻെറ അംഗങ്ങളായി ചേർന്നു പ്രശസ്ത സേവനങ്ങൾ അനുഷ്ഠിച്ചിട്ടുണ്ട്. ലെയോ മാപ്പാപ്പാ 1890-ൽ അടിമത്തത്തിനെതിരായി വിളംബരംചെയ്ത വിശ്വലേഖനത്തിൽ ഇദ്ദേഹത്തിൻെറ പ്രയത്നങ്ങളെ സവിശേഷം പ്രശംസിക്കുകയും, "മനുഷ്യവർഗ്ഗത്തെ ബാധിച്ച ശാപാർഹമായ ഈ മഹാമാരി"യെ ഭൂമുഖത്തുനിന്നു നിർമ്മാർജ്ജനം ചെയ്യുന്നതിനായി എല്ലാ കത്തോലിക്കാദൈവാലയങ്ങളിലും ദെനഹാത്തിരുനാളിൽ പണപ്പിരിവു നടത്തണമെന്ന് ആജ്ഞാപിക്കുകയുംചെയ്തുവെന്നതു പ്രസ്താവയോഗ്യമാണ്.

ഇത്രയും പ്രസ്താവിച്ചതിൽനിന്നു കത്തോലിക്കാതിരുസ്സഭ അടിമത്തത്തിനെതിരായുള്ള പ്രവൎത്തനങ്ങളിൽ എത്ര പ്രമുഖമായ ഭാഗമാണു വഹിച്ചിട്ടുള്ളതെന്നു നിഷ്പക്ഷമതികൾക്കു ഗ്രഹിക്കാൻ കഴിയുമെന്നു വിശ്വസിക്കുന്നു.

# ഒമ്പതാം അദ്ധ്യായം.

## ക്ളേവർ കാൎത്തജീനായിൽ.

സ്പെയിനിൻെറ തീരത്തുനിന്നും കപ്പൽ കയറിയതോടുകൂടി, മാതൃരാജ്യത്തെക്കുറിച്ചുള്ള മധുരസ്മരണകളേയും ക്ളേവർ പരിത്യജിച്ചു. അനന്തരകാലങ്ങളിൽ അദ്ദേഹം സ്വദേശത്തെയോ സ്വജനങ്ങളെയോ കുറിച്ചു യാതൊന്നും സംസാരിച്ചു കേട്ടിട്ടില്ല.

അമേരിക്കയിലേയ്ക്കുള്ള സുദീർഘമായ സമുദ്രയാത്രയിൽ, വിശ്രമരഹിതവും സ്നേഹമസൃണവുമായ രോഗ

ശുശ്രൂഷണംകൊണ്ട് അദ്ദേഹം കപ്പലിലുണ്ടായിരുന്ന ഏവരുടേയും സ്നേഹബഹുമാനങ്ങൾക്ക പാത്രമായി. കപ്പിത്താനോടൊന്നിച്ച് ഒരേ മേശയിൽത്തന്നെയാണ് അദ്ദേഹം ഭക്ഷണം കഴിക്കേണ്ടിയിരുന്നത്. തനിക്ക് അനിഷ്ടമായിരുന്ന ഈ ബഹുമതി കഥാനായകൻ പ്രശാന്തതയോടേ സ്വീകരിച്ചു. കപ്പിത്താൻെറ മേശയിൽ വിശിഷ്ടതരമായ ഭക്ഷണസാധനങ്ങൾ ലഭ്യമായിരുന്നു. ഭക്ഷിക്കവാൻ നിർബന്ധിക്കപ്പെടാത്തപക്ഷം ഇവ സ്വീകരിക്കുന്നതിൽ ക്ലേവറിന്ന വൈമനസ്യമുണ്ടായിരുന്നില്ല ഇവയെ കപ്പലിലേ രോഗികൾക്ക നല്കുന്നതിനായി സൂക്ഷിച്ചുവയ്ക്കുകയായിരുന്നു അദ്ദേഹത്തിൻെറ പതിവ്. തന്മൂലം, അവരോട്ട ദൈവികകാര്യങ്ങളെക്കുറിച്ചു സംസാരിക്കുന്നതിനുള്ള അവസരം വിശുദ്ധന ലഭിച്ചു. 'മനുഷ്യൻ അപ്പം (ശാരീരികഭക്ഷണം)കൊണ്ടുമാത്രമല്ല ജീവിക്കുന്നത്.' അവന ജീവിക്കുവാൻ ആധ്യാത്മികഭക്ഷണംമാത്രം പോരാ താനും. ഈ വസ്തുത അടിമകളോടുള്ള പെരുമാററത്തിൽ അദ്ദേഹം സർവദാ അനുസ്മരിച്ചിരുന്നു.

സർവോൽകൃഷ്ടമായ പൗരോഹിത്യപദവിക്കു താൻ അർഹനല്ലെന്നുള്ള വിചാരത്താൽ പട്ടം സ്വീകരിക്കാതെയാണു ക്ലേവർ സ്പെയിനിൽനിന്നും യാത്രതിരിച്ചത്. കാത്തജീനായിൽ വന്നയുടനേ, ദൈവശാസ്ത്രപഠനം പൂർത്തിയാക്കുന്നതിനായി അദ്ദേഹം "സാന്താഫേ"യിലുള്ള കലാലയത്തിലേയ്ക്ക് അയയ്ക്കപ്പെട്ടു. എന്നാൽ, പ്രസ്തുത കോളെജിൽ സാമ്പത്തികവൈഷമ്യങ്ങൾ നിമിത്തം അവശ്യംവേണ്ട അധ്യാപകന്മാർപോലുമില്ലാതിരുന്നതിനാൽ, ക്ലേവറിന്ന ദൈവശാസ്ത്രപഠനം പൂർത്തിയാക്കുവാൻ സാധിച്ചില്ല. മാത്രമല്ല, അദ്ദേഹത്തിന് കപ്യാർ, പടികാവൽക്കാരൻ, പാചകൻ എ

ന്നിവരുടെ ജോലികൾ മാറിമാറി നിവ്വഹിക്കേണ്ടതായും വന്നു. ഈ ജോലികളിൽ സംതൃപ്തി അനുഭവപ്പെട്ടിരുന്നതിനാൽ ഇവയാണു പഠനത്തെക്കാൾ തനിക്കു യോജിച്ചതെന്ന് അദ്ദേഹം കരുതുകയും ഒരു വൈദികനാകുന്നതിനു പകരം ഒരു 'സഹോദര'നായി കഴിച്ചുകൂട്ടുവാൻ അധികാരികളോട്ട് അനുവാദം ചോദിക്കുകയുംചെയ്തു. ക്ളേവറിൻെറ അഗാധമായ വിനയം, അഭിപ്രായധീരത, വ്യക്തിവിലാസം എന്നിവ ധരിച്ചിരുന്ന മേലധികാരികൾ, 'അനുസരണയാൽ നയിക്കപ്പെടുന്ന സന്യാസി സുരക്ഷിതനാണ്" എന്ന് ഉൽബോധിപ്പിക്കുകമാത്രമാണു ചെയ്തുത്. അദ്ദേഹത്തിനു ഗത്യന്തരമില്ലായിരുന്നു; ആജ്ഞാനുസരണം അദ്ദേഹം പഠനം തുടർന്നു.

ദൈവശാസ്ത്രപഠനം പൂത്തിയായപ്പോൾ ഏററം കർക്കശമായ പരീക്ഷയ്ക്കു് അദ്ദേഹം വിധേയനായി. പൗരോഹിത്യം സ്വീകരിക്കുന്നതിനുള്ള പ്രാരംഭനടപടിയാണ് ഇത്ര കർശനമായ പരീക്ഷ എന്നു കരുതി, അദ്ദേഹം ഇങ്ങനെ ആത്മഗതംചെയ്തു: "പട്ടം സ്വീകരിച്ചു്,ംകുറെ നീഗ്രോകളെ മാമ്മോദീസാ മുക്കുവാൻ ഇത്രയേറെ ദൈവശാസ്ത്രജ്ഞാനം എന്തിന്?" ഈശോസഭയിൽ ഒരാൾക്കു സിദ്ധിക്കുവാൻ പാടുള്ള ഏററം വലിയ ബഹുമതിയ്ക്കു്-'വ്രതവാഗ്ദാനംചെയ്ത വൈദികൻ' (Professed Father) എന്ന സ്ഥാനത്തിനു-താൻ അർഹനാണോ എന്നറിയുന്നതിനുള്ള പരീക്ഷയായിരുന്നു അതെന്നു ഗ്രഹിച്ചപ്പോൾ വിനയശാലിയായ നമ്മുടെ വൈദികവിദ്യാത്ഥി പരിഭ്രമവിവശനായി ഉദ്ഘോഷിച്ചു: "ഞാനിതു നേരത്തേ അറിഞ്ഞിരുന്നെങ്കിൽ, ചോദ്യങ്ങൾക്ക് ഉത്തരമേ നല്കുമായിരുന്നില്ല; അല്ലെങ്കിൽ, എനിക്കറിയാവുന്നതിൽ വളരെ കുറച്ചുമാത്രമേ പറയുമായിരുന്നുള്ളു. ഈ ബഹുമതിയ്ക്കു ഞാൻ തീത്തും അ

യോഗ്യനാണ്." നിത്യവ്രതാനുഷ്ഠാനത്തിനുള്ള ഒരുക്കമായി അദ്ദേഹം തൊങ്ഗാ എന്ന സ്ഥലത്തെ ഈശോസഭാമന്ദിരത്തിൽ നൊവിഷ്യേറ്റ് കഴിച്ചു. അവിടത്തെ ജീവിതം ഏററം സൗഭാഗ്യകരമായിരുന്നു. ആ മന്ദിരത്തെക്കുറിച്ചുള്ള സുസ്മരണകൾ മരണംവരെ അദ്ദേഹത്തെ വിട്ടുമാറിയില്ല. മരണാസന്നനായപ്പോൾ ക്ലേവർ തൻെറ ഹൃദയംഗമമായ സ്നേഹത്തിൻെറ ചിഹ്നമായി, ശ്രേഷ്ഠമിത്രമായ അലോൺസോ സമ്മാനിച്ച ബുക്ക് അവിടേയ്ക്കു കൊടുത്തയച്ചു. അതോടൊന്നിച്ച് അയച്ച കത്ത് ഇപ്രകാരമാണ്: "എനിക്കു ശരിയായി ഉപയോഗപ്പെടുത്തുവാൻ കഴിയാതിരുന്ന ഒരു മഹാനിക്ഷേപത്തെ ഇതാ കൊടുത്തയയ്ക്കുന്നു. സന്യാസാർത്ഥികൾക്ക് ഇതു പ്രയോജനപ്രദമെന്നു കരുതുന്നതിനാൽ നോവിസ് മാസ്റ്റർ ഇതിനെ സശ്രദ്ധം സൂക്ഷിക്കുമെന്നു പ്രതീക്ഷിക്കുന്നു. ഇതു വായിക്കുവാനിടവരുന്നവർ, ഇത്ര അമൂല്യമായ ഒരു ഖനി സമീപത്തുണ്ടായിരുന്നിട്ട് അതിൽനിന്നു വിശുദ്ധിയുടെ കറയററ സ്വർണ്ണത്തിനുപകരം അതിൻെറ കീടംമാത്രം ശേഖരിച്ച ഒരു പാപിക്കുവേണ്ടി ദൈവത്തോടപേക്ഷിക്കണമെന്നു യാചിക്കുന്നു."

നൊവിഷ്യേററു കഴിഞ്ഞെങ്കിലും,മഹനീയമായ വൈദികപദം പ്രാപിക്കുവാൻ മാലാഖാമാരുടെ വിശുദ്ധിപോലും അപര്യാപ്തമെന്നു ധരിച്ചിരുന്ന കഥാപുരുഷൻ സ്വന്തം ഹീനതയെക്കുറിച്ചുള്ള ബോധത്താൽ പരിഭ്രാന്തചിത്തനായിത്തീരുകയും, വിവിധ ശങ്കകൾക്കു വിധേയനായി, പട്ടം സ്വീകരിക്കാതെതന്നെ കാർത്തജീനായിലേയ്ക്കു തിരികെപ്പോരുകയുംചെയ്തു. എന്നാൽ, ചഞ്ചലമനസ്കനായ വിശുദ്ധനു സ്ഥൈര്യവും ഊർജ്ജസ്വലതയും പ്രദാനംചെയ്തു മാർഗ്ഗനിർദ്ദേശം ചെയ്യുവാനിരുന്ന ഒരു വീരകേസരി—പരിത്യക്തരും മർദ്ദിതരുമായ സ

ഹജീവികൾക്കുവേണ്ടി ധീരസമരം ചെയ്തുകൊണ്ടിരുന്ന ഫാദർ സാൻഡോവൽ—അവിടെയുണ്ടായിരുന്നു. അദ്ദേഹത്തിൻെറ നേതൃത്വത്തിൽ ക്ലേവർ പ്രേഷിതവൃത്തിക്കുള്ള പ്രാഥമിക പരിശീലനങ്ങൾ ആരംഭിച്ചു. വൈദികനായിക്കഴിഞ്ഞിട്ടില്ലായിരുന്നതിനാൽ, സജീവപ്രവർത്തനങ്ങളിലേർപ്പെടുവാൻ കഥാനായകന് അനുവാദം സിദ്ധിച്ചിരുന്നില്ല. സാൻഡോവൽ വിദേശപര്യടനങ്ങൾ നടത്തുമ്പോൾ അദ്ദേഹത്തിൻെറ സ്ഥാനം വഹിക്കുക, മററു മിഷനറിമാരെ സഹായിക്കുക എന്നിവയായിരുന്നു ക്ലേവറിൻെറ തൊഴിൽ.

അവസാനം, 1616-ൽ വിനയശാലിയും നിഷ്കളങ്കഹൃദയനുമായ പീററർ ക്ലേവർ, ഭയത്തോടുകൂടെയെങ്കിലും, തന്നെത്തന്നെ ദൈവത്തിനു പൂർണ്ണമായി സമർപ്പിച്ചുകൊണ്ടു പൗരോഹിത്യപദം സ്വീകരിച്ചു. "നീ നിത്യം പുരോഹിതനാകുന്നു" എന്ന വാക്കുകൾ അദ്ദേഹത്തിൻെറ ചെവികളിൽ മുഴങ്ങി. 'വിശിഷ്യ, മനുഷ്യരിൽ ഏററം ഹീനരായ നീഗ്രോകൾക്കുവേണ്ടി, നീ നിത്യം പുരോഹിതനാകുന്നു.' മാതൃഭവനത്തിൽനിന്നു വളരെ വിദൂരസ്ഥമായ ഒരു സ്ഥലത്ത്, മാതാപിതാക്കന്മാരുടെയോ ബന്ധുജനങ്ങളുടെയോ സാന്നിദ്ധ്യമില്ലാതെ, ഒരു സൃഷ്ടിയ്ക്കു ചെയ്യാവുന്ന ഏററം വലിയ കൃത്യം—നവപൂജാർപ്പണം—അദ്ദേഹം നിർവഹിച്ചു. ഇന്നുമുതൽ അദ്ദേഹത്തിൻെറ മാതാവും പിതാവും സഹോദരനും സഹോദരിയും നീഗ്രോകൾതന്നെ. അദ്ദേഹത്തിൻെറ പ്രഥമബലിയിൽ ഭാഗഭാക്കുകളാകുവാനുള്ള ഭാഗ്യവും അവർക്കുതന്നെയായിരിക്കുക സമുചിതമാണല്ലോ.

വിശുദ്ധൻെറ പ്രവർത്തനരംഗത്തെക്കുറിച്ചു ചില വിവരങ്ങൾ അസ്ഥാനത്തല്ലെന്നു വിശ്വസിക്കുന്നു. തെക്കേ അമേരിക്കയുടെ ഏററം വടക്കേ അററത്തു സ്ഥിതി

ചെയ്യുന്നതും പ്രകൃതിദത്തമായ തുറമുഖത്താൽ അനുഗൃഹീതവുമായ ഒരു പട്ടണമാണ് കാത്തജീനാ. ഭൂമദ്ധ്യരേഖയിൽനിന്നും ഇവിടേയ്ക്ക് എഴനൂറു മൈൽ അകലമുണ്ട്. ഉഷ്ണം കൂടിയതും ഈർപ്പമുള്ളതുമായ കാലാവസ്ഥ, ഫലരഹിതവും വിസ്തൃതവുമായ ചതുപ്പുനിലങ്ങൾ എന്നീ സാഹചര്യങ്ങളാൽ അവിടം വിഷബീജങ്ങൾ നിറഞ്ഞ അണുക്കളുടെ വിഹാരരംഗമായിത്തീർന്നിരുന്നു. അരോഗദൃഢഗാത്രനായ ഒരുവൻപോലും അവിടത്തെ ഉഗ്രാതപത്താൽ ദുർബലനായി അകാലമൃത്യുവിന് ഇരയായിത്തീരുമായിരുന്നു.

കാത്തജീനാ അടിമവ്യാപാരത്താൽ കുപ്രസിദ്ധി നേടിയിരുന്ന വിവരം ഈ ഗ്രന്ഥത്തിൻെറ പ്രഥമാദ്ധ്യായത്തിൽ പ്രസ്താവിച്ചിട്ടുണ്ടല്ലോ. ആഫ്റിക്കയിലെ കോംഗോയിൽനിന്നും ഗിനിയായിൽനിന്നും അടിമകളെ നാലു ക്രൗൺ വിലയ്ക്കു വാങ്ങി കാത്തജീനായിൽ കൊണ്ടുവന്ന് ഇരുനൂറു ക്രൗൺ വിലയ്ക്കു വിററുവന്നു. ഇത് അമിതലാഭമാണെന്നു വായനക്കാർക്കു തോന്നിയേക്കാം. എന്നാൽ, രണ്ടുമാസത്തിലധികം ദീർഘിക്കുന്ന കപ്പൽയാത്രയിൽ അടിമകളുടെ ഭക്ഷണത്തിനുള്ള ചെലവ്, മൂന്നിലൊരുഭാഗം അടിമകളുടെ മരണം എന്നിവയെല്ലാം ലാഭനിർണ്ണയത്തിൽ പരിഗണിക്കേണ്ടിയിരിക്കുന്നു. കൂടാതെ, അടിമവ്യാപാരം നിന്ദ്യമായ തൊഴിലായി കരുതപ്പെട്ടിരുന്നതുകൊണ്ട് ഏററം മികച്ച ആദായംപോലും അതിനു തക്ക പ്രതിഫലമായിരുന്നുമില്ല.

കരയ്ക്കിറങ്ങുന്ന അടിമകളെ യൂറോപ്യന്മാർ വിലകൊടുത്തുവാങ്ങി തങ്ങളുടെ വക തോട്ടങ്ങളിലേയ്ക്കും ഖനികളിലേയ്ക്കും അയച്ചിരുന്നു. വിശപ്പും ദാഹവും സഹിച്ച്, മഴയും വെയിലും ഏററ് അവർ ഉടമസ്ഥന്മാരുടെ ധനം വർദ്ധിപ്പിക്കണം. അവരുടെ ആയുസ്സോ ആരോ

ഗ്യമോ ആരുടേയും വിചിന്തനത്തിനു വിഷയമാവുകയി ല്ല. ഭൂമി ഫലഭൂയിഷ്ഠമാക്കുവാൻ തങ്ങളുടെ രക്തം വി യർപ്പാക്കിത്തീർത്ത അടിമകരം രോഗികളും അകാലവൃ ദ്ധരുമായിത്തീന്നാൽ സർവ്വരാലും പരിത്യക്തരാകും. ജീ വിതത്തിൽ ആശയോ മരണത്തിൽ ആശ്രയമോ ഇ ല്ലാത്തവരത്രേ അവർ. അവരുടെ ജീവിതം സുസഹമാ ക്കുന്നതിനും അവരുടെ ആത്മാക്കളെ ദൈവത്തിനുവേ ണ്ടി നേടുന്നതിനുമാണു നമ്മുടെ നവവൈദികൻ പ്രയ ത്നമാരംഭിച്ചത്.

കാത്ജീനായിലേ ഈശോസഭക്കാർ തങ്ങളുടെ പഴയവസതി ഉപേക്ഷിക്കേണ്ടിവന്ന ഒരവസരമായിരു ന്നു അത്. നവവൈദികൻെറ പരിത്യാഗശീലത്തെ ഉ ജ്ജ്വലിപ്പിക്കത്തക്കതായിരുന്നു പുതിയ ഭവനം. അത് ഒ രു കശാപ്പുകടയുടേയും മദ്യഷാപ്പിൻേറയും മധ്യേയാണു സ്ഥിതിചെയ്തിരുന്നത്. ലഹളകളും അശ്ലീലഗാനങ്ങളും ഇപ്രകാരമുള്ള സ്ഥലങ്ങളിൽ സഹജമാണല്ലോ. അവി ടെ ഭിക്ഷാടനമല്ലാതെ മററു് ഉപജീവനമാഗ്ഗമൊന്നുമി ല്ലാതിരുന്ന സന്യാസികരം, ഭിക്ഷ ലഭിക്കാതിരുന്ന സ ന്ദർഭങ്ങളിൽ വായുഭക്ഷണംകൊണ്ടു തൃപ്തിയടയേണ്ടിവ ന്നു. അവരിലൊരാരം, ഫാദർ ഫ്ളെവുരിയോ, രേഖപ്പെ ടുത്തുന്നു: "കഷ്ടതകരം ഒന്നിനുപുറകേ ഒന്നായി വന്നു ചേന്നപ്പോരം, പുതിയ വസതി, അഭിനവപ്രേഷിതന്മാ ക്ക് ആമോദപ്രദമായിത്തീന്നു."

പ്രായാധിക്യവും നിരന്തരാദ്ധ്വാനവുംനിമിത്തം ദുർ ബലശരീരനായിത്തീന്ന ഫാ. സാൻഡോവൽ നവവൈ ദികനായ പീററർ ക്ലേവറിൽ യോഗ്യനായ പിൻഗാമി യെ ദർശിച്ചു സന്തുഷ്ടിയടഞ്ഞു. ഏററം ബലിഷ്ഠഹസ്ത ങ്ങളിൽ തൻെറ പ്രേഷിതവൃത്തി അർപ്പിച്ചിട്ട് അദ്ദേ ഹത്തിനിനി സമാധാനപൂർവ്വം ചരമമടയാം.

ഫാദർ സാൻഡോവലിനെ അതിശയിക്കുന്ന ധൈര്യമാണ് അടിമകളോടുള്ള പെരുമാററത്തിൽ ഫാദർ ക്ലേവർ പ്രദർശിപ്പിച്ചത്. അടിമക്കപ്പലിൻെറ ആഗമനവാർത്ത ലഭിക്കുമ്പോൾ അസാധാരണ ധൈര്യശാലിയായ സാൻഡോവലിനുണ്ടായിരുന്ന ദുർബലത-ദർശിക്കുവാൻപോകുന്ന ദയനീയരംഗത്തെക്കുറിച്ചുള്ള സ്മരണമൂലം അനുഭവസിദ്ധമായിരുന്ന പരിഭ്രമം- ഫാദർ ക്ലേവറിനെ തീണ്ടുകപോലും ചെയ്തില്ല. എന്നാൽ, ജഡത്തിൻെറ സ്വാഭാവികാഭിലാഷങ്ങളോടെതിർത്ത്, പ്രകൃതി വെറുക്കുന്നവയെ സ്നേഹിക്കുവാൻ സാൻഡോവൽ ചെയ്ത ധീരസമരം നമ്മുടെ അഭിനന്ദനത്തിനു വിഷയമാകേണ്ടതാണ്.

നേരെമറിച്ച്, പുതുതായി നീഗ്രോകൾ വന്നുചേന്നിരിക്കുന്നുവെന്ന ദൗത്യം ലഭിക്കുമ്പോൾ ഫാദർ ക്ലേവർ ആനന്ദപുളകിതനാവുകയായിരുന്നു പതിവ്. ഈ സുവാർത്തയും വഹിച്ചുകൊണ്ട് ആദ്യമായി വരുന്ന ആളിൻെറ നിയോഗത്തിനുവേണ്ടി താൻ ദിവ്യബലി അർപ്പിക്കുന്നതാണെന്നു വാഗ്ദാനംചെയ്ത കാർത്തജീനായിലേ ഉദ്യോഗസ്ഥന്മാരെ അദ്ദേഹം വശീകരിക്കുകകൂടെ ചെയ്തിരുന്നു. എന്നാൽ, പ്രതിഫലം കൊടുത്ത് ആരേയും വശീകരിക്കേണ്ട ആവശ്യമുണ്ടായിരുന്നില്ല കൃതജ്ഞതാഭരിതമായ ഹൃദയത്തോടേ സ്വീകരിക്കുന്നവരുടെ സമീപം നല്ല സന്ദേശവുമായി വരുന്നതുതന്നെ ആക്കും ഹൃദയാവർജ്ജകമാണ്. താദൃശാവസരങ്ങളിൽ വിശുദ്ധൻെറ മുഖത്തു പ്രകാശിക്കുന്ന ആനന്ദാതിരേകം ദർശിക്കുവാനായി, പ്രസ്തുത ദൗത്യം വഹിക്കുന്നതിനു സ്ഥലത്തെ ഗവർണ്ണർപോലും അഭിലഷിച്ചിട്ടുണ്ട്. 'വേറൊരു കപ്പൽ' എന്നു കേട്ടുകഴിയുമ്പോഴേയ്ക്കു വിശുദ്ധൻെറ കണ്ണുകൾ പ്രകാശിതങ്ങളാകും.മെലിഞ്ഞു വിവർണ്ണമായിരു

ന്ന കവിൾത്തടങ്ങൾ രക്തപ്രസരിപ്പുള്ളതായിത്തീരും.

കപ്പലുകൾ വരുന്നതിനിടയ്ക്കുള്ള സമയം ഫാദർ ക്ലേവർ പട്ടണത്തിൽക്കൂടെ ഒരു ചാക്കുംകൊണ്ടു ചുററിത്തിരിയും. താമസിയാതെ വന്നുചേരുന്ന തൻെറ പ്രേമഭാജനങ്ങൾക്കു സാന്ത്വനം നല്കുന്നതിന് ആവശ്യകമായ സാധനങ്ങൾ യാചിച്ചുകൊണ്ടു വീടുകൾതോറും അദ്ദേഹം നടക്കും. കാർത്തജീനായിലെ ഉന്നതോദ്യോഗസ്ഥന്മാരുടെ പ്രീതിബഹുമാനങ്ങൾക്ക് അദ്ദേഹം പാത്രീഭവിച്ചിരുന്നതിനാൽ അവർ ആ മനുഷ്യസ്നേഹിയെ യഥായോഗ്യം സ്വീകരിക്കുകയും, നീഗ്രോകളുടെയിടയിൽ അദ്ദേഹം ചെയ്യുന്ന പ്രേഷിതവൃത്തിയെ മുക്തകണ്ഠം അഭിനന്ദിച്ചുകൊണ്ട് ഉദാരമായ സംഭാവനകൾ നല്കി അദ്ദേഹത്തെ അയയ്ക്കുകയും ചെയ്യും. ചിലർ കുറെ മരുന്നുകളും ബ്രാണ്ടിയുമാണു നല്കുന്നതെങ്കിൽ, മററുചിലർ പഴങ്ങളും പഴന്തുണിയും സമ്മാനിക്കും; വേറെ ചിലർ, തീരെ അവശരായ അടിമകളെ സ്വതന്ത്രരാക്കുന്നതിനാവശ്യമായ പണം സംഭാവനചെയ്യും. പ്രതിഷേധപ്രകടനങ്ങളും അവഹേളനങ്ങളുംകൊണ്ട് അദ്ദേഹത്തെ സൽകരിക്കുന്നവരും കുറവായിരിക്കുകയില്ല. ഇങ്ങനെ ചെയ്യുന്നതു ദ്രവ്യാഗ്രഹികളായ കച്ചവടക്കാരും വ്യവസായപ്രവർത്തകന്മാരുമായിരിക്കും. എന്നാൽ, പരാഭവംമൂലം വിഗതധൈര്യനാകാതെ, വിപരീതകാലാവസ്ഥകളേയും സാംക്രമികരോഗങ്ങളേയും വെല്ലുവിളിച്ചുകൊണ്ട് അദ്ദേഹം ഭിക്ഷാടനം തുടരുകയും വീണ്ടും വിഭവങ്ങൾ ശേഖരിച്ചുകൊണ്ടു തുറമുഖത്തിലേക്കു പോവുകയും ചെയ്യും.

ഫാദർ ക്ലേവറിൻെറ വശീകരണശക്തിയും പ്രായോഗികജ്ഞാനവും അസാധാരണമായിരുന്നു. കപ്പലിൻെറ അടിത്തട്ടിനു കൊഴുപ്പിടുവാൻ തങ്ങളുടെ മജ്ജയും കപ്പൽപ്പായ്ക്കു നിറംകൊടുക്കുവാൻ തങ്ങളുടെ ര

ക്തവും ഉപയോഗപ്പെടുത്തുന്ന കച്ചവടക്കാർ തങ്ങ ം വില്ക്കപ്പെട്ടമെന്ന് അടിമകം വിശ്വസിച്ചിരുന്നു. ഭയാനകങ്ങളായ അത്തരം കഥകളാണ കപ്പൽക്കാരിൽനിന്ന് അവർ കേട്ടിരുന്നത്. അതിനാൽ, ആദ്യമായി ഫാദർ ക്ലേവർ അവരുടെ മുമ്പിൽ പ്രത്യക്ഷനാകുന്ന അവസരത്തിൽ, അത്, രക്തവും മജ്ജയും പിഴിഞ്ഞെടുക്കുന്ന ഉഗ്രമൂർത്തികളിലാരെങ്കിലുമായിരിക്കുമെന്ന വിചാരിച്ചു ഭയചകിതരായി ദീനരോദനങ്ങം അവർ പുറപ്പെടുവിച്ചിരുന്നു. എന്നാൽ, ക്ഷണനേരത്തിനുള്ളിൽ, താൻ അവരുടെ മജ്ജയും ചോരയും വാങ്ങുവാൻ വന്നിരിക്കുന്ന ആളല്ലെന്ന് അവരെ ഗ്രഹിപ്പിക്കുവാൻ ഫാദർ ക്ലേവറിന്നു പ്രയാസമുണ്ടായിരുന്നില്ല. അദ്ദേഹത്തിന്നു ദ്വിഭാഷിയുടെ ആവശ്യം ഇല്ലായിരുന്നു. എന്തുകൊണ്ടെന്നാൽ, സ്നേഹത്തിൻെറ സുശക്തമായ ഭാഷയ്ക്ക് ആംഗ്യങ്ങം മൂലം നിരർഗ്ഗളമായി സംസാരിക്കുവാൻ സാധിക്കും. ഹൃദയം ഹൃദയത്തോടു സംഭാഷിക്കുന്നു. അവർ കേട്ട കഥ, പിശാചിൻെറ സൃഷ്ടിയാണെന്നു ദ്വിഭാഷികം വളരെ പണിപ്പെട്ട് അവരോടു വിവരിച്ചുപറയുന്നതിന്നു വളരെമുമ്പുതന്നെ, ഫാദർ ക്ലേവർ തൻെറ സാന്നിദ്ധ്യംകൊണ്ടുമാത്രം അവരെ സാന്ത്വനപ്പെടുത്തുകയും ആശ്വസിപ്പിക്കുകയും ചെയ്തുകഴിയും. വിശുദ്ധൻ ഒരു പ്രായോഗികമനശ്ശാസ്ത്രവിശേഷകൻകൂടി ആയിരുന്നതാണ് അദ്ദേഹത്തിന്ന ലഭിച്ച വിജയത്തിന്നു കാരണം. അദ്ദേഹം വിതരണംചെയ്ത ബിസ്ക്കററ്, ബ്രാൻഡി, പുകയില, ചെറുനാരങ്ങ മുതലായവ സ്നേഹത്തിൻെറ പ്രത്യക്ഷചിഹ്നങ്ങളായിരുന്നു. അതിനാൽ, അമൂല്യനിധികളായി അവ സ്വീകൃതങ്ങളാവുകയും ആശിച്ച ഫലങ്ങം പുറപ്പെടുവിക്കുകയും ചെയ്തിരുന്നു. "നമ്മുടെ അധരംകൊണ്ടു നാം അവരോടു സംസാരിക്കുന്നതിന്നുമുമ്പു നമ്മുടെ പ്രവൃത്തി

കൾ സംസാരിക്കേണ്ടിയിരിക്കുന്നു," എന്നാണു വിശുദ്ധൻ പറയാറുണ്ടായിരുന്നതു്.

കപ്പലിൻെറ മേൽത്തട്ടിൽവച്ചു നീഗ്രോകളോട് ഒരു ചെറുസംഭാഷണം നടത്തിയതിനുശേഷം താഴെയുള്ള തട്ടുകളിലേയ്ക്കു വിശുദ്ധൻ ഇറങ്ങുകയായി. ഉള്ളറകളിലെ ദുർഗ്ഗന്ധത്താൽ മലീമസമായ വായു ശ്വസിച്ചാൽ ദ്വിഭാഷികൾ ബോധരഹിതരായിത്തീരുക പതിവായിരുന്നതിനാൽ, പ്രസ്തുത സന്ദർശനം അദ്ദേഹം തനിയേ നിർവ്വഹിക്കേണ്ടിയിരുന്നു. ദുർഗ്ഗന്ധമോ സാംക്രമികരോഗബാധയോ നീഗ്രോകളുടെ സംസ്കാരമില്ലാത്ത പെരുമാററമോ യാതൊന്നും ഫാദർ ക്ലേവറിനെ പിന്തിരിപ്പിക്കുവാൻ ശക്തമായിരുന്നില്ല. ഈ പ്രാരംഭശുശ്രൂഷകൾ തൻെറ മഹനീയസേവനത്തിൽ- ദൈവത്തിനുവേണ്ടി ആത്മാക്കളെ സമ്പാദിക്കുക എന്ന കൃത്യത്തിൽ- പ്രധാനഭാഗം വഹിക്കുന്നുവെന്നു ധരിച്ചിരുന്നതിനാൽ എത്ര വലിയ ത്യാഗവും അധികമായിപ്പോയി എന്നു് അദ്ദേഹം കരുതിയില്ല. ഇപ്രകാരമുള്ള സന്ദർശനങ്ങളിൽ, മരണാസന്നരായ നീഗ്രോകളുടെ ചെവികളിൽ ആശ്വാസദായകമായ ക്രിസ്തീയതത്ത്വങ്ങൾ ഉപദേശിക്കുന്നതിനും ജ്ഞാനസ്നാനജലത്താൽ അവരുടെ ഹൃദയങ്ങളെ പ്രസാദവരപൂരിതങ്ങളാക്കുന്നതിനും അദ്ദേഹത്തിനു സാധിച്ചിരുന്നു.

ആ ദീനദയാലു കാർത്തജീനായിലെ ആശുപത്രിവാർഡുകളിൽക്കൂടി നടന്നിരുന്നപ്പോൾ അദ്ദേഹത്തിൻെറ ശരീരം പ്രകാശമാനമായ രശ്മികളാൽ ആവൃതമായിരുന്നുവെന്നു പറയപ്പെടുന്നു. എന്നാൽ, അടിമക്കപ്പലിൻെറ അന്തർഭാഗത്തു മൃത്യുവക്ത്രത്തിൽ പെട്ടിരുന്നവരുടെ മദ്ധ്യേക്കൂടെ സഞ്ചരിച്ചിരുന്ന അവസരങ്ങളിൽ അതിനെക്കാൾ ഉജ്ജ്വലതരമായ ഒരു പ്രഭാപൂരം അദ്ദേ

ഹത്തെ വലയംചെയ്തിരിക്കണം.

അന്ധകാരത്തിന്റെ മറവിൽ ദുർഗ്ഗന്ധം വമിച്ചുകൊണ്ട്, സർവ്വാംഗം വ്രണിതരായ ആ മനുഷ്യക്കോലങ്ങൾ ചളിയിൽ പൂണ്ട് അതാ അവിടെക്കിടക്കുന്നു! അധിക്ഷേപവും അവജ്ഞയുംമൂലം അവരുടെ ഹൃദയങ്ങൾ കൂടുതൽ ക്ഷതങ്ങളേററിട്ടുണ്ട്. തങ്ങളുടെ കുലദേവതകൾപോലും തങ്ങളെ എന്നേയ്ക്കുമായി പരിത്യജിച്ചുവെന്നു ചിന്തിച്ചു നൈരാശ്യത്തിന്റെ അടിത്തട്ടിൽ അവർ നിപതിച്ചിരിക്കുകയാണ്. അപ്പോഴിതാ രംഗം പാടേ മാറുന്നു. മരണത്തിന്റെ കരാളഹസ്തത്തിൽ കിടന്നു പിടയുന്ന നീഗ്രോകളുടെ വികൃതമുഖത്തിനു മുകളിൽ സ്നേഹനിർഭരമായ ഒരു മുഖം ദൃശ്യമാകുന്നു. അവാച്യമൃദുലമായ ഒരു സ്വരം ശ്രാവ്യമാകുന്നു. പീഡനങ്ങളാൽ തകർന്ന അവയവങ്ങളിൽ ശാന്തിപ്രദമായ ഒരു തലോടൽ അനുഭവസിദ്ധമാകുന്നു. അഹോ, പരമമായ അത്ഭുതം! മലീമസമായ അവരുടെ വ്രണങ്ങളിൽ വിശുദ്ധന്റെ അധരങ്ങൾ പതിയുന്നു. . . . . . താൻ സ്നേഹിക്കുന്ന ദൈവത്തിനുവേണ്ടി അജയ്യശക്തിയുള്ള സ്നേഹത്തിന്റെ ആയുധം! നിർമ്മലപ്രേമവാഹിനിയിൽ ചാത്തെടുത്ത ചുംബനം!

അടുത്തദിവസം അദ്ദേഹം വീണ്ടും പ്രത്യക്ഷനാകുമ്പോൾ, ശിശുസഹജമായ സ്നേഹത്തിന്റെ ഹർഷപ്രകടനങ്ങളാലാണ് അവർ അദ്ദേഹത്തിനു സ്വാഗതമരുളുന്നത്.

അടിമകളെ കരയ്ക്കിറക്കുന്നതിന്, തുറമുഖത്തു രണ്ടോ മൂന്നോ ദിവസത്തെ ഒരുക്കങ്ങൾ ആവശ്യകമായിരുന്നു. നീഗ്രോകൾ കരയിലേയ്ക്കാഗതരാകുന്ന സമയം പ്രതീക്ഷിച്ച്, വിശിഷ്ടഭോജ്യങ്ങളും മററുവിഭവങ്ങളും വഹിച്ചുകൊണ്ടു കടൽത്തീരത്തു തീർച്ചയായും ഫാദർ

ക്ലേവർ കാത്തുനില്ക്കുന്നുണ്ടായിരിക്കും. ചിലപ്പോൾ രോഗികളെ അദ്ദേഹംതന്നെ കരയിലേയ്ക്കു ചുമന്നുകൊണ്ടു പോകും. വിശുദ്ധൻെറ പ്രേഷിതവൃത്തിയെക്കുറിച്ചുള്ള രേഖകളിലെല്ലാം പ്രകൃത്യതീതമെന്നു തോന്നിക്കുന്ന അദ്ദേഹത്തിൻെറ ശക്തിയെക്കുറിച്ചു തെളിവുകൾ പലതും കാണുന്നുണ്ട്. ഒരു മനുഷ്യൻെറ ആരോഗ്യസംരക്ഷണത്തിനു തീരെ മതിയാകാത്തതായിരുന്നു അദ്ദേഹത്തിൻെറ ഭക്ഷണം. അകാലമൃത്യുവിനു ഹേതുവാകത്തക്കവിധം അത്ര പരിമിതസമയത്തേയ്ക്കുമാത്രമേ ദിനംതോറും അദ്ദേഹം നിദ്രചെയ്തിരുന്നുള്ളു. ഇപ്രകാരം ആരോഗ്യനിയമങ്ങളെല്ലാം നിശ്ശേഷം അവഗണിച്ചു ഫാദർ ക്ലേവർ തൻെറ സഹപ്രവൎത്തകന്മാരെ സേവനത്തിലും അധ്വാനത്തിലും അതിശയിക്കുകമാത്രമല്ല, അവരെയെല്ലാം അതിജീവിക്കുകകൂടി ചെയ്തു.

വിശുദ്ധൻെറ നിരന്തരപരിശ്രമങ്ങളുടെ ഫലമായി രോഗബാധിതരായ അടിമകളെ വാഹനങ്ങളിൽ സംവഹിക്കുവാൻ വ്യാപാരികൾ സമ്മതിച്ചു. അല്ലാത്തപക്ഷം ചാട്ടപ്രയോഗത്താൽ അവരും നയിക്കപ്പെട്ടുമായിരുന്നു. അവൎക്കായി നിർദ്ദേശിച്ചിരുന്ന വസതികളിലെത്തുന്നതുവരെ വിശുദ്ധൻ അവരെ അനുഗമിച്ചിരുന്നു. ഇങ്ങനെ, കാൎത്തജീനാനഗരത്തിൽക്കൂടി അടിമകൾക്ക് അകമ്പടിസേവിക്കുന്ന ഫാദർ ക്ലേവർ, ജയഭേരിയോടേ റോമൻനഗരത്തിൽ പ്രവേശിക്കുന്ന ഒരു വിജേതാവിൻെറ പ്രതീതിയുളവാക്കിയിരുന്നുവെന്നു ദൃക്സാക്ഷികൾ രേഖപ്പെടുത്തുന്നു.

അടിമകൾ തങ്ങളുടെ താൽകാലികവാസസ്ഥാനങ്ങളിൽ ചെന്നുകഴിയുമ്പോഴാണു ഫാദർ ക്ലേവറിൻെറ ജോലി യഥാൎത്ഥത്തിൽ ആരംഭിക്കുന്നതു്. അത്യാസന്നമരണൎക്കു പശ്ചാത്താപപരമായ ഒരു വിചാരവും, ക്രി

സ്തുമതമൂലതത്ത്വങ്ങളെക്കുറിച്ച് സാമാന്യമായിട്ടെങ്കിലും അറിവും പ്രദാനംചെയ്യുവാൻ സാധിച്ചാൽ അദ്ദേഹം തൃപ്തനാകുമായിരുന്നു. ആരോഗ്യമുള്ളവർ ജ്ഞാനസ്നാനം സ്വീകരിക്കുന്നതിനുമുമ്പു കൂടുതൽ വിപുലമായ ജ്ഞാനം സമ്പാദിക്കേണ്ടിയിരുന്നു.

അതതുദിവസത്തേ ജോലി ആരംഭിക്കുന്നതിനുമുമ്പു ദിവ്യകാരുണ്യസന്നിധിയിൽ പ്രത്യേകം പ്രാർത്ഥിക്കുകയും കഠിനതപ:ക്രിയകൾ അനുഷ്ഠിക്കുകയും ചെയ്തുകൊണ്ടു ഫാദർ ക്ലേവർ ആത്മശക്തി സമ്പാദിച്ചിരുന്നു. അനന്തരം, ആഫ്റിക്കൻ ദ്വിഭാഷികളാൽ അനുഗതനായി അദ്ദേഹം, അഗ്രത്തിൽ കുരിശുള്ള ഒരു നെടിയ ദണ്ഡും ധരിച്ചു കാർത്തജീനായിലേ തെരുവുകളിൽ പ്രത്യക്ഷനാകും. അദ്ദേഹത്തിൻെറ തോളിൽ സന്തതസഹചാരിയായ സഞ്ചിയും കാണാം. അതിനുള്ളിൽ സൂർപ്ലേസ്സ്, ഉറാല, അന്നത്തേ സമ്പാദ്യമായ മധുരഫലങ്ങൾ, മരുന്നുകൾ മുതലായവ ഉണ്ടായിരിക്കും. ഭാരിച്ച ചുമടും വഹിച്ചുകൊണ്ട്, ജനനിബിഡമായ തെരുവുകളിൽക്കൂടി അത്യുത്സാഹത്തോടേ പ്രയാണംചെയ്തിരുന്ന ആ കൃശഗാത്രനെ അനുഗമിക്കുക സഹചരന്മാൎക്ക് എളുപ്പമായിരുന്നില്ല. സങ്കേതസ്ഥലത്തെത്തുവാൻ തത്രപ്പെടുന്ന കാമുകൻെറ വെമ്പലാണ് അദ്ദേഹത്തിൽ ദൃശ്യമായിരുന്നത്.

സ്ഥലത്തെത്തിക്കഴിഞ്ഞതിനുശേഷം ആദ്യമായി അദ്ദേഹത്തിൻെറ ശ്രദ്ധ പതിഞ്ഞിരുന്നതു രോഗികളിലാണ്. വ്രണങ്ങൾ കഴുകിവെച്ചുകെട്ടുന്നതിൽ, അസാധാരണമായ മൃദുലതയും മാതൃസഹജമായ സ്നേഹവും വിശുദ്ധൻ പ്രദർശിപ്പിച്ചിരുന്നു. കിടക്കകൾ ഭംഗിയായി ശരിപ്പെടുത്തി രോഗികളെ അവയിൽ കിടത്തി, അല്പം വീഞ്ഞും ബ്രാൻഡിയും അവൎക്കു നല്കി, ചില മധുര

വാക്കുകളാൽ അവരെ ആശ്വസിപ്പിച്ചു്, പരിമളതൈലത്താൽ പരിസരമെല്ലാം സുഗന്ധപൂർണ്ണമാക്കിക്കഴിഞ്ഞാൽ, ആരോഗ്യമുള്ളവരുടെ നേക്കായി ശ്രദ്ധമഴവൻ. അവരെ ഒരു തുറന്ന സ്ഥലത്തു സമ്മേളിപ്പിച്ചു ശിക്ഷണം ആരംഭിക്കുന്നു. ചിത്രങ്ങൾമുഖേനയുള്ള അഭ്യസനമാണു് അനക്ഷരന്മാരും മന്ദബുദ്ധികളുമായ നീഗ്രോകൾക്കു് അനുയോജ്യമായി അദ്ദേഹം കരുതിയതു്. സ്ഥലകാലാദികൾക്കനുസൃതമായ ചിത്രങ്ങൾ നിർമ്മിക്കുവാനുള്ള പാടവവും ഭാവനാസമ്പത്തും അദ്ദേഹത്തിനുണ്ടായിരുന്നു. അവയിൽ പാരത്രികചിന്തകളിലേയ്ക്കു നീഗ്രോകളുടെ മനസ്സിനെ വിശേഷവിധമായി ആകർഷിക്കുവാൻ പര്യാപ്തമായ ഒരു ചിത്രമുണ്ടു്. അതിൽ, തന്റെ അഞ്ചുതിരുമുറിവുകളിൽനിന്നും രക്തം ഒഴുക്കിക്കൊണ്ടിരിക്കുന്ന ക്രൂശിതനായ ക്രിസ്തു ചിത്രണംചെയ്യപ്പെട്ടിരിക്കുന്നു. വിശ്വസിക്കുന്ന നീഗ്രോകൾക്കു ജ്ഞാനസ്നാനവരം കൊടുക്കുന്നതിനു പ്രസ്തുത രക്തമെല്ലാം ശേഖരിക്കുന്ന ഒരു വൈദികൻ താഴെ നില്ക്കുന്നു. വലത്തുഭാഗത്തു നല്ലവരായ നീഗ്രോകൾ മഹത്വത്താൽ വലയിതരായി ശോഭിക്കുന്നു. ഇടത്തുഭാഗത്തോ എന്നാൽ, ദുഷ്ടന്മാരായ നീഗ്രോകൾ വികൃതസത്വങ്ങളാൽ ചുററപ്പെട്ടു ഭയജനകമായ വൈരൂപ്യത്തോടെ ദൃശ്യമാകുന്നു.

ജ്ഞാനസ്നാനാർത്ഥികൾക്കു പാടുള്ള സകല സുഖസൗകര്യങ്ങളും നല്കുന്നതിൽ ദത്തശ്രദ്ധനായിരുന്ന ഫാദർ ക്ലേവർ കായക്ലേശത്തെ തീരെ അവഗണിച്ചുകൊണ്ടു് അവരോടു സുവിശേഷം പ്രസംഗിച്ചിരുന്നു. ഏതു സമയത്തും അദ്ദേഹം നിന്നുകൊണ്ടാണു് ഉപദേശങ്ങൾ നല്കിയിരുന്നതു്. ജ്ഞാനസംവർദ്ധകമായ അമ്മാതിരി സമ്മേളനങ്ങളിൽ സന്നിഹിതരായിരുന്ന അടിമകളുടെ ഉടമസ്ഥന്മാർ, 'നിങ്ങളുടെ ഗുരു നില്ക്കുമ്പോൾ

നിങ്ങഠം ഇരിക്കുന്നതു ശരിയോ?' എന്നു ചോദിച്ച് അടിമകളെ കുററപ്പെടുത്തിയിട്ടുണ്ട്. ഫാദർ ക്ലേവറാകട്ടെ, അവിടെ പ്രാധാന്യമർഹിക്കുന്നവർ നീഗ്രോകഠം മാത്രമാണെന്നും അവരുടെ സൗഭാഗ്യത്തിനുവേണ്ടി ബുദ്ധിമുട്ടുന്ന താൻ വെറും നിസ്സാരനാണെന്നും ഗൗരവപൂർവ്വം അവരോടു പറഞ്ഞിരുന്നു. ചിലയവസരങ്ങളിൽ, ഏതെങ്കിലും നീഗ്രോയുടെ വ്രണങ്ങളിൽനിന്നു പുറപ്പെടുന്ന ദുർഗ്ഗന്ധംമൂലം മററാളുകഠംക്ക് അടുത്തിരുന്നു തൻെറ പ്രസംഗം കേഠംക്കുവാൻ പ്രയാസമാണെന്നു ഗ്രഹിക്കുമ്പോഠം, വിശുദ്ധൻ അവനെ തൻെറ മേലങ്കികൊണ്ട് ആവരണംചെയ്യുമായിരുന്നു. മിക്കപ്പോഴും ഈ മേലങ്കിയെ രോഗികളുടെ ഉപധാനമായും മൃതശരീരം പൊതിയുന്നതിനുള്ള വസ്ത്രമായും അദ്ദേഹം ഉപയോഗപ്പെടുത്തിയിട്ടുണ്ട്. ഇപ്രകാരമുള്ള ഉപയോഗം കഴിഞ്ഞു തിരികെ കിട്ടുന്ന മേലങ്കിയിൽ പററിയിട്ടുള്ള മാലിന്യവും ദുർഗ്ഗന്ധവും കളയുവാൻ ദീർഘമായ ശുചീകരണവേല നടത്തേണ്ടിവരും. അദ്ദേഹത്തിൻെറ ദ്വിഭാഷികഠം തടഞ്ഞിരുന്നില്ലെങ്കിൽ, യാതൊന്നും ചെയ്യാതെ അതേപടി അദ്ദേഹം ആ കുപ്പായം ധരിക്കുമായിരുന്നു. തൻെറ ജോലിയിൽ അത്രയ്ക്കു നിമഗ്നനായിരുന്നു അദ്ദേഹം. ഫാദർ ക്ലേവറിൻെറ മേലങ്കിയെക്കുറിച്ചു പ്രചരിച്ചിട്ടുള്ള രസകരമായ കഥകഠം പലതാണ്. അതിൻെറ സ്പർശനംകൊണ്ടുമാത്രം രോഗികഠം സ്വസ്ഥരാവുകയും മൃത്യുവക്ത്രത്തിലിരുന്നവർ ജീവിക്കുകയും ചെയ്തിട്ടുണ്ട്. ആ വസ്ത്രത്തിൽ തൊടുവാനും അതിൻെറ അംശങ്ങഠം വെട്ടിയെടുത്തു പൂജ്യവസ്തുക്കളായി സൂക്ഷിക്കുവാനും ആളുകഠം അതീവതാൽപര്യം പ്രദർശിപ്പിച്ചിരുന്നു. തൽഫലമായി ക്രമേണ, അതിൻെറ വിളുമ്പുകഠം തുണ്ടുതുണ്ടായി അപ്രത്യക്ഷമായിത്തുടങ്ങി.

ഫാദർ ക്ലേവറിൻെറ പ്രസംഗത്തിന്നുണ്ടൊരു പ്രത്യേകത—വല്ലാത്തൊരു ആസ്വാദ്യത. കേട്ടുകേട്ടിരിക്കുവാൻ നീഗ്രോകൾക്കൊരു മടുപ്പുമില്ല. അവരുടെ ഹൃദയങ്ങളിൽ ക്ഷോഭജനകമായ വികാരങ്ങൾ ഉത്തേജിപ്പിക്കുവാൻ അദ്ദേഹം ഉദ്യമിക്കുന്നില്ല; പ്രത്യുത, അവരുടെ പരിമിതബുദ്ധിയെ പ്രകാശിപ്പിക്കുന്നതിനത്രേ പ്രയത്നം മുഴുവനും. അഗാധമായ ആദ്ധ്യാത്മികതത്ത്വങ്ങളെ സാവധാനമെങ്കിലും ആഴമായി മനസ്സിൽ പതിക്കുവാൻ അദ്ദേഹമവരെ ശക്തിയുക്തം പ്രോത്സാഹിപ്പിക്കുന്നു. മന്ദബുദ്ധികളായ നീഗ്രോകൾ തൻെറ ഉപദേശശകലങ്ങൾ ഗ്രഹിക്കുകയും ഹൃദിസ്ഥമാക്കുകയും ചെയ്യുന്നതിൽ പ്രദർശിപ്പിക്കുന്ന അനാസ്ഥയും അശക്തിയും നിമിത്തം വിശുദ്ധൻ നിരുത്സാഹനാവുകയോ അക്ഷമ കാണിക്കുകയോ ചെയ്യുന്നില്ല. മടയന്മാരെ പഠിപ്പിക്കുവാൻ അദ്ദേഹത്തിന്നു വിശേഷമായ വൈദഗ്ദ്ധ്യമുണ്ട്. അത്ഥസംപുഷ്ടങ്ങളായ തൻെറ ചിത്രങ്ങൾ പരാജയപ്പെടുന്നിടത്ത് അദ്ദേഹം മനോഹരങ്ങളായ ഉപമകളും കൗതുകപ്രദങ്ങളായ ആംഗ്യങ്ങളുംമൂലം വിജയം കൈവരിക്കും. 'പ്രിയ മക്കളേ,' എന്ന് അദ്ദേഹം അവരെ വിളിക്കുന്നതു കേൾക്കാൻ പ്രത്യേകം ഒരു ഇമ്പമുണ്ട്. അദ്ദേഹം പറയുന്ന അന്യാപദേശങ്ങൾ നിശ്ചലരായി വായുംപൊളിച്ചിരുന്ന് അവർ കേൾക്കും. അവിശ്വാസികളെ നാമമാത്രക്രിസ്ത്യാനികളാക്കുകയല്ല, പ്രത്യുത, അവരെ യഥാത്ഥക്രൈസ്തവരാക്കുകയാണ് അദ്ദേഹത്തിൻെറ ലക്ഷ്യം. സർവ്വോപരി, ആ ദുർഭഗരുടെ ഹൃദയങ്ങളിൽ പാപത്തെക്കുറിച്ചു വെറുപ്പും ക്രിസ്തുവിനോടുള്ള സ്നേഹത്തിൽ അചഞ്ചലരായി നില്ക്കുന്നതിന്നുള്ള സന്നദ്ധതയും ഉളവാക്കുവാനാണു മുഖ്യയത്നം. അതിലദ്ദേഹം വിജയിതന്നെ. അവക്കുവേണ്ടി കുരിശുമരണം കൈവരിച്ച രക്ഷകൻെറ

ശൂപം ഉയർത്തിക്കാണിച്ചിട്ട്, പശ്ചാത്താപപ്രകരണം ചെയ്യുവാൻ ഫാദർ ക്ലേവർ അഭ്യർത്ഥിക്കവേ അനുതാപികളുടെ ദീനരോദനത്താൽ പരിസരങ്ങൾ മുഖരിതമാവുക പതിവാണു്.

കാത്തജീനാ മാത്രമല്ല അദ്ദേഹത്തിൻെറ പ്രേഷിതതപത്തിൻെറ മഹനീയഫലങ്ങളനുഭവിച്ചതു്. തുറമുഖം അടിമകളെ ക്രയവിക്രയം ചെയ്യുന്ന സ്ഥലം മാത്രമായിരുന്നതിനാൽ, അദ്ദേഹം സ്നാനപ്പെടുത്തിയ അടിമകളിൽ വളരെക്കുറച്ചുപേർമാത്രമേ അവിടെ വസിച്ചിരുന്നുള്ളു. അധികമാളുകളും ഉൾനാടുകളിലേയ്ക്കു് അയയ്ക്കപ്പെടുകയായിരുന്നു പതിവു്. പുതിയതായി മതപരിവർത്തനം ചെയ്തവരുടെ വിശ്വാസം ക്ഷയിക്കാതിരിക്കുവാനായി, എല്ലാ കൊല്ലവും ഈസ്റ്റർകഴിഞ്ഞു് ഉൾനാടുകളിൽ പോയി ധ്യാനപ്രസംഗപരമ്പര അദ്ദേഹം നടത്തിവന്നു. കുന്നുകളും പർവ്വതങ്ങളും കയറി, ചെളിയിലും ചതുപ്പുനിലങ്ങളിലും ചവിട്ടി, അരണ്യങ്ങൾ തരണംചെയ്തു് ആ ധന്യൻ ഗ്രാമങ്ങൾതോറും ചുററിസ്സഞ്ചരിച്ചു. ഒരു ഗ്രാമത്തിലെത്തിയാൽ അവിടത്തെ ചന്തയിൽ ഒരു കുരിശുനാട്ടിയിട്ടു്, സൂര്യാസ്തമയത്തോടേ പാടങ്ങളിൽനിന്നു മടങ്ങിവരുന്ന തൻെറ പൂർവ്വമിത്രങ്ങളെ പ്രതീക്ഷിച്ചു് അദ്ദേഹം നിൽക്കും. കാത്തജീനായിൽവച്ചു് അനേകം മാസങ്ങൾക്കോ വർഷങ്ങൾക്കോ മുമ്പു കണ്ടിട്ടുള്ള നീഗ്രോകൾ അദ്ദേഹത്തിനു നല്കിയിരുന്ന ആനന്ദനിർഭരമായ സ്വീകരണം യാത്രാക്ലേശങ്ങൾക്കു നൂറിരട്ടിയായ പ്രതിഫലംതന്നെയായിരുന്നു. തങ്ങളുടെ അടിമകളിൽ വിശുദ്ധൻ വരുത്തിയിരുന്ന പരിവർത്തനം കണ്ടു സംപ്രീതന്മാരായ ഉടമസ്ഥന്മാർ, ഈദൃശസമ്മേളനങ്ങളിൽ സംബന്ധിക്കുവാൻ നീഗ്രോകളെ സസന്തോഷം അനുവദിച്ചിരുന്നു.

തൻെറ ആദ്ധ്യാത്മിക സന്താനങ്ങളുടെമേൽ ഫാദർ ഢമ്യവറിനുണ്ടായിരുന്ന സ്വാധീനതാശക്തി അത്ഭുതാവഹമെന്നേ പറയേണ്ടൂ. ഒരിക്കൽ ഒരു അഗ്നിപർവ്വതം പൊട്ടിപ്പുറപ്പെട്ടപ്പോൾ, ഭയാക്രാന്തരായി നാലുപാടും ചിന്നിച്ചിതറി ഓടിക്കൊണ്ടിരുന്ന നീഗ്രോകളെ ബന്ധിച്ചുനിറുത്തുവാൻ അദ്ദേഹത്തിൻെറ ഒരു സന്ദേശംമാത്രം മതിയായിരുന്നു. വിശുദ്ധൻ വന്നെത്തുന്നതുവരെ അവരവരുടെ സ്ഥാനങ്ങളിൽ നില്ക്കുവാൻ അദ്ദേഹത്തിൻെറ ദൂതൻ അവരോടു പറഞ്ഞു. അവർ അനുസരിച്ചു. പിറേറദിവസം തൻെറ സാന്നിദ്ധ്യത്താൽ അദ്ദേഹം അവരെ സന്തുഷ്ടരാക്കി. ക്രമവൽകൃതമായ ഒരു ഘോഷയാത്രയ്ക്ക് അദ്ദേഹം ജനങ്ങളെ അണിനിരത്തുകയും, അപ്പോഴും അഗ്നി വമിച്ചുകൊണ്ടിരുന്ന ഗിരിശൃംഗംവരെ അവരെ നയിക്കുകയും ചെയ്തു. തൻെറ വിജയപതാകയായ കരിശു ഫാദർ ക്ളേവർ ആ പർവ്വതശിഖരത്തിൽത്തന്നെ സ്ഥാപിച്ചു. അഗ്നിസ്രാവം അതോടേ നിലയ്ക്കുകയും ചെയ്തു. എന്നാൽ, നീഗ്രോകളുടെമേൽ അദ്ദേഹത്തിനു സിദ്ധിച്ച വിജയമാണു കൂടുതൽ വിസ്മയാവഹം. ഏററം നിസ്സാരകാരണങ്ങളാൽ ഭയാധീനരാവുക പതിവായിരുന്ന നീഗ്രോകൾ, വിശുദ്ധൻെറ സാന്നിദ്ധ്യംപോലുമില്ലാതെ ഒരു ദൂതൻെറ വാക്കുകേട്ട്, പർവ്വതം അധികം അകലെയല്ലാതെ പൊട്ടിത്തെറിക്കുമ്പോൾ, പ്രശാന്തരായി വർത്തിക്കുകയും, പിന്നീട് ആപത്തിൻെറ വായിലേക്കുതന്നെ ധൈര്യപൂർവ്വം ഗമിക്കുകയും ചെയ്യുക അത്ഭുതപൂർവ്വമായ സംഭവങ്ങളാണ്.

അവശതയനുഭവിക്കുന്ന ഒരു ജനതയെന്നനിലയിൽ നീഗ്രോകളോടു വിശുദ്ധനുണ്ടായിരുന്ന സ്നേഹം സീമാതീതമായിരുന്നതുപോലെ, അവരിൽ ഓരോരുത്തരോടും അകമഴിഞ്ഞ വാത്സല്യമാണദ്ദേഹത്തിനുണ്ടായി

രുന്നതു്. എന്നാൽ, തന്റെ മൃദുലപ്രകൃതിമൂലം അസ്ഥിരചിത്തരായ നീഗ്രോകൾക്കു ധൎമ്മഭ്രംശം വരാതിരിക്കുവാൻ അദ്ദേഹം ശ്രദ്ധിച്ചിരുന്നു. വിനോദത്തിനായി നീഗ്രോകൾക്കു് അനുവദിക്കപ്പെട്ടിരുന്ന നൃത്തങ്ങൾ ദുസ്സ്വാതന്ത്ര്യപ്രയോഗംനിമിത്തം ഒരുവക രാത്ര്യുത്സവങ്ങളായിപ്പരിണമിച്ചിരുന്നു. അങ്ങനെയുള്ള സന്ദർഭങ്ങളിൽ, ഒരു കൈയിൽ തന്റെ വിജയായുധമായ കുരിശും മറേറ കൈയിൽ ഒരു ചാട്ടയും പിടിച്ചുകൊണ്ടു് അപ്രതീക്ഷിതമായുള്ള ഫാദർ ക്ലേവറിന്റെ ആക്രമണങ്ങളാണു പ്രസ്തുത നൃത്തങ്ങളെ പ്രതിരോധിച്ചിരുന്നതു്. നൎത്തകന്മാൎക്കും ഗായകന്മാൎക്കും അദ്ദേഹത്തിന്റെ ചാട്ടയുടെ ചൂടറിയുന്നതിനുള്ള അവസരങ്ങളായിരുന്നു അവ. നൃത്തോപകരണങ്ങൾ ഇട്ടെറിഞ്ഞിട്ടു നീഗ്രോകൾ ഓടി രക്ഷപെടും. പിശാചിൽനിന്നും പിടിച്ചെടുത്ത ജയചിഹ്നങ്ങളായി അവയെ അദ്ദേഹം കരസ്ഥമാക്കുകയും ചെയ്യും. കുഷ്ഠരോഗാശുപത്രിയിലെ രോഗികൾക്കു് എന്തെങ്കിലും ധൎമ്മസഹായം ചെയ്തെങ്കിൽ മാത്രമേ ഉടമസ്ഥന്മാൎക്കു തിരികെ കൊടുക്കാവൂ എന്ന വ്യവസ്ഥയിന്മേൽ അവയെ തീക്ഷ്ണതയുള്ള വിശ്വാസികളെ അദ്ദേഹം ഏല്പിച്ചിരുന്നു.

പ്രത്യക്ഷത്തിൽ അല്പം ക്രൂരമെന്നു തോന്നിക്കുമെങ്കിലും മരുങ്ങാത്ത നീഗ്രോപ്രകൃതിയ്ക്കു് അനുയോജ്യവും എന്നാൽ, വിചിത്രവുമായ രീതികളാണു പാപികളിൽ പശ്ചാത്താപമുദിപ്പിക്കുവാൻ ഫാദർ ക്ലേവർ പ്രയോഗിച്ചിരുന്നതു്. മദ്യപന്മാരും ദൈവദൂഷണം പറയുന്നവരും, മററുള്ളവരുടെ മുമ്പിൽവച്ചു നിലത്തു നക്കുവാൻ ആജ്ഞാപിക്കപ്പെട്ടിരുന്നു. അനന്തരം, "സ്വൎഗ്ഗത്തിനെതിരായി തിന്മ പ്രവൎത്തിക്കുവാനും അത്യുന്നതനായ ദൈവത്തെ ദ്രോഹിക്കുവാനും, നീചസൃഷ്ടിയായ നീ ദു

നിയുന്നുവോ?" എന്നു ചോദിച്ചുകൊണ്ടു വിശുദ്ധൻ ത ൻെറ ഉള്ളംകാൽ അപരാധിയുടെ കഴുത്തിന്മേൽ മന്ദ മായി വെയ്ക്കും. കററക്കാരൻ മൗനംകൊണ്ടു കററം സമ്മ തിക്കുകയും മേലിലേയ്ക്കു സ്ഥിരപ്രതിജ്ഞ എടുക്കുകയും ചെയ്യും.

തൻെറ ജീവിതം അടിമകൾക്കായി പ്രതിഷ്ഠിച്ചി രുന്നതിനാൽ, നീഗ്രോകളുടെ പരിചരണംകഴിഞ്ഞു ല ഭിക്കുന്ന സമയംമാത്രമേ അദ്ദേഹം, സംസ്കാരസമ്പന്നരാ യ യൂറോപ്യന്മാരുടെ സന്ദർശനം സ്വീകരിക്കുന്നതിനു വിനിയോഗിച്ചിരുന്നുള്ളു. ഇതു് അദ്ദേഹത്തെക്കുറിച്ചു് അവരുടെയിടയിൽ അതൃപ്തി ജനിപ്പിക്കുവാൻ കാരണ മായി. രാവിലെ ഫാദർ ക്ലേവറിൻെറ കർബാന കാ ണുവാൻ വരുന്ന നീഗ്രോകളുടെ ഗന്ധം പള്ളിയിലും പ രിസരങ്ങളിലും സർവ്വത്ര വ്യാപിച്ചിരുന്നതിനാൽ സ്പാനി ഷ്‌വനിതകളുടെ മൃദുപ്രകൃതിയായ നാസികകൾക്കു് അ തു് അസഹനീയമാണെന്നുള്ള പരാതി പുറപ്പെട്ടു. "സ്വർഗ്ഗ ത്തിൽ അവരുടെ (നീഗ്രോകളുടെ) അടുത്തെങ്ങാനും ഒ രു സ്ഥാനം കിട്ടുവാൻ നിങ്ങൾ ആഗ്രഹിക്കുന്ന ഒരു സ മയം വരും" എന്നുമാത്രമായിരുന്നു ഫാദർ ക്ലേവറി ൻെറ മറുപടി. നീഗ്രോകൾ തിങ്ങിക്കൂടിയിരിക്കുന്ന കു മ്പസാരക്കൂടിനടുത്തുപോയി കുലീനകളായ തങ്ങൾ എ ങ്ങനെ ഫാദർ ക്ലേവറിനോടു പാപോച്ചാരണം ചെ യ്യും എന്നായിരുന്നു മറെറാരു പരാതി. ഒരു വിശുദ്ധ ന്റെ പരമാർത്ഥതയോടേ അദ്ദേഹം പറയും: "വാ സ്തവത്തിൽ പരിഷ്കാരം തികഞ്ഞവരും സംസ്കാരസമ്പ ന്നകളുമായ വനിതകൾക്കു പററിയ കുമ്പസാരക്കാരന ല്ല ഞാനെന്നു തുറന്നുപറഞ്ഞുകൊള്ളട്ടെ. നിങ്ങൾ വേ റെ ആരെയെങ്കിലും അന്വേഷിച്ചുകൊള്ളുവിൻ. കുലീന കളും ധനികകളുമായ നിങ്ങളുടെ നിലയങ്കികൾക്കു ചേ

ന്നതല്ല തീരെ പാവപ്പെട്ട എന്റെ കുമ്പസാരക്കൂട്. അതു പാവങ്ങളായ നീഗ്രോസ്ത്രീകൾക്കുമാത്രം യോജിച്ചതാണ്."

എന്നാൽ, ഈ സമാധാനം സ്പാനിഷ്‌വനിതകളെ പിന്തിരിപ്പിച്ചില്ല. വിശുദ്ധനോടുതന്നെ അവൎക്കും കുമ്പസാരിക്കണം. അടിമകളോടൊന്നിച്ച് അവരും അതേ കുമ്പസാരക്കൂടിനെത്തന്നെ അഭയംപ്രാപിച്ചു. "കൊള്ളാം," അദ്ദേഹം വിനയപൂൎവ്വം പറഞ്ഞു, "നീഗ്രോകൾ കുമ്പസാരിച്ചുകഴിയുന്നതുവരെ നിങ്ങൾ കാത്തുനില്ക്കേണ്ടിവരുമെന്നു ഞാൻ ഭയപ്പെടുന്നു." കാത്തജീനായിലേ പ്രമുഖോദ്യോഗസ്ഥന്മാർപോലും തങ്ങളുടെ അടിമകൾക്കുപിന്നിൽ മുറയനുസരിച്ചു നില്ക്കുന്നതു കാണേണ്ട കാഴ്ചതന്നെയായിരുന്നു.

നീഗ്രോകൾക്കു ഫാദർ ക്ളേവർ എപ്പോഴും മുൻഗണന നല്കിയിരുന്നെങ്കിലും, ഈ വെള്ളക്കാരുടെ കാൎയ്യം അദ്ദേഹം അവഗണിച്ചിരുന്നില്ല. അവരിൽ ആരെങ്കിലും ആദ്ധ്യാത്മികരോഗത്താലോ മനഃക്ലേശത്താലോ പീഡിതരായി തന്നെ സമീപിച്ചിരുന്ന സന്ദൎഭങ്ങളിലെല്ലാം അവൎക്കു തന്നാൽ പാടുള്ള സഹായം ചെയ്തുകൊടുക്കുവാൻ അദ്ദേഹം സദാ സന്നദ്ധനായിരുന്നു. മററവസരങ്ങളിലെല്ലാം, അദ്ദേഹത്തിന്റെ ജീവചരിത്രമെഴുതിയ ഫാദർ ഫ്ളോരിയോ പറയുന്നതുപോലെ, ഉന്നതനിലയിലുള്ളവരിൽനിന്നു കഴിയുന്നത്ര അകന്നു ജീവിക്കുവാനായിരുന്നു അദ്ദേഹത്തിന്റെ ആഗ്രഹം. എന്തുകൊണ്ടെന്നാൽ, അവരുമായി കൂടുതൽ ഇടപെട്ടാൽ, ആചാരോപചാരങ്ങൾക്കും ഭംഗിവാക്കുകൾക്കും നിരൎത്ഥകമോ ലൗകികമോ ആയ സംഭാഷണങ്ങൾക്കും വേണ്ടി തന്റെ വിലയേറിയ സമയം—ദൈവകാൎയ്യങ്ങൾക്കായി സമൎപ്പിതമായ സമയം— വളരെ വ്യയം

ചെയ്യേണ്ടിവരുമായിരുന്നു. വലിയ ആളുകളോടു സംസ ർഗ്ഗംചെയ്യുന്നവൎക്കു കൂടുതൽ കൃപാവരം ആവശ്യമുണ്ടെ ന്ന് അദ്ദേഹത്തിനറിയാമായിരുന്നു. ആകയാൽ, നിവൃ ത്തിയില്ലാത്ത അപൂൎവ്വംചില സന്ദൎഭങ്ങളിൽമാത്രമേ അത്തരക്കാരുമായി അദ്ദേഹം സഹവസിച്ചിരുന്നുള്ളു. അങ്ങനെ ചെലവഴിച്ച സമയത്തെക്കുറിച്ചു ദൈവതിരു മുമ്പാകെ കണക്കുകൊടുക്കുക പ്രയാസമാണെന്നായിരു ന്നു അദ്ദേഹത്തിൻെറ അഭിപ്രായം. കുലീനയായ ഒരു സ്ത്രീയുടെ വീട്ടിൽ ഭക്ഷണംകഴിച്ചു എന്നു പറയുന്നതു് ഒരു ബഹുമതിയായി വിശുദ്ധൻ പരിഗണിച്ചിരുന്നില്ല.

---

# പത്താം അദ്ധ്യായം.

## ക്ളേവർ വെള്ളക്കാരുടെ മദ്ധ്യേ.

ഒരു മിഷ്യനറി എന്ന നിലയിൽ ഫാദർ ക്ളേവ റിൻെറ സേവനങ്ങളുടെ ഓഹരി ലഭിക്കുവാൻ ഭാഗ്യം സിദ്ധിച്ചതു നീഗ്രോകൾക്കുമാത്രമല്ല. പല ആഴ്ചവട്ടക്കാ ലത്തേയ്ക്കു് അടിമക്കപ്പലൊന്നും കാൎത്തജീനായെ സമീ പിച്ചില്ലെന്നു വരും. ആ സമയം മുഴുവനും ആശുപത്രി കളിലും ജയിലുകളിലും, മററു സമുദായപരിത്യക്തരുടെ യിടയിലും അദ്ദേഹത്തിനു ധാരാളം ജോലികൾ ചെയ്യു വാനുണ്ടായിരുന്നു. ഇങ്ങനെയുള്ള അവസരങ്ങളിലൊരി ക്കൽ ജസ്വിററുകോളെജിലേ 'മിനിസ്റ്റർ' എന്ന ചുമതല യേറിയ ഉദ്യോഗത്തിൽ ഫാദർ ക്ളേവർ നിയമിതനാ യി. 'ദാസരിൽ ദാസനാ'യിരുന്ന അദ്ദേഹത്തിനു തൻെറ സഹോദരന്മാരുടെ മേലധികാരിയായിത്തീരുന്നതിൽപ്പ രം അനിഷ്ടമായി മറെറാന്നുമുണ്ടായിരുന്നില്ല. അനുസര

ണയാൽ പ്രേരിതനായി ആ ഉദ്യോഗം സ്വീകരിച്ച കഥാപുരുഷൻ ഭരണീയരിൽ ഓരോരുത്തരുടേയും ദാസനായിത്തീരുവാൻ പരിശ്രമിച്ചുതുടങ്ങി. ഗൃഹശുചീകരണം തുടങ്ങിയ ഏററം വിനീതമായ ജോലികൾ പുതിയ 'മിനിസ്റ്റർ' തന്നെ ഏറെറടുത്തു തൻെറ ഭരണീയക്ക് ഏതു സേവനവും ചെയ്തുകൊടുക്കുവാൻ അദ്ദേഹം സന്നദ്ധനായിരുന്നു. അനുസരണയിൽക്കവിഞ്ഞു മററു യാതൊരു ജീവിതോദ്ദേശ്യവുമില്ലാത്ത ഒരുവനെ ചുമതലയേറിയ ഉദ്യോഗത്തിൽ നിയമിക്കുന്നതുകൊണ്ടു വലിയ ഫലമില്ലെന്നു ഗ്രഹിച്ച സഭാധികാരികൾ അദ്ദേഹത്തെ 'മിനിസ്റ്റർ' സ്ഥാനത്തുനിന്നും ഒഴിവാക്കുകയും കൂടുതൽ ക്ലേശാവഹമായ വേറൊരു ജോലിയിൽ നിയമിക്കുകയും ചെയ്തു.

സ്വർണ്ണഖനികൾ തേടി പര്യടനംചെയ്തിരുന്ന ഒരുകൂട്ടം സാഹസികന്മാരെ കാർത്താജീനാ ആകർഷിച്ചുകൊണ്ടിരുന്ന ഒരു കാലമായിരുന്നു അതു്. ധനനഷ്ടം സംഭവിച്ചു്, ലോകവ്യവഹാരങ്ങളിൽ പരാജിതരായ അവർ ദൈവശുശ്രൂഷയിൽ ശിഷ്ടായുസ്സു കഴിക്കുവാൻ സന്ന്യാസാശ്രമങ്ങളെ അഭയംപ്രാപിച്ചുതുടങ്ങി. വൈദികവൃത്തിക്കുള്ള അവരുടെ യോഗ്യത സംശയാസ്പദമായിരുന്നു. തന്നിമിത്തം, അവക്കായി "സഹോദര"ന്മാരുടെ ഒരു സഭ രൂപവൽകൃതമാകുകയും ഫാദർ പീററർ അതിൻെറ അധിപനായി നിയമിക്കപ്പെടുകയും ചെയ്തു. ഇവിടേയും കഥാനായകൻെറ പ്രവൃത്തികൾ വിസ്മയജനകങ്ങളായിരുന്നു. ചിലപ്പോൾ അദ്ദേഹം അത്യഗാധമായ വിനയത്തോടേ സഹോദരന്മാരെ പരിസേവിക്കും. മററുചിലപ്പോൾ അവരെ ആത്മനിഗ്രഹം അഭ്യസിപ്പിക്കുന്നതിനായി കൈയിൽ ചൂലും പിടിപ്പിച്ചു തെരുവുകളിൽ കൂടി നടത്തും. ചിലയവസരങ്ങളിൽ സാംക്രമികരോഗബാധിതരായ നീഗ്രോകൾക്കു ശുശ്രൂഷചെയ്യുവാൻ

ആശുപത്രികളിലേയ്ക്കു് അവരെ നയിക്കും. അപ്രകാരമുള്ള പര്യടനങ്ങളിൽ, വലിയ കുട്ടകളിൽ സാധനങ്ങൾ നിറച്ച് ഒരു ദണ്ഡിന്മേൽ വെച്ചുകെട്ടിയിട്ടു ഒരു തല വിശുദ്ധൻതന്നെ എടുക്കുകയും മറേറത്തല എടുക്കുവാൻ സഹോദരന്മാരിലൊരുവനോട് ആജ്ഞാപിക്കുകയും ചെയ്യും. പ്രേഷിതവൃത്തിയിലേർപ്പെട്ടിരിക്കുമ്പോൾ ക്ലേവറിനു സിദ്ധിച്ചിരുന്ന മനുഷ്യാതീതമായ ശക്തി പ്രസിദ്ധമാണ്. യൗവനയുക്തരും അരോഗദൃഢഗാത്രരുമായ സഹോദരന്മാർപോലും ഭാരത്തിൻെറ ആധിക്യത്താൽ ശക്തി ക്ഷയിച്ചു തളൎന്നുപോയിട്ടുണ്ടു്. ഭാരം എത്രതന്നെ വലുതായിരുന്നുകൊള്ളട്ടെ, വിശുദ്ധൻ അതൊന്നും അറിയുകയില്ല. ദണ്ഡിൻെറ മറേറത്തല പിടിച്ചിരിക്കുന്ന സഹോദരൻെറ പരാതികളോ ദീനരോദനങ്ങളോ ശ്രവിക്കാതെ അദ്ദേഹം കുതിച്ചുപാഞ്ഞുകൊണ്ടിരിക്കും.

ചിലപ്പോൾ, രോഗബാധിതരായ നീഗ്രോകളുടെ വ്രണങ്ങൾനിറഞ്ഞ ശരീരം മൂടുന്നതിനോ അവർക്കു കിടക്കയായി ഉപയോഗിക്കുന്നതിനോ ആയി തങ്ങളുടെ മേൽവസ്ത്രങ്ങൾ ഊരിക്കൊടുക്കുവാൻ അദ്ദേഹം സഹോദരന്മാരോട് ആവശ്യപ്പെടാറുണ്ടായിരുന്നു.

ഡച്ചുകാരും ഇംഗ്ലീഷ്കാരുമായ യുദ്ധത്തടവുകാർക്കുവേണ്ടി ഫാദർ ക്ലേവറിൻെറ സമയത്തിൽ ഒരു നല്ല ഭാഗം വിനിയോഗിക്കപ്പെട്ടു. സ്വജീവിതവിശുദ്ധിയാലും സ്വഭാവമാധുര്യത്താലും ആകൃഷ്ടരായിത്തീർന്ന അവൎക്കു സനാതനസത്യങ്ങൾ സമയോചിതം ഉപദേശിച്ചുകൊടുക്കുവാൻ അദ്ദേഹത്തിനു പ്രത്യേക ചാതുര്യമാണുണ്ടായിരുന്നതു്. തന്മൂലം, പലരേയും സത്യസഭയിലേക്കു് ആകർഷിക്കുവാൻ അദ്ദേഹത്തിനു സാധിച്ചു. മററുപലരുടെ മതപരിവൎത്തനത്തിനു കാരണമായിത്തീർന്ന ഒരു ആംഗ്ലിക്കൻ ആർച്ചുഡീക്കൻെറ മാനസാന്തരകഥ പ്ര

സ്തുത്യവയോഗ്യമാണ്. "സെൻറ് ക്രിസ്റ്റഫർ", "സെൻറ് കാതറീൻ" എന്നീ ദ്വീപങ്ങൾ സ്പെയിൻകാർ ഇംഗ്ലീഷ്കാരിൽനിന്ന് തിരികെ പിടിച്ചപ്പോൾ അനന്തരം ഇംഗ്ലീഷ്കാരെ തടവുകാരാക്കുകയുണ്ടായി. യുദ്ധം നടന്നുകൊണ്ടിരുന്നപ്പോൾ ഈ ദ്വീപങ്ങൾ സന്ദർശിക്കുവാൻ വന്ന ലണ്ടനിലെ ആർച്ചുഡ്യൂക്കും ഇവരോടൊന്നിച്ചു ബന്ധനസ്ഥനാക്കപ്പെട്ടു. വിജയത്തിന് ഉപകാരസ്മരണയായി സ്പാനിഷ്കപ്പലിൽവച്ച് ദിവ്യബലി അർപ്പിക്കുന്നതിനും തടവുകാരാക്കപ്പെട്ട ഇംഗ്ലീഷ് ഉദ്യോഗസ്ഥന്മാരുടെ ബഹുമാനത്തിനായി നടത്തപ്പെട്ടവാനിരുന്ന വിരുന്നിൽ സംബന്ധിക്കുന്നതിനും ഫാദർ ക്ലേവർ ക്ഷണിക്കപ്പെട്ടു. പരിചയപ്പെട്ടവാനിടയുള്ള ആളുകൾക്കു സത്യസഭാപ്രകാശം പ്രദാനം ചെയ്യാമെന്നുള്ള പ്രതീക്ഷയാൽ പ്രേരിതനായി വിശുദ്ധൻ പ്രസ്തുത ക്ഷണം സസന്തോഷം സ്വീകരിച്ചു. അദ്ദേഹം ഇംഗ്ലീഷ് ഉദ്യോഗസ്ഥന്മാരുടെ സവിശേഷമായ ബഹുമാനാദരങ്ങൾക്കു പാത്രീഭവിച്ചതിനാൽ, തങ്ങളുടെ ആർച്ചുഡ്യൂക്കുമായി ഒരു സന്ദർശനത്തിന് അദ്ദേഹം സമ്മതിക്കണമെന്ന് അവർ നിർബന്ധിച്ചു

സന്ദർശനമനുവദിക്കുന്നപക്ഷം, തൽകാലത്തേയ്ക്കെങ്കിലും ഫാദർ ക്ലേവർ ഇംഗ്ലീഷ് ആചാരമര്യാദകൾ അനുഷ്ഠിക്കണമെന്നും ആർച്ചുഡ്യൂക്കിൻെറ 'ആരോഗ്യത്തിനുവേണ്ടി' പാനോപചാരം ചെയ്യേണ്ടിവരുമെന്നും ക്യാപ്റ്റൻ നിർദ്ദേശിച്ചു ക്രിസ്തുനാഥൻ പാപികളോടുകൂടി ഭക്ഷിക്കുകയും പാനംചെയ്യുകയും ചെയ്തുവെങ്കിൽ, അവിടുത്തെ അനുഗാമി, ആത്മാക്കളെ രക്ഷിക്കുന്നതിനായി ഒരു ആർച്ചുഡ്യൂക്കിനു സുഖം ആശംസിച്ചുകൊണ്ട് അല്പം വീഞ്ഞു കുടിക്കുക സംഗതമല്ലേ?

വെള്ളിനൂൽപോലുള്ള നീണ്ട താടിമീശയോടുകൂ

ടിയ ഒരു വൃദ്ധവയോധികൻ ക്ലേവറിൻെറ മുമ്പിൽ ആ നീതനായി. പരസ്പരം മംഗളാശംസകളും പാനോപചാരങ്ങളും കഴിഞ്ഞു്, ക്ലേവറിൻെറ സ്വഭാവഗുണങ്ങളാൽ ആകൃഷ്ടനായ ആർച്ചുഡീക്കൻ ഒരു രഹസ്യസംഭാഷണത്തിനു വിശുദ്ധനെ ക്ഷണിച്ചു. ആർച്ചുഡീക്കൻ സ്വമതവിശ്വാസത്തിൽ മനസ്സമാധാനമനുഭവിക്കുന്നില്ലെന്നു ഗ്രഹിക്കുവാൻ കഴിഞ്ഞ കഥാപുരുഷൻ, ആകർഷകമായ രീതിയിൽ സംഭാഷണം ഇങ്ങനെ ആരംഭിച്ചു: "നിങ്ങളുടെ രാജ്യത്തിന് അഭിമാനസ്തംഭമായ ഒരു ധീരകന്യകയുടെ തിരുനാളാണല്ലോ ഇന്ന്. ഈ തിരുനാളിനു ഹേതുഭൂതയായ വിശുദ്ധ ഉർസുല, വിശുദ്ധനും അനുകരണീയനുമായ ഒരു ക്രിസ്തീയരാജാവിൻെറ- ലൂസിയസിൻെറ-മകളായിരുന്നു. അദ്ദേഹം തൻെറ സ്ഥാനത്തിന് അനുയോജ്യമായ സമ്മാനങ്ങൾ, ആണ്ടുതോറും പരിശുദ്ധ സിംഹാസനത്തിലേക്കയച്ചിരുന്നു." അനന്തരം, ഇംഗ്ലണ്ടിലെ സമാധാനപരമായ ക്രൈസ്തവസഭാന്തരീക്ഷത്തെ അലങ്കോലപ്പെടുത്തിയ ഹെൻറി അഷ്ടമനുമായി ലൂസിയസിനെ താരതമ്യം ചെയ്യുവാനാരംഭിച്ചു. "അസാന്മാർഗ്ഗികത്വത്തിനു കുപ്രസിദ്ധിനേടിയ ഒരു രാജാവിൻെറ അധികാരം, പുണ്യസമ്പന്നരായ അനേകം രാജാക്കന്മാർ നട്ടുവളർത്തിയ സഭാതരുവിനെ നശിപ്പിക്കുവാൻ- കെട്ടിപ്പടുത്ത സംസ്കാരസൗധത്തെ ഇടിച്ചു നിരത്തുവാൻ- അനുവദിക്കുകയോ? ദൈവഭക്തനായ ലൂസിയസ് ആശ്ലേഷിച്ച മതം തെററും, വിഷയലമ്പടനായ ഹെൻറി സ്ഥാപിച്ച മതം ശരിയും ആയിത്തീരുകയോ? ജുഗുപ്സാവഹമായ തൻെറ ജീവിതം തുടർന്നുകൊണ്ടുപോകുവാൻ പിൻതുണ ലഭിക്കുന്നതിനുവേണ്ടിമാത്രമാണ് ഹെൻറി നൂതന മതസ്ഥാപനത്തിനു കച്ചകെട്ടിയതു്. എന്നാൽ, ആ രാജാവു ചെയ്തതുപോലുള്ള അപരാധങ്ങൾ പ്രവ

ത്തിക്കാത്ത നിങ്ങൾ ആ മതത്തിൽ നിലനിൽക്കുന്നതെന്തുകൊണ്ടാണെന്ന് എനിക്കു മനസ്സിലാകുന്നില്ല."

ആർച്ചുഡീക്കൻ ദീർഘമായി ഒന്നു നിശ്വസിച്ചു. ദാരിദ്ര്യത്തെ ഭയന്നിട്ടല്ലായിരുന്നുവെങ്കിൽ-തന്റെ ഭാര്യയേയും കുട്ടികളേയും സംരക്ഷിക്കേണ്ട ഭാരം തന്റെ തോളിലില്ലായിരുന്നുവെങ്കിൽ-ഹെൻറി അഷ്ടമനേയും അയാളുടെ കുചേഷ്ടിതങ്ങളേയും എതിക്കുവാൻ താൻ സന്നദ്ധനാകുമായിരുന്നു എന്ന് അദ്ദേഹം സമ്മതിച്ചു. എങ്കിലും ദൈവാനുഗ്രഹത്താൽ ഒരു കത്തോലിക്കനായിട്ടേ താൻ മരിക്കുകയുള്ളു എന്നദ്ദേഹം ഉറപ്പു പറഞ്ഞു. അശ്രുധാരയോടേ അദ്ദേഹം അഭ്യത്ഥിച്ചു: "അച്ചാ, എനിക്കുവേണ്ടി പ്രത്യേകം പ്രാത്ഥിക്കണം."

ആഴ്ചകൾ പലതുകഴിഞ്ഞു. "സെൻറ് സെബാസ്റ്റ്യൻ" ആശുപത്രിയിൽവെച്ച്, ആസന്നമരണനായിത്തീർന്ന ആർച്ചുഡീക്കൻ തന്റെ വാദാനം അനുസ്മരിക്കുകയും കത്തോലിക്കാസഭയുമായി പുനരൈക്യപ്പെടുകയുംചെയ്തു. ഭക്തിചൈതന്യം തുളുമ്പുന്ന ഒരു കത്തോലിക്കനായി അദ്ദേഹം മരണം പ്രാപിച്ചു. തടവുകാരിൽ വളരെപ്പേർ അദ്ദേഹത്തിന്റെ മാതൃകയെ അനുകരിച്ചു വിശ്വാസപ്രഖ്യാപനംചെയ്തു.

ഫാദർ ക്ലേവർ നിർവഹിച്ച മാനസാന്തരങ്ങൾ വളരെയാണ്. കഠിനപാപികളിൽ പരിവത്തനമുളവാക്കുവാൻ അദ്ദേഹത്തിനുണ്ടായിരുന്ന സാമത്ഥ്യം അന്യാദൃശമത്രേ. നിരാശാഭരിതമായ മന:സ്ഥിതിയോടുകൂടിയവർക്കു ഫാദർ ക്ലേവറിന്റെ സാന്നിദ്ധ്യം അനുഗ്രഹപ്രദമായിരുന്നു. ഒരിക്കൽ, "സെൻറ് സെബാസ്റ്റ്യൻ" ആശുപത്രിയിലേയ്ക്കു കഥാപുരുഷൻ ക്ഷണിക്കപ്പെട്ടു. ജീവിതത്തിന്റേയും മൃത്യുവിന്റേയും മദ്ധ്യേ ദുസ്സഹവേദനയനുഭവിക്കുന്ന ഒരു അകത്തോലിക്കനെയാണ് വിളു

ദ്ധൻ അവിടെ ദർശിച്ചതു്. അത്യാസന്നമായ ആപ ത്തിനേയും ദൈവത്തിൻെറ സീമാതീതമായ കരുണയേ യുംപററി അദ്ദേഹം അയാളോടുപദേശിച്ചു. കത്തോലി ക്കാസഭ എന്ന വാക്ക കേട്ടപ്പോഠതന്നെ അയാഠ ദൈ വദൂഷണം പറയുകയും വിശുദ്ധനെ ദേഹോപദ്രവമേ ല്പിക്കുവാൻ ഉദ്യമിക്കുകയും ചെയ്തു. ദൈവത്തിൻെറ അ നന്തനന്മയിൽ സുദൃഢമായവിശ്വാസമുണ്ടായിരുന്ന നമ്മു ടെ വൈദികൻ, രോഗിയുടെ കിടക്കയ്ക്കുടുത്തു മുട്ടുകുത്തി സ്വർഗ്ഗത്തിലേയ്ക്കു കണ്ണുകഠ ഉയർത്തി അല്പനേരം പ്രാ ർത്ഥിച്ചു. അഹോ വിസ്മയം! ശാപവാക്കുകഠ ഉച്ചരിച്ചു കൊണ്ടിരുന്ന മനുഷ്യൻ ഒരു കുഞ്ഞാടിനേപ്പോലെ ശാ ന്തനായിത്തീർന്നു. അയാഠ ഫാദർ ക്ളേവറിനെ സമീ പേ വിളിച്ചിരുത്തി അദ്ദേഹത്തിൻെറ കരങ്ങഠ സ്നേഹ പൂർവ്വം ചുംബിക്കുകയും സത്യസഭയിലുള്ള തൻെറ വി ശ്വാസം പരസ്യമായി പ്രകടിപ്പിക്കുകയും ചെയ്തു. വി ശുദ്ധകൂദാശകഠ ഭക്തിയോടേ സ്വീകരിച്ചു് അയാഠ താമസിയാതെ ഭാഗ്യമരണം പ്രാപിച്ചു.

മഹമ്മദീയരുടെ മാനസാന്തരം അത്ര സുസാധമാ യി ക്ളേവറിന് അനുഭവപ്പെട്ടില്ല. എങ്കിലും, അവ രിൽ ചില പ്രശസ്തമായ വിജയങ്ങഠ വിശുദ്ധൻ നേടു കതന്നെ ചെയ്തു. വി. പൗലോസിനെപ്പോലെ എല്ലാവ ൎക്കും എല്ലാമാകുവാനാണു് അദ്ദേഹം യത്നിച്ചതു്. കച്ചവ ടത്തിനായി വന്നുചേർന്ന ഒരുകൂട്ടം മഹമ്മദീയർ കാർത്ത ജീനായിൽ വസിച്ചിരുന്നു. ക്രിസ്ത്യൻമിഷ്യനറിമാരെ കാണുകതന്നെ അവർക്കു് അരോചകമായിരുന്നു. നിർ ദ്ധനരും അപരിഷ്കൃതരുമായ അവർക്കു നന്മ ചെയ്യു വാൻ കിട്ടിയ സന്ദർഭങ്ങളെല്ലാം ഫാദർ ക്ളേവർ ഫ ലപ്രദമായി ഉപയോഗിച്ചു. അദ്ദേഹം അവരെ സന്ദർ ശിക്കുവാൻ പോകുമ്പോഠ അവർക്കു വിശിഷ്ടഭോജ്യ

ങ്ങൾ കൊടുക്കുകയും സദുപദേശങ്ങളാൽ അവരുടെ ഹൃദയത്തെ ആകർഷിക്കുവാൻ ശ്രമിക്കുകയും ചെയ്തിരുന്നു. അവരുടെ കൂട്ടത്തിൽ ക്രൂരനും വിചിത്രസ്വഭാവനുമായ ഒരു മഹമ്മദീയനുണ്ടായിരുന്നു. ഫാദർ ക്ളേവറിനോട് അയാൾ ഏററം പരുഷമായിട്ടാണു സംസാരിച്ചിരുന്നത്. ഒരു ക്രിസ്ത്യൻമിഷ്യനറിക്ക് അവരുടെയിടയിൽ ചെന്നിട്ടു യാതൊരു കാര്യവുമില്ലെന്ന് അയാൾ പറയുക പതിവായിരുന്നു. വിശുദ്ധൻ ഓരോ പ്രാവശ്യവും താൻ കൊണ്ടുവന്നിട്ടുള്ളതിൽ ഏററം വിശിഷ്ടമായ ഉപഹാരങ്ങൾ, തന്നോടു വിദ്വേഷപൂർവ്വം പെരുമാറിയിരുന്ന ആ മനുഷ്യനാണു കൊടുത്തിരുന്നത്. എന്നാൽ, അയാളുടെ അസഭ്യവർഷത്തിനു യാതൊരു കുറവുമുണ്ടായിരുന്നില്ല. വിശുദ്ധനാകട്ടെ, ഒന്നിനൊന്നിനു കൂടുതൽ സ്നേഹദ്യോതകമായവിധം അയാളോടു സംസാരിക്കുകയും വിശിഷ്ടതരമായ സമ്മാനങ്ങൾ അയാൾക്കു നല്കുകയും ചെയ്തുപോന്നു. ഇതെന്തൊരു നയം? അധിക്ഷേപങ്ങൾക്കു പകരം കാരുണ്യപൂർവ്വമായ വാക്കുകളോ? ആ മഹമ്മദീയൻ ചിന്തിക്കുവാൻ തുടങ്ങി. അടുത്ത ദിവസം ഫാദർ ക്ളേവറിനെ അയാൾ സൂക്ഷിച്ചു നോക്കി; അദ്ദേഹത്തിൻെറ ഓരോ ചലനവും അയാൾ ശ്രദ്ധിച്ചു. എന്തൊരാനന്ദമാണ് അദ്ദേഹത്തിൻെറ മുഖത്തു പ്രതിബിംബിക്കുന്നത്? ഈ സ്നേഹപ്രകടനമൊക്കെ എന്തിന്? അവരുടെ കണ്ണുകൾ തമ്മിലിടഞ്ഞു. വിശുദ്ധൻെറ ദൃഷ്ടികൾ തൻെറ ഹൃദയത്തിൽ തറച്ചു കയറുന്നതുപോലെ അയാൾക്കു തോന്നി. അയാൾ ആ പുണ്യപുരുഷൻെറ മുമ്പിൽ മുട്ടുകുത്തി, "ഞാൻ അവിടുത്തെ ദാസനാണ്. എന്നേയും അങ്ങയുടെ സഭയിൽ ചേർക്കണം. ഇത്തരം പുണ്യാത്മാക്കളുള്ള മതമാണു സത്യമതം" എന്നു വിശ്വാസപ്രഖ്യാപനം ചെയ്തു. ഇതുപോലെ മററു

പല മഹമ്മദീയരേയും മാനസാന്തരപ്പെടുത്തുവാൻ ഫാ. ക്ലേവറിന്നു സാധിച്ചിട്ടുണ്ട്.

ഇപ്രകാരം, ശീശ്മയിൽപെട്ടവർ, മഹമ്മദീയർ, നീഗ്രോകൾ എന്നിങ്ങനെ വിവിധ തരത്തിലുള്ള ആളു കളെ അദ്ദേഹം സത്യസഭയുടെ സന്താനങ്ങളും സ്വർഗ്ഗ രാജ്യത്തിന്നവകാശികളുമാക്കിത്തീർത്തു. ക്ലേവറിനെ വി ശുദ്ധനെന്നു നാമകരണം ചെയ്യുവാൻ ശേഖരിച്ച തെ ളിവുകളിൽനിന്ന് അദ്ദേഹം മൂന്നു ലക്ഷത്തിലധികം ആ ളുകളെ മാനസാന്തരപ്പെടുത്തിയെന്നു കാണുന്നു. അ ലോൺസോ, സ്വപ്നത്തിൽ ദർശിച്ച സിംഹാസനം കര സ്ഥമാക്കുവാൻ കഥാനായകൻ അർഹനായതു് ഈവി ധമാണു്.

കാർത്തജീനായിലെ രോഗികൾക്കു് ഫാദർ ക്ലേ വർതന്നെ, രോഗശുശ്രൂഷകൻ, ഭിഷഗ്വരൻ, പുരോഹി തൻ, ആശ്വാസദായകൻ എന്നിവരുടെയെല്ലാം സ്ഥാ നം വഹിച്ചിരുന്നുവെന്ന് അശേഷം അതിശയോക്തികൂടാ തെ പറയാം. സ്വർഗ്ഗത്തിൽനിന്ന് ഒരു മാലാഖാ പ്ര ത്യക്ഷനായാലുണ്ടാകുന്ന ആനന്ദമാണു് വിശുദ്ധൻ ത ങ്ങളെ സന്ദർശിക്കുന്ന അവസരത്തിൽ രോഗികൾ അ നുഭവിച്ചിരുന്നതു്; നിദ്രയിൽനിന്നും ഉണരുന്ന ഒരു ശിശു തന്റെ അമ്മയെ കാണുമ്പോൾ പ്രകടിപ്പിക്കു ന്ന ആഹ്ലാദമാണു് അവരുടെ വിവർണ്ണമായ മുഖങ്ങ ളിൽ അപ്പോൾ കളിയാടിയിരുന്നതു്. ആശുപത്രികളിൽ അദ്ദേഹം ആഗതനാകുന്ന അവസരങ്ങളിൽ, ആഘോ ഷപൂർവ്വമായ പരസ്യസ്വീകരണങ്ങൾ അവർ അദ്ദേഹ ത്തിന്നു നല്കിയിരുന്നു.

എല്ലാവിധ രോഗികൾക്കുംവേണ്ടിയുള്ള 'സെൻറ് സെബാസ്റ്റ്യൻ', കുഷ്ഠരോഗികൾക്കു പ്രത്യേകമായു ള്ള 'സെൻറ് ലാസർ' എന്നീ രണ്ടു് ആശുപത്രികൾ

ക്ലേവറിൻെറ ഉദാരസേവനങ്ങൾ അനുഭവിച്ചുപോന്നു. ഇരുസ്ഥലങ്ങളിലും, ഏററം വിനീതവും ദാസോചിതവുമായ ജോലികൾ അദ്ദേഹം സസന്തോഷം ചെയ്തിരുന്നു. നാല്പതു വേലക്കാർ ചെയ്യുന്ന ജോലി വിശുദ്ധൻ തനിച്ചു ചെയ്തുവന്നിരുന്നുവെന്നാണു പറയപ്പെടുന്നതു്.

കുഷ്ഠരോഗികൾക്കു ശുശ്രൂഷ ചെയ്യുന്നതായിരുന്നു ഫാദർ ക്ലേവറിന് ഏററം ആനന്ദപ്രദമായ ജോലി. ഒരിക്കൽ പട്ടണത്തിനു പുറത്തുവെച്ച് ഒരു സ്പാനിഷ് ഉദ്യോഗസ്ഥൻ ഫാ. ക്ലേവറിനെ കണ്ടുമുട്ടി. അദ്ദേഹത്തിൻെറ വദനത്തിൽ സംതൃപ്തി നൃത്തം ചെയ്യുന്നുണ്ടായിരുന്നു. ഹൃദയം സന്തോഷത്താൽ തുടിക്കുന്നുവെന്ന് അദ്ദേഹത്തിൻെറ തിളങ്ങുന്ന കണ്ണുകൾ വ്യക്തമാക്കി. പ്രസന്നമായ മുഖഭാവം കണ്ടിട്ട് ഉദ്യോഗസ്ഥൻ അദ്ദേഹമെവിടെപ്പോവുകയാണെന്നു ചോദിച്ചു. "ഞാനോ," വിശുദ്ധൻ പ്രതിവചിച്ചു, '"സെൻറ് ലാസറി'ലേ എൻെറ പാവപ്പെട്ട സ്നേഹിതന്മാരുമൊന്നിച്ച് ഒരു മഹോത്സവം കൊണ്ടാടുവാൻ പോവുകയാണ്" ജിജ്ഞാസാഭരിതനായിത്തീർന്ന ഉദ്യോഗസ്ഥൻ, അദ്ദേഹത്തെ അനുഗമിച്ചു. "സെൻറ്ലാസറി"ൽ വന്നയുടനേ, ഫാദർ ക്ലേവർ, നടക്കാൻ കെല്പുണ്ടായിരുന്ന കുഷ്ഠരോഗികളെയെല്ലാം വിളിച്ചുകൂട്ടുകയും, ഒരു കല്ലിന്മേൽ ആസനസ്ഥനായി അവരുടെ കുമ്പസാരം കേൾക്കുവാൻ തുടങ്ങുകയും ചെയ്തു. തണുപ്പിൽനിന്ന്, തൻെറ ശ്രേഷ്ഠമിത്രങ്ങളെ രക്ഷിക്കുന്നതിനായി തൻെറ മേലങ്കികൊണ്ട് അദ്ദേഹം അവരെ മൂടിയിരുന്നു. ഇതത്രേ വിശുദ്ധൻെറ മഹോത്സവം.

കുഷ്ഠരോഗികളെ കണ്ടിട്ടില്ലാത്തവർക്ക്, അവർ എത്ര ബീഭത്സമായ ആകൃതിയോടുകൂടിയവരാണെന്നു ഗ്രഹിക്കുവാൻ പ്രയാസം. അഹോ ഭയങ്കരം! അവരുടെ

സ്ഥിതി ഞാനെങ്ങനെ വർണ്ണിക്കട്ടെ കുഷ്ഠരോഗത്തിനു മുണ്ട് തരവ്യത്യാസങ്ങൾ. കുഷ്ഠരോഗികളുടെയിടയിൽ ത്തന്നെ അധഃകൃതഗണത്തിൽപ്പെട്ടവരും ഭയങ്കരവൈരൂപ്യം പ്രാപിച്ചവരുമായ ഒരു കൂട്ടം ആളുകളുണ്ട്—രോഗം മൂർദ്ധന്യാവസ്ഥയിൽ എത്തിയവർ. സാധാരണ ജനങ്ങൾ കുഷ്ഠരോഗികളിൽനിന്നു വെറുപ്പോടേ അകലുന്നതുപോലെ ഇപ്പറഞ്ഞ കൂട്ടരെ കുഷ്ഠബാധിതർ പോലും വെറുക്കുകയും അവരുമായി സഹവസിക്കുവാൻ വിസമ്മതിക്കുകയുംചെയ്യുന്നു. ഫാദർ ക്ളേവറാകട്ടെ, പരിത്യക്തരായ ഈ ദുർഭഗരെ അവരുടെ മുറികളിൽ ചെന്നു തേടിപ്പിടിക്കുകയും കാരുണ്യപൂർവം പരിചരിക്കുകയും ചെയ്തിരുന്നു. ഒരു കുഷ്ഠരോഗിയെ ഒന്നു സ്പർശിക്കുന്നതുതന്നെ അസാമാന്യമായ ധൈര്യത്തിൻെറ ലക്ഷണമാണ്; അവൻെറ വ്രണം വെച്ചുകെട്ടുന്നതോ വീരോചിതമായ പ്രവൃത്തിയും. കഥാപുരുഷൻ ഇതിൽനിന്ന് ഒരു പടികൂടി കടന്നിട്ടുണ്ട്: “ഏററം മനോഹരമായ പുഷ്പങ്ങളെ എന്നപോലെ അവരുടെ മുറിവുകളെ സന്തോഷവായ്പോടേ അദ്ദേഹം തലോട്ടുകയും. സ്നേഹപൂർവ്വം അവയെ ചുംബിക്കുകയും ചെയ്തിരുന്നു; ചിലപ്പോൾ നാവുകൊണ്ടു വ്രണങ്ങൾ നക്കിത്തുവർത്തുവാൻപോലും മടിച്ചിരുന്നില്ല. കൈ അനക്കുവാൻ പാടില്ലാത്തവരെ അദ്ദേഹംതന്നെ കുളിപ്പിക്കുകയും തീററുകയും ചെയ്തിരുന്നു. ആരെങ്കിലും ഭക്ഷണം കഴിക്കാൻ വിമുഖത കാണിച്ചാൽ ഉടൻ, അവരെ പ്രോത്സാഹിപ്പിക്കുന്നതിനായി, വിശുദ്ധൻ അവരുടെ ഭക്ഷണത്തിലൊരുകഷണം എടുത്തു തിന്നുകയും അനന്തരം അവർക്കു കൊടുക്കുകയും ചെയ്യുമായിരുന്നു.

ഫാദർ ക്ളേവർ വികാരശൂന്യനായ ഒരു മനുഷ്യനായിരുന്നുവെന്നോ, ദൈവത്തിൻെറ സൃഷ്ടികളിൽ ഏ

ററം നിർഭാഗ്യരായ കുഷ്ഠരോഗികളുടെനേർക്ക് ഇത്തരം അതിരുകടന്ന സ്നേഹപ്രകടനങ്ങൾ നടത്തുന്നതിന് അദ്ദേഹത്തിന്ന യാതൊരു പ്രയാസവുമില്ലായിരുന്നുവെന്നോ നാം വിചാരിക്കരുതു്. ഇവയെല്ലാറ്റിന്നും എത്ര വലിയ ത്യാഗങ്ങൾ അദ്ദേഹമനുഷ്ഠിച്ചിരുന്നുവെന്ന നമുക്കു വഴിയേ കാണാം. ഭാവപ്രകടനമോ പ്രാർത്ഥനയോ കൊണ്ടുമാത്രം തൃപ്തിപ്പെടുന്ന കൂട്ടത്തിലായിരുന്നില്ല അദ്ദേഹം. ക്രിസ്തീയാദർശത്തിൻെറ പ്രായോഗികതയെ പ്രസംഗിക്കുകയല്ല, പ്രവൃത്തിമൂലം സ്പഷ്ടമാക്കുകയായിരുന്നു വിശുദ്ധൻെറ ജീവിതോദ്ദേശ്യം. പാവങ്ങളുടെ ദുരിതങ്ങൾ കുറയ്ക്കുന്നതിനായി തനിക്കു ചെയ്യുവാൻ പാടുണ്ടായിരുന്നതൊന്നുംതന്നെ അദ്ദേഹം അവഗണിച്ചില്ല. അവയവങ്ങൾ അനക്കുവാൻപോലും വശമില്ലാതെ കിടക്കുന്ന രോഗികളെ കൊതുകിൻെറ ഉപദ്രവത്തിൽനിന്നു രക്ഷിക്കുന്നതിനായി, അദ്ദേഹംതന്നെ കൊതുകുവലകൾ ശേഖരിച്ചുകൊണ്ടുവരുകയും കിടക്കയ്ക്കുചുററും അവ ഭദ്രമായി തയ്ച്ചു പിടിപ്പിക്കുകയും ചെയ്തിരുന്നു. പട്ടുവസ്ത്രങ്ങൾ, സുഗന്ധതൈലങ്ങൾ, പഞ്ഞി, പഴന്തുണി മുതലായവയുടെ ഒരു വലിയ ചുമടു വഹിച്ചുകൊണ്ടല്ലാതെ അദ്ദേഹം 'സെൻറ് ലാസറി'ലേക്കു പോകാറില്ലായിരുന്നു.

കുഷ്ഠരോഗത്തിന് ഉപശാന്തി കിട്ടുവാൻ രോഗികളുടെ ശരീരത്തിൽനിന്നു രക്തം സ്രവിപ്പിക്കുക അന്നത്തെ ഒരു ചികിത്സാസമ്പ്രദായമായിരുന്നു. എന്നാൽ, നീഗ്രോകളുടെ രക്തസ്രവണം നടത്തുവാൻ ഡാക്ടർമാർ ആരും ധൈര്യപ്പെട്ടിരുന്നില്ല. അതിനാൽ, ഫാ. ക്ലേവർ എവിടെനിന്നോ അതിനുള്ള സാമഗ്രികൾ കരസ്ഥമാക്കുകയും, അദ്ദേഹംതന്നെ രക്തസ്രവണം നടത്തിക്കാണിക്കുകയും, പരസ്പരം അപ്രകാരം ചെയ്യുവാൻ നീഗ്രോ

കളെ അഭ്യസിപ്പിക്കുകയും ചെയ്തു.

"സ്നേഹോജ്ജ്വലമായ ഒരു ഹൃദയം വേറൊന്നിനെ ഉജ്ജ്വലിപ്പിക്കുന്നു" എന്നു വി. ആഗസ്തീനോസ് പ്രസ്താവിക്കുന്നു. ക്ലേവറിനോടൊന്നിച്ചു പോകുവാനും സന്താപജനകമായ രംഗങ്ങൾ ദർശിക്കുവാനും മററാളുകൾ മടിച്ചിരുന്നുവെങ്കിലും തന്റെ ഹൃദയത്തെ ദഹിപ്പിച്ചിരുന്ന സ്നേഹാഗ്നിയുടെ ചൂട് അന്യരിലേക്കും പ്രവഹിപ്പിക്കുവാൻ അദ്ദേഹത്തിനു സാധിച്ചിരുന്നു. അദ്ദേഹത്തിന്റെ നിർബന്ധത്താൽ വശീകൃതരായി സംഗീതവിദഗ്ധന്മാർ 'സെൻറ് ലാസറി'ൽച്ചെന്ന്, തങ്ങൾ നോക്കുവാൻ അറച്ചിരുന്ന രോഗികളുടെ സമക്ഷം ചിലപ്പോഴൊക്കെ പാട്ടുകച്ചേരികൾ നടത്തിവന്നു.

കൊലക്കുററത്തിനു വിധിക്കപ്പെട്ട ജയില്യകളിൽ കിടക്കുന്നവരെ ആശ്വസിപ്പിക്കുകയായിരുന്നു ക്ലേവറിന്റെ മറെറാരു മഹനീയകൃത്യം. തങ്ങൾക്കു നിശ്ചിതമായിരിക്കുന്ന മരണശിക്ഷ സ്വീകരിക്കുന്നതിനൊരുക്കമായി മനസ്സാക്ഷിശോധന ചെയ്തു പ്രായശ്ചിത്തപ്രവൃത്തികൾ അനുഷ്ഠിക്കുന്നതിന് ഏററം കിരാതമനസ്കരെപ്പോലും പ്രേരിപ്പിക്കുവാൻ പര്യാപ്തമായ വശീകരണശക്തി അദ്ദേഹത്തിനുണ്ടായിരുന്നു. വധസ്ഥലത്തേയ്ക്ക് അദ്ദേഹം അവരെ അനുഗമിക്കുകയും തൂക്കുമരത്തിന്റെ കോവണിപ്പടികൾ കയറുമ്പോൾ അല്പം ബ്രാൻഡി കൊടുത്ത് അവരെ അദ്ദേഹം ധൈര്യപ്പെടുത്തുകയും, തന്റെ കൈലേസുകൊണ്ട്, അവരുടെ നെററിയിലെ സ്വേദകണങ്ങൾ തുടച്ചുകളയുകയും ചെയ്തിരുന്നു. അവരുടെ കഴുത്തിൽ കൊലക്കയറു വീഴുമ്പോൾ ആർദ്രതയോടെ ആ ഭാഗ്യഹീനരെ ആശ്ലേഷിച്ചുകൊണ്ട് അദ്ദേഹം നില്ക്കുന്നതു ഹൃദയസ്പർശകമായ കാഴ്ചതന്നെയായിരുന്നു.

വധശിക്ഷ നിർവ്വഹിക്കുന്നതിൽ ഏതെങ്കിലും തര

ത്തിൽ ഭാഗഭാക്കാകുന്ന വൈദികൻ കാനോനികനിയമമ
നുസരിച്ച് 'അംശമുടക്കി'ൽ (Irregularity) ഉൾപ്പെടുന്നു.
തീർച്ചയായും കുററപ്പുള്ളിയെ ആശ്വസിപ്പിക്കുന്നതിൽ
ഏർപ്പെട്ടിരിക്കുന്നയാളെ ഈ നിയമം ബാധിക്കുകയില്ല.
'അംശമുടക്കി'ൽ പെടുന്നയാൾ വൈദികപദവിക്കനു
യോജ്യമായ കൃത്യങ്ങൾ അനുഷ്ഠിക്കുവാൻ അയോഗ്യനാ
യിത്തീരുന്നു. കള്ളനോട്ട് അടിച്ചു എന്ന കുററത്തിന് ഒ
രു സ്പാനിഷ് കപ്പിത്താനെ ശ്വാസംമുട്ടിച്ചു കൊന്നതിനു
ശേഷം മൃതശരീരം ദഹിപ്പിച്ചുകളയുവാൻ വിധിയുണ്ടാ
യി. ആരാച്ചാർ അയാളുടെ കഴുത്തിനു കയറിട്ടു വലി
ച്ചപ്പോൾ അതു പൊട്ടിപ്പോയി. ക്ലേവർ ആ നിർഭാഗ്യ
നെ വാരിയെടുത്തു തൻെറ മുഖം അയാളുടെ കവിളിൽ
ചേർത്തു ഗാഢമായി ആശ്ലേഷിച്ചു. തത്സമയം ഘാത
കൻ വീണ്ടും അയാളുടെ കഴുത്തിൽ കയറിട്ടു. രണ്ടാമതും
കയർ പൊട്ടി. അപ്പോൾ അടുത്തുനിന്ന ഒരു കപടഭ
ക്തൻ വിളിച്ചുപറഞ്ഞു: "ഫാദർ ക്ലേവർ അംശമുടക്കിൽ
പെട്ടിരിക്കുന്നു. ഇനി അദ്ദേഹം വൈദികവൃത്തി തുടൎന്നു
കൊണ്ടുപോകുവാൻ പാടില്ല. എന്തെന്നാൽ, ആരാച്ചാ
രുടെ കയർ ഫാദർ ക്ലേവറിനെ സ്പർശിക്കുകയുണ്ടായി."
"കൊള്ളാം," വിശുദ്ധൻ ഉദ്ഘോഷിച്ചു, "അങ്ങനെയെ
ങ്കിലും എനിക്ക് ഒരാത്മാവിനെ രക്ഷിക്കാൻ സാധിച്ചെ
ങ്കിൽ!" നിയമത്തിൻെറ വള്ളിയോ പുള്ളിയോ താൻ
ലംഘിച്ചിട്ടില്ലെന്നും ആ പണ്ഡിതമ്മന്യനാണു തെററു
സംഭവിച്ചതെന്നും അദ്ദേഹത്തിനറിയാമായിരുന്നു. ആ
സങ്കുചിതമനസ്കൻെറ ജല്പനങ്ങൾ വകവെയ്ക്കാതെ ഫാ
ദർ ക്ലേവർ, മരണവേദനയാൽ പ്രാകൃതമായ കുററപ്പു
ള്ളിയുടെ മുഖം തൻെറ മുഖത്തോടുചേർത്ത് ആലിംഗ
നംചെയ്യുകയും, വിശുദ്ധൻെറ കരങ്ങളിൽക്കിടന്ന് അ
യാൾ ജീവൻവെടിയുകയും ചെയ്തു. ജയിൽമുറിയിൽനി

ന്നു്, മരണമടഞ്ഞ കപ്പിത്താൻെറ വക ഒരു പ്രാൎത്ഥനാ ഗ്രന്ഥം കണ്ടുകിട്ടി. മരണത്തിനു കുറേമുമ്പു കാരാഗൃഹത്തിൽവെച്ചു ക്ലേവറുമായുണ്ടായ സന്ദർശനം കഴിഞ്ഞയുടനെ ആ പുസ്തകത്തിന്മേൽ അയാൾ എഴുതിയ വാക്കുകളാണിവ: "ലോകത്തിൽവെച്ചു് ഏററം സൗഭാഗ്യമനുഭവിക്കുന്ന ഒരു മനുഷ്യൻെറതാണു് ഈ പുസ്തകം." ഫാദർ ക്ലേവർ അടുത്തുള്ളപ്പോൾ സമാധാനവും സന്തുഷ്ടിയും അനുഭവിക്കാതെ ആരും മൃതിയടഞ്ഞിരുന്നില്ല.

---

# പതിനൊന്നാം അധ്യായം.

## ദാസരിൽ ദാസൻ.

ആകസ്മികമായി, ആത്മനിഗ്രഹത്തിൻെറ വീരോചിതപ്രകടനങ്ങൾ ചെയ്യുന്നവർ പ്രേക്ഷകരിൽ വിസ്മയം ജനിപ്പിക്കുന്നു. എന്നാൽ, വീരപരാക്രമങ്ങൾക്കു സ്ഥാനമില്ലാത്തതും നിരന്തരമായ അദ്ധ്വാനം വേണ്ടതുമായ ജോലികളിൽ ധൈൎയ്യപൂർവ്വം നിലനില്ക്കുക എന്നതും അതുപോലെതന്നെ വിസ്മയാവഹമാണു്. "പീററർക്ലേവർ, എത്യോപ്യരുടെ നിത്യദാസൻ" എന്നു തൻെറ വ്രതവാഗ്ദാനത്തിനു് ഒപ്പുവച്ച ചരിത്രപുരുഷൻ, തൻെറ ഉദ്യോഗം അത്ഭുതാവഹമായ വീരപരാക്രമങ്ങൾക്കു് അവസരം നല്കുന്നു ഒന്നല്ലെന്നു നല്ലവണ്ണം ഗ്രഹിച്ചിരുന്നു. ആറു സംവത്സരം അടിമകൾക്കുവേണ്ടി ജോലിചെയ്തതിനുശേഷമാണു് "എത്യോപ്യരുടെ നിത്യദാസൻ" എന്ന സംജ്ഞ അദ്ദേഹം സ്വീകരിച്ചതു്.

എത്യോപ്യരുടെ നിത്യദാസൻ! വാസ്തവത്തിൽ, അദ്ദേഹത്തിൻെറ ജോലി അവസാനമില്ലാത്തതും, എപ്പോ

ഴും ആരംഭിക്കേണ്ടതുമായിരുന്നു. ഫാ. മാർട്ടിൻ ഡയിൽ പറയുന്നതുപോലെ, "അദ്ദേഹത്തിന് എപ്പോഴും ആരംഭത്തിലേയ്ക്കു പിന്തിരിയേണ്ടിയിരുന്നു. നദിയിൽക്കൂടി കുറേദൂരം തുഴഞ്ഞുകഴിയുമ്പോൾ ഒഴുക്കു വീണ്ടും അദ്ദേഹത്തെ പൂർവ്വസ്ഥാനത്തേയ്ക്കു കൊണ്ടുവന്നിരുന്നു. പരിചിതമുഖങ്ങൾ കടന്നുപോയി. വീണ്ടും പുതിയവയുമായി പരിചയപ്പെടുകയായി. ജീവിതംതന്നെ അദ്ദേഹത്തിന്, ഒരു സിനിമാചിത്രപ്രദർശനംപോലെ തോന്നിയിരിക്കണം."

ദുർവ്വഹമായ ജോലിയായിരുന്നു അദ്ദേഹത്തിന്റേത്. ആദ്യംതന്നെ ഭാഷയുടെ വൈഷമ്യം. കാർത്തജീനായിലെ ദേശഭാഷയായ 'ആംഗോളാ' അദ്ദേഹം വശമാക്കിയിരുന്നുവെങ്കിലും പല ദ്വിഭാഷികളുടെ സഹായംകൂടാതെ യാതൊന്നും ചെയ്യുക സാദ്ധ്യമായിരുന്നില്ല. ദ്വിഭാഷികളിൽ ചിലർക്കു നാലു ഭാഷകൾ അറിയാമായിരുന്നു. എന്നാൽ, ഒരു കപ്പലിൽത്തന്നെ നാല്പതു വിഭിന്നഭാഷകൾ സംസാരിക്കുന്നവരുണ്ടായിരുന്നതിനാൽ, അനേകം ദ്വിഭാഷികളുടെ സഹായംകൂടാതെ ഓരോ അടിമയോടും ആശയവിനിമയം ചെയ്യുവാൻ സാധിച്ചിരുന്നില്ല. മാതൃഭാഷയിൽ സ്വജനങ്ങളാൽത്തന്നെ അഭ്യസിപ്പിക്കപ്പെട്ടാൽപ്പോലും, സാധാരണ ക്രിസ്തീയതത്വങ്ങൾ ഗ്രഹിക്കുവാനുള്ള ബുദ്ധിശക്തിയില്ലാത്ത നീഗ്രോകൾക്കു നാലോ അഞ്ചോ ദ്വിഭാഷികൾമുഖേന മതോപദേശം നല്കുന്നതിലുള്ള പ്രയാസം ഊഹ്യമാണല്ലോ.

കഷ്ടിച്ച് അല്പംചിലതു പഠിപ്പിച്ചുകഴിയുമ്പോഴേയ്ക്കു നീഗ്രോകൾക്കു വേർപാടിനുള്ള സമയമായി. ഖനികളിലേയ്ക്കും തോട്ടങ്ങളിലേയ്ക്കുംഅവരെ കൊണ്ടുപോകുവാൻ ഉടമസ്ഥന്മാർക്കു തിടുക്കമാണ്. ഏററം ഹൃദയഭേദകമാണു യാത്രപറഞ്ഞു പിരിയുന്ന രംഗം. നീഗ്രോകൾ

നിലത്തുവീണു തങ്ങളുടെ വത്സലപിതാവിൻെറ കാലുകളിൽ കെട്ടിപ്പിടിച്ച് അവയെ അശ്രുധാരകൊണ്ടു നനയ്ക്കുന്നു. വികാരഭരിതനായ ക്ലേവർ അവരെ തൻെറ കൈകളിൽ പൊക്കിയെടുക്കുന്നു. ഇനിമേൽ ആ പുണ്യപുരുഷൻെറ പൈതൃകമായ ആലിംഗനത്തിൻെറ സ്വൎഗ്ഗീയമാധുര്യം ആസ്വാദിക്കുവാൻ തങ്ങൾക്കു ഭാഗ്യം ലഭിക്കുകയില്ലല്ലോ എന്ന വിചാരത്താൽ അവർ വാവിട്ടുകരയുന്നു. ഏതു കഠിനഹൃദയത്തേയും ദ്രവിപ്പിക്കത്തക്കതായിരുന്നു അവരുടെ രോദനങ്ങളും നെടുവീൎപ്പുകളും. ഫാദർ ക്ളേവറിനു നിരന്തരം അഭിനയിക്കേണ്ടിയിരുന്ന സജീവനാടകങ്ങളാണവ. ഒരുകൂട്ടം നീഗ്രോകളെ പിരിച്ചയച്ചുകഴിയുമ്പോൾ വേറൊരുകൂട്ടം വന്നുകഴിയും. ഇങ്ങനെ കടന്നുപോയ സുദീർഘങ്ങളായ നാല്പതോളം സംവത്സരങ്ങൾ വീരോചിതമോ എന്നു ലോകം വിധിക്കട്ടെ.

ഫാദർ ക്ളേവറിൻെറ ദിനചര്യ രസാവഹംതന്നെ. രാത്രി പന്ത്രണ്ടുമണിക്കെഴുന്നേററാൽ രണ്ടുമണിക്കൂർ പ്രാൎത്ഥനയിൽ അദ്ദേഹം ചെലവഴിക്കും. പിന്നീട് ഒരു മണിക്കൂർ ശുചീകരണജോലികൾക്കായി വിനിയോഗിക്കുന്നു. നീഗ്രോകളുടെ വ്രണങ്ങളും വിയർപ്പുംമൂലം കുമ്പസാരക്കൂട് ദുൎഗ്ഗന്ധപൂൎണ്ണവും ഈൎപ്പമുള്ളതുമായിട്ടുണ്ട്. അതിൻെറ അടിത്തട്ടു കരിപൂശി അദ്ദേഹം വെടിപ്പാക്കുന്നു. മൂന്നുമണിമുതൽ പതിനൊന്നുമണിവരെ തുടർച്ചയായി നീഗ്രോകളുടെ കുമ്പസാരം കേൾക്കുന്നു. അനന്തരം, ദിവ്യപൂജാൎപ്പണമാണ്. രണ്ടുമണിയ്ക്കു സുവിശേഷത്തെ ആസ്പദമാക്കി ഒരു ചെറുപ്രസംഗം കഴിഞ്ഞ് ആറുമണിവരെ കുമ്പസാരം കേൾക്കുകതന്നെ നോമ്പുകാലമാണെങ്കിൽ വീണ്ടും മൂന്നുമണിക്കൂർ അതേജോലിയിൽ വ്യാപൃതനായിരിക്കും. അദ്ദേഹം ധരിച്ചിരുന്ന ഒരു പരുക്കൻരോമക്കുപ്പായം, അദ്ദേഹത്തിൻെറ അധ്വാന

ങ്ങളെ കൂടുതൽ ആയാസകരമാക്കിത്തീർത്തിരുന്നുവെന്നു ള്ള വസ്തുത പ്രസ്താവാർഹമാണു്. ക്ഷീണാധിക്യത്താൽ അദ്ദേഹം പലപ്പോഴും മൂർഛിച്ചുവീണിട്ടുണ്ടു്. മോഹാ ലസ്യമുണ്ടാകുന്ന ലക്ഷണങ്ങൾ കാണുമ്പോൾ വീഞ്ഞിൽ മുക്കിയ തുണികൊണ്ടു മുഖം തുടച്ചു ചിലപ്പോൾ അദ്ദേഹം വീഴാതെ രക്ഷപെട്ടിട്ടുമുണ്ടു്. വിശുദ്ധൻെറ ഭക്ഷണത്തി നുള്ള വിഭവങ്ങൾ ഒരു കഷണം റൊട്ടിയും, രണ്ടു് ഉരു ളൻകിഴങ്ങു പൊരിച്ചതുമാണു്. നോമ്പുകാലങ്ങളിൽ ദി വസത്തിൽ ഒരിക്കൽമാത്രമേ ഭക്ഷണമുള്ളു.

'വിററാമിൻ' കൂടാതെ ജീവിതംതന്നെ അസാദ്ധ്യ മെന്നു കരുതുന്ന ആധുനികൎക്കു്, മാംസം, സസ്യങ്ങൾ പ ഴങ്ങൾ മുതലായവ പാടേ വർജ്ജിച്ചിരുന്ന ക്ളേവറി ൻെറ ജീവിതം ഒരത്ഭുതവിഷയമാണു്.

അദ്ദേഹം പ്രവൎത്തിച്ചുവെന്നു പറയപ്പെടുന്ന അ ത്ഭുതാവഹങ്ങളായ നിരവധി രോഗശമനങ്ങളെക്കാൾ വിസ്മയജനകമായിരിക്കുന്നതു ദിവസേന മൂന്നുമണിക്കൂ റിൽ കവിയാത്ത നിദ്രയും, ഭക്ഷണത്തിനു് ഒരു കഷണം റൊട്ടിയും രണ്ടു് ഉരുളൻകിഴങ്ങും മാത്രം ഉപയോഗിച്ചു കൊണ്ടു മുപ്പത്തിയെട്ടു സംവത്സരം തൻെറ ശരീരത്തിൽ അദ്ദേഹം അസാധാരണശക്തി സംരക്ഷിച്ചുകൊണ്ടിരു ന്നുവെന്നതാണു്.

സാധാരണദിവസങ്ങളിൽ വിശുദ്ധൻ സായാഹ്ന സവാരിക്കു പോകുക പതിവാണു്. അതു തൻെറ പ്രേമഭാജനങ്ങളായ കുഷ്ഠരോഗികളെ കാണുവാൻ ആ ശുപത്രിയിലേയ്ക്കോ പീഡകളനുഭവിക്കുന്ന നീഗ്രോ കളെ അന്വേഷിച്ചു് ഉൾനാടുകളിലേയ്ക്കോ ആയിരി ക്കും. യാത്രയിൽ, ക്രൂരനായ ഒരു യജമാനൻ തൻെറ അടിമയെ നിർദ്ദയം മർദ്ദിക്കുന്നതു കാണാനിടയായാൽ, ഉടനേ ഫാദർ ക്ലേവർ ഓടിച്ചെന്നു് ആ ദയാഹീന

ൻെറ മുമ്പിൽ മുട്ടുകുത്തി നീഗ്രോയ്ക്കുവേണ്ടി മാപ്പപേക്ഷിക്കും. ശിക്ഷ അല്പമൊന്നു മയപ്പെടുത്തണമെന്ന ഭൃത്യനോടപേക്ഷിക്കുകയും അടിമയുടെ പെരുമാററം മേലിൽ തൃപ്തികരമായിരിക്കുമെന്ന് ഉറപ്പുകൊടുക്കുകയും ചെയ്യും. "കൊടുക്കുന്നവനേയും സ്വീകരിക്കുന്നവനേയും ഒന്നുപോലെ അനുഗ്രഹിക്കുന്ന കരുണ"യുടെ ഫലം ആശാസ്യമായിരുന്നുവെന്നതു നിസ്തക്കമത്രേ. ഇപ്രകാരം, ഏവക്കും നന്മചെയ്തുകൊണ്ടു ചുററിനടന്നതിനുശേഷം ക്ഷീണഗാത്രനായി സ്വന്തം മുറിയിലേക്കു രാത്രി ഒൻപതുമണിയോടുകൂടി വരുന്ന കഥാപുരുഷൻ, തൻെറ ശരീരത്തിന് അന്നത്തെ അധ്വാനത്തിനു സമ്മാനമായി ഒരു നല്ല ചമ്മട്ടിപ്രയോഗം നല്കുവാൻ മറക്കുകയില്ല. അനന്തരം, ധ്യാനത്തിൽ ലയിച്ച് ആത്മനാഥനുമായുള്ള ഹൃദയംഗമമായ സംഭാഷണത്തിൽ ദീർഘസമയം വിനിയോഗിക്കും. പിന്നീടു നിദ്രയ്ക്കുള്ള സമയം വളരെ കുറവാണ്. ചിലപ്പോഠം 'കാര്യപരിപാടി'യിൽനിന്ന് ആ ഒരു ചടങ്ങു വിട്ടുകളയുവാനും മടിക്കുകയില്ല.

ഫാദർ ക്ലേവറിനുണ്ടായിരുന്ന ഏക വിശ്രമസങ്കേതം അദ്ദേഹത്തിൻെറ ചെറുമുറിയിലെ ഏകാന്തതയാണ്. എന്നാൽ, അന്യരുടെ ഗുണത്തിനായി അതിനെപ്പോലും ബലികഴിക്കാൻ അദ്ദേഹം സന്നദ്ധനായിരുന്നു. ഒരിക്കൽ, ഒരു നീഗ്രോ അതിഭയങ്കരമായ ഒരു രോഗം പിടിപെട്ടു കിടപ്പിലായി. അയാളുടെ സാന്നിധ്യം മററു നീഗ്രോകഠംക്കുപോലും അസഹനീയമായിത്തീർന്നു. വിശുദ്ധൻ അയാളെ തൻെറ മുറിയിലേക്കു മാററുകയും തൻെറ കിടക്ക അയാളുടെ ഉപയോഗത്തിനു വിട്ടുകൊടുക്കുകയും ചെയ്തു. ഓരോ ദിവസവും രോഗിയെ കുളിപ്പിക്കുക, അയാഠംക്കു മരുന്നുവെച്ചുകെട്ടുക, ഭക്ഷണം കൊണ്ടുവന്നുകൊടുക്കുക മുതലായ കൃത്യങ്ങളെല്ലാം അദ്ദേഹം

തന്നെ നിവ്വഹിച്ചതിനുശേഷം അവാച്യമായ സംതൃപ്തിയോടേ അയാളുടെ കിടക്കയ്ക്കുസമീപം തറയിൽക്കിടന്നുറങ്ങിയിരുന്നു.

സ്വന്തം മുറിയിലെ ഏകാന്തത ഇപ്രകാരം ഭഞ്ജിക്കപ്പെട്ടതു് അദ്ദേഹത്തിനു വളരെ ദുസ്സഹമായ ആത്മപരിത്യാഗമായിരുന്നുവെന്നു തെളിയിക്കുന്ന ഒരു സംഭവമുണ്ടായി. കാത്തുജീനായിലെ ഈശോസഭാറെക്ടർ, ഫാദർ ക്ലേവറിനോടു കുമ്പസാരിക്കുന്നതിനായി അദ്ദേഹം രാത്രി വിശ്രമത്തിനു പോയിക്കഴിഞ്ഞു് വരുക പതിവായിരുന്നു. ഒരു ദിവസം തൻെറ മേലധികാരിയോടു വിശുദ്ധൻ സവിനയം പറഞ്ഞു: "രാത്രിയിലെങ്കിലും എന്നെ നിർബാധം വിട്ടേയ്ക്കുവാൻ ദയയുണ്ടാകണം. മററു സമയം കണ്ടെത്തുവാൻ സൗകര്യമില്ലെങ്കിൽ അങ്ങു മറെറാരു കുമ്പസാരക്കാരനെ തിരഞ്ഞെടുത്താലും." മുപ്പത്തെട്ടുകൊല്ലത്തിനിടയ്ക്കു ക്ളേവറിൽനിന്നും ഉണ്ടായ ഏക പരാതിയാണിതു്. തൻെറ പ്രായശ്ചിത്തപ്രവൃത്തികൾ അന്യരുടെ ദൃഷ്ടികൾക്കു വിഷയീഭവിച്ചേക്കുമോ എന്ന ഭയമായിരുന്നിരിക്കണം ഈ പരാതിക്കു കാരണം.

ചരിത്രപുരുഷൻെറ ജീവിതത്തെക്കുറിച്ചു ശരിയായ മതിപ്പു നമ്മിലുളവാകണമെങ്കിൽ, ഇഗ്നേഷ്യൻധ്യാനരീതിയനുസരിച്ചു സംഭവങ്ങൾ ഭാവനയിൽ വരുത്തണം. അതിനു സഹായകമാകുന്ന ഒരു സംഭവം– വിശുദ്ധൻെറ ജീവിതത്തിലെ അനവധിസംഭവങ്ങളിലൊന്നു്– വിവരിച്ചുകൊള്ളട്ടെ: "ഡോൺ ഫ്റാൻസിസ്കോ എന്ന മാടമ്പിയുടെ വീട്ടിൽ ശരീരം മുഴുവൻ പുണ്ണുബാധിച്ചു്, വ്രണങ്ങളിൽനിന്നു പഴുപ്പും ദുർഗ്ഗന്ധവും പുറപ്പെടുവിച്ചുകൊണ്ടു് ഒരു നീഗ്രോ കിടന്നിരുന്നു. ഈ ദുർഭഗനെ ദർശിക്കുകതന്നെ മർമ്മഭേദകമായിരുന്നതിനാൽ, എ

വരും അയാളിൽനിന്ന് ഓടിയകന്നു. ഇങ്ങനെ, നിരാശ്രയനായി, മരണത്തെ പ്രതീക്ഷിച്ചു കിടന്നിരുന്ന ഈ രോഗിയെപ്പററി അറിവാൻ ഇടയായ ഉടനെ ഫാദർ ക്ലേവർ അവിടെ ഓടിയെത്തി. സ്നേഹംകൊണ്ടു തുടിക്കുന്ന ഹൃദയത്തോടേ അദ്ദേഹം ആ പരിത്യക്തനെ വാരിയെടുത്തു മാറോടണച്ചു. മിനിട്ടുകഠം പലതു അങ്ങനെകഴിഞ്ഞു. നീഗ്രോയുടെ നാസികയിൽനിന്നും പൊഴിയുന്ന പുഴുക്കഠം നമ്മുടെ ദീനദയാലുവിൻെറ തോളിലും നെഞ്ചിലും പതിച്ചുവെങ്കിലും അദ്ദേഹമതറിഞ്ഞില്ല. മാലന്യം നിറഞ്ഞ കിടക്കയിൽനിന്നും അയാളെ മാററി,നല്ലതുപോലെ കുളിപ്പിച്ച് ഒരു പുതിയ കിടക്ക ശരിപ്പെടുത്തി അതിൽക്കിടത്തി, അല്പം വീഞ്ഞ് അയാളുടെ വായിൽ ഒഴിച്ചുകൊടുക്കുകയും അല്പം സുഗന്ധതൈലം അവിടെയെല്ലാം തളിക്കുകയും ചെയ്തുകഴിഞ്ഞ്, ഫാദർ ക്ളേവർ ദീർഘമായി ഒന്നു നിശ്വസിച്ചുകൊണ്ടു പറഞ്ഞു: സ്നേഹിതാ, അല്പം ആശ്വാസം തോന്നുന്നില്ലേ? ഞാൻ നാളെ വരാം." ഏതാനും ദിവസങ്ങഠക്കുള്ളിൽ ക്ളേവറിൻെറ നിരന്തരശുശ്രൂഷ ആ സാധുനീഗ്രോയെ പൂർണ്ണാരോഗ്യനാക്കിത്തീർത്തു. വിശുദ്ധൻെറ പ്രേഷിതവൃത്തിയിൽ ഏതാദൃശസംഭവങ്ങഠ സുലഭങ്ങളാണ്. ഇവയെ ഒരാവൃത്തി വായിച്ചതുകൊണ്ടുമാത്രം കഥാനായകൻെറ പരിത്യാഗപൂർണ്ണമായ സേവനങ്ങളുടെ മാഹാത്മ്യം നാം ശരിയായി ഗ്രഹിക്കുകയില്ല. വസ്തുതകളെ സജീവചിത്രങ്ങളാക്കി നമ്മുടെ പഞ്ചേന്ദ്രിയങ്ങളുടെ പ്രവൃത്തികഠക്കു വിഷയമാക്കുവാൻ പരിശ്രമിക്കണം. കുഷ്ഠരോഗികളുടെ ചീഞ്ഞുതുടങ്ങിയ വ്രണങ്ങഠ വിശുദ്ധൻ സ്നേഹമസൃണം ചുംബിക്കുന്നതു നാം കാണുകയും നീഗ്രോകഠ കിടക്കുന്ന സ്ഥലത്തെ ദുർഗ്ഗന്ധം നമ്മുടെ നാസികകളെ ഭേദിക്കുകയും ചെയ്യുന്നതുപോലെ വിഭാവനചെയ്യാം. മ

രണവേദനയനുഭവിക്കുന്ന അടിമയുടെ രോദനം നാം കേൾക്കുന്നു. അടുത്തതു രസനേന്ദ്രിയത്തെ കഠിനമായി പരീക്ഷിക്കുന്ന ഘട്ടം! രോഗാതുരനായ നീഗ്രോ ഭക്ഷണത്തിൽ വിരക്തിതോന്നുകയാൽ തനിക്കു നല്കപ്പെട്ട അപ്പക്കഷണം മേശയിലേയ്ക്കു തുപ്പുന്നു; അയാളെ പ്രോത്സാഹിപ്പിക്കുവാനായി, അതേ അപ്പക്കഷണംതന്നെ അത്യധികം രുചിപ്രദമെന്നു കാണിക്കുവാൻ ക്ളേവർ എടുത്തു ഭക്ഷിക്കുന്നു. വീണ്ടുമൊരു കഷണം അപ്പമെടുത്തു വിശ്രുദ്ധൻ കൊടുക്കുമ്പോൾ നീഗ്രോ മടിക്രൂടാതെ ഭക്ഷിക്കുന്നു. സ്പർശനേന്ദ്രിയവും അതിൻെറ ഭാഗം അഭിനയിക്കണം. വിശ്വവിഖ്യാതങ്ങളായ ചിത്രങ്ങൾക്കു സ്പർശനശക്തിയെ പ്രേക്ഷകരിൽ ഉത്തേജിപ്പിക്കത്തക്ക പ്രാഭവമുണ്ടെന്നു പറയപ്പെടുന്നു. പീററർ ക്ളേവറിൻെറ സേവനചരിത്രങ്ങൾക്കും പ്രസ്തുത ശക്തിയുണ്ട്. അവയെപ്പററി കേട്ടിട്ടുള്ളവൎക്ക് അദ്ദേഹം ചുംബിച്ച മുറിവുകളെ ഭാവനയിലെങ്കിലും സ്പർശിക്കുവാൻ സാധിക്കാതിരിക്കുകയില്ല.

എന്നാൽ, സുഖാന്വേഷണതൽപരമായ ആധുനികലോകത്തിന് ഈ ഇഗ്നേഷ്യൻരീതിയും ഭാവനാചിത്രങ്ങളും പരിഷ്കാരോചിതമല്ലതന്നെ. കഷ്ടതകളെപ്പററിയുള്ള വിവരണങ്ങളുടെനേരെ വെറുപ്പോടേ അവർ പുറം തിരിഞ്ഞുകളയുന്നു. വേദസാക്ഷികൾ അനുഭവിച്ച പീഡകളുടെ വിവരണം വായിക്കുകതന്നെ അവൎക്കു പ്രയാസം. എന്നാൽ, യഥാൎത്ഥത്തിൽ ധീരന്മാരായ ആളുകൾ യാതൊരു പ്രതിഷേധവും പുറപ്പെടുവിക്കാതെ സഹിച്ച പീഡനങ്ങളെക്കുറിച്ചു ചിന്തിക്കുവാൻ പോലും വിമുഖത പ്രദർശിപ്പിക്കുന്നതിൽ വലിയ ആത്മസംതൃപ്തിക്കോ മേന്മയ്ക്കോ വകയില്ല.

ഫാദർ ക്ളേവറിൻെറ പ്രവൃത്തികളെ സൂക്ഷ്മ

നിരീക്ഷണം ചെയ്തിരുന്ന ഒരു സ്പാനിഷ് വനിത തന്റെ മകളോടു പറയുകയുണ്ടായി: "കണ്ടാലും നമ്മാം നോക്കുവാൻ അറയ്ക്കുന്ന വ്രണങ്ങാം ആ പുണ്യപുരുഷൻ ചുംബിക്കുന്നു! നമ്മുടെ സഹോദരന്മാർക്കുവേണ്ടി ജീവകാരുണ്യപരമായി യാതൊന്നും ചെയ്യാതിരിക്കുന്നതു നമുക്കു ലജ്ജാകരമല്ലേ?" ക്ളേവറിന്റെ സേവനങ്ങാം ലോകത്തിന്റെ വിവിധഭാഗങ്ങളിൽ അദ്ദേഹത്തിന്ന് അസംഖ്യം പ്രശംസകന്മാരെ ഉണ്ടാക്കിയിട്ടുണ്ട്. മനുഷ്യരിൽ സഹാനുഭൂതിയും കരുണയും ഉദിപ്പിക്കുവാൻ അവ പര്യാപ്തമാകട്ടെ! അടിമവ്യാപാരത്തെക്കുറിച്ചുള്ള വാദപ്രതിവാദങ്ങളുടെമദ്ധ്യേ ജെയിംസ് ഫോക്സ് ബ്രിട്ടീഷ് പാർലിമെൻറിൽ ചെയ്ത പ്രസ്താവം ശ്രദ്ധാർഹമാണ്: "യഥാർത്ഥമനുഷ്യത്വം, ലോകദുരിതങ്ങളെ വെറുപ്പോടേ വീക്ഷിക്കുന്നതിലല്ല അടങ്ങിയിരിക്കുന്നതു്; പ്രത്യുത, തന്നിവാരണത്തിനുള്ള ഹൃദയത്തിന്റെ സന്നദ്ധതയിലത്രേ. വാസ്തവികമായ ജീവകാരുണ്യം വെറും ചിന്താപരമല്ല; അതു ഹൃദയത്തെ ചലിപ്പിക്കുകയും, യഥാർത്ഥവും കമ്മോദ്യുക്തവുമായ പരിപാടികാംക്കു മനുഷ്യരെ പ്രേരിപ്പിക്കുകയും ചെയ്യുന്നു." നമ്മുടെ ചുററുംകാണുന്ന രോഗികാം- ആശുപത്രികളിലും തെരുവുകളിലും കിടക്കുന്ന സമുദായഭ്രഷ്ടർ- മാനസികമായും സാമ്പത്തികമായും സാന്മാർഗ്ഗികമായും അധഃപതിച്ചവർ- നമ്മുടെ ശ്രദ്ധയെ ആകർഷിക്കേണ്ടവരല്ലയോ?

തങ്ങളെ ലജ്ജാവിവശരാക്കത്തക്ക വീരത്വം അന്യരിൽ ദർശിക്കുമ്പോാം അതിനെ തരംതാഴ്ത്തുവാനുള്ള പഴുതു കണ്ടുപിടിക്കുവാൻ മനുഷ്യർക്കു ഒരു പ്രത്യേകവാസനയുണ്ട്. പരിത്യാഗപൂർണ്ണമായ ക്ളേവറിന്റെ ജീവിതവും സുഖലോലുപമായ നമ്മുടെ പ്രകൃതിയും തമ്മിലുള്ള അകൽച്ച തെല്ലൊന്നു കുറയ്ക്കുന്നതിന്, "വ്ര

ണങ്ങൾ ചുംബിക്കുന്നതിൽ അദ്ദേഹം ആനന്ദം കണ്ടെത്തിയിരുന്നതു്, ദുൎഗ്ഗന്ധമോ ചീച്ചിലോ കൊണ്ടു് യാതൊരു ഭാവവ്യത്യാസവും സംഭവിക്കാത്തവിധം സ്വഭാവത്താലേ വികാരശൂന്യനായ ഒരു മനുഷ്യനായിരുന്നതുകൊണ്ടാണു്" എന്നു ചിലർ പറഞ്ഞേക്കാം. എന്നാൽ, യാഥാൎത്ഥ്യം ഇതിൽനിന്നു വളരെ വിദൂരമാണെന്നു വസ്തുതകൾ തെളിയിക്കുന്നു. അപ്രിയമായഗന്ധം, ശബ്ദം എന്നിവയിൽനിന്നു സ്വതവേ പിന്തിരിയുന്ന ശരീരത്തിൻെറ സ്വാഭാവികവാസനകളെ ജയിക്കുന്നതിനാണു് ഫാദർ ക്ളേവർ അത്യുഗ്രപ്രായശ്ചിത്തങ്ങൾ സ്വശരീരത്തെ ഏല്പിച്ചിരുന്നതു്. എന്നാൽ, അദ്ദേഹത്തിൻെറ വീരഹൃദയംപോലും താൽകാലികപരാജയമടഞ്ഞിട്ടുള്ള സന്ദർഭങ്ങളും ഉണ്ടായിട്ടുണ്ടു്.

ഒരിക്കൽ, ഒരു അടിമവ്യാപാരിയുടെ വീട്ടിൽ ഒരു നീഗ്രോയുടെ പാപോച്ചാരണം കേൾക്കുവാൻ അദ്ദേഹം ക്ഷണിക്കപ്പെട്ടു. സൎവ്വാംഗം കുഷ്ഠബാധിതനായ ആ നീഗ്രോയുടെ സാന്നിദ്ധ്യം മററുരോഗികൾക്കുപോലും അസഹ്യമായിത്തീർന്നതിനാൽ അയാളെ അകലെ ഒരു മുറിയുടെ മൂലയിൽ കിടത്തിയിരിക്കയായിരുന്നു. ദുർഭഗനായ ആ മനുഷ്യനെ കാണുകയും അവിടെ വ്യാപിച്ചിരുന്ന ദുർഗ്ഗന്ധമേല്ക്കുകയും ചെയ്തപ്പോൾ ഫാദർ ക്ളേവർ ഭയന്നു പിന്മാറുവാൻ നിർബന്ധിതനായിപ്പോയി. തൻെറ ഭീരുത്വത്തെ ഓൎത്തു ലജ്ജാവിവശനായിത്തീർന്ന വിശുദ്ധൻ ഒരു വിജനസ്ഥലത്തു ചെന്നു തനിക്കു സംഭവിച്ച തോൽവിക്കു ശിക്ഷയായി സ്വശരീരത്തെ അതികഠിനമായ പ്രഹാരങ്ങളാൽ മർദ്ദിച്ചു. അനന്തരം തൻെറ പശ്ചാത്താപം പൂൎത്തിയാക്കുന്നതിനു മടങ്ങിവന്നു് ആ രോഗിയുടെ വ്രണങ്ങൾ ചുംബിക്കുകയും, ഏററം

വലിയ വ്രണം തൻെറ നാവുകൊണ്ടു സ്പർശിക്കുകയും ചെയ്തു.

ഇപ്രകാരം സാംക്രമികരോഗബാധിതരുടെ മുറിവുകൾ ചുംബിക്കുകയോ അവയിലെ വിഷദ്രാവകം നുകരുകയോ ചെയ്യുവാൻ ക്ലേവറിനെ പ്രേരിപ്പിച്ചതു്, ആത്മസംയമനത്തിൻെറ മകുടോദാഹരണമായിപ്പരിലസിച്ചുകൊണ്ടു ലോകരുടെ മുക്തകണ്ഠമായ പ്രശംസ നേടുവാനുള്ള അഭിവാഞ്ഛയാണെന്നു ദോഷൈകദൃക്കുകൾ പറഞ്ഞേക്കാം. എന്നാൽ, വിശുദ്ധൻെറ ഈ അസാധാരണ സ്നേഹപ്രകടനങ്ങൾ അനുദിന സംഭവങ്ങളായിരുന്നുവെന്നും നീഗ്രോകളുടെ വസതികളിൽ ആരുടേയും സവിശേഷമായ ശ്രദ്ധയ്ക്കു വിഷയീഭവിക്കാതെയാണു നടന്നിരുന്നതെന്നും നാം ഓർക്കണം. അദ്ദേഹം രണ്ടുദ്ദേശ്യങ്ങളാൽ പ്രേരിതനായിരുന്നുവെന്നാണു തോന്നുന്നതു്: ആദ്യമായി, യാതൊരുത്തരുടെ സാന്നിധ്യം സാധാരണജനങ്ങൾപോലും അവജ്ഞാപൂർവ്വം വെറുത്തിരുന്നുവോ, ആ നീഗ്രോകളിൽ ആത്മാഭിമാനം സംജാതമാക്കുക. അദ്ദേഹം അവരുടെ വ്രണങ്ങൾ ചുംബിച്ചപ്പോൾ, സ്നേഹത്തിൻെറ അത്യുദാരമായ ഈ പ്രകടനം, രോഗബാധിതരായ നീഗ്രോകളും ദൈവച്ഛായയിൽ നിർമ്മിതരാണെന്നും, ഏററം നീചസ്ഥിതിയിലുള്ള രോഗികൾപോലും ദൈവത്തിൻേറയും അവിടുത്തെ വിശുദ്ധരുടേയും ദൃഷ്ടികളിൽ അളവില്ലാത്തവിധം ഉൽകൃഷ്ടരാണെന്നും സമ്യക്കായി ഉദ്ബോധിപ്പിക്കുകതന്നെ ചെയ്തു. രണ്ടാമതായി, തൻെറ ഉത്തമാംശത്തിനെതിരായി അനസ്യൂതം സമരം ചെയ്തുകൊണ്ടിരുന്ന അധമാംശത്തെ ശക്തിഹീനമാക്കുക; അതായതു്, വൈരസ്യജനകമായ എല്ലാത്തിൽനിന്നും പിൻതിരിയുന്ന ശരീരത്തിൻെറ സ്വാഭാവികപ്രകൃതിയും, അലൗകികസേവനങ്ങൾക്കായി ക

തികൊള്ളുന്ന ആത്മാവും തമ്മിലുള്ള യുദ്ധത്തിൽ വിജയംനേടുക ജഡത്തിൻെറ ജന്മസിദ്ധമായ വാസനകളെ സംയമനം ചെയ്യുവാൻ സ്വശരീരത്തോടു കർക്കശമായി പെരുമാറണമെന്ന് അദ്ദേഹം ധരിച്ചിരുന്നു. ജഡികവാസനകൾക്കു പ്രാബല്യം സിദ്ധിച്ചാൽ തൻെറ പ്രസ്ഥാനം ശിഥിലമാകുമെന്ന് അദ്ദേഹത്തിനു ദൃഢബോധമുണ്ടായിരുന്നു.

സ്വന്തം അസൗകര്യംമാത്രം പരിഗണനീയമായിരുന്നിട്ടുള്ളപ്പോൾ അനിഷ്ടമായവ, ക്ഷമാപൂർവ്വം സഹിച്ചിരുന്ന കഥാപുരുഷൻ, തന്നോളംതന്നെ സഹനശക്തിയില്ലാത്ത സഹോദരന്മാർക്കു യാതൊരു അസൗകര്യവും ഉണ്ടാകാതിരിക്കുവാൻ ബദ്ധശ്രദ്ധനായിരുന്നു. തൻെറ നിത്യസഹചാരികളായ നീഗ്രോകളിൽനിന്നും തൻെറ വസ്ത്രങ്ങൾ സമ്പാദിച്ചിട്ടുള്ള ദുർഗ്ഗന്ധം മാററുവാൻ അവയുടെമേൽ സുഗന്ധതൈലങ്ങൾ തളിക്കുകയും ആശുപത്രികളിലേയ്ക്കും, നീഗ്രോഷെഡ്ഡുകളിലേയ്ക്കും വി. കർബാന സംവഹിച്ചിരുന്ന അവസരങ്ങളിൽ രോഗാണുക്കളുടെ സമ്പർക്കം ഉണ്ടാകാതിരിപ്പാനായി പട്ടുതുണികൾകൊണ്ടു് അതിനെ സസൂക്ഷ്മം ആവരണം ചെയ്യുകയും പതിവായിരുന്നു.

ക്ളേവറിൻെറ ജീവിതം സ്നേഹത്തിൻെറ ഒരു അത്ഭുതം തന്നെ ആയിരുന്നു. ക്രിസ്തീയ തത്വങ്ങളിൽ ഏററം ദുർഗ്രഹമായതിനെ—ദൈവം ഓരോ വ്യക്തിയേയും ഓരോ മനുഷ്യാത്മാവിനേയും അനന്തമായി സ്നേഹിക്കുന്നുണ്ടെന്ന സത്യത്തെ—സ്വജീവിതംവഴി പ്രസ്പഷ്ടമാക്കുവാൻ അദ്ദേഹം യത്നിച്ചു. കൊലപാതകിയും ദുർവൃത്തനും, പ്രതിഭാസമ്പന്നനും മന്ദബുദ്ധിയും, അടിമയും അടിമവ്യാപാരിയും, സുഖലോലുപനും ദാരിദ്ര്യപീഡിതനും, എന്നുവേണ്ടാ, എല്ലാവരും ദൈവത്തി

ൻെറ സ്നേഹപാത്രമാണെന്ന്! തീർച്ചയായും വിശ്വസി ക്കുവാൻവിഷമമായ ഒരു പരമാർത്ഥം. പക്ഷേ, ഇതായി രിക്കാം ദൈവം നമുക്കു വിശുദ്ധരെ നല്കുകയും സ്നേഹ യോഗ്യരല്ലാത്തവരെ സ്നേഹിക്കുവാനുള്ള ദൈവികശ ക്തി അവർക്കു കൊടുക്കുകയും ചെയ്യുന്നതിൻെറ കാരണം.

സുദീർഘമായ മുപ്പത്തിയെട്ടു സംവത്സരം പ്രകൃ ത്യാ വിരസമായ ഈ അത്യദ്ധ്വാനങ്ങൾ നിരന്തരം തു ടർന്നുകൊണ്ടുപോകുവാൻ ക്ളേവറിനു അഭൗമമായ സ്നേ ഹത്തിൻെറ പ്രചോദനംതന്നെ ആവശ്യകമായിരുന്നു. രോഗിപരിചരണത്തിൽ വിശുദ്ധൻ അത്ഭുതാവഹമായ ക്ഷമയും ത്യാഗസന്നദ്ധതയും പലപ്പോഴും പ്രദർശിപ്പി ച്ചിട്ടുണ്ട്. എല്ലാവരാലും പരിത്യക്തനായി പൊറുക്കാവ്യാ ധി പിടിപെട്ടു കിടന്നിരുന്ന ഒരു വയസ്സൻനീഗ്രോയെ കഥാനായകൻ പതിന്നാലുകൊല്ലം തുടർച്ചയായി പരി ചരിച്ചു. ഒരിക്കൽപ്പോലും പിശകുവരാതെ, ആഴ്ചതോ റും വിശുദ്ധൻ ആ നിർഭാഗ്യനെ സന്ദർശിച്ച് അ യാൾക്കു ഭക്ഷണവും പലഹാരങ്ങളും നല്കുകയും മുറി വുകൾ വെച്ചുകെട്ടുകയും കിടക്ക ശരിപ്പെടുത്തിക്കൊടു ക്കുകയും സങ്കടങ്ങളിൽ ആശ്വസിപ്പിക്കുകയും ചെയ്തു വന്നു. പതിന്നാലു നെടിയ സംവത്സരങ്ങൾ! പ്രകൃത്യതീ തമായ സ്നേഹത്തിൻെറ ശക്തിവിശേഷമല്ലേ ഇവിടെ ദൃശ്യമാകുന്നതു്?

ഏററം വൈരസ്യജനകമായ രോഗം ബാധിച്ചവരെ ശുശ്രൂഷിക്കുന്നതിൽ ആകർഷകമായി എന്താണുള്ളതു്? ക്ലേവറിൻെറ അനുചരന്മാർ കൂടെക്കൂടെ ആവർത്തിച്ചിരു ന്ന ഒരു ചോദ്യമാണിതു്. ഒരിക്കൽ, വയറുകടി ബാധി ച്ചു കിടന്ന രോഗികളെ പരിചരിക്കുന്നതിന് മഗ്ദലേന മെൻഡോസാ എന്ന നീഗ്രോസ്ത്രീയേയും കൂട്ടിക്കൊ ണ്ടു വിശുദ്ധൻ പുറപ്പെട്ടു. അദ്ദേഹം അവരിൽ ഒരാളെ

പിടിച്ചെഴുന്നേൽപ്പിച്ചപ്പോൾ രോഗി അദ്ദേഹത്തെ മാലിന്യംകൊണ്ടു് അഭിഷേകംചെയ്തു. മുറിമുഴുവൻ വ്യാപിച്ച ദുർഗ്ഗന്ധം അസഹനീയമായിത്തീർന്നതിനാൽ ആ സ്ത്രീ അവിടെനിന്നും ഓടി. "മഗ്ദലെനാ, മഗ്ദലെനാ" എന്നു വിളിച്ചുകൊണ്ടു്, കഥാപുരുഷൻ അവളുടെ പുറകെ പാഞ്ഞു. "ദൈവത്തെ ഓർത്തു തിരികെ വരുക. ഇവരൊക്കെ നമ്മുടെ സഹോദരരാണെന്നുള്ളതു നീ ഇത്ര വേഗം മറന്നു പോയോ? ഇവരിൽ ഓരോരുത്തരും നമ്മുടെ കർത്താവിൻെറ തിരുരക്തത്താൽ രക്ഷിക്കപ്പെട്ടവരാണു്." അദ്ദേഹത്തിൻെറ സുദൃഢവിശ്വാസത്തിനു് ഇതിൽക്കൂടുതൽ എന്തു തെളിവാണു വേണ്ടതു്! വിശുദ്ധൻെറ സ്വരത്തിൽ വിസ്മയം നന്നായി സ്ഫുരിക്കുന്നുണ്ടായിരുന്നു.

നാം മിക്കപ്പോഴും അപൂർണ്ണമായി വിശ്വസിക്കുന്ന സംഗതികൾ, മററു ചിലർ അചാഞ്ചല്യമായ ബോധത്തോടേ മുറുകെപ്പിടിക്കുന്നതു കാണാം. വിശുദ്ധാത്മാക്കൾ ഇപ്രകാരമുള്ളവരാണു്. ക്രിസ്തീയ തത്ത്വങ്ങളിൽനിന്നുള്ള നിഗമനങ്ങൾ അനിഷേധ്യങ്ങളും അപ്രതിഹതങ്ങളുമാണു്. അവയെ സംശയലേശമെന്നിയേ സ്വീകരിക്കുവാൻ സാധാരണജനങ്ങൾക്കു സാധിക്കാതെ വരുന്നതു് വിശുദ്ധർക്കു് ആശ്ചര്യകരമത്രേ. ആർക്കുവേണ്ടി ക്രിസ്തുനാഥൻ ജീവനെ ബലിയർപ്പിച്ചുവോ അവരിൽ ഏററം നിസ്സാരൻെറനേരേയുള്ള സ്നേഹത്തെ കെടുത്തുവാൻ, മാലിന്യത്തിനോ ദുർഗ്ഗന്ധത്തിനോ സാധ്യമാവുകയെന്നതു് ക്ളേവറിനു വാസ്തവത്തിൽ ദുർഗ്രഹമായിരുന്നു.

"മഗ്ദലേനാ," അദ്ദേഹം ചോദിക്കുകയാണു്, "ഇവിടെ ചീച്ചിലിനകത്തു കിടക്കുന്ന ഇവർ നമ്മുടെ സഹോദരരാണെന്നു നീ മനസ്സിലാക്കുന്നില്ലേ? ഇവർക്കു വേണ്ടി ദിവ്യരക്ഷകൻ തൻെറ അമൂല്യരക്തം ചിന്തി

ജീവൻ വെടിഞ്ഞു." മഗ്ദലേനായ്ക്കു കാര്യം മനസ്സിലായി. ക്ളേവറിൻെറ മുഖത്തേ ആശ്ചര്യഭാവം അവളുടെ ഹൃദയത്തെ ഗാഢമായി സ്പർശിച്ചു. ലജ്ജാഭരിതയായി അവൾ തിരികെവന്നു. യുഗാന്തരങ്ങൾതോറും അദ്ദേഹത്തിൻെറ ആശ്ചര്യദ്യോതകമായ ചോദ്യം മനുഷ്യരുടെ കണ്ണുങ്ങളിൽ മാറെറാലിക്കൊണ്ടുകൊണ്ടിരിക്കും.

ക്ളേവറിൻെറ പീഡാസഹനംപോലെ ആധുനികജനതയുടെ നീരസത്തിനു വിഷയമായിരിക്കുന്ന മറെറാരുകാര്യമാണ് അദ്ദേഹത്തിൻെറ അത്യഗാധമായ വിനയം. തങ്ങളുടെ പാപങ്ങളെപ്പററി വളരെ ഒച്ചപ്പാടുണ്ടാക്കുന്ന വിശുദ്ധരുടെ ആത്മാൎത്ഥതയിൽ സംശയംതോന്നുവാനെളുപ്പമുണ്ട്. അവരും പാപികളുംതമ്മിലുള്ള അകലം പ്രകടമാക്കുവാനുള്ള ഔൽസുക്യമല്ലേ അതു്? അതേ എങ്കിൽ, ഒരു വിശുദ്ധൻെറ അഭിപ്രായഗതി ഇങ്ങനെ ആയിരിക്കണം: "ഒരു പുണ്യവാനായ ഞാൻ ഏററം ചെറിയ പാപങ്ങളെക്കുറിച്ചു് അത്യുൽകടമായ മനസ്താപപ്രകരണം ചെയ്യുന്നു. പാപികളായ നിങ്ങളോ സാനന്ദം സംതൃപ്തമാനസരായി വൎത്തിക്കുന്നു. ലജ്ജാഭരിതരാകേണ്ട നിങ്ങൾ ഗൎവ്വിഷ്ഠരായി വ്യാപരിക്കുമ്പോൾ, യഥാൎത്ഥത്തിൽ അഹങ്കിരിക്കുവാൻ അർഹതയുള്ള ഞാൻ എൻെറ മററു സുകൃതങ്ങളുടെമേൽ എളിമ കൂട്ടിച്ചേൎക്കുന്നു."

വിശുദ്ധരുടെ വിനയത്തിന് ഇതല്ലാതെ വേറെ വല്ല വ്യാഖ്യാനവും ഉണ്ടോ എന്നു നമുക്കു പരിശോധിക്കാം. ആദ്യമായിത്തന്നെ എളിമയെന്ന സുകൃതം, ബാഹ്യമാത്രമായ ശാലീനതയാണെന്നു തെററിദ്ധരിക്കരുതു്. ഇതു ഹൃദയത്തിൽനിന്നു നിൎഗ്ഗളിക്കുന്നതല്ല; ആചാരമുറകളുടെ ബാഹ്യപ്രകടനം മാത്രമാണ്. തന്മൂലം, ഇതിൽ ഉദ്ദേശശുദ്ധിയല്ല, ബാഹ്യനടപടികൾമാത്രം പരിഗണി

ച്ചാൽ മതിയാകും. ലോകം പരിഷ്കാരത്തിൽ പുരോഗമിച്ചതോടൊപ്പം ആത്മപ്രശംസയുടെ രീതികളും പരിഷ്കരിച്ചുതുടങ്ങി. ആചാരമുറകൾ വിധിയനുസരിച്ചായിരുന്നാൽ, എത്രവലിയ ആത്മപ്രശംസ ചെയ്താലും തരക്കേടില്ല; സ്വരവും ഭാവങ്ങളുമെല്ലാം പൊതുസമ്മതി പ്രാപിച്ച രീതിയിലായിരുന്നാൽ മതി. മറെറാന്നും ആരും ഗൗനിക്കുന്നില്ല.

നേരെമറിച്ച്, വിനയം ഒരു സുകൃതമാണ്. ക്രിസ്തീയപുണ്യങ്ങളിൽ പ്രഥമവുമാണ്. വിനയത്തിൻെറ ബാഹ്യപ്രകടനത്തിനായി അവധാനപൂർവ്വം പരിശ്രമിക്കുകയെന്നതു കൗശലപൂർണ്ണമായ ഗർവ്വിൻെറ ലക്ഷണമാണ്. വിശുദ്ധരുടെ ജീവചരിത്രം പാരായണംചെയ്യുമ്പോൾ, അവരുടെ ആത്മനിന്ദനത്തിലുള്ള ആത്മാർത്ഥത വിശ്വസിക്കുവാൻ നമുക്കു കഴിഞ്ഞില്ലെന്നു വരാം. യഥാർത്ഥത്തിൽ എളിമയുള്ളവൻ തനിക്കു പ്രസ്തുത സുകൃതമുണ്ടെന്നു പ്രത്യക്ഷമായോ പരോക്ഷമായോ സൂചിപ്പിക്കുന്ന പ്രസ്താവനകൾ വർജ്ജിക്കണം. എന്നാൽ, വിശുദ്ധരുടെ ജീവിതം സസൂക്ഷ്മം പഠനംനടത്തുന്നവർക്ക്, അവരുടെ ആത്മനിന്ദനം തന്ത്രപരമായ ആത്മപ്രശംസയാണെന്നുള്ള ആക്ഷേപത്തിൽ കഴമ്പൊന്നുമില്ലെന്നു മനസ്സിലാകും. ക്ളേവറിൻെറ പ്രസ്താവനകളിൽനിന്ന് അദ്ദേഹത്തിൻെറ ആത്മാർത്ഥതയെ ചോദ്യംചെയ്യുവാൻ കാരണം കാണുന്നില്ല. അദ്ദേഹം പറയുകയാണ്: "ഞാൻ സമ്പാദിക്കാത്ത അപ്പമത്രെ ഞാൻ ഭക്ഷിക്കുന്നത്; അന്യരുടെ ഔദാര്യത്തിൻെറഫലമായി ഞാൻ ജീവിക്കുന്നു. അന്ത്യക്രൂദാശകൾ കൊടുക്കുവാനുള്ളപ്പോൾ മററുള്ളവർ എന്നെ ഉണർത്തേണ്ടിയിരിക്കുന്നു. അവർ അശ്രാന്തം പരിശ്രമിക്കുന്നു; ഞാനോ ഒന്നും ചെയ്യുന്നുമില്ല. കുശാഗ്രബുദ്ധികളായ മററു മനുഷ്യരെ അപേക്ഷിച്ചു

മന്ദബുദ്ധികളായ നീഗ്രോകൾ എൻെറ ന്യൂനതകൾ വളരെ കുറച്ചുമാത്രമേ കണ്ടുപിടിക്കുകയുള്ളൂ: അതിനാലാണു ഞാൻ അവരോടു സഹവസിക്കുന്നതിൽ ഇത്രയധികം ആനന്ദം കണ്ടെത്തുന്നതു്." രോഗികളുടെ മുറിവുകൾ ചുംബിക്കുന്നതിൽ തൻെറ പരിത്യാഗത്തെ ആരെങ്കിലും പ്രശംസിക്കുകയാണെങ്കിൽ അല്പം ഫലിതരസത്തോടേ അദ്ദേഹം പറയും, "ഒരു പുണ്യവാനാകുക എന്നതു്, യാതൊരു പരിഷ്കാരമോ സംസ്കാരസമ്പത്തോ ഇല്ലാതിരിക്കുകയും നല്ല ദഹനശക്തിയുള്ള ഉദരം ഉണ്ടായിരിക്കുകയുമാണെങ്കിൽ, പക്ഷേ ഞാനും ഒരു പുണ്യവാനായേക്കാം."

വാക്കുകൾകൊണ്ടു വ്യക്തമാക്കപ്പെടുന്ന വിനയത്തേക്കാൾ ഹൃദയസ്പർശകമാണല്ലോ പ്രവൃത്തികളിൽ പ്രകടമാകുന്ന വിനയം. ക്ളേവറിൻെറ ജീവിതം തന്നെ നമ്മോടു പ്രസംഗിക്കട്ടെ. വിശുദ്ധൻെറ ജീവിതത്തിലെ ഏററം വലിയ ആഗ്രഹം ഒരടിമയെപ്പോലെ ജോലിചെയ്യുകയും അപ്രകാരം പരിഗണിക്കപ്പെടുകയുമായിരുന്നു. 'ദാസരുടെ ദാസൻ' എന്ന മുദ്ര സ്വയം സ്വീകരിച്ചപ്പോൾ അതിൻെറ അർത്ഥം ശരിയായി അദ്ദേഹം ഗ്രഹിച്ചിരുന്നു. അതൊരു പ്രകടനമായിരുന്നില്ല. തൻെറ ആഗ്രഹം നിർബന്ധബുദ്ധിയോടെ പ്രയോഗത്തിൽ വരുത്തുവാനുള്ള സന്നദ്ധത അദ്ദേഹത്തിൻെറ പ്രവൃത്തികളിൽ സ്പഷ്ടമായിരുന്നു. കാർത്തജീനായ്ക്കു പുറത്തുള്ള പ്രേഷിതയാത്രകളിൽ, പര്യടനസംഘത്തിൻെറ നേതാവായി ഒരു നീഗ്രോയെ ഫാദർ ക്ളേവർ നിയമിച്ചിരുന്നു. യാത്രാപരിപാടികളെല്ലാം ആ നീഗ്രോയുടെ നിയന്ത്രണത്തിലായിരുന്നു. ഒരിക്കൽ ഏതോ ഒരു സ്ഥലത്തു് ഒരു ധ്യാനം നടത്തുവാൻ വിശുദ്ധൻ ക്ഷണിക്കപ്പെട്ടു. പര്യടനസംഘത്തിൻെറ അധിപനായ നീഗ്രോ സമ്മതി

കുന്നപക്ഷം താൻ സസന്തോഷം വരുന്നതാണെന്ന് അദ്ദേഹം മറുപടികൊടുത്തു. നീഗ്രോ അനുവദിച്ചില്ല; ക്ളേവർ ക്ഷണം സ്വീകരിച്ചുമില്ല.

സാധാരണ മനുഷ്യരുടെ സ്വാഭാവികപ്രേരണകൾക്കു വിരുദ്ധമായ ഇമ്മാതിരി വിനയത്തിൻെറനേൎക്ക് ആൎക്കും വിരസത തോന്നുക സഹജമാണ്. എന്നാൽ, നമ്മുടെ രക്ഷയ്ക്കായി മനുഷ്യനായി അവതരിക്കുകയും, സ്വന്തം സൃഷ്ടികളായ മനുഷ്യരെ അനുസരിക്കുകയും ചെയ്ത ദൈവത്തിൻെറ എളിമ, ഒരു നീഗ്രോയുടെ ആജ്ഞകൾ അനുസരിച്ച വിശുദ്ധൻെറ എളിമയെ അളവില്ലാത്ത വിധം അതിശയിക്കുന്നില്ലയോ? കീഴുള്ളവരോടു ക്ളേവറിൻെറ പെരുമാററം ഇതായിരുന്നുവെങ്കിൽ, അധികാരികളുടെനേൎക്കു പ്രദർശിപ്പിച്ചിരുന്ന വിനയം ഊഹിച്ചുകൊള്ളുകയാണു ഭേദം. "അവരുടെ മുമ്പിൽ, ദൃഷ്ടികൾ ഭൂമിയിൽ പതിച്ചുകൊണ്ടു് ആജ്ഞകൾ പ്രതീക്ഷിച്ചു ഫാദർ ക്ളേവർ നില്ക്കുന്നതു കാണേണ്ട കാഴ്ചതന്നെയാണ്. ഏററം ശ്രമകരമായ ജോലികൾ അദ്ദേഹത്തെയാണ് അധികാരികൾ ഭരമേല്പിച്ചിരുന്നതു്. കാരണം, ഒരിക്കലും യാതൊരു പ്രതിഷേധമോ ആവലാതിയോ അദ്ദേഹം പുറപ്പെടുവിച്ചിരുന്നില്ല എന്നതുതന്നെ. അനുസരിക്കുന്നതിൽ സദാ സന്തുഷ്ടി പ്രദർശിപ്പിക്കുന്ന ഭരണീയരെ തേടിപ്പിടിക്കുകയെന്ന വൈഷമ്യം ഒഴിച്ചുവയ്ക്കുവാൻ അതൊരു എളുപ്പമാൎഗ്ഗവുമായിരുന്നു.

അനർഹമായ കുററാരോപണം പരിപൂൎണ്ണക്ഷമയോടേ സഹിക്കുന്നതു വീരോചിതമായ വിനയത്തിൻെറ ലക്ഷണമാണ്. ഫാദർ ക്ളേവറിനു് ലത്തീനിലെ ഉൽകൃഷ്ടകാവ്യങ്ങളിൽ സിദ്ധിച്ചിരുന്ന വ്യുൽപത്തി ഏവരുടേയും അഭിനന്ദനത്തിനു പാത്രമായിരുന്ന കാലത്തു്, അദ്ദേഹം ലത്തീൻഭാഷയിൽ കേവലം കിഞ്ചിജ്ജ്ഞൻമാത്രമാണെ

ന്ന് ആരോ ആക്ഷേപിക്കുകയുണ്ടായി. യാതൊരു എതിരും പറയാതെ അദ്ദേഹം തന്റെ അജ്ഞതെ സമ്മതിക്കുകതന്നെ ചെയ്തു. വിജയപ്രദമാകുമെന്നു താൻ നിസ്സന്ദേഹമായി തെളിയിച്ച ചില പദ്ധതികളെ അജ്ഞന്മാരും വിദ്വേഷമനഃസ്ഥിതിക്കാരും വിമർശിച്ചിരുന്ന അവസരങ്ങളിൽ അദ്ദേഹം പ്രശാന്തനായി മൗനമവലംബിച്ചിരുന്നു.

അഭിജ്ഞന്മാരായ ആളുകൾക്ക്, തങ്ങളുടെ ജോലിയിൽ അസമത്ഥന്മാർ തലയിടുന്നതു് ഇഷ്ടമായിരിക്കുകയില്ല. പ്രസന്നചിത്തരായി അതു സഹിക്കുക ശ്രമസാദ്ധ്യവുമാണ്. നീഗ്രോകളുടെ മനഃസ്ഥിതി പഠിച്ചിട്ടുള്ളവരിൽ അഗ്രഗണ്യൻ താനാണെന്നു ഫാദർ ക്ലേവറിനു ന്യായപൂർവ്വം അഭിമാനിക്കാമായിരുന്നു. അവക്കുവേണ്ടിയുള്ള പ്രവർത്തനങ്ങളിൽ അദ്ദേഹം കൈവരിച്ച അത്ഭുതാവഹമായ വിജയംതന്നെ അവയെക്കുറിച്ചുണ്ടായ വിമർശനങ്ങൾക്കെതിരായി പ്രതിഷേധസ്വരമുയത്തുവാൻ മതിയായ കാരണമായിരുന്നു. വ്യക്തിപരമായ അധിക്ഷേപങ്ങൾ അവഗണിക്കുവാൻതക്ക മഹാമനസ്കതയുള്ളവർപോലും, തങ്ങൾ ആക്കുവേണ്ടി ആത്മാത്ഥതയോടും തീക്ഷ്ണതയോടുംകൂടി വേലചെയ്യുന്നുവോ ആ ജനങ്ങൾക്കു് ഏററം ഉപകാരപ്രദമെന്നു കരുതുന്ന പ്രസ്ഥാനങ്ങളിൽ അന്യർ തലയിടുന്നുവെങ്കിൽ അതിനെ ശക്തിയുക്തം പ്രതിഷേധിക്കാതിരിക്കുകയില്ല. ക്ലേവറിന്റെ മഹത്തമമായ സേവനത്തിൽ അജ്ഞന്മാരായ അധികാരികൾ കൈകടത്തുവാൻ അദ്ദേഹം സമ്മതിച്ചതു മടയത്തരമാണെന്നു നമുക്കു തോന്നിയേക്കാം. എന്നാൽ, അവരുടെ നിർദ്ദേശങ്ങൾക്കു പരിഭവമെന്നിയേ തലകുനിച്ച അദ്ദേഹത്തിന്റെ വിനയത്തിന്റെ ആത്മാത്ഥതയെ അഭിനന്ദിക്കാതിരിക്കുക നമുക്കു സാദ്ധ്യമല്ല. ഉദാഹ

ർണ്ണമായി, അഭികാമ്യങ്ങളായ ഫലങ്ങൾ പുറപ്പെട്ടുവി ക്കുന്ന ചില പ്രവൎത്തനപരിപാടികൾ നിറുത്തലാക്കണ മെന്ന് ഒരു മേലധികാരി ആജ്ഞാപിച്ചപ്പോൾ വിശു ദ്ധൻ ഉടൻ അനുസരിക്കുകയാണുണ്ടായത്. തദവസര ത്തിൽ അദ്ദേഹം പറഞ്ഞ വാക്കുകൾ ഏവൎക്കും സന്മാ തൃകാപരമാണ്: "ഒട്ടുവളരെ അനൎത്ഥങ്ങൾക്ക് അവസര മുണ്ടാക്കാതെ, ആശ്രമത്തിലുള്ളവൎക്കെല്ലാം ഉപദ്രവത്തി ന കാരണമാക്കാതെ, ഒരു നിസ്സാരനന്മപോലും ചെയ്യു വാൻ സാധിക്കാത്ത ഞാൻ എത്ര വലിയ ദുൎഭഗനാണ്!"

സഹോദരന്മാർ അദ്ദേഹത്തിന്റെ ഉദ്യമങ്ങളെ തെററിദ്ധരിക്കുകയും അപഹസിക്കുകയും ചെയ്തിരുന്നു. പലപ്പോഴും നിശിതമായ വിമർശനങ്ങൾക്ക് അദ്ദേഹം ഇരയായിത്തീർന്നിട്ടുണ്ട്. ഒരിക്കൽ കഷ്ടാനുഭവവാര ത്തിൽ പള്ളിയിൽ സന്നിഹിതരായിരുന്ന സ്ത്രീകളിലൊ രാൾ, ഫാദർ ക്ളേവർ പ്രസംഗിച്ചുകൊണ്ടിരിക്കവെ അദ്ദേഹത്തിന്റെ ദൃഷ്ടിയിൽപെട്ടു. ആ സ്ത്രീ ഏററം ഗർഹണീയമാംവിധം വസ്ത്രധാരണം ചെയ്തിരിക്കുന്ന തായി അദ്ദേഹത്തിനു തോന്നി. പരോക്ഷമായ പ്രതി ഷേധമല്ലാതെ പ്രത്യക്ഷമായ അധിക്ഷേപം കഥാ പുരുഷനു സഹജമായിരുന്നില്ല. എന്നാൽ, രക്ഷകൻ ഗത്സേമാനിൽ രക്തം വിയർക്കുകയും ഗാഗുൽത്താ യിൽ പീഡകൾ സഹിക്കുകയും ചെയ്തതിന്റെ ഓർമ്മ കൊണ്ടാടുന്ന ഈ ആഴ്ചയിൽ, മനുഷ്യർ തങ്ങളുടെ ആ കാരസൗന്ദര്യം പ്രകടിപ്പിക്കുവാനൊരുങ്ങുന്നതു തീർത്തും അനുചിതമാണെന്ന് ഉദ്ബോധിപ്പിക്കുവാൻ അദ്ദേഹം നിശ്ചയിച്ചു. അദ്ദേഹം പ്രസംഗപീഠത്തിൽനിന്നും ഇറ ങ്ങി ആ വനിതയോട് അവളുടെ വസ്ത്രധാരണരീതി വലിയ ആഴ്ചയുടെ അരൂപിയ്ക്കും ആ മഹതിയുടെ പ്രാ യത്തിനും ഒട്ടും ചേർന്നതല്ലെന്നു പ്രസ്താവിച്ചു തന്റെ

പ്രായത്തെക്കുറിച്ചുള്ള പ്രസ്താവം ആ സ്ത്രീയെ കോപകലുഷയാക്കിത്തീൎത്തു. ജ്വലിച്ചുവന്ന അമൎഷം അവൾ അത്യുച്ചത്തിൽ വെളിപ്പെടുത്തി. ശബ്ദംകേട്ട് ഓടിവന്ന മറെറാരു വൈദികൻ, വിവരമറിഞ്ഞു് ആ മഹതിയോടു സഹതാപം പ്രകടിപ്പിക്കുകയും ക്ളേവറിൻെറ അവിവേകത്തെക്കുറിച്ച് അദ്ദേഹത്തെ പരസ്യമായി ശാസിക്കുകയുംചെയ്തു. തത്സമയം റെക്ടർ അവിടെ ആഗതനായി. അതിരൂക്ഷമായ ശകാരവൎഷം അദ്ദേഹത്തിൽനിന്നും പുറപ്പെട്ടു. "ആളുകളുടെ നിലയും വിലയും മനസ്സിലാക്കാതെ തീക്ഷ്ണത പ്രദൎശിപ്പിക്കുന്ന അവിവേകിയും ഔചിത്യരഹിതനുമായ മനുഷ്യൻ" എന്നു പറഞ്ഞു കഥാനായകനെ അദ്ദേഹം ശാസിച്ചു. ക്ളേവർ യാതൊന്നും പറയാതെ തൽക്ഷണം മുട്ടുകുത്തി മേലധികാരിയുടെ പാദങ്ങൾ ചുംബിക്കുകയും താൻ വരുത്തിയ ഇടൎച്ചയ്ക്കു പൊറുതി ചോദിക്കുകയും അതിനു പരിഹാരമായി ഏററം കഠിനമായ പ്രായശ്ചിത്തം നല്കണമെന്നഭ്യൎത്ഥിക്കുകയുംചെയ്തു. വിശുദ്ധൻെറ വിനയം ആ സ്ത്രീയുടെ ഹൃദയത്തെ സ്പൎശിച്ചു തൽഫലമായി മേലിൽ വസ്ത്രധാരണരീതിയിലുള്ള ക്രമക്കേടുകൾ പരിഹരിച്ചുകൊള്ളാമെന്ന് അവർ പ്രതിജ്ഞ എടുക്കുകയുണ്ടായി.

കഥാപുരുഷൻെറ അഗാധമായ വിനയം പലരുടെയും കുചേഷ്ടിതങ്ങൾക്കൊരു മറയായിത്തീൎന്നിട്ടുണ്ട്. നീഗ്രോകളിൽ കൂടുതൽ അജ്ഞന്മാരായവർ അദ്ദേഹത്തോടു വളരെ ധിക്കാരപൂൎവ്വമാണ് പെരുമാറിയിരുന്നതു്. എന്നാൽ, ഈ അനാദരങ്ങൾ അദ്ദേഹത്തിന് അവൎണ്ണ്യമായ ആഹ്ളാദം പ്രദാനം ചെയ്തിരുന്നു. മുഖത്തു പ്രകാശിച്ചുകൊണ്ടിരുന്ന ആനന്ദദീപ്തിയോടെ അദ്ദേഹം അവ സഹിക്കുകപതിവായിരുന്നു.

വിശുദ്ധി, ശരിയായ ഉത്തരം ലഭിക്കാത്ത പല പ്ര

ശ്നങ്ങളും ഉൾക്കൊള്ളുന്നുണ്ട്. വിശുദ്ധരുടെ അതിരു കടന്ന വിനയത്തിന് ഇന്നുവരെ തൃപ്തികരമായ വ്യാഖ്യാനമൊന്നും ലഭിച്ചിട്ടില്ല. സൃഷ്ടിയും സ്രഷ്ടാവും തമ്മിലുള്ള അളവില്ലാത്ത അകലം മററ് ആരേയുംകാൾ നന്നായിട്ടു മനസ്സിലാക്കിയിട്ടുള്ളതു വിശുദ്ധരായതുകൊണ്ട് ദൈവത്തിൻെറനേർക്ക് അവർ വിനയം പ്രദർശിപ്പിക്കുന്നതു് അഭിലഷണീയമത്രേ. എന്നാൽ, ഒരുവൻ സ്വന്തം അവകാശങ്ങളും ചിന്താസ്വാതന്ത്ര്യംപോലും ബലികഴിച്ച്, തന്നെപ്പോലുള്ള ഒരു സൃഷ്ടിയ്ക്കു സ്വയം വിധേയനായിത്തീരുന്നതെന്തിന്? കഠിന പാപികളെക്കാൾ നികൃഷ്ടനായി തന്നെത്തന്നെ ഗണിച്ചിരുന്ന പീററർ ക്ളേവറിൻെറ നിഷ്കാപട്യം വിശ്വസനീയമാണോ? ഈ പ്രശ്നങ്ങൾക്ക്, ഈഡാ കോഡൻഹോ എന്ന ഗ്രന്ഥകർത്രി "വിശുദ്ധിയുടെ പ്രകൃതി" എന്ന തൻെറ ഗ്രന്ഥതല്ലജത്തിൽ സമാധാനം നല്കുന്നുണ്ട്: "നാം തീരെ അഗണ്യമായിക്കരുതുന്ന ആത്മരക്ഷയെക്കുറിച്ചുള്ള വിചാരം വിശുദ്ധനെ ഭയചകിതനാക്കിത്തീർക്കുന്നു. നാം പാപമല്ലെന്നു പരിഗണിക്കുന്ന തെററുകൾ അദ്ദേഹത്തിൽ ഹൃദയം ദ്രവിപ്പിക്കുന്ന മനസ്താപം സംജാതമാക്കുന്നു. സ്വാഭാവികമെന്ന് നാം കരുതുന്ന തെററുകളെപ്പററി വിലപിക്കുവാൻ ജീവിതകാലം മതിയാകാത്തതിൽ അദ്ദേഹം വിഷാദഗ്രസ്തനായിത്തീരുന്നു. തന്നെ വണങ്ങുവാൻ ലോകം മുട്ടുകൾ മടക്കുമ്പോൾ, തൻെറ നിസ്സാരത, നികൃഷ്ടത എന്നിവ വിശുദ്ധനെ പരിഭ്രാന്തചിത്തനാക്കുന്നു. ഈ വിനയം യഥാൎത്ഥമല്ലെന്ന്, കൃത്രിമമാണെന്നു നമുക്കു തോന്നിയേക്കാം. വിശുദ്ധരിലല്ലെങ്കിൽ, അവയൊക്കെ നിന്ദ്യവും വക്രവുമായ ആത്മപ്രശംസയായി ഗണിക്കപ്പെടാമായിരുന്നു.

"ദൈവം അനന്തമായി മനുഷ്യനെ സ്നേഹിച്ചുവെ

ന്ന്- അവനെ തൻെറ സ്നേഹഭാജനമാക്കുന്നതിന്ന് അനാദിമുതലേ അവിടുന്നു നിശ്ചയിച്ചിരുന്നുവെന്ന്- അവനെ തൻെറ സ്വന്തമാക്കുവാൻമാത്രമല്ല, തന്നെത്തന്നെ അവൻെറ സ്വന്തമാക്കിത്തീർക്കുവാൻ അഭിലഷിച്ചിരുന്നുവെന്നുള്ള നെഞ്ചകമഞ്ചിക്കുന്ന ഈ പരമാൎത്ഥം അതിൻെറ തനിനിറത്തിൽ, സജീവമായി ഗ്രഹിക്കുമ്പോഴം വികാരതരളിതനാകാത്തവനാരുണ്ട്? ഇപ്രകാരം പ്രബുദ്ധത സിദ്ധിച്ച ഒരുവനു, തൻെറ അനന്തവും അഭേദ്യവുമായ നിസ്സാരതയെക്കുറിച്ചുള്ള ബോധത്തെ, മൂകീഭൂതമായ ആശ്ചര്യത്താൽ സാധൂകരിക്കുകയല്ലാതെ ഗത്യന്തരമുണ്ടോ?

"വിശുദ്ധരുടെ വിനയം ഇത്ര അഗാധവും അത്യുൽകടവും തീക്ഷ്ണവും അചഞ്ചലവും ഭയരഹിതവും പ്രശാന്തവുമായിരിക്കുന്നതിൻെറ കാരണമിതാണ്. . . . സൎവ്വശക്തനായ ദൈവം വെറും ഇല്ലായ്മയായ മനുഷ്യരെ തൻെറ ഹൃദയത്തിൽ ചേൎത്ത് ആലിംഗനം ചെയ്യുകയും തൻെറ ചുംബനമാകുന്ന മുദ്ര അവരുടെമേൽ പതിക്കുകയും ചെയ്തുവെന്ന് അവർക്കു നിശ്ചയമായി അറിയാം... സ്നേഹത്താൽ പ്രഭാപൂരിതമായ ഒരു വിശുദ്ധൻെറ എളിമയും, ബ്രഹ്മാണ്ഡകടാഹത്തിൻെറ മുമ്പിൽ തൻെറ അല്പത്വം സമ്മതിക്കുന്ന ശാസ്ത്രജ്ഞൻെറ വിനയവും തമ്മിൽ എത്ര വലിയ അന്തരമാണുള്ളതു്;"

# പന്ത്രണ്ടാം അധ്യായം.

## അത്ഭുതങ്ങൾ.

വിശുദ്ധരുടെ ജീവിതത്തിൽ അത്ഭുതങ്ങൾ സാധാരണങ്ങളാണ്. തൻെറ വിശ്വസ്തദാസന്മാരുടെ ജീവിതവിശുദ്ധിയും സുകൃതചര്യകളും ലോകസമക്ഷം പ്രഖ്യാപനംചെയ്യുന്നതിനായി ദൈവം അത്ഭുതങ്ങളെ ഉപകരണങ്ങളാക്കാറുണ്ട്. ഫാദർ ക്ളേവറിനും അത്ഭുതപ്രവർത്തനത്തിനുള്ള വരം അവിടുന്ന് അത്യുദാരമായി നല്കുകയുണ്ടായി. വിശുദ്ധൻെറ ജീവിതംതന്നെ ഒരത്ഭുതമായിരുന്നുവെന്ന് അദ്ദേഹത്തെപ്പററി പ്രസ്താവിച്ച സംഗതികൾ വിശദമാക്കുന്നു. അദ്ദേഹം പ്രവർത്തിച്ചിട്ടുള്ള അത്ഭുതങ്ങളും നിരവധിയാണ്. എന്നാൽ, അവയിൽ പലതിനും യഥാർത്ഥചരിത്രരേഖകളുടെ പിൻബലംസിദ്ധിച്ചിട്ടില്ല. ആകയാൽ, അങ്ങനെയുള്ളവയെ ഉപേക്ഷിച്ചിട്ട്, സുശക്തങ്ങളായ തെളിവുകളാൽ സ്ഥാപിക്കപ്പെട്ടിട്ടുള്ളവയും പ്രാമാണികങ്ങളുമായവയിൽ ചിലതുമാത്രം വായനക്കാരുടെ ജിജ്ഞാസയെ തൃപ്തിപ്പെടുത്തുവാൻവേണ്ടി വിവരിച്ചുകൊള്ളുന്നു.

കാർത്തജീനായിലെ ആളുകൾ, വിശുദ്ധൻ പ്രവർത്തിച്ച അത്ഭുതങ്ങളുടെ ബാഹുല്യത്താൽ അപ്പസ്തോലികകാലം വീണ്ടും ആവിർഭവിച്ചുവോ എന്നു സംശയിച്ചു തുടങ്ങി. അപ്പോസ്തലന്മാരുടെ വസ്ത്രം സ്പർശിച്ചും നിഴലേററും രോഗികൾ സുഖംപ്രാപിച്ചതുപോലെ, ക്ളേവറിൻെറ വസ്ത്രം സ്പർശിച്ചോ അദ്ദേഹത്തിൻെറ ഒരു വാക്കുമൂലമോ രോഗവിമുക്തി പ്രാപിച്ചിട്ടുള്ളവർ അന

വധിയാണ്. മാറാവ്യാധികൾക്കുള്ള ഒററ മൂലിയായിരുന്ന വിശുദ്ധൻെറ പ്രസിദ്ധമായ മേലങ്കി.

ഭാവിസംഭവങ്ങൾ, വിദൂരസ്ഥലത്തു നടക്കുന്ന വസ്തുതകൾ, മനുഷ്യരുടെ ഹൃദയരഹസ്യങ്ങൾ മുതലായവ ഗ്രഹിക്കുവാൻ വിശുദ്ധനുണ്ടായിരുന്ന ശക്തി അന്യാദൃശമാണ്.

ആഞ്ജലാ റോഡ്റിഗസ് എന്ന സ്ത്രീയുടെ വീട്ടിൽ ദേഹമാസകലം പുണ്ണുപിടിച്ച് ഉർസുല എന്നു പേരുള്ള ഒരു വേലക്കാരി കിടന്നിരുന്നു. നാലുവർഷത്തേക്കു വിശുദ്ധൻ ആഴ്ചതോറും അവളെ സന്ദർശിച്ച് ആശ്വസിപ്പിച്ചുവന്നു. ഒരുദിവസം രോഗം പെട്ടെന്നു മൂർദ്ധന്യാവസ്ഥയിലെത്തി. രോഗിണി മരണലക്ഷണങ്ങൾ കാണിച്ചു തുടങ്ങി. അതിനാൽ, അന്ത്യക്രൂദാശകൾ കൊടുക്കുവാൻ വേഗം വരണം എന്ന് ആരോ ഫാദർ ക്ളേവറിൻെറ അടുക്കൽ വന്നുപറഞ്ഞു. "അവൾക്കിനിയും നാലുദിവസംകൂടിയുണ്ടല്ലോ" എന്നായിരുന്നു അദ്ദേഹത്തിൻെറ ഉദാസീനമായ മറുപടി. നാലാംദിവസം മാത്രമേ അദ്ദേഹം രോഗിണിയെ കാണ്മാൻ പോയുള്ളൂ. സഭയുടെ അനുഗ്രഹദായകങ്ങളായ വിശുദ്ധ ക്രൂദാശകൾ കൊടുത്ത് അദ്ദേഹം അവളുടെ ആത്മാവിനെ പാരത്രികയാത്രയ്ക്കു സന്നദ്ധമാക്കി. "അല്ലയോ ക്രിസ്തീയാത്മാവേ, നീ ഈലോകത്തുനിന്നും പുറപ്പെടുക" എന്ന വാക്കുകൾ അദ്ദേഹം ഉച്ചരിച്ച മാത്രയിൽ അവൾ മൃതിയടയുകയുംചെയ്തു.

ഒരവസരത്തിൽ, പകൽമുഴുവൻ കഠിനാദ്ധ്വാനങ്ങളാൽ അവശനായി ആശ്രമത്തിലേയ്ക്കു പ്രത്യാഗമിച്ച ക്ളേവർ തൻെറ നിത്യസഹചാരിയായിരുന്ന ഒരു വൈദികനോടു പറഞ്ഞു; "നമ്മുടെ ഒരു സ്നേഹിതൻെറ വീട്ടിലേയ്ക്കു നാം വേഗം പുറപ്പെടേണ്ടിയിരിക്കുന്നു." അ

വരിരുവരും ത്വരിതഗതിയിൽ യാത്രചെയ്ത് ആ മിത്രത്തിൻെറ ഭവനത്തിൽ ചെന്നപ്പോൾ അവിടെയുണ്ടായിരുന്നവരുടെ വിസ്മയവും സന്തോഷവും വർണ്ണനാതീതമായിരുന്നു. "ഏതൊരു സ്വർഗ്ഗീയദൂതനാണു്, ഞങ്ങളെ ആശ്വസിപ്പിക്കുന്നതിനായി നിങ്ങളെ ഇങ്ങോട്ടയച്ചതു്?" എന്നു് അവരുടെ സ്നേഹിതൻ ചോദിച്ചു. ആചാരോപചാരങ്ങൾക്കൊന്നും സമയം കളയാതെ രോഗിണിയെ കാണുവാൻ ക്ലേവർ തത്രപ്പെട്ടു. അവർ അദ്ദേഹത്തെ പ്രായാധിക്യം ചെന്ന ഒരു നീഗ്രോസ്ത്രീ മരണവേദനയനുഭവിച്ചു കിടന്നിരുന്ന മുറിയിലേക്കാനയിച്ചു. വിശുദ്ധൻ അവളുടെ കുമ്പസാരം കേട്ടു് അവളെ ആശ്വസിപ്പിച്ചു. അനന്തരം, ആ സാധുസ്ത്രീയുടെ പാവനാത്മാവു് ദൈവസന്നിധിയിലേക്കു പറന്നുപോകുന്നതുവരെ ഹൃദയംഗമമായി പ്രാർത്ഥിച്ചുകൊണ്ടു് അദ്ദേഹം അവിടെത്തന്നെ നിന്നു.

ഒരിക്കൽ കൊടുംകാററും പേമാരിയും ഉണ്ടായിരുന്ന ഒരു രാത്രിയിൽ, പ്രകൃതിക്ഷോഭങ്ങളെ അവഗണിച്ചുകൊണ്ടു് ഒരു മരുഭൂമിയിൽക്കൂടി ഫാദർ ക്ളേവർ അതിശീഘ്രം പോവുകയായിരുന്നു. കൂടെയെത്തുവാൻ പണിപ്പെട്ടിരുന്ന സഹോദരൻ വിളിച്ചുചോദിച്ചു: "അങ്ങു് മത്സ്യംപിടിക്കാൻ പോവുകയാണോ?" "അതേ, അതേ, ഒരു വലിയ മത്സ്യം കിട്ടുവാനുള്ള ലക്ഷണമുണ്ടു്" എന്നു് ഓട്ടത്തിനിടയ്ക്കു വിശുദ്ധൻ മറുപടി പറഞ്ഞു. അന്നത്തെ യത്നത്തിൽ അദ്ദേഹത്തിനു ലഭിച്ച വലിയ മീൻ മരണാസന്നനായ ഒരു വൃദ്ധനീഗ്രോ ആയിരുന്നു. ഒരു വിജനപ്രദേശത്തു് ഒരു ചെററക്കുടിലിൽ, പരിചരിക്കുവാൻ ആരും അടുത്തില്ലാതെ അയാൾ കിടന്നിരുന്നു. അനേകം കൊല്ലങ്ങൾക്കുമുമ്പു തനിക്കു മാമ്മോദീസാ നല്കിയ ആ പുണ്യപുരുഷനെ കണ്ടിട്ടു ജീവൻ

വെടിയുവാൻ അയാരം കാത്തിരിക്കുകയായിരുന്നു. ഇപ്പോളിതാ ആ ആഗ്രഹം സാധിച്ചുകഴിഞ്ഞിരിക്കുന്നു—ഈലോകത്തിൽവെച്ചുള്ള അവസാന സമാഗമം. സ്വർഗ്ഗത്തിൽവെച്ചു തൻെറ ഉപകാരിയെ മറക്കുകയില്ലെന്നുള്ള വാഗ്ദാനത്തോടേ ആ നീഗ്രോ ലോകത്തോടു യാത്ര പറഞ്ഞു.

വേറൊരിക്കൽ വിശുദ്ധൻ സ്വവസതിയിൽനിന്നും പെട്ടന്നിറങ്ങി യാത്രയായി. കുന്നുകളും മലകളും കടന്ന് അദ്ദേഹം ഒരു കുടിലിൽ വന്നെത്തി. അവിടെ മൂന്നു നീഗ്രോകരം അനങ്ങുവാൻപോലും നിവൃത്തിയില്ലാതെ കിടന്നിരുന്നു. അദ്ദേഹം തൻെറ ഭാണ്ഡത്തിൽനിന്നും ബ്രാൻഡിയും മരുന്നും എടുത്ത് അവരുടെ വായിൽ ഒഴിച്ചുകൊടുക്കുകയും മുറിവുകരം കഴുകി വെച്ചുകെട്ടുകയും ചെയ്തു. അവർ മൂവരും ഇങ്ങനെ അകാലമരണത്തിൽനിന്നും രക്ഷനേടി. ഇപ്രകാരം, വിശുദ്ധൻ മരണാസന്നരുടേയും പരിത്യക്തരുടേയും അടുക്കൽ അപ്രതീക്ഷിതമായി ചെന്ന് അവരെ സഹായിച്ചിട്ടുള്ളതായി അനവധി വിചിത്രസംഭവങ്ങരം അദ്ദേഹത്തിൻെറ ജീവചരിത്രകാരന്മാർ രേഖപ്പെടുത്തുന്നുണ്ട്.

അന്യരുടെ ഹൃദയരഹസ്യങ്ങരം അറിയുവാൻ കഥാനായകനു പലപ്പോഴും സാധിച്ചിട്ടുണ്ട്. കുമ്പസാരത്തിനണയുന്നവർ ലജ്ജമൂലം പറയുവാൻ മടിച്ചിരുന്ന പാപങ്ങരം അദ്ദേഹം ശരിയായി ഗ്രഹിച്ചിരുന്നു. ആളുകരം ആത്മഹത്യ ചെയ്യുവാനൊരുങ്ങിയ പല സന്ദർഭങ്ങളിലും, അതതു രംഗങ്ങളിൽ ക്ളേവർ പ്രത്യക്ഷനായി അവരെ അതിൽനിന്നു വിരമിപ്പിച്ചിട്ടുണ്ട്. "ഇത്ര വലിയ ഭീരുത്വം കാണിക്കുകയോ?" അവരെ ശാസിച്ചുകൊണ്ട് അദ്ദേഹം ചോദിക്കും. "ഏററം വലിയ പരാജയം സ്വയം സമ്മതിക്കുകയോ? കഴിഞ്ഞതൊക്കെ മറക്കുവാൻ

ശ്രമിക്കുക. ധൈര്യമവലംബിച്ചുകൊണ്ട പ്രയാണം തുടരുക. ക്ഷണഭംഗുരമായ ഈ ജീവിതം ഏററം നിന്ദ്യമായ വിധം അവസാനിപ്പിക്കുവാൻ തുനിയുന്നതു് എന്തു ഭോഷത്തമാണ്? നമുക്കിപ്പോൾ പ്രവാസകാലമാണ്; യഥാർത്ഥജീവിതത്തിനുള്ള പ്രാരംഭംമാത്രമേ ഇതു് ആകുന്നുള്ളു. സ്വർഗ്ഗരാജ്യത്തിലേ കിരീടാവകാശികളാണു നാമെല്ലാവരും എന്ന വസ്തുത എത്ര ആശ്വാസകരം! പ്രസന്നചിത്തനായി വർത്തിക്കുക. ദൈവം എത്ര കാരുണ്യവാനാണ്!" തങ്ങളുടെ ഉദ്യമം മററാരും കണ്ടില്ലല്ലോ എന്നോർത്തു് ആശ്വസിച്ചും വിശുദ്ധന്റെ സദുപദേശങ്ങളാൽ പ്രോത്സാഹിതരായും ജീവിതായോധനം ക്ഷമയോടുകൂടി തുടരുവാൻ സന്നദ്ധരായും അവർ പിന്തിരിയും.

കഥാപുരുഷന്റെ ദീർഘദർശനവരം പ്രസിദ്ധമാണ്. ഒരിക്കൽ അദ്ദേഹം ധ്യാനപ്രസംഗങ്ങൾ നടത്തിക്കൊണ്ടിരുന്ന ഒരു സ്ഥലത്തെ ആളുകൾക്ക്, ഒരു ഇംഗ്ലീഷ് സൈന്യംവന്നു് ആ സ്ഥലം കൊള്ളചെയ്യുമെന്നും അതിനാൽ ഉടൻ അവിടെനിന്നു മാറിക്കൊള്ളണമെന്നും മുന്നറിവു നല്കി. ഇംഗ്ലീഷ്കപ്പലിന്റെ വരവിനെക്കുറിച്ചു തെക്കേ അമേരിക്കയിൽ യാതൊരു സൂചനയും ലഭിച്ചിരുന്നില്ല. വിസ്മയജനകമായ ആ പ്രവചനം അന്നുരാത്രിയിൽത്തന്നെ നിറവേറി. ഇംഗ്ലീഷുകാരായ കടൽക്കള്ളന്മാർ ആ സ്ഥലത്തു പ്രവേശിച്ചു കൊള്ളചെയ്തു.

നഷ്ടപ്പെട്ടുപോയ ആടിനെ അന്വേഷിച്ചു പുറപ്പെട്ടിരുന്ന നല്ല ഇടയനായിരുന്നു ക്ലേവർ. പാപപാശങ്ങളിൽക്കുടുങ്ങി, മുള്ളുകളുടെയിടയിൽ മുറിവേററുകിടക്കുന്ന അജപോതത്തെ ആലയിലേയ്ക്കു ആനയിക്കുവാൻ സാധിക്കുമ്പോൾ അദ്ദേഹം ആനന്ദാതിരേകത്താൽ പുളകംകൊള്ളുമായിരുന്നു. തന്നെ അനുഗമിക്കുവാൻ

വിസമ്മതിക്കുന്നവരോട് അദ്ദേഹത്തിന് അപാരമായ സഹതാപമാണുണ്ടായിരുന്നത്. അവൎക്ക നേരിടുവാനിരിക്കുന്ന അപകടത്തെക്കുറിച്ചു സൂചനകളും അദ്ദേഹം നല്കാതിരുന്നിട്ടില്ല. സായാഹ്നസഞ്ചാരവേളയിൽ ഒരിക്കൽ, പാപമാൎഗ്ഗത്തിൽ ജീവിച്ചിരുന്ന ഒരു നീഗ്രോയെ മാനസാന്തരപ്പെടുത്തുവാൻ അദ്ദേഹം ശ്രമിച്ചു. ഉപദേശങ്ങളും യാചനകളും എല്ലാം വനരോദനമായിബ്ഭവിക്കുകയാൽ, ഒടുവിൽ, "സൂക്ഷിച്ചുകൊള്ളണം" എന്നു ശാസനാരൂപത്തിൽ പറഞ്ഞിട്ടു ഫാദർ ക്ലേവർ തന്റെ വഴിക്കുപോയി. ഏതാനുംദിവങ്ങൾക്കുള്ളിൽ ആ ദുർഭഗനെ ഒരു മുതല വിഴുങ്ങിക്കളഞ്ഞു.

യൗവനയുക്തനായ ഒരു നീഗ്രോ ഒരു കെട്ടു ചോളം ചുമന്നുകൊണ്ടുപോവുകയായിരുന്നു. വഴിയിൽവച്ചു കണ്ടുമുട്ടിയ ഫാദർ ക്ലേവർ അവനോടു പറഞ്ഞു: "സഹോദരാ, ഇതു തിന്നുവാൻമാത്രംനാൾ നിങ്ങൾ ജീവിക്കുകയില്ല." അരോഗദൃഢഗാത്രനായ അവൻ കുറേദിവസങ്ങൾക്കുള്ളിൽ രോഗബാധിതനായി ശയ്യയെ അഭയം പ്രാപിച്ചു. അവന്റെ സ്നേഹിതന്മാർ, യുവാവും ബലിഷ്ഠശരീരനുമായ അവനു ഭയപ്പെടേണ്ട കാൎയ്യമൊന്നുമില്ലെന്നു പറഞ്ഞ് ആശ്വസിപ്പിച്ചപ്പോൾ അവൻ മറുപടിപറഞ്ഞു: "എനിക്കറിയാം, അച്ചൻ വെറുതേ ഒന്നും പറയുകയില്ലെന്ന്. എനിക്കദ്ദേഹത്തെ ഒന്നു കാണണം." അവർ വിശുദ്ധനെ ആളയച്ചുവരുത്തി. അദ്ദേഹം അവനെ മരണത്തിനൊരുക്കി. മൂന്നോ നാലോ മണിക്കൂർ കഴിഞ്ഞപ്പോൾ അവൻ മരിക്കുകയും ചെയ്തു.

ഒരുദിവസം, പ്രേഷിതയാത്രയും അധ്വാനവുംമൂലം ക്ഷീണിച്ചു ക്ലേവർ ഒരു വൃക്ഷത്തിന്റെ ചുവട്ടിൽ വന്നു. മനുഷ്യവാസമില്ലെന്നു കരുതപ്പെട്ടിരുന്ന ആ സ്ഥലത്തുനിന്നുകൊണ്ട് അദ്ദേഹം പറഞ്ഞു: "ഹേ മനുഷ്യാ, മരണം

ന്നിങ്ങളെ അവിടെവെച്ചു പിടികൂടാതിരിക്കുവാൻ കരുതിക്കൊള്ളുക." ഉടനെ മരത്തിന്റെ മറവിൽനിന്നും വിവർണ്ണവദനനായ ഒരാൾ ഇറങ്ങിവന്നു. താൻ ചെയ്യുവാനൊരുങ്ങിയിരുന്ന ഒരു ഭയങ്കരപാതകത്തെക്കുറിച്ച് അയാൾ വിശുദ്ധനോടു പറയുകയും അവിടെ മുട്ടുകുത്തി അദ്ദേഹത്തിൽനിന്നും പാപമോചനം സ്വീകരിച്ചു മനസ്സമാധാനത്തോടെ സ്വഭവനത്തിലേയ്ക്കു പോവുകയും ചെയ്തു. വിശുദ്ധൻ യാത്ര തുടർന്നു കുറേദൂരം ചെന്നപ്പോൾ കുലീനരായ രണ്ടു സ്പെയിൻകാർ, ഒരു പുരുഷനും ഒരു സ്ത്രീയും, കുതിരസവാരിചെയ്ത് അദ്ദേഹത്തിനഭിമുഖമായി വരുന്നതു കണ്ടു. മുമ്പിൽ യാത്രചെയ്തിരുന്ന പുരുഷനെ സൂക്ഷിച്ചുനോക്കിയിട്ടു ക്ലേവർ പറഞ്ഞു: "പ്രഭോ, ഒരു പിശാചിനേയും കൂട്ടിക്കൊണ്ടാണോ താങ്കൾ പോകുന്നതു്?" അയാൾ ഗൗരവപൂർവ്വം വിശുദ്ധനെ തുറിച്ചുനോക്കി. അദ്ദേഹം തങ്ങളുടെ ഹൃദയരഹസ്യങ്ങൾ ദർശിക്കുന്നുണ്ടെന്നു ഗ്രഹിച്ച് അവരിരുവരും കുതിരപ്പുറത്തുനിന്നിറങ്ങി, തങ്ങളുടെ അസന്മാർഗ്ഗികജീവിതമുപേക്ഷിച്ചു ജീവിതനവീകരണത്തിനുവേണ്ട ഉപദേശങ്ങൾ അദ്ദേഹത്തിൽനിന്നും സ്വീകരിച്ചു.

കാർത്തജീനായിലെ അത്ഭുതമനുഷ്യൻ എന്ന പ്രശസ്തി സമ്പാദിച്ചുകഴിഞ്ഞ ക്ലേവർ, മൃത്യുകവാടത്തിൽനിന്നും സാത്താന്റെ അധീനതയിൽനിന്നും രക്ഷിച്ച ആളുകളുടെ സംഖ്യ കുറച്ചൊന്നുമല്ല. പ്രകൃത്യനുസൃതമായ പ്രതിവിധികൾ ഫലിക്കാത്തിടത്തു് അദ്ദേഹം പ്രകൃത്യതീതശക്തിയിൽ അഭയം തേടിയിരുന്നു. തനിക്കു ലഭിച്ചിട്ടുള്ള വിശിഷ്ടവരങ്ങളുടെ അനുഗ്രഹീതഫലങ്ങൾ അവയർഹിക്കുന്നവർക്കു പ്രദാനം ചെയ്യുവാൻ കഥാപുരുഷൻ സാധിച്ചിരുന്നു. മിക്കപ്പോഴും അദ്ദേഹത്തിന്റെ സാന്നിദ്ധ്യം മാത്രംമതിയായിരുന്നു രോഗികൾക്കാശ്വാ

സം നല്കുവാൻ. വിശുദ്ധൻ സമീപത്തുള്ളപ്പോൾ അവക്ക നുഭവപ്പെട്ടിരുന്ന ആദ്ധ്യാത്മികസംതൃപ്തിയും സമാധാന വും ശാരീരികവേദനകളെ ലഘൂകരിക്കുന്നതിന്ന ശക്തങ്ങ ളായിരുന്നു.

ഒരിക്കൽ ഒരു നീഗ്രോസ്ത്രീ അപായകരമായ രോ ഗംപിടിപെട്ടു മരിക്കാറായി. വിശുദ്ധനെ കൂട്ടികൊണ്ട് ആളുകൾ രോഗിണിയുടെ അടുക്കൽ വന്നപ്പോഴെയ്ക്ക് അവൾ ഉഗ്ധ്വശ്വാസം വലിച്ചുതുടങ്ങിയിരുന്നു. ഫാദർ ക്ലേവർ തന്റെ കൈവശമുണ്ടായിരുന്ന കുരിശുരൂപം അവളുടെ നെഞ്ചിൽവെച്ച് അല്പനേരം പ്രാർത്ഥിച്ചു. രോഗിണി കണ്ണുകൾ തുറന്നു ചുറവും നിന്നവരെ നോ ക്കി. പാവങ്ങളുടെ നിത്യോപകാരിയായ വിശുദ്ധന് അവൾ ഹൃദയംഗമമായ നന്ദിപറഞ്ഞു. നാലഞ്ചുനിമി ഷങ്ങൾക്കുള്ളിൽ അവൾ പൂർണ്ണാരോഗ്യത്തോടെ എഴു ന്നേററു ദൈവത്തെ സ്തുതിച്ചു.

വേറൊരിക്കൽ ഒരു നീഗ്രോ പ്രത്യക്ഷത്തിൽ മരിച്ചു എന്നു തോന്നിക്കത്തക്കനിലയിലായി. ആ അടിമയുടെ ജ്ഞാനസ്നാനം നടത്തുവാൻ ഇതുവരെയും അമാന്തം കാ ണിച്ച ഉടമസ്ഥൻ വ്യസനസമേതം, ഫാദർ ക്ലേവറി നെ വിളിച്ചുകൊണ്ടുവന്നു. അദ്ദേഹംവന്ന്, ജീവന്റെ ലക്ഷണങ്ങൾ യാതൊന്നും കാണിക്കാതെ കിടന്നിരുന്ന ആ നീഗ്രോയുടെ അടുത്തു മുട്ടുകുത്തി അല്പം പ്രാർത്ഥിച്ചി ട്ട് അയാളുടെ പേരു ചൊല്ലി വിളിച്ചു. അടിമ പെട്ടെ ന്നു കണ്ണുകൾ തുറന്നു. "നിനക്കു മാമ്മോദീസാ സ്വീക രിക്കുവാൻ ആഗ്രഹമുണ്ടെങ്കിൽ അതിന് എന്തെങ്കിലും അടയാളം സദയം കാണിക്കുക" എന്ന് ക്ലേവർ ആ വശ്യപ്പെട്ടു. "തീർച്ചയായും," നീഗ്രോ പ്രതിവചിച്ചു, "എന്റെ പൂർണ്ണഹൃദയത്തോടെ ഞാൻ ആഗ്രഹിക്കുന്നു." വിശുദ്ധൻ ഉടൻ വെള്ളം കൊണ്ടുവന്ന് അയാൾക്കു

മാമ്മോദീസാ നല്കി. അയാൾ പൂർണ്ണാരോഗ്യത്തോടേ ചാടി എഴുന്നേററു ദൈവസ്തുതികൾ കീർത്തിച്ചു.

കാർത്തജീനായിലെ മേയറായിരുന്ന വിൻസെൻറ് വില്ലലോബായുടെ ഭവനത്തിൽ വേലക്കാരിയായി വിശേഷസ്തുതാപൂർവ്വം ജോലിചെയ്തിരുന്ന ഒരു നീഗ്രോ സ്ത്രീ മരണമടഞ്ഞു. അവൾ മാമ്മോദീസാ സ്വീകരിക്കുന്നതിന് അത്യധികം അഭിലഷിച്ചിരുന്നെങ്കിലും അതിനുള്ള ഭാഗ്യം സിദ്ധിക്കുന്നതിനുമുമ്പു മരിക്കുകയാണുണ്ടായത്. മൃതശരീരം സംസ്കരിക്കുന്നതിനുള്ള ഒരുക്കങ്ങളെല്ലാം ത്ധടിതി നിർവ്വഹിക്കപ്പെട്ടു. സംസ്കാരയാത്രയിൽ സംബന്ധിക്കുവാനെന്നോണം എവിടെനിന്നോ ഫാദർ ക്ലേവറും വന്നെത്തി. അദ്ദേഹം ശവമഞ്ചത്തെ സമീപിച്ചുകൊണ്ട് അതു വഹിച്ചിരുന്നവരോടു നില്ക്കുവാൻ പറഞ്ഞു. അനന്തരം, വിശുദ്ധൻ മരിച്ചുപോയ അടിമയെ പേരുപറഞ്ഞു വിളിച്ചു. അപ്പോൾ മൃതശരീരത്തിൽ ചില ചലനങ്ങൾ ദൃശ്യമായി. "എൻെറ ഈശോ, എനിക്കു വല്ലാത്ത ക്ഷീണം തോന്നുന്നു" എന്നു വായിൽകൂടി രക്തം വമിച്ചുകൊണ്ട് ആ സ്ത്രീ സുവ്യക്തം പറഞ്ഞു. "എന്താ മകളേ കാരണം?" വിശുദ്ധൻ സകരുണം ചോദിച്ചു. അവൾ പ്രതിവചിച്ചു: "ഞാൻ യാത്ര ചെയ്ത്, അതിമനോഹരമായ ഒരു ഉദ്യാനത്തിൻെറ വാതിൽക്കൽവരെ ചെന്നു. അതിനുള്ളിൽ പ്രവേശിക്കുവാനൊരുങ്ങിയപ്പോൾ കോമളനായ ഒരു കുട്ടിവന്ന് എന്നെ തടഞ്ഞുകൊണ്ടു പറഞ്ഞു "ഇവിടെ പ്രവേശിക്കുവാൻ പാടില്ല" എന്ന്. ബാക്കിയൊന്നും എനിക്കറിഞ്ഞുകൂടാ. ഞാനിപ്പോൾ എവിടെയാണ്?" "മകളേ," ഫാദർ ക്ലേവർ ചോദിച്ചു, "നിനക്കു മാമ്മോദീസാ സ്വീകരിക്കാൻ ആഗ്രഹമുണ്ടോ?" തൻെറ ജീവിതാഭിലാഷമതായിരുന്നുവെന്ന് അവൾ അറിയിച്ചു. വേഗം അദ്ദേഹം അവൾ

കു യഥാവിധി ജ്ഞാനസ്നാനം നല്കി. രക്ഷാകരമായ ഈ കൂദാശ സ്വീകരിച്ചുകഴിഞ്ഞയുടനെ അവരം വീണ്ടും മൃതിയടഞ്ഞു. ജ്ഞാനസ്നാനം കഴിഞ്ഞയുടനെ സ്വർഗ്ഗപ്രവേശം ചെയ്ത ഒരു ധന്യയുടെ പൂജ്യാവശിഷ്ടങ്ങളെയാണു തങ്ങരം അനുഗമിക്കുന്നതെന്നുള്ള വിചാരം സംസ്കാരയാത്രയിൽ പങ്കുകൊണ്ട ജനങ്ങളുടെ ഹൃദയങ്ങളെ ആനന്ദനിമഗ്നങ്ങളാക്കിത്തീർത്തു. ഈ അത്ഭുതസംഭവംമൂലം മേയറിനു ഫാദർ ക്ളേവറിനോടുണ്ടായിരുന്ന ഭക്തിബഹുമാനങ്ങരം ശതഗുണീഭവിച്ചു. അയാരം വിശുദ്ധനെ കാണുന്ന അവസരങ്ങളിലെല്ലാം ആദരപൂർവ്വം അദ്ദേഹത്തിൻെറ കരങ്ങരം ചുംബിച്ചിരുന്നു. പീററർ ക്ളേവറിനെ വിശുദ്ധനെന്നു പേരുവിളിക്കുന്നതിനുള്ള തെളിവുകളെടുത്ത അവസരത്തിൽ, ഈ അത്ഭുതത്തിനു ദൃക്സാക്ഷിയായ മേയർ നേരിട്ടു സഭാധികാരികളുടെ മുമ്പാകെ തെളിവുകരം സമർപ്പിക്കുകയുണ്ടായെന്നുള്ളതു പ്രത്യേകം പ്രസ്താവയോഗ്യമാണ്.

ഒരു കുഷ്ഠരോഗിയ്ക്കു്. അദ്ദേഹം പ്രദാനംചെയ്ത സുഖപ്രാപ്തികൂടെ വിവരിച്ചുകൊണ്ടു് ഈ ഭാഗം അവസാനിപ്പിച്ചുകൊള്ളാം.

എമ്മാനുവൽ ലോപ്പസ് എന്നൊരാളുടെ വേലക്കാരിയായ അൻേറാണീത്താ എന്ന നീഗ്രോസ്ത്രീ, "സെൻറ് ലാസർ" ആശുപത്രിയിൽ കുഷ്ഠരോഗപീഡിതയായി കിടന്നിരുന്നു. രോഗം അതിക്രമിച്ച് മരണാസന്നയായി അവരം മൂന്നുദിവസം കിടന്നു. വിശുദ്ധ ലാസറിൻെറ തിരുനാളിൽ ഫാദർ ക്ലേവർ ആശുപത്രി സന്ദർശിച്ചപ്പോരം രോഗിണിയുടെ അവസ്ഥ കുറേക്കൂടെ മോശമായിത്തീർന്നിരുന്നു. വിശുദ്ധൻ അവളുടെ കട്ടിലിനരികെ വന്നു് ഇപ്രകാരം പറഞ്ഞു, "അൻേറാണീത്താ, ഇന്നു് വിശുദ്ധ ലാസർ ഉയിർത്തദിവസമാണ്.

വിശുദ്ധൻെറ മാദ്ധ്യസ്ഥ്യംവഴി ദൈവം നിനക്കു സുഖം തന്നേക്കാം.” ഇത്രയും പറഞ്ഞിട്ടു ക്ലേവർ സ്ഥലംവിട്ടു. അന്നുതന്നെ രോഗിണി പരിപൂൎണ്ണസുഖം പ്രാപിക്കുകയും ദൈവത്തെ സ്തുതിച്ചുകൊണ്ടു സ്വഭവനത്തിലേയ്ക്കു പോവുകയുംചെയ്തു.

ക്ലേവറിനെ വിശുദ്ധനെന്നു നാമകരണം ചെയ്യുവാൻ ശേഖരിച്ച തെളിവുകളിൽനിന്ന് അദ്ദേഹം ഈദൃശങ്ങളായ ഒട്ടുവളരെ അത്ഭുതങ്ങൾ പ്രവൎത്തിച്ചതായി വിശദമാകുന്നുണ്ട്. കഥാപുരുഷൻ മൂന്നുപേരെ ഉയിൎപ്പിക്കുകയും അനവധി കുരുടന്മാൎക്കു കാഴ്ച നല്കുകയും വൈദ്യന്മാരാൽ ഉപേക്ഷിക്കപ്പെട്ട അനേകരെ സുഖപ്പെടുത്തുകയും ചെയ്തിട്ടുള്ളതായി അനിഷേധ്യമായ രേഖകളാൽ തെളിയിക്കപ്പെട്ടിട്ടുണ്ട്.

# പതിമൂന്നാം അദ്ധ്യായം.

## അവസാനദിവസങ്ങൾ.

ആരോഗ്യത്തെ തീരെ അവഗണിച്ചുകൊണ്ടുള്ള ജീവിതത്തിനു പ്രകൃതിതന്നെ ചില ശിക്ഷകൾ ക്ലേവറിനെ ഏല്പിച്ചുതുടങ്ങി. ആത്മാവിനെതിരായി ശരീരം നടത്തിയ അപജയപൎയ്യവസായിയായ യുദ്ധത്തിൽ ചില താൽകാലികനേട്ടങ്ങൾ ജഡവും നേടാതിരുന്നില്ല. അരോഗദൃഢഗാത്രനായിരുന്ന കഥാപുരുഷൻ, പ്രസ്തുതസമരത്തിൻെറ വിജയചിഹ്നങ്ങൾ സ്വശരീരത്തിൽ വഹിച്ചുകൊണ്ടു രോഗശയ്യയെ അവലംബിച്ചിരിക്കുന്നതായിട്ടാണു നാമിപ്പോൾ കാണുന്നതു്. രോഗവിവശനാ

യ അദ്ദേഹം രോമവസ്ത്രം ധരിച്ചിരിക്കുന്നതു കണ്ടുപിടിച്ച ശുശ്രൂകൻ ഒരിക്കൽ അദ്ദേഹത്തോട്ട ചോദിച്ചു: "അച്ചാ, എത്രനാളാണ് ഈ പാവപ്പെട്ട 'കഴുത'യെ ക്രൂരമർദ്ദനത്തിനു വിധേയമാക്കുവാൻ ഉദ്ദേശിക്കുന്നതു്?" "മരണംവരെ" എന്നായിരുന്നു മറുപടി.

മരണംവരെ! എന്നാൽ, "പാവപ്പെട്ട കഴുത" ഇനിയൊരിക്കലും വേലചെയ്യുകയില്ല എന്നു ശഠിച്ചുതുടങ്ങിയ സമയവും സമാഗതമായി. 1650-ൽ പത്താം ഇന്നൊസൻറ് മാർപ്പാപ്പാ ലോകത്തിനു മുഴുവൻ ജൂബിലി പ്രഖ്യാപനം ചെയ്തു. അതു്, എഴുപതാമത്തേ വയസ്സിലേക്കു കാലുകുത്തിയ ക്ലേവറിൻെറ പ്രേഷിതവൃത്തിയുടെ മുപ്പത്തിയാറാമത്തേ സംവത്സരമായിരുന്നു. തെക്കേ അമേരിക്കയിൽ കൊള്ളനടത്തിയിരുന്ന പ്ലേഗ്ഗു് ഈയവസരത്തിൽ കാർത്തജീനായിലേക്കുകൂടി വ്യാപിച്ചുതുടങ്ങി. സാംക്രമികരോഗം ബാധിച്ച സ്ഥലങ്ങളിൽ ചുററിനടന്നു ജൂബിലിദണ്ഡവിമോചനം സ്വീകരിക്കുവാൻ ജനങ്ങളെ ഒരുക്കുന്നതിൽ വ്യാപൃതനായി ഫാദർ ക്ളേവർ പൂർവ്വോപരി തീക്ഷ്ണതയോടേ പ്രേഷിതവൃത്തി തുടർന്നുകൊണ്ടിരുന്നു. സർവ്വത്ര പ്ലേഗ്ഗുബാധിതരെ മാത്രമേ കാണുവാനുണ്ടായിരുന്നുള്ളൂ. പേമാരിയും അത്യുഗ്രമായ ചൂട്ടും സ്ഥിതിഗതികളെ കൂടുതൽ പരിതാപകരമാക്കി. വഴിപോലുമില്ലാത്ത കുന്നിൻപ്രദേശങ്ങളും മലകളും തരണംചെയ്തുവേണമായിരുന്നു അദ്ദേഹത്തിനു മരണാസന്നരായ രോഗികളെ സമീപിക്കുവാൻ.

ആത്മാക്കളുടെ രക്ഷയ്ക്കുവേണ്ടി അത്യുദാരം സേവനമനുഷ്ഠിച്ചിരുന്ന കഥാപുരുഷൻ അദ്ധ്വാനങ്ങളാലും പ്രായശ്ചിത്തങ്ങളാലും അവശനായിത്തീരുകയാൽ കാർത്തജീനായിലേക്കു തിരികെ വിളിക്കപ്പെട്ടു. സാംക്രമികരോഗബാധിതനായിട്ടാണു് അദ്ദേഹം വന്നെത്തിയതു്.

രണ്ടുപ്രാവശ്യം അദ്ദേഹം മൂർഛിച്ചു വീഴുകയും സുദീർഘസമയം ബോധമില്ലാതെ കിടക്കുകയും ഉണ്ടായി. ഫാദർ ക്ളേവറിന്റെ അന്ത്യം സമീപിച്ചുവെന്ന് എല്ലാവരും നിശ്ചയിച്ചു. ചെറുപ്പക്കാരും ആരോഗ്യവാന്മാരുമായിരുന്ന അദ്ദേഹത്തിന്റെ സഹപ്രവർത്തകന്മാർ പലരും നേരത്തേ മൃതിയടഞ്ഞു. എന്നാൽ, വിശുദ്ധൻ സ്വശരീരത്തിൽ ഏല്പിച്ചിരുന്ന പ്രായശ്ചിത്തങ്ങളെക്കാൾ കഠിനമായ പീഡകൾകൊണ്ട് അദ്ദേഹത്തെ കുറെക്കാലംകൂടെ പരീക്ഷിച്ച്, സഹനത്തിന്റെ വീരാത്മാവായി മുടിധരിപ്പിക്കുവാനത്രേ ദൈവം തിരുമനസ്സായതു്. കർമ്മനിരതമായ സേവനത്തിന്റെ രംഗത്തുനിന്നും പെട്ടെന്നു പിന്മാറി, പൂർണ്ണമായി അന്യരെ ആശ്രയിച്ചു ജീവിക്കുക എന്നതു വളരെ വിഷമമായ കാര്യമാണ്. "ഉദരത്തിൽ ദുസ്സഹവേദന, നിശ്ചേഷ്ടനായി കിടക്കുവാൻ നിർബന്ധിതനാകത്തക്കവണ്ണം അവയവങ്ങൾക്കു സംഭവിച്ച ശക്തിഹീനത, ദന്തപംക്തികൾ സദാ കൂട്ടിയടിച്ചുകൊണ്ടിരിക്കത്തവിധം കൈകാലുകൾക്കു നേരിട്ട വിറയൽ" എന്നിങ്ങനെയാണ് ഒരു ദൃക്സാക്ഷി ക്ളേവറിന്റെ രോഗസ്ഥിതി വർണ്ണിക്കുന്നതു്. അവയവങ്ങൾ ദുർബലങ്ങളായിത്തീർന്നിരിക്കുന്നതിനാൽ കഥാപുരുഷനു് ഇനിയൊരിക്കലും ദിവ്യബലി അർപ്പിക്കുക സാധ്യമല്ല. സേവനത്തിനായി ദാഹിച്ചിരുന്ന അദ്ദേഹം ഒരുവിധത്തിൽ കുമ്പസാരക്കൂട്ടിലേക്കു വലിഞ്ഞിഴഞ്ഞുപോയിരുന്നു. എന്നാൽ, അവിടെ വളരെനേരം ജോലിചെയ്യുകനിമിത്തം കൂടെക്കൂടെ തളർന്നുവീണിരുന്നതിനാൽ വിശുദ്ധനു് ആ സഹനവേദിയോടും യാത്രപറയേണ്ടിവന്നു. ഇനി ശേഷിച്ചിരിക്കുന്നതു പ്രവർത്തനങ്ങൾക്കെല്ലാം ഒരു വിരാമമിട്ട്, ആസന്നമായ അന്ത്യത്തെ പ്രതീക്ഷിച്ചു വെറുതേ കിടക്കുകമാത്രം.

ഫാദർ ക്ളേവറിൻെറ പരിചരണത്തിന ജോവാക്കിം എന്ന പേരുള്ള ഒരടിമയാണ നിയുക്തനായത്. അവൻ അദ്ദേഹത്തെ ഭർത്സനങ്ങൾകൊണ്ടു സമ്മാനിക്കുകയും ഊഹാതീതമായ ക്രൂരത ആ ദീനദയാലുവിൻെറനേക്ക് പ്രദർശിപ്പിക്കുകയും ചെയ്തുവന്നു. ഇപ്രകാരമാണ സ്വന്തം രക്തവും കണ്ണുനീരുംകൊണ്ടു "നീഗ്രോകളുടെ ദാസൻ" എന്ന നാമത്തെ അന്വത്ഥമാക്കിയ വിശുദ്ധൻെറനേക്കുള്ള നിസ്സീമമായ കടപ്പാടിന് ഒരു നീഗ്രോ കാണിച്ച പ്രതിനന്ദി!

പക്ഷെ, ആത്മവിശുദ്ധീകരണാത്ഥമുള്ള സുദീർഘമായ പരിശീലനത്തിന മകുടംചാർത്തുവാൻ, വിശുദ്ധിയുടെ പരമമായ പരീക്ഷണമായി ഇതു ദൈവത്താൽ നിർദ്ദേശിക്കപ്പെട്ടതായിരിക്കാം. സഭാമന്ദിരത്തിലെ പരിശീലനകാലത്ത് അദ്ദേഹവുമായി പരിചയം സമ്പാദിക്കുവാനിടയായ ഒരു സഹോദരവൈദികൻ ക്ളേവറിൻെറ അന്ത്യനാളുകളിൽ അദ്ദേഹത്തെ സന്ദർശിച്ചതിനുശേഷം പറഞ്ഞതിപ്രകാരമാണ്: "ഒരു നവസന്ന്യാസി എന്ന നിലയിൽ പ്രശോഭിതമായിരുന്ന എളിമ മരണംവരെ അദ്ദേഹത്തിൽ കുടികൊണ്ടിരുന്നു."

കഥാനായകനെ അദ്ദേഹത്തിന പ്രിയംകരങ്ങളായിരുന്ന ജോലിസ്ഥലങ്ങളിലേയ്ക്കു ചിലപ്പോഴൊക്കെ അദ്ദേഹത്തിൻെറ നിർബ്ബന്ധംനിമിത്തം അധികാരികൾ അയയ്ക്കാറുണ്ടായിരുന്നു. പാപനിവേദനത്തിനോ ആദ്ധ്യാത്മികോപദേശങ്ങൾ സ്വീകരിക്കുന്നതിനോ ആരെങ്കിലും ആശ്രമത്തിൽ വരുന്നപക്ഷം തന്നെ അറിയിക്കണമെന്ന് അദ്ദേഹം പടികാവൽക്കാരനോടു പ്രത്യേകം ഏർപ്പാടുചെയ്തിരുന്നു. വിശുദ്ധൻ വളരെയധികം അദ്ധ്വാനിച്ചിട്ടുണ്ടെന്നും ഇനി വിശ്രമിക്കയാണ വേണ്ടതെന്നും ആരെങ്കിലും പറഞ്ഞാൽ അദ്ദേഹം പ്രതിവ

ചിക്കും: "സഹോദരാ, ഞാനെന്തുചെയ്തിട്ടുണ്ടു്? വന്നു പോയ നഷ്ടം പരിഹരിക്കുവാൻ ഞാൻ പ്രാപ്തനാകുന്നതിനുവേണ്ടി നിങ്ങൾ പ്രാൎത്ഥിക്കണം."

കഴിഞ്ഞ മപ്പതുകൊല്ലത്തിനുള്ളിൽ കാൎത്ജീനായിൽ ഇറക്കുമതിചെയ്തിട്ടുള്ളവരിൽ ഏററം ഉഗ്രസ്വഭാവരും മക്കടമുഷ്ടിക്കാരുമായ അരാരേ എന്ന വൎഗ്ഗത്തിൽപ്പെട്ട ഒരുക്രട്ടം നീഗ്രോകൾ വന്നുചേൎന്നിട്ടുണ്ടെന്നു ക്ളേവർ എങ്ങനെയോ അറിഞ്ഞു. തന്നെ അവരുടെ ആസ്ഥാനത്തിലേയ്ക്കു നയിക്കുന്നതുവരെ കഥാപുരുഷൻ അധികാരികൾക്കു യാതൊരു സൈ്വരവും നല്കിയില്ല. ക്ളേവറിനെപ്പററി അവർ യാതൊന്നും കേട്ടിരുന്നില്ലെങ്കിലും അദ്ദേഹത്തിൻെറ ആചാരവിശേഷങ്ങളും അപ്രതിഷേദ്ധ്യമായ വശീകരണശക്തിയും അവരിൽ വലിയ പരിവൎത്തനമുളവാക്കി. അദ്ദേഹം അവരെ അരുകിൽ വിളിച്ചു്, മാറോടുചേൎത്താലിംഗനം ചെയ്യുകയും, നന്നാപണിപ്പെട്ടു ശേഖരിച്ചുകൊണ്ടുവന്നിരുന്ന വിശിഷ്ടഭോജ്യങ്ങൾ അവൎക്കു വിതരണം ചെയ്യുകയും ചെയ്തു. അനന്തരം ചില ഉപദേശികളെ വിളിച്ചു് ഇപ്രകാരമുള്ളവരോടു പെരുമാറുന്നതിനു കാൎയ്യക്ഷമമായ ചില നിൎദ്ദേശങ്ങളും നിയമങ്ങളും കൊടുത്തുകഴിഞ്ഞു്, ഒരു സഹോദരവൈദികൻെറ സഹായത്തോടേ, അദ്ദേഹം തൻെറ ചെറുമുറിയിലേ ഏകാന്തതയിലേക്കു മടങ്ങിപ്പോയി.

തൻെറ ആത്മമിത്രങ്ങളായ കുഷ്ഠരോഗികളെ അദ്ദേഹം അവസാനമായി സന്ദൎശിച്ചയവസരത്തിൽ, 'സെൻറ് ലാസറി'ൽനിന്നും വിശുദ്ധനെ സംവഹിച്ചുകൊണ്ടുവരുന്നതിനായി ഒരു കുതിരയെ അയച്ചുകൊടുക്കുകയുണ്ടായി. ഫാദർ ക്ളേവറിനെ പൊക്കിയെടുത്തു് അവർ കുതിരപ്പുറത്തു വെച്ചുകെട്ടി. വിശുദ്ധൻെറ മേലങ്കി

കിടന്നാടിച്ചുണ്ടായ ഒച്ചയും ആളുകളുടെ അട്ടഹാസങ്ങളും നിമിത്തം വളരെ ഭയപ്പെട്ട കുതിര തെരുവിൽക്കൂടി വിരണ്ടോടി. ദൈവാനുഗ്രഹത്താൽ, കുറേദൂരം ചെന്നുകഴിഞ്ഞു് അതു നിലകൊണ്ടു. ജനങ്ങൾ ഓടിക്കൂടി വിശുദ്ധനെ കുതിരപ്പുറത്തുനിന്നും അഴിച്ചു താഴെയിറക്കി. ജനങ്ങളുടെ തിരക്കും ഉൽകണ്ഠയും അദ്ദേഹത്തെ വിസ്മയിപ്പിച്ചു. യാത്രതിരിച്ചപ്പോഴത്തേതുപോലെ അദ്ദേഹം അപ്പോഴും പ്രശാന്തചിത്തനായിരുന്നു. താൻ അകപ്പെട്ടിരുന്ന ആപത്തു യാതൊന്നും ഗ്രഹിക്കാതെ, ദൈവവുമായി ഹൃദയംഗമമായ സംഭാഷണത്തിൽ ലയിച്ചിരുന്ന വിശുദ്ധന്, ജനങ്ങളുടെ ബഹളം നിമിത്തം പ്രാൎത്ഥനയ്ക്കു വിഘ്നം വന്നതിൽമാത്രമേ സങ്കടമുണ്ടായുള്ളു.

രോഗശയ്യയിൽനിന്നും ബാഹ്യലോകത്തിലേക്കുള്ള അവസാനയാത്രയായിരുന്നു ഇതു്. ഇതിനുശേഷം ഏകാന്തതയുടെ നിശ്ശബ്ദതമാത്രം അദ്ദേഹത്തെ വലയംചെയ്തു. പ്ലേഗുമൂലം സംഖ്യയിൽ വളരെ കുറഞ്ഞുവന്ന ഈശോസഭാംഗങ്ങൾ അത്ധ്വാനത്താൽ അവശരായിത്തീൎന്നിരുന്നു. പകൽമുഴവൻ രോഗികളുടെ മദ്ധ്യേ കഴിച്ചുകൂട്ടിയതിനുശേഷം വസതിയിലേക്കു പ്രത്യാഗമിക്കുന്ന അവൎക്കു വിശ്രമം അത്യന്താപേക്ഷിതമായിരുന്നതിനാൽ കിടക്കയെ അഭയംതേടുവാൻ അവർ തത്രപ്പെട്ടിരുന്നു. 'ക്ലേവറിൻെറ കാൎയ്യങ്ങൾ അന്വേഷിക്കുവാൻ ഒരു നീഗ്രോയെ ഏൎപ്പെടുത്തിയിട്ടുണ്ടല്ലോ; അദ്ദേഹത്തിനു വിശേഷം വല്ലതുമുണ്ടെങ്കിൽ ആ നീഗ്രോ പറയാതിരിക്കുകയില്ല; അദ്ദേഹം ഏകാന്തതപോലെ മററു യാതൊന്നും ആഗ്രഹിക്കുന്നില്ല' എന്നിവയായിരുന്നു സഹോദരവൈദികന്മാരുടെ വിചാരഗതി.

പകൽസമയം മുഴവൻ പ്ലേഗുബാധിതരുടെയിടയിൽ ചെലവഴിച്ചതിനുശേഷം ക്ഷീണശരീരനായി കി

ടക്കയെ അഭയംപ്രാപിക്കുന്ന ഒരു പ്രേഷിതൻെറ സ്ഥിതി ഉൽകൃഷ്ടമാണല്ലോ. താൻ ഫാദർ ക്ലേവറിനെ ഒന്നു സന്ദർശിച്ചിട്ട് ആഴ്ചവട്ടങ്ങൾ പലതു കഴിഞ്ഞല്ലോ എന്നു മനഃസാക്ഷി മന്ത്രിക്കും. "ഇപ്പോൾ തന്നെ ഒന്നു പോയാലെന്താ? . . . " ഭംഗിവാക്കുകളുമായി സാത്താൻ വാദം ആരംഭിച്ചുകഴിയും: "ഓ, ഫാദർ ക്ലേവർ ഏകാന്തതയെയാണു് അത്യധികം ആഗ്രഹിക്കുന്നതു്. തൻെറ പ്രാൎത്ഥനകളും പ്രായശ്ചിത്തപ്രവൃത്തികളും അന്യരുടെ ദൃഷ്ടിക്കു വിഷയമാകാതിരിക്കുവാൻ അദ്ദേഹത്തിനുള്ള അഭിലാഷം എത്ര തീവ്രമാണു്? . . . . ഇതൊക്കെ രോഗിയാകുന്നതിനുമുമ്പുണ്ടായിരുന്ന മനഃസ്ഥിതിയാണെന്നു് ഒരു പ്രത്യാഖ്യാനമുണ്ടായേക്കാം . . . . എന്നാൽ, യഥാൎത്ഥത്തിൽ അദ്ദേഹം പരിത്യക്തനാണെങ്കിൽ എന്തു്? പീഡാസഹനംപോലെ അദ്ദേഹം ഇഷ്ടപ്പെടുന്ന കാര്യം മറെറാന്നില്ല. ത്യാഗത്തിനുള്ള ഈ അവസരത്തെ ഞാൻമൂലം നഷ്ടമാക്കുന്നതു് ആക്ഷേപാൎഹമല്ലേ? അല്ലെങ്കിൽ, ഞാൻ പോയില്ലെങ്കിലെന്താണു്? വേറെ എത്രപേർ ഉണ്ടു്. . . . ഇപ്പോൾതന്നെ അവരിൽ ചിലർ അദ്ദേഹത്തെ സന്ദർശിക്കുകയായിരിക്കും. പോരെങ്കിൽ, അതൊക്കെ റെക്ടരുടേയും രോഗശുശ്രൂഷകന്മാരുടേയും ജോലിയാണല്ലോ. സുവിശേഷപ്രോക്തമായ കടമയുപേക്ഷിച്ചു് ആരെങ്കിലും തന്നെ സന്ദർശിക്കുവാൻ ചെല്ലുന്നെങ്കിൽ അദ്ദേഹം എന്തു വിചാരിക്കും? ഓ, ഞാൻ ഇന്നു് എത്രയധികം ക്ഷീണിച്ചിരിക്കുന്നു! . . . . " വാസ്തവത്തിൽ സംഭവിച്ചതു് ഏതാണ്ടിപ്രകാരമാണു്. ഒരുത്തരും രോഗിയായ ക്ലേവറിനെ സന്ദർശിക്കുവാൻ പോയില്ല. ഇങ്ങനെ, വെള്ളക്കാരുടേയും നീഗ്രോകളുടേയും പിതാവു സൎവ്വരാലും പ

രിത്ര്യക്തനും വിസ്മൃതനുമായിത്തീൻ—നാല്പതെടിയ വ
ത്സരങ്ങൾ!

ഇക്കാലമത്രയും ജൊവാക്കീംമാത്രമായിരുന്നു ഫാദർ ക്ലേവറിന്റെ ഏക സഖാവ്. അസംസ്കൃതനും അവലക്ഷണനും വികാരരഹിതനും, അത്ര ദുഷ്ടനല്ലെങ്കിലും രീത്ത്യ വിഡ്ഢിയുമായ ആ മനുഷ്യൻ വിശുദ്ധന്റെ നേർക്കു കൂടുതൽ കൂടുതൽ അവജ്ഞയും ധിക്കാരവുമാണു പ്രദർശിപ്പിച്ചതു്. ജ്ഞാനസ്നാനം ഒരുവനെ അവശ്യം സംസ്കരിക്കുകയില്ലെന്നുള്ളതിന് ഉദാഹരണമാണു് ജൊവാക്കീം. ആ വന്ദ്യവയോധികൻ അധിക്ഷേപങ്ങൾ ലഭിക്കുമ്പോൾപോലും പ്രദർശിപ്പിച്ച അചഞ്ചലമായ ക്ഷമതന്നെ ധിക്കാരിയുടെ നേർക്കുള്ള ദൈവികമായ കുറ്റാരോപണമായിരുന്നു. ഫാദർ മാർട്ടിൻഡയിൽ പറയുന്നു: "താൻമൂലം അപരൻ ക്ഷമ അഭ്യസിക്കുന്നു എന്നുള്ളതിൽക്കൂടുതൽ ഒരുവന് അസഹനീയമായി മറ്റൊന്നില്ല. മൗനം ചിലപ്പോൾ ഏറ്റവും വലിയ അധിക്ഷേപമായിത്തീർന്നേക്കാം. വിശുദ്ധി ഒരുവന്റെ മാനസാന്തരത്തിനുതകാത്തപ്പോൾ അയാളെ തിന്മയിൽ കൂടുതൽ സ്ഥിരീകരിച്ചുവെന്നു വരാനിടയുണ്ട്."

ഒരക്ഷരംപോലും ഉരിയാടാത്തവനും, യാതൊരു പ്രവൃത്തിയും ചെയ്യാൻ കെല്പില്ലാത്തവനുമായ ഒരു വയസ്സന്റെ ശുശ്രൂഷയ്ക്കു താൻ സദാഃനരവും നിയുക്തനായതിൽ ജൊവാക്കീം അമർഷംപൂണ്ടു. അതിന്റെ ഫലം വിശുദ്ധന് ഒരു വേദസാക്ഷിത്വംതന്നെയായിരുന്നു ക്ലേവറിന്റെ പേർക്കു കൊടുത്തയച്ചിരുന്ന ഭക്ഷണത്തിൽ രുചികരമായ പദാർത്ഥങ്ങൾ ജൊവാക്കീം തട്ടിയെടുക്കുകയായിരുന്നു പതിവ്. ഭക്ഷണത്തിന്റെ ആസ്വാദ്യത പ്രധാനമായി ശുചിത്വത്തെയാണല്ലോ ആശ്രയിച്ചിരിക്കു

ന്നതു് കൈകാൎയ്യങ്ങൾ നേരിട്ടിരുന്ന വിറയൽനിമിത്തം, ത
ന്നത്താൻ ഭക്ഷണം കഴിക്കുവാൻ നിവൃത്തിയില്ലാതിരുന്ന
ക്ലേവറിനു നീഗ്രോയുടെ മലിനമായ വിരലുകളിൽക്കൂടി
ആഹാരസാധനങ്ങൾ സ്വീകരിക്കുക എത്ര വൈരസ്യ
ജനകമായിരുന്നുവെന്നതു് ഊഹ്യമാണല്ലോ. ഭക്ഷണത്തി
ന്റെ അവശേഷങ്ങളോടുകൂടി കട്ടിലിന്നരികിൽ ഇരുന്ന
പാത്രങ്ങൾ മുറിനിറയെ ഈച്ചകളേയും കൊതുകുകളേ
യും ആകർഷിച്ചുകൊണ്ടിരുന്നു. ഒരുപ്രാവശ്യംപോലും
നീഗ്രോ പ്രത്യക്ഷനാകാത്ത ദിവസങ്ങളും അപൂൎവ്വമായി
രുന്നില്ല. അപ്രകാരമുള്ള ദിവസങ്ങളിൽ ക്ലേവർ ഭക്ഷ
ണമോ പരിചരണമോ ലഭിക്കാതെ അവിടെ കിടക്കേ
ണ്ടിയിരുന്നു. ദിവ്യപൂജ കാണുവാനുള്ള ആഗ്രഹാധിക്യം
നിമിത്തം അദ്ദേഹം എഴുന്നേററു വസ്ത്രങ്ങൾ ധരിക്കു
വാൻ ശ്രമിക്കുമ്പോൾ മിക്കപ്പോഴും ദയനീയമായി മറി
ഞ്ഞു വീഴുക പതിവായിരുന്നു. ക്ലേവറിന്റെ മുറി സ
ങ്കീൎത്തിയുടെ നേരെ മുകളിലത്തേതായിരുന്നതിനാൽ,
അവിടെ കപ്യാരുടെ ജോലി ചെയ്തുകൊണ്ടിരുന്ന വൈദി
കൻ സ്വരം കേട്ടു്, എന്താണു സംഭവിച്ചതെന്നറിവാൻ
ചിലപ്പോൾ ഓടിയെത്താറുണ്ടു്. വിശുദ്ധൻ എന്തെങ്കി
ലും ഒഴികഴിവുകൾ പറയുകയല്ലാതെ, ജൊവാക്കീമി
ന്റെ അസാന്നിധ്യത്തെക്കുറിച്ചു് ഒരക്ഷരംപോലും ശ
ബ്ദിക്കുകയില്ല. പരിചരണകൃത്യത്തിൽനിന്നു് ജൊവാക്കീ
മിനെ മാററി വേറൊരാളെ നിയമിക്കുന്നതിനെപ്പററി
ആരെങ്കിലും സൂചിപ്പിച്ചാൽ താൻ ആ നീഗ്രോയുമായി
പരിചയപ്പെട്ടു കഴിഞ്ഞിരിക്കയാൽ, അയാളുടെ പരിച
രണം തുടരുവാൻ അനുവദിക്കണമെന്നു് അദ്ദേഹം സ
വിനയം അഭ്യൎത്ഥിക്കുമായിരുന്നു. എന്നാൽ, ആ നീഗ്രോ,
വസ്ത്രധാരണം ചെയ്യുവാൻപോലും ശക്തിയില്ലാത്ത ആ
വൃദ്ധനെ മൃഗീയമായ ക്രൂരതയോടേ അങ്ങോട്ടുമിങ്ങോ

ട്ടും വലിച്ചുലയ്ക്കുകയും തള്ളുകയുമാണു ചെയ്തിരുന്നതു്.

ദിവ്യരക്ഷകൻ കുരിശും വഹിച്ചുകൊണ്ടു ഗാഗുൽത്തായിലേക്കു കഴിച്ച യാത്രയിൽ പടയാളികൾ അവിടുത്തെ പരിഹസിക്കുകയും പീഡിപ്പിക്കുകയും ചെയ്ത രംഗങ്ങൾ തൻെറ വേദസാക്ഷിത്വത്തിൻെറ അവസാനഘട്ടത്തിൽ, അനുസ്മരിക്കുവാൻ അവസരം നല്കിയ ജൊവാക്കീമിനോടു വിശുദ്ധൻെറ കൃതജ്ഞത സീമാതീതമായിരുന്നു. കുരിശിൽ ദുസ്സഹപീഡകളനുഭവിച്ചിരുന്ന രക്ഷകൻ, തന്നെ നോക്കി പരിഹസിച്ച ജനങ്ങൾക്കുവേണ്ടിയാണു് ആത്മബലി സമർപ്പിച്ചതു്. ആകയാൽ, ആ ലോകഗുരുവിൻെറ ശിഷ്യൻ എന്തിനു പരിതപിക്കുന്നു? കാർത്തജീനായിലെ അടിമകൾക്കുവേണ്ടി വിശ്രമലേശമെന്നിയേ അദ്ധ്വാനിച്ച ക്ലേവറിനു് അവരിൽ ഒരുവനിൽനിന്നു നിന്ദനവും അവജ്ഞയും ലഭിക്കുക ന്യായ്യമല്ലേ?... "അവൻ മർദ്ദിതനും പീഡിതനുമായി; എന്നാൽ അവൻ വാതുറക്കുകപോലും ചെയ്തില്ല." . . . അതേ ക്ലേവറും ജൊവാക്കീമും പരസ്പരം അറിഞ്ഞിരുന്നു! ജൊവാക്കീമിനെ പിരിച്ചുവിട്ടിരുന്നുവെങ്കിൽ സ്വർഗ്ഗസമ്മാനത്തിനുള്ള അനവധി രത്നങ്ങൾ അദ്ദേഹത്തിനു നഷ്ടമാകുമായിരുന്നു.

"ദാസരുടെ ദാസൻ" . . പ്രസ്തുത നാമത്തെ അതിൻെറ പൂർണ്ണമായ അർത്ഥത്തിൽ ദൈവവും അംഗീകരിച്ചുവെന്നു തോന്നിപ്പോകുന്നു. തൻെറ പ്രേഷിതവൃത്തിയുടെ സുദീർഘമായ കാലയളവിൽ അദ്ദേഹം അന്യർക്കു ദാസ്യവേല ചെയ്തു. ജന്മനാ അദ്ദേഹം ഒരടിമയായിരുന്നില്ല. ജന്മസിദ്ധമായ ആഭിജാത്യമെല്ലാം വിസ്മരിച്ചു് ഹീനരിൽ ഹീനർക്കു ശുശ്രൂഷചെയ്തു. യാതൊരു പരപ്രേരണയുംകൂടാതെ സ്വന്തം സമയവും അദ്ധ്വാനവും അവരുടെ സേവനത്തിനായി സമർപ്പിച്ചു നല്കുവാൻ

പാടുണ്ടായിരുന്നതെല്ലാം ആ അപരിഷ്കൃതർക്കു ഉദാരമായി കൊടുത്തുകഴിഞ്ഞു. ഇതുവരെ അവർക്കുവേണ്ടി വളരെ സഹിച്ചെങ്കിലും അവരിൽനിന്ന് അധികമൊന്നും സഹിക്കുവാൻ ഇടയായില്ല. ഇതാ, അവസാനകാലത്ത് അതിനുള്ള അവസരവും കരഗതമായിരിക്കുന്നു! ദൈവം അദ്ദേഹത്തിൻെറ പ്രാർത്ഥന ശ്രവിച്ചു. അടിമവ്യാപാരികളുടെ മൃഗീയമായ പെരുമാററങ്ങൾക്ക് സ്വശരീരംകൊണ്ടു പരിഹാരം ചെയ്യുവാൻ ക്ലേവർ ഉദ്യുക്തനായി. ഭക്ഷണസാധനങ്ങളുടെ അവശിഷ്ടങ്ങൾ മുറിയിൽക്കിടന്നു ചീഞ്ഞതുനിമിത്തമുള്ള ദുർഗ്ഗന്ധം, തന്മൂലം വർദ്ധിച്ചുവന്ന കൊതുകുകളുടെ ശല്യം, സർവ്വോപരി, ഏററം നിഷ്ഠുരനായ അടിമവ്യാപാരിയെപ്പോലും അതിശയിക്കത്തക്കവിധം ജൊവാക്കീം പ്രദർശിപ്പിച്ചിരുന്ന ക്രൂരത എന്നിവയെല്ലാം ക്ഷമാപൂർവ്വം സഹിച്ചുകൊണ്ടു വിശുദ്ധൻ ആ പരിഹാരം നിർവഹിച്ചു.

'എത്യോപ്യരുടെ നിത്യദാസൻ'—ദൈവത്തിനു സ്തുതിയായിരിക്കട്ടെ—അടിമകളുടെ മാടമ്പിയായി പ്രഖ്യാപനം ചെയ്യപ്പെട്ടപ്പോൾ സ്വീകരിച്ച പ്രസ്തുത സ്ഥാനമുദ്രയ്ക്കുവേണ്ടി നല്ല വിലതന്നെ അദ്ദേഹം കൊടുക്കേണ്ടിവന്നു. അതേ, അതു ക്ലേശഭൂയിഷ്ഠമായ ഒരു ജീവിതാന്ത്യം തന്നെയായിരുന്നു.

ജൊവാക്കീമിനെ കൂടാതെ ക്ലേവറിൻെറ ഏകാന്തതയെ ഭഞ്ജിച്ചിരുന്ന ഒരു വ്യക്തിയുണ്ടായിരുന്നു. അതു കഥാനായകനെ കാർത്തജീനായിലേക്കയച്ച വന്ദ്യനായ ദ്വാരപാലകൻ, അലോൺസോ റൊഡ്റിഗസ് അല്ലാതെ മററാരുമല്ല. നീണ്ടുനില്ക്കുന്ന വ്യാധികളിൽ രോഗിയെ ആശ്വസിപ്പിച്ച് ഉന്മേഷഭരിതനാക്കുവാൻ വിദൂരസ്ഥരായ സ്നേഹിതരുടെ സന്ദേശങ്ങളും ബാല്യകാലസ്മരണകളുംപോലെ ഫലപ്രദമായി മറെറാന്നില്ല. അ

ങ്ങനെയെങ്കിൽ, ക്ളേവറിനെ കാണ്മവാൻവന്ന ഒരു സ്നേഹിതൻ അദ്ദേഹത്തിൻെറ പൂർവ്വമിത്രമായ അലോൺസോയുടെ ചിത്രവും ജീവചരിത്രവും രോഗശയ്യയിൽ വെച്ചപ്പോഠം അദ്ദേഹം അനുഭവിച്ച ആനന്ദം എത്രയധികമായിരുന്നിരിക്കണം! പാവം ക്ളേവർ! വികാരത്തള്ളൽമൂലം അദ്ദേഹത്തിന് ഒരുവാക്കുപോലും ഉച്ചരിക്കുന്നതിനു സാധിച്ചില്ല. വിശുദ്ധൻ ആ അമൂല്യനിക്ഷേപങ്ങഠം, ഭക്തിപൂർവ്വം തലയിൽ വെയ്ക്കുകയും, സ്നേഹമാധുര്യത്തോടെ ചുംബിക്കുകയും ചെയ്തുകൊണ്ടു ഹർഷാശ്രുക്കഠം പൊഴിച്ചു. വളരെനേരംകഴിഞ്ഞു, സ്നേഹിതൻെറ നേർക്കു തിരിഞ്ഞു് അദ്ദേഹം പറഞ്ഞു: "ഇതുവരെ എൻെറ ജീവനെ സംരക്ഷിച്ചുകൊണ്ടിരുന്ന ദൈവത്തിനു നന്ദി." ഇപ്പോഠംമുതൽ ക്ളേവറിൻെറ നിർമ്മലവും സ്നേഹോജ്ജ്വലവുമായ ഹൃദയത്തിലെ വികാരങ്ങഠംക്ക് ഒരു പുതിയ പ്രവാഹഗതിയുണ്ടായി. യൗവനത്തിലെ സൗഭാഗ്യദിനങ്ങഠം സ്മൃതിപഥത്തിൽ കുതിച്ചു കയറി. വായിച്ചിട്ടും വായിച്ചിട്ടും സ്നേഹിതൻെറ ജീവചരിത്രത്തിൻെറ നവത്വവും ആസ്വാദ്യതയും അദ്ദേഹത്തിനു നഷ്ടപ്പെട്ടില്ല. തന്നിൽനിന്നും പ്രേഷ്ഠമിത്രത്തെ എന്നേയ്ക്കുമായി അകററിയ മരണയവനികയെപ്പോലും മാററിനോക്കി അദ്ദേഹം പൂർവ്വമൈത്രിയുടെ വിശദവിവരങ്ങളും പുളകം കൊള്ളിക്കുന്ന സംഭവങ്ങളും ഹൃദ്യസംഭാഷണങ്ങളും പാരായണംചെയ്തു.

അലോൺസോയുടെ പടം കിടക്കയ്ക്കെതിരായി ഭിത്തിയിന്മേൽ സ്ഥാപിക്കപ്പെട്ടു. അതിൽത്തന്നെ കണ്ണുകഠം ഉറപ്പിച്ചുകൊണ്ടു് അങ്ങനെ കിടക്കുന്നതായിരുന്നു കഥാനായകനു് ഏററം സന്തോഷപ്രദം. മാസങ്ങഠം ഒന്നിനു പുറകേ ഒന്നായി കടന്നുപോയി. പൂർവ്വമിത്രവുമായുള്ള ആദ്ധ്യാത്മികമൈത്രി വർദ്ധിച്ചുവന്നതോടേ,

ജൊവാക്കീമിൻെറ നിന്ദ്യമായ പെരുമാററങ്ങൾപോലും അദ്ദേഹത്തിന് ഇമ്പകരമായി തോന്നിത്തുടങ്ങി.

1654 ആഗസ്റ്റ് 22-ാംതീയതി ക്ളേവറിൻെറ ജീവിതാന്ത്യത്തിലെ ഏററം സുമംഗളദിനമായിരുന്നുവെന്നു പറയാം. അന്നു കാർത്ജീനാ തുറമുഖത്തടുത്ത കപ്പലിൽനിന്നും ഡീഗോ ഫാരിനാ എന്ന പേരോടുകൂടിയ ഒരു ജസ്യൂട്ടുവൈദികൻ കരയ്ക്കിറങ്ങുകയുണ്ടായി. പ്രസ്തുത വൈദികൻ സ്പെയിൻരാജാവായ ഫിലിപ്പു ചതുർത്ഥൻെറ അരമനയിൽ 'പ്രാസംഗികൻ' എന്ന ഉദ്യോഗം വഹിച്ചുകൊണ്ടിരിക്കുമ്പോൾ, ഫാദർ ക്ലേവറിൻെറ വീരോചിതസേവനങ്ങളെപ്പററിയുള്ള കഥകൾ കേൾക്കുവാനിടയായി. ഉന്നതാദർശനും നിർമ്മലചരിതനും തീക്ഷ്ണഹൃദയനും സ്ഥിരോത്സാഹനുമായ ഫാ. ഡീഗോ, അരമനയിലെ ചപലവും ആത്മാർത്ഥതാരഹിതവുമായ ജീവിതമുപേക്ഷിച്ച്, ദീനബന്ധുവായ ക്ലേവറിൻെറ കാലടികളെ അനുഗമിക്കുവാൻ ദൃഢനിശ്ചയംചെയ്തു് ഇറങ്ങിപ്പുറപ്പെട്ടിരിക്കുകയാണ്.

തൻെറ പിൻഗാമി വന്നെത്തിയിരിക്കുന്നുവെന്നു കേട്ടയുടനെ ക്ളെവർ രോഗശയ്യയിൽനിന്നും പണിപ്പെട്ടിറങ്ങി ഒരു തരത്തിൽ സന്ദർശനമുറിയിൽച്ചെന്നു്, മുട്ടിന്മേൽനിന്നുകൊണ്ടു് ഫാദർ ഡീഗോയുടെ പാദങ്ങൾ ചുംബിച്ച് അദ്ദേഹത്തിനു നന്ദിപറയുകയും അദ്ദേഹത്തിൻെറ നിശ്ചയദാർഢ്യത്തിൽ അദ്ദേഹത്തെ അഭിനന്ദിക്കുകയുംചെയ്തു. ഫാ ഡീഗോ ഈ കാഴ്ച കണ്ടു് അത്ഭുതപരതന്ത്രനായിത്തീർന്നു. എന്നാൽ, തൻെറ മുമ്പിൽ ഒരു നിഴൽപോലെ പ്രത്യക്ഷനായിരിക്കുന്ന ആൾ ക്ലേവറാണെന്ന് അറിഞ്ഞയുടനെ, അദ്ദേഹം കൂപ്പുകൈയോടേ ആ വന്ദ്യൻെറ മുമ്പിൽ മുട്ടുകുത്തി തൻെറ മുൻഗാമിയുടെ ചൈതന്യം തനിക്കും ലഭിക്കുന്നതിനു ദൈവ

ത്തിന്റെ വരവും, ക്ളേവറിന്റെ ആശിസ്സും അഭ്യർത്ഥി
ച്ചു. സ്ഥലത്തെ പ്രമുഖോദ്യോഗസ്ഥന്മാരിൽ പലരും ഈ
സന്ദർശനവേളയിൽ സന്നിഹിതരായിരുന്നു. പ്രസ്തുത
കാഴ്ചയാൽ അവരുടെ ഹൃദയങ്ങൾ വികാരതരളിതമാ
വുകയും നയനങ്ങളിൽനിന്ന് അശ്രുകണങ്ങൾ പൊഴി
യുകയുംചെയ്തു.

പരസഹായത്തോടേ സ്വന്തം മുറിയിലേക്ക തിരി
കെപ്പോയി ക്ലേവർ ഹൃദയംഗമമായി ഇങ്ങനെ പ്രാർത്ഥി
ച്ചു: "കർത്താവേ ഇനി നിന്റെ ദാസനെ സമാധാന
ത്തിൽ വിട്ടയക്കുക." ദൈവം അദ്ദേഹത്തിന്റെ പ്രാർത്ഥ
ന സ്വീകരിച്ചു അതു് അദ്ദേഹം ഈശോസഭയിൽ
ചേർന്നതിന്റെ അൻപത്തഞ്ചാംവർഷം ആയിരുന്നു.
വയസ്സ് എഴുപത്തിമൂന്നോളമായിരിക്കുന്നു. തന്റെ അ
ന്ത്യം സമീപിച്ചിരിക്കുന്നുവെന്നും താൻ അത്യധികം അ
ഭിലഷിച്ചിരുന്നതുപോലെ, പരിശുദ്ധ കന്യകയുടെ പിറ
വിത്തിരുനാളിൽ മരണമടയുവാനുള്ള ഭാഗ്യം തനിക്കു
സിദ്ധിക്കുമെന്നും അദ്ദേഹം പലരോടും പറഞ്ഞു.

ആയിടെ, ഈശോസഭാമന്ദിരത്തിന്റെ ഒരു ഭാഗം,
ക്ളേവർ വസിച്ചിരുന്ന മുറിയുൾപ്പെടെ, ഇടിച്ചു നി
രത്തിക്കളയുവാൻ ഗവൺമെൻറധികൃതന്മാർ ഉത്തരവു
പുറപ്പെടുവിക്കുകയുണ്ടായി. അത്യാസന്നമരണനല്ലായിരു
ന്നെങ്കിൽ ഈ സംഭവത്തെ പരിത്യാഗത്തിനുള്ള ഒരു സു
വർണ്ണാവസരമായി അദ്ദേഹം സകൗതുകം സ്വീകരിക്കു
മായിരുന്നു. എന്നാൽ, ഈലോകത്തിൽ തന്റെ ജോലി
അവസാനിച്ചിരിക്കുന്നുവെന്നും ഈ പുതിയ സഹന
ത്തിൽനിന്നു തന്നെ ദൈവം ഒഴിവാക്കുമെന്നും വിശു
ദ്ധൻ അറിഞ്ഞിരുന്നു. ആകയാൽ, ശനിയാഴ്ച രാവിലേ
ആരോ വന്ന്, അടുത്ത തിങ്കളാഴ്ച അദ്ദേഹത്തിന്റെ
മുറിയുംമററും നിലനിരപ്പാക്കപ്പെടുമെന്ന് അറിയിച്ച

പ്പോൾ പ്രശാന്തചിത്തനായി അദ്ദേഹം മറുപടി പറഞ്ഞു: "ആ ദുഃഖത്തിൽനിന്ന് ദൈവം എന്നെ വിമുക്തനാക്കും. ദീർഘകാലം വസിക്കുവാൻ ഭാഗ്യംസിദ്ധിച്ച ഈ മുറിയിൽത്തന്നെ കിടന്നു മരിക്കുവാൻ അവിടുന്ന് എന്നെ അനുവദിക്കും."

ഞായറാഴ്ച ദിവ്യപൂജയുടെ സമയത്തു വിശുദ്ധനെ രണ്ടു നീഗ്രോകൾ താങ്ങിപ്പിടിച്ചുകൊണ്ടിരുന്നു. മുട്ടിന്മേൽ നിന്നുകൊണ്ട്, അവാച്യമായ ഭക്തിചൈതന്യത്തോടെ അദ്ദേഹം ആത്മനാഥനെ സ്വഹൃദയത്തിൽ അവസാനമായി സ്വീകരിച്ചു; ഹൃദയംഗമമായ പ്രാൎത്ഥനയിൽ ലയിച്ചു വളരെനേരം അദ്ദേഹം അവിടെത്തന്നെ നിലകൊള്ളുകയുംചെയ്തു. ആ ദിവസം മുഴുവൻ ദൈവവുമായുള്ള നമ്മാലാപത്തിൽ അദ്ദേഹം കഴിച്ചുകൂട്ടി.

തിങ്കളാഴ്ച പ്രഭാതമായി. കെട്ടിടം ഇടിച്ചു നിരത്തുവാൻ നിയുക്തരായ ജോലിക്കാരുടെ ചുററികയുടെ ശബ്ദം അവിടെയെല്ലാം മുഴങ്ങി. ഭിത്തികൾ ചടപടാരവത്തോടെ നിലംപതിച്ചു തുടങ്ങി. ക്ളേവർ മന്ദസ്മിതം തൂകുകമാത്രം ചെയ്തു. തന്റെ അമൎത്ത്യമായ ആത്മാവിനെ സംരക്ഷിച്ചിരുന്ന ശരീരഭിത്തികൾ തകരുന്നതിനു മുമ്പ്, ഇത്രയുംനാൾ തനിക്കഭയം നല്കിയിരുന്ന മുറിയുടെ ഭിത്തികൾ വീഴുകയില്ലെന്ന് അദ്ദേഹത്തിനറിയാമായിരുന്നു.

അന്നു വൈകുന്നേരമായപ്പോൾ അതികഠിനമായ ഒരു ജ്വരം അദ്ദേഹത്തെ ബാധിച്ചു. പെട്ടെന്ന്, "ഫാദർ പീററർ ക്ലേവർ മരണാസന്നനായിരിക്കുന്നു" എന്ന വാൎത്ത കാൎത്തജീനായിലെങ്ങും കാട്ടുതീപോലെ വ്യാപിച്ചു. വിശുദ്ധന്റെ സുദീർഘവും സ്വാൎത്ഥരഹിതവുമായ അലൗകികസേവനത്തിന്റെ സ്മരണ ആബാലവൃദ്ധം ജങ്ങളെ കദനജലത്തിൽ നിമഗ്നരാക്കി. പ്രഭുക്കന്മാർ, ഉ

ദ്യോഗസ്ഥന്മാർ, വൈദികന്മാർ, സാധാരണജനങ്ങൾ ആദിയായി ഒരു വമ്പിച്ച ജനക്കൂട്ടം, ഇരച്ചുകയറുന്ന തിരമാലപോലെ ക്ളേവറിൻെറ വസതിയെ വലയംചെയ്തു. ആശ്രമാധികാരികൾ പടിവാതിൽ അടച്ചുപൂട്ടിയിരുന്നു. എന്നാൽ, തിങ്ങിക്കൂടിയ ജനക്കൂട്ടം അതു തള്ളിത്തുറന്ന് അകത്തുകയറി.

ഇതാ വേറൊരു ജനപ്രവാഹമുണ്ടാകുന്നു. തങ്ങളുടെ അനിഷേധ്യനേതാവു്, തങ്ങളിൽനിന്നും എന്നേക്കുമായി വേർപിരിവാൻപോകുന്നുവെന്നറിഞ്ഞ നീഗ്രോകൾ,അവിടെ സന്നിഹിതരായിരുന്ന ഉദ്യോഗസ്ഥന്മാരേയും സ്വന്തം യജമാനന്മാരേയും പോലും വകവെക്കാതെ, ആ മുറിയിലേക്കു തിക്കിക്കയറി. തങ്ങൾക്കുവേണ്ടി ജീവിതം ബലികഴിച്ച ആ മനുഷ്യസ്നേഹിയുടെ പാദങ്ങളിൽ അവർ പ്രണമിക്കുകയും അവയെ ഭക്ത്യാദരസമന്വിതം ചുംബിക്കുകയും ചെയ്തു. ജൊവാക്കീമും ഈയവസരത്തിൽ മുട്ടുകൾ മടക്കിയെന്നു കരുതാം.

അടുത്തതായി വന്നതു് കുട്ടികളുടെ ഒരു സൈന്യമാണു്. "ഞങ്ങൾക്കു വിശുദ്ധ പീററർ ക്ലേവറിനെ കാണണം" എന്നു വിളിച്ചുപറഞ്ഞുകൊണ്ടു് അവർ തെരുവീഥികളിൽ അണിനിരക്കുകയും, ഘോഷയാത്രയായി ആശ്രമത്തിലേക്കു പുറപ്പെടുകയും ചെയ്തു. അവർക്കും സന്ദർശനം നിഷേധിക്കുക അസാദ്ധ്യമായിരുന്നു. രാത്രിയായിട്ടുപോലും അവരെ പിരിച്ചുവിടുവാൻ ആശ്രമാധികാരികൾ വളരെയധികം ബുദ്ധിമുട്ടേണ്ടിവന്നു. ഇതിനിടയിൽ, ക്ലേവറിൻെറ കിടക്കയ്ക്കുചുററും ഒരു വലിയ യുദ്ധംതന്നെ നടന്നുകൊണ്ടിരുന്നു. അല്പം തിരുശ്ശേഷിപ്പു കൈക്കലാക്കുവാനുള്ള ശ്രമമായിരുന്നു അതു്. വിശുദ്ധൻെറ മുറിയിൽ ഗണ്യമായി ഒന്നും ഉണ്ടായിരുന്നില്ല; കൈയിൽ കിട്ടിയതു് ഓരോരുത്തർ അവകാശപ്പെട്ടു

ത്തി. ഒരു നിമിഷത്തിന്നുള്ളിൽ മുറിമുഴുവൻ ശൂന്യമായി ത്തീൎന്നു. അദ്ദേഹത്തിൻെറ ശരീരം മൂടുന്നതിന്നു് ഒരു പുതപ്പും, ബ്രദർ അലോൺസോയുടെ പടവും മാത്രമേ മുറിയിൽ ശേഷിച്ചുള്ളു. ക്ളേവറിന്നു് ഏററം പ്രിയംകരമായ പ്രസ്തുത ചിത്രം സംരക്ഷിക്കുവാൻ ഒരു വൈദികൻ ബലപ്രയോഗം ചെയ്യേണ്ടതായിവന്നു.

വാസ്തവത്തിൽ ആ പടത്തെക്കുറിച്ചല്ലാതെ മററു യാതൊന്നിനെക്കുറിച്ചും ക്ളേവറിനു പ്രജ്ഞയുണ്ടായിരുന്നില്ലെന്നാണു തോന്നുന്നതു്. മുറിയിൽ കയറിയിറങ്ങിപ്പോകുന്ന ആളുകളെ ഒരു നിഴൽപോലെ മാത്രം അദ്ദേഹം കണ്ടിരുന്നു. തിങ്കളാഴ്ച വൈകുന്നേരമായപ്പോൾ കഥാപുരുഷനു സംസാരശക്തി നഷ്ടപ്പെട്ടു. ഈ സ്ഥിതിയിലത്രേ അദ്ദേഹം അന്ത്യകൂദാശകൾ സ്വീകരിച്ചതു്. എന്നാൽ, അദ്ദേഹത്തിൻെറ മുഖത്തു കളിയാടിയിരുന്ന പ്രസന്നതയും പ്രശാന്തതയും കാണുവാനിടയായവർ വിശുദ്ധൻ സമാധിയിൽ ലയിച്ചു ദൈവദർശനം ആസ്വാദിക്കുകയാണെന്നു് ഊഹിച്ചു.

കാൎത്തജീനായിലെ പ്രഭുക്കന്മാർ ആ രാത്രിയിൽ, "ദാസരിൽ ദാസനു്" അകമ്പടിസേവിച്ചു. രണ്ടു ചിത്രകാരന്മാർ വിശുദ്ധൻെറ ചിത്രം ആലേഖനം ചെയ്യുന്നതിൽ വ്യാപൃതരായിരുന്നു. മരണം ചൊവ്വാഴ്ച രാവിലെ ഒരു മണിക്കും രണ്ടുമണിക്കും മദ്ധ്യേയാണു സംഭവിച്ചതു്. അന്നു്–സെപ്റ്റംബർ എട്ടാം തീയതി–അമലമനോഹരിയായ പരിശുദ്ധകന്യകയുടെ ജന്മദിനമായിരുന്നു. "ദാസരിൽ ദാസനായ" പീററർ ക്ളേവറിൻെറ ജന്മദിനവും അന്നുതന്നെ. നിൎമ്മലകന്യകയുടെ ജനനത്തിൻെറ സ്മരണയെ കീൎത്തിക്കുന്നതിനായി, അഥവാ, ഒരു നിൎമ്മലാത്മാവിൻെറ സ്വൎഗ്ഗപ്രവേശനത്തെ പ്രഘോഷിക്കുന്നതിനായി, അരണ്യങ്ങളും വിജനപ്രദേശങ്ങളും സന്തുഷ്ടി

യുടെ തികവിൽ കുതിച്ചുചാടി. മരുഭൂമി ആനന്ദിച്ചു കുസുമസഞ്ചയങ്ങൾ പുറപ്പെടുവിച്ചു. ഭിത്തിയിലെ ചിത്രത്തിനു ജീവനുള്ളതുപോലെ വിശുദ്ധനു തോന്നി. തനിക്കു കാത്ത്ജീനായിലേക്കു മാൎഗ്ഗനിർദ്ദേശം ചെയ്തു വന്ദ്യനായ ദ്വാരപാലകനെ ആലിംഗനം ചെയ്യുന്നതിനായി ഫാദർ പീററർ ക്ലേവർ കൈകളുയൎത്തി. തന്നെ സ്നേഹിക്കുന്നവൎക്കായി ദൈവം ഒരുക്കിയിരിക്കുന്ന നിത്യഭാഗ്യത്തെ സ്വീകരിക്കുന്നതിനായി അദ്ദേഹത്തിൻെറ പാവനാത്മാവു പറന്നുപോയി.

## പതിന്നാലാം അധ്യായം.

### മഹത്വപ്രാപ്തി.

ഫാദർ ക്ലേവർ മരണംപ്രാപിച്ചുവെന്ന വാൎത്ത കാൎത്തജീനായിലെങ്ങും അതിശീഘ്രം വ്യാപിച്ചു. വിശുദ്ധൻെറ പൂജ്യാവശിഷ്ടങ്ങളെ ബഹുമാനിക്കുന്നതിന് അവിടേയും സമീപപ്രദേശങ്ങളിലുമുള്ള ജനങ്ങൾ ഏവരും അഹമഹമികയാ ഓടിക്കൂടി. ഓരോ സന്യാസസമൂഹവും ശവസംസ്കാരം മോടിപിടിപ്പിക്കുന്നതിനു തങ്ങളുടെ കഴിവുപോലെ പരിശ്രമിച്ചു. അഗസ്റ്റീനിയൻസഭക്കാർ ക്ലേവറിൻെറ ദേഹവിയോഗം അറിഞ്ഞയുടനെ തങ്ങളുടെവക എല്ലാ ദൈവാലയങ്ങളിലും ദുഃഖസൂചകമായ മണിയടിക്കുകയും, സഭാശ്രേഷ്ഠൻെറ നേതൃത്വത്തിൽ പ്രദക്ഷിണമായി പരേതൻെറ മുറിയിലേക്കുവരുകയും ചെയ്തു. അവർ മുറിയിൽ പ്രാൎത്ഥനകൾ നടത്തിയതിനുശേഷം ആശ്രമക്കപ്പേളയിൽ, അദ്ദേഹത്തിനുവേണ്ടി ദിവ്യബലി അൎപ്പിച്ചു.

ഇതിനകം ഒരു വമ്പിച്ച ജനക്കൂട്ടം ക്ലേവറിൻെറ മുറിയിലും പരിസരങ്ങളിലും തടിച്ചുകൂടി. വിശുദ്ധനെ സംസ്കരിക്കുന്നതിന്ന പ്രേതമഞ്ചം പ്രദാനംചെയ്യുന്നതിനുള്ള അവകാശത്തെപ്പററി ഒരു വാദകോലാഹലം അവിടെ നടക്കുകയുണ്ടായി. ഓരോരുത്തരും വിശുദ്ധനിൽനിന്നു തങ്ങൾക്കു കിട്ടിയിട്ടുള്ള വിശേഷാനുഗ്രഹങ്ങളും അദ്ദേഹത്തോടുണ്ടായിരുന്ന പ്രത്യേകബന്ധങ്ങളും വിവരിച്ചു ശക്തിയുക്തം വാദിച്ചു. ഒടുവിൽ കഥാപുരുഷൻെറ പ്രേഷിതവൃത്തിയിൽ സഹകരിച്ചിരുന്നവളും വിശുദ്ധനിൽനിന്ന് അനേകം ദിവ്യാനുഗ്രഹങ്ങൾ സ്വീകരിക്കുവാൻ ഭാഗ്യം സിദ്ധിച്ചവളുമായ ഇസബല്ല ഉർബീനാ എന്ന മഹതിയ്ക്കു പ്രസ്തുത ബഹുമതി സിദ്ധിച്ചു.

സ്ഥലത്തെ ഗവർണ്ണർ, മജിസ്ത്രേട്ടന്മാർ മുതലായവർ തങ്ങളുടെ ഭക്തിബഹുമാനങ്ങൾ പ്രകടിപ്പിക്കുന്നതിന് അനവധി സമ്മാനങ്ങൾ കൊടുത്തയക്കുകയുണ്ടായി. ഗവർണ്ണർ കീഴുദ്യോഗസ്ഥന്മാരെ വിളിച്ചുകൂട്ടി, വിശുദ്ധന് അത്യാഡംബരസമന്വിതമായ സംസ്കാരം നല്കുന്നതിനുവേണ്ട ഏർപ്പാടുകൾ ചെയ്തു. ചരിത്രപുരുഷൻെറ ജീവിതചര്യകളേയും അത്ഭുതങ്ങളേയും ശേഖരിച്ചു പ്രസിദ്ധീകരിക്കുന്നതിന് അദ്ദേഹം ഒരു കമ്മററിയെ രൂപവൽകരിക്കുകയുമുണ്ടായി.

സംസ്കാരചടങ്ങുകൾ ആരംഭിക്കുന്നതിനുള്ള സമയമായപ്പോഴേയ്ക്കു് ആളുകളുടെ തിക്കും തിരക്കും വർദ്ധമാനമായിത്തീർന്നതിനാൽ, ആശ്രമത്തിൻെറ പിൻഭാഗത്തുണ്ടായിരുന്ന വാതിലിൽക്കൂടിമാത്രമേ മൃതശരീരം പള്ളിയിലേക്കു കൊണ്ടുപോകുവാൻ സാധിച്ചുള്ളു. ആളുകൾക്കു ഭക്തിബഹുമാനങ്ങൾ സമർപ്പിക്കുന്നതിന്നു സൗകര്യമുണ്ടാകത്തക്കവണ്ണം, മൃതശരീരം കമനീയമായി അലംകരിച്ചു തയ്യാർചെയ്തിരുന്ന പ്രേതമഞ്ചത്തിൽ സ്ഥാപി

തമായി. അന്നരാത്രി ഗവണ്മെൻറുദ്യോഗസ്ഥന്മാർ മൃതശരീരത്തിന്ന കാവൽനിന്ന.

പിറേറദ്ദിവസം പ്രഭാതമായപ്പോഠം കാത്ജീന അഭ്രതപൂർവ്വമായ ഒരു മഹോത്സവം തന്നെ ദശിച്ചു. അധഃസ്ഥിതക്കുവേണ്ടി ജീവനെ സമപ്പിച്ച ആ ദീനദയാലുവിനെ വണങ്ങുന്നതിനായി, ജനസഞ്ചയം നിശ്ശബ്ദമായി, ഇടമുറിയാതെ ഈശോസഭാമന്ദിരത്തിലേക്ക പ്രയാണംചെയ്തുകൊണ്ടിരുന്നു. വൃദ്ധരും കുട്ടികളും രോഗികളും അടിമകളും ഉടമസ്ഥന്മാരും, എന്നുവേണ്ടാ, കാത്ജീനായിൽ ഒരു കുഞ്ഞുപോലും ശേഷിക്കാതെ, എല്ലാവരും, വിശുദ്ധൻെറനേക്കു ഭക്തി പ്രദർശിപ്പിക്കുന്നതിന്നും അദ്ദേഹത്തിൻെറ മാദ്ധ്യസ്ഥ്യം യാചിക്കുന്നതിന്നമായി വന്നുകൊണ്ടിരുന്നു. തങ്ങളുടെ ഉപകാരിയും സംരക്ഷകനുമായ ക്ലേവറിൻെറനേക്കു നീഗ്രോകഠം പ്രദശിപ്പിച്ച സ്നേഹാദരങ്ങഠം ഹൃദയാവർജ്ജകമായിരുന്നു. വിശുദ്ധൻെറ വേർപാടിൽ തങ്ങഠംക്കു നേരിട്ട നഷ്ടം, ദീനരോദനങ്ങളാൽ അവർ വ്യക്തമാക്കി. കൂട്ടംകൂട്ടമായിവന്ന് അവർ വിശുദ്ധൻെറ പാദങ്ങഠം ചുംബിച്ചു സംതൃപ്തി നേടി.

ഈയവസരത്തിൽ നടന്ന ഒരത്ഭുതസംഭവം പ്രസ്താവാർഹമാണ്. ഇസബെല്ല ബത്താംക്രൂർ എന്ന സ്ത്രീ, കണ്ണിൽ വ്യാധിമൂലം കാഴ്ച തീരെ നഷ്ടപ്പെട്ട് അതിദുസ്സഹപീഡയനുഭവിച്ചിരുന്നു. വിശുദ്ധൻെറ ശരീരം പരസ്യബഹുമാനത്തിന്ന വച്ചിരിക്കുന്നുവെന്നു കേട്ട്, പരസഹായത്തോടുകൂടി അവഠം ദൈവാലയത്തിൽ വന്ന് പ്രേതമഞ്ചത്തിന്ന സമീപം മുട്ടുകുത്തി വിശ്വാസത്തോടെ പ്രാത്ഥിച്ചുകൊണ്ട്, വിശുദ്ധൻെറ കരം ചുംബിച്ച ക്ഷണത്തിൽ പൂണ്ണസുഖം പ്രാപിച്ചു.

കൃത്യം എട്ടുമണിക്കു പരേതനുവേണ്ടി ആഘോഷപൂ

ർവ്വമായ പാട്ടുകുർബാന ആരംഭിച്ചു. അനന്തരം ലാമേർസി എന്ന ആശ്രമത്തിലെ ഒരു വൈദികൻ, ചരമപ്രസംഗം നടത്തി. "എന്നിൽ, വിശ്വസിക്കുന്നവൻ മരിച്ചാലും ജീവിക്കും" എന്നുള്ള ദിവ്യരക്ഷകന്റെ വാക്കുകൾ ഉദ്ധരിച്ചുകൊണ്ടു ക്ളേവറിന്റെ ജീവിതവിശുദ്ധിയേയും വ്യക്തിമാത്മ്യത്തേയുംകുറിച്ച്, സവിസ്തരം അദ്ദേഹം പ്രതിപാദിച്ചു. പ്രസംഗം കഴിഞ്ഞു്, സ്ഥാനവസ്ത്രങ്ങളണിഞ്ഞു് അണിനിരന്നിരുന്ന വൈദികരുടേയും ഉദ്യോഗസ്ഥന്മാരുടേയും അകമ്പടിയോടുക്കൂടി, സംസ്കാരയാത്ര ആരംഭിച്ചു. ഗവർണ്ണരുടെ സാന്നിധ്യമോ പട്ടാളക്കാരുടെ ഭീഷണിയോ വകവയ്ക്കാതെ, ആളുകൾ വിശുദ്ധനെ ധരിപ്പിച്ചിരുന്ന ആൽബാ, കർബാനക്കുപ്പായം മുതലായവ വലിച്ചുകീറിയെടുത്തുതുടങ്ങി. യാതൊരുനിയന്ത്രണവും സാധ്യമല്ലാതായിത്തീർന്നു. ഒടുവിൽ, വിശുദ്ധന്റെ ശരീരത്തെ സ്പർശിച്ച ചില വസ്തുക്കൾ– വിശുദ്ധന്റെ തലയിണ മുതലായവ–വേറൊരു സ്ഥലത്തുകൊണ്ടുപോയി വിതരണംചെയ്തു്, ജനങ്ങളുടെ ശ്രദ്ധ അങ്ങോട്ടാകർഷിക്കുകയും ഈ തക്കംനോക്കി, ക്ളേവറിന്റെ പൂജ്യാവശിഷ്ടങ്ങൾ അതിശീഘ്രം കൊണ്ടുവന്നു ക്രിസ്തുരാജന്റെ അൾത്താരയുടെ ഭിത്തിയിൽ വെട്ടിയുണ്ടാക്കിയ കല്ലറയിൽ സംസ്കരിക്കുകയും ചെയ്തു.

വിശുദ്ധന്റെ കവറിടത്തിങ്കലേക്ക് ആളുകൾ തുടർച്ചയായി വന്നുകൊണ്ടിരുന്നു. ദിനംപ്രതി അവിടെ അനവധി അത്ഭുതങ്ങൾ അദ്ദേഹത്തിന്റെ മാദ്ധ്യസ്ഥ്യംമൂലം സംഭവിക്കുകയുണ്ടായി. ജീവിതത്തിലെന്നതുപോലെ മരണശേഷവും വി. പീററർ ക്ലേവർ ധാരാളമായി അത്ഭുതങ്ങൾ പ്രവർത്തിച്ചുകൊണ്ടിരുന്നു. രോഗശമനങ്ങൾമാത്രമല്ല, നിരവധി മാനസാന്തരങ്ങളും വിശുദ്ധന്റെ മാധ്യസ്ഥ്യംവഴി നടന്നിട്ടുണ്ട്. കാർത്തജീനായിൽ ആദ്ധ്യാ

ACHARYA PALAKKAL JEEVASS KENDRAM LIBRARY 16001

ത്മികമായ ഒരു നവീകരണംതന്നെ സാധിതമായി.

അത്ഭുതങ്ങളുടെ ബാഹുല്യംനിമിത്തം, ക്ലേവറിനെ വിശുദ്ധനെന്നു നാമകരണംചെയ്യുന്നതിനുള്ള അപേക്ഷകൾ പരിശുദ്ധസിംഹാസനത്തിൽ തുടരെ ലഭിച്ചുകൊണ്ടിരുന്നു. 1657-ൽ ചരിത്രപുരുഷൻെറ സുകൃതങ്ങളേയും അത്ഭുതങ്ങളേയുംകുറിച്ച് ഔദ്യോഗികപരിശോധനകൾ ആരംഭിച്ചു. റിപ്പോർട്ടുകളുടെ ഫലം അത്യന്തം തൃപ്തികരമായിരുന്നതിനാൽ 1850 ജൂലായി 16-ാം തീയതി ഒൻപതാം പീയൂസ് മാർപ്പാപ്പാ ക്ളേവറിനെ ഔദ്യോഗികമായി വാഴ്ത്തപ്പെട്ടവരുടെ ഗണത്തിൽ ചേൎത്തു. തത്സംബന്ധമായ ചടങ്ങുകൾ തിരുമനസ്സുകൊണ്ടുതന്നെ പിറേറക്കൊല്ലം സെപ്ററംബർ 21-ാം തിയതി വത്തിക്കാനിൽവച്ച് അത്യാഡംബരപൂൎവ്വം നിൎവ്വഹിച്ചു.

1888-ാമാണ്ടു ജനവരി 16-ാം തീയതി പതിമൂന്നാം ലെയോ മാർപ്പാപ്പാ വാ. പീററർ ക്ലേവറിനെ, അദ്ദേഹത്തിൻെറ പൂൎവ്വമിത്രമായിരുന്ന അലോൺസോ റോഡ്റിഗസിനോടൊന്നിച്ചു വിശുദ്ധരുടെ പട്ടികയിൽ ചേൎത്തു. വി. ക്ളേവറിൻെറ തിരുനാൾ സെപ്ററംബർ 9-ാം തീയതി തിരുസ്സഭയിൽ ആഘോഷിക്കപ്പെടുന്നു. 1876 ജൂലായി 7-ാം തീയതി വിശുദ്ധൻ നീഗ്രോകൾക്കായുള്ള പ്രേഷിതരംഗങ്ങളുടെയെല്ലാം പ്രത്യേക മദ്ധ്യസ്ഥനായി പ്രഖ്യാപനം ചെയ്യപ്പെട്ടു.

ക്ഷണഭംഗുരങ്ങളായ ഭൗതികോൽകർഷങ്ങളും ജഡികസൗഭാഗ്യങ്ങളും പരിത്യജിച്ചു സേവനത്തിൻെറയും സഹനത്തിൻെറയും അൾത്താരയിൽ ആത്മാർപ്പണംചെയ്ത 'ദീനബന്ധു,' സമസൃഷ്ടികൾക്കു നന്മചെയ്യുവാനുള്ള ഔൽസുക്യം നമ്മിൽ ഉജ്ജീവിപ്പിക്കട്ടെ.

*L. D. V. M.*

Sacred Heart League
St. Joseph's Ap. Seminary, Alwaye.

20
K

.2202
IN